
ആദിഭാഷ

ശ്രീ ചട്ടമ്പിസ്വാമികൾ



ആദിഭാഷ

ശ്രീ ചട്ടമ്പിസ്വാമികൾ

E-book Published By
http://hinduebooks.blogspot.com
January 2011

ഉള്ളടക്കം

ആമുഖം

ശ്രീ ചട്ടമ്പിസ്വാമികൾ വിരചിച്ച ഒരു ഭാഷാചരിത്രപഠന ഗ്രന്ഥമാണ് ആദിഭാഷ. ചട്ടമ്പിസ്വാമികൾ ഈ കൃതി തമിഴിലാണ് രചിച്ചതെന്നും, സ്വാമികളുടെ ശിഷ്യനും പണ്ഡിതനുമായ പന്നിശ്ശേരി നാണുപിള്ള അതിനെ മലയാളത്തിലേയ്ക്ക് പരിഭാഷപ്പെടുത്തിയെന്നുമാണ് പറയപ്പെടുന്നത്. ഈ കൃതി രചിക്കപ്പെട്ടിട്ട് ഏകദേശം 80 വർഷത്തേയ്ക്ക് പ്രസിദ്ധീകരിക്കപ്പെടാതെയും കണ്ടുകിട്ടാതെയും ഇരിക്കുകയാണുണ്ടായത്. പിന്നീട് ചട്ടമ്പിസ്വാമികളുടെ സമ്പൂർണ്ണകൃതികൾ ഒരുമിച്ച് ഒരു ഗ്രന്ഥമായി ആദ്യമായി പ്രസിദ്ധീകരിച്ച് മലയാളികളുടെയെല്ലാം ആദരവും കൃതജ്ഞതയും പിടിച്ചുപറ്റിയ ശ്രീ. കെ. മഹേശ്വരൻ നായർ പെരുമ്പാവൂരിലുള്ള ഒരു ചട്ടമ്പിസ്വമികളുടെ ഒരു ഭക്തഗൃഹസ്ഥനിൽ നിന്ന് ഇതിന്റെ ഒരു പഴയ കൈയ്യെഴുത്തു പ്രതി കണ്ടെത്തി 2005 ൽ പ്രസിദ്ധീകരിക്കുകയാണുണ്ടായത്. ഈ മഹത്കൃത്യത്തിന് ഡോ. മഹേശ്വരൻ നായരോടും, ഇതിന്റെ കൈയ്യെഴുത്തുപ്രതി കേടുകൂടാതെ അതിദീർഘകാലം സുരക്ഷിതമായി വെച്ച ആ ഭക്തകുടുംബത്തോടും നാമെല്ലാവരും എന്നെന്നും കടപ്പെട്ടിരിക്കുന്നു.

സകലഭാഷകളുടെയും മാതാവാണ് സംസ്കൃതഭാഷ എന്ന വാദത്തെ ഈ കൃതിയിലൂടെ ചോദ്യം ചെയ്യുകയാണ് ചട്ടമ്പിസ്വാമികൾ ചെയ്തിരിക്കുന്നത്. തമിഴിന്റെയും മറ്റുദ്രാവിഡ ഭാഷകളുടേയും പൂർവ്വരൂപമായ പ്രാചീനദ്രാവിഡഭാഷയാണ് സംസ്കൃതം മുതലായ എല്ലാ പരിഷ്കൃതഭാഷകളുടെയും മാതാവ് എന്നാണ് സ്വാമികൾ ഈ കൃതിയിലൂടെ സ്ഥാപിക്കുവാനുദ്ദേശിച്ചിട്ടുള്ളത്. ആദിഭാഷ ഉടലെടുത്തത് ആദ്യമായി ഈ ഭൂമിയിൽ മനുഷ്യരുടെ ആദിമനിവാസസ്ഥലത്തു

തന്നെയായിരിക്കണം എന്ന നിഗമനത്തിനെ അടിസ്ഥാനമാക്കി ആ ഇടം ഏതായിരിക്കുമെന്നുള്ളതിനെക്കുറിച്ചും ചട്ടമ്പിസ്വാമികൾ ഇതിൽ ചർച്ചചെയ്യുന്നുണ്ട്. സിംഹളദ്വീപിനു പടിഞ്ഞാറുള്ള ഒരു ഭൂവിഭാഗത്തിലായിരിക്കണം ജീവിവർഗ്ഗവും മനുഷ്യരും ആദ്യമായി ഉദ്ഭവിച്ചത് എന്ന് അഗസ്ത്യമുനിയുടെ ചില പ്രാചീനകൃതികളെ അടിസ്ഥാനമാക്കി ചട്ടമ്പിസ്വാമികൾ സമർത്ഥിക്കുന്നുമുണ്ട്.

സംസ്കൃതഭാഷയാണ് എല്ലാ ഭാഷകളുടേയും മാതാവ് എന്ന് എല്ലാ ഭാരതീയവിദ്വാന്മാരും ശക്തമായി വിശ്വസിക്കുകയും വാദിക്കുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ ഈ വാദത്തിനെ നിരസിച്ചുകൊണ്ട്, ഭാഷാചരിത്രപരമായി അന്ന് നിലവിലിരുന്ന നിരവധി വിശ്വാസപ്രമാണങ്ങളെ യുക്തിയുക്തം ചോദ്യം ചെയ്യുവാൻ ചട്ടമ്പിസ്വാമികൾക്ക് സാധിച്ചു എന്നതു തന്നെ അദ്ദേഹത്തിന്റെ അപ്രതിമമായ വിദ്വത്വത്തിനെയും, ആരെയും കൂസാത്ത ആത്മധൈര്യത്തിനെയും എടുത്തു കാണിക്കുന്നു.

സംസ്കൃതത്തിലെയും തമിഴിലെയും അക്ഷരമാല, സന്ധി, ലിംഗം, വചനം, വിഭക്തി, ധാതു എന്നിവയെ സംബന്ധിക്കുന്ന വ്യാകരണനിയമങ്ങളെ താരതമ്യപ്പെടുത്തി അവ തമ്മിലുള്ള പ്രധാനപ്പെട്ട വ്യത്യാസങ്ങളെ എടുത്തു കാണിച്ചിട്ട് തമിഴ് മുതലായ ദ്രാവിഡഭാഷകൾ സംസ്കൃതത്തിൽ നിന്നുണ്ടായവയല്ല എന്നു സ്ഥാപിക്കുകയാണ് ഈ കൃതിയിലൂടെ ചട്ടമ്പിസ്വാമികൾ ചെയ്തിരിക്കുന്നത്.

ഈ ചർച്ചയുടെ ഭാഗമായി സംസ്കൃതവ്യാകരണത്തിലെ വിഭക്തിപ്രകരണവും, ധാതുപ്രകരണവും അത്യന്തം ലളിതവും സംക്ഷിപ്തവുമായി രണ്ട് അദ്ധ്യായങ്ങളിലായി ഉൾക്കൊള്ളി

ച്ചിട്ടുള്ളത് മലയാളികളായ സംസ്കൃതവിദ്യാർത്ഥികൾക്ക് ഒരു അനുഗ്രഹം തന്നെയാണ്. ഏറ്റവും കുറഞ്ഞ വാക്കുകളിൽ തികച്ചും സരളമായി ശബ്ദരൂപങ്ങളും, ധാതുരൂപങ്ങളും രൂപീകരിക്കപ്പെടുന്നതെങ്ങനെ എന്ന് പാണിനീസൂത്രങ്ങളെ ഉദ്ധരിച്ചുകൊണ്ട് തന്നെ ഈ രണ്ട് അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്.

ഭാരതീയഭാഷകളുടെ ഉദ്ഭവത്തിനെക്കുറിച്ച് ഗഹനമായ ഒരു പഠനത്തിനു പുതിയൊരു തുടക്കം കുറിക്കുവാൻ ഈ കൃതിക്ക് സാദ്ധ്യമാകും എന്നു നമുക്കു വിശ്വസിക്കാം.

പ്രാരംഭം

ഭൂലോകത്തു ജനങ്ങൾ ഓരോ ഭാഷകളെ അവലംബിച്ചിരിക്കുന്നതായും, ഇരുന്നിരുന്നതായും ഭാഷാചരിത്രങ്ങളിൽ നിന്നും അറിയുന്നു. ഈ ഭാഷകളെല്ലാം വീചീതരംഗന്യായേന[1] ഏതോ ഒരു ആദിഭാഷയിൽ ഒരു ദിക്കിൽ തുടങ്ങി ക്രമേണ നാനാവഴിക്കും പരന്നിട്ടുള്ളതോ അല്ലെങ്കിൽ കദംബമുകുളന്യായ പ്രകാരം[2] അവിടെവിടെ ഉണ്ടായി പ്രചരിച്ചിട്ടുള്ളതൊ ഏതാണെന്നു പ്രസ്തുതവിഷയത്തെ ആസ്പദമാക്കി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കു നാം തുടങ്ങുമ്പോൾ മനുഷ്യജീവികളുടെ ഉല്പത്തിപ്രചാരങ്ങളും നമ്മുടെ ചിന്തയ്ക്കു വിഷയീഭവിക്കാതെ തരമില്ല. മനുഷ്യർ ഭൂഖണ്ഡത്തിൽ ഏതെങ്കിലും ഒരു ഭാഗത്തുണ്ടായി അവിടെ നിന്നും പല ദേശങ്ങളിലേക്കു പിരിഞ്ഞു പോയിട്ടുള്ളതൊ അതല്ല മനുഷ്യർ ഉണ്ടാകുന്നതിനുള്ള ഭൂപാകം ശരിപ്പെട്ടപ്പോൾ അവിടെ തനിയേ ഉണ്ടായതോ?

ഈ ചോദ്യത്തിൽ രണ്ടാമത്തെ ഭാഗം ചരിത്രകാരന്മാർ സമ്മതിക്കുന്നില്ല. മനുഷ്യർ എവിടെയോ ഒരിടത്തു ഉണ്ടായി പിരിഞ്ഞു പോയിട്ടുള്ളതാണന്നു തെളിയിക്കാൻ അവർ ശ്രമിക്കയും ചെയ്യുന്നു. അതു വാസ്തവമാകുന്ന സ്ഥിതിക്കു മനുഷ്യകുടുംബത്തിനു പ്രകൃതിസിദ്ധമായ ഒരു ആദിഭാഷ ആദികാലത്തു ഉണ്ടായിരിക്കണം. പിന്നീട് ആ പൂർവ്വകുടുംബം

[1] ഓരോ തിര പുറപ്പെട്ട് അതു തീരത്തെത്തും മുൻപ് അടുത്ത തിര എന്ന വിധത്തിലാണു തിരമാല ഉണ്ടാകുന്നത്. അതുപോലെ ഒന്നിനു പിറകെ മറ്റൊന്നായി ഉണ്ടാകുന്നതിനെ കുറിക്കുന്നു ഈ ന്യായം.

[2] കടമ്പു മരത്തിന്റെ എല്ലാഭാഗത്തും ഒരുമിച്ചാണു മൊട്ടുണ്ടാകുന്നത്. അതുപോലെ ഒരേ സമയത്തു പല സ്ഥലത്തുണ്ടാകുന്നതിനെ കുറിക്കുന്നു ഈ ന്യായം.

അനേക ശാഖകളായി പിരിയുന്നതോടുകൂടി അതിന്റെ ഭാഷ യ്ക്കും ഏറെക്കുറെ വിഭിന്നത്വം സംഭവിച്ചിരിക്കണം. ഇന്നു കാണുന്ന ഭാഷാവൈജാത്യത്തിനു ഒരു തീർച്ചയായ സമധാന മായി വിചാരിക്കുന്നത് ഇതിനെയാണ്. ഭാഷാചരിത്ര കാരന്മാർ ഈ വിവിധ ഭാഷകളെ എല്ലാം കൂടെ മൂലഭാഷകളിൽ അടക്കിയിരിക്കുന്നു. ഒന്നു സംസ്കൃതവും മറ്റേത് തമിഴും ആണ്. അതായത് ആര്യഭാഷയും ദ്രാവിഡഭാഷയും തന്നെ.

അക്ഷരനിരൂപണം

ഇനി ഇവിടെ ഇപ്പൊൾ നാം നിരൂപിക്കേണ്ടത് ഈ രണ്ട് ഭാഷകളിൽ ഏതാണു ആദിഭാഷ എന്നുള്ളതാണ്. ഒരു ഭാഷയെപ്പറ്റി നിരൂപിക്കാൻ തുടങ്ങുമ്പോൾ അതിലേയ്ക്ക് പ്രത്യക്ഷമായി നമുക്കു കിട്ടുന്നത് ആ ഭാഷയുടെ ശബ്ദശാസ്ത്രമാണ്. ആദ്യം ഈ ഭാഷകളിലുള്ള അക്ഷരങ്ങളെ ക്കുറിച്ചു തന്നെ ആലോചിയ്ക്കാം. അപ്പോൾ സംസ്കൃതത്തിലെ ലിപികൾ ചേർന്നുണ്ടാകുന്ന വാക്കുകൾ ഏറിയകൂറും തമിഴക്ഷര ങ്ങൾ കൊണ്ടു സുഖമായി ഉച്ചരിക്കാൻ നിവൃത്തിയില്ലാതെയിരി ക്കുന്നതുതന്നെ ഒരു പ്രധാന വ്യത്യാസമെന്നു കാണാം. സ്വര ങ്ങളിൽ ഌ, ൡ ഇവയും ഇവയുടെ ദീർഘരൂപ ങ്ങളും തമിഴിൽ ഇല്ല. അതുകൊണ്ട് ഘ്ലൃതം, ക്ൡപ്തം തുടങ്ങിയ സംസ്കൃത ശബ്ദങ്ങളെ തമിഴിൽ ശരിയായി ഉച്ചരിക്കാൻ സാധിക്കുന്നില്ല. സംസ്കൃതത്തിൽ സ്വരങ്ങൾ എല്ലാം 'ഊകാലോജ്ഝ്രസ്വ ദീർഘപ്ലുതഃ'[3] എന്ന സൂത്രപ്രകാരം മൂന്നു മാത്രകളോടു കൂടിയ വയായിരിക്കുന്നു. മൂന്നു മാത്രകളുള്ള സ്വര ങ്ങൾക്കു പ്ലുതങ്ങൾ എന്നു പേർ.

തമിഴിൽ 'മുഅള പിഌെത്തൽഓരേഴുത്തിന്റേ' [4] എന്നു തൊല്ലാചാര്യർ[5] വിധിച്ചവിധം മൂന്നു മാത്രകളുള്ള ഒരു അക്ഷര മേ ഇല്ല. കൂടാതെ സംസ്കൃതത്തിൽ അനുനാസികം, ഉദാത്തം,

---

[3] പാണിനീയസൂത്രം 1–2–27

[4] തൊൽകാപ്പിയം, എഴുത്തതികാരം, നുൻമരപു – മൂന്നു മാത്ര അളവുള്ള ഒറ്റയക്ഷരം ഇല്ല എന്നർത്ഥം.

[5] തൊൽകാപ്പിയത്തിന്റെ കർത്താവ്.

അനുദാത്തം, സ്വരിതം[6] ഇങ്ങിനെ സ്വരങ്ങൾക്കു വിഭാഗകല്പന ഏർപ്പെട്ടുകാണുന്നു. ഈ വിഭാഗം തമിഴിൽ ഇല്ല. കവർഗം തുടങ്ങിയ പഞ്ചവ്യഞ്ജനവിഭാഗങ്ങളിൽ ഓരോന്നിലും ഈരണ്ടക്ഷരങ്ങൾ വീതമേ തമിഴ് സംഗ്രഹിക്കുന്നുള്ളു. സംസ്കൃതത്തിൽ ഒരോ ഇനത്തിലും അഞ്ച് അക്ഷരങ്ങൾ വീതം കാണുന്നു. ഇതുകൊണ്ട് ഖണ്ഡ, ഗജ, ഘടാദി ശബ്ദങ്ങൾ തമിഴിൽ നേരേ ഉച്ചരിക്കാൻ നിവൃത്തിയില്ല. സംസ്കൃതത്തിൽ ശ ഷ സ ഹ എന്ന വർണ്ണങ്ങളും, അനുസ്വാരം, വിസർഗം, ജിഹ്വാമൂലീയം, ഉപധ്മാനീയം മുതലായവയും ഇരിക്കുന്നു. അനുസ്വാരം എന്നത് അർദ്ധമകാരത്തോട് സാദൃശ്യമുള്ള സ്വരാംശം കലർന്ന ഒരു വർണ്ണമാകുന്നു. ഈ വർണ്ണ വിശേഷത്തെ ഒരു ബിന്ദു കൊണ്ട് ലക്ഷീകരിച്ചിരിക്കുന്നു. തമിഴിൽ ഉള്ള 'ആയതം'[7] എന്ന അക്ഷരത്തിനോട് ഏറെക്കുറെ തുല്യമായ ഒരു വർണ്ണമാകുന്നു വിസർഗ്ഗം. ഇത് കീഴും മേലും അടുപ്പിച്ചിടുന്ന രണ്ടു ബിന്ദുക്കൾ കൊണ്ട് ലക്ഷ്യമാക്കി ചെയ്യുന്നു. ജിഹ്വാമൂലീയം വിസർഗ്ഗത്തിന്റെയും കകാരത്തി ന്റേയും അർദ്ധാംശങ്ങൾക്ക് സമാനമായ രണ്ടു ഭാഗങ്ങൾ ചേർന്നുണ്ടാകുന്ന ഒരു വർണ്ണമാകുന്നു. ഇത് ക, ഖ എന്ന രണ്ട് അക്ഷരങ്ങളുടെ മുൻപിൽ വരും. ഇതിന്റെ സ്വരൂപം, പുള്ളിയുടെ (കൂട്ടിന്റെ) അർദ്ധഭാഗം മേൽപോട്ടും അർദ്ധാംശം കീഴ്പ്പോട്ടും ഇരിക്കുന്ന രണ്ടടയാളങ്ങളോടു കൂടിയത്. ഉപധ്മാനീയം എന്നു പറയുന്നത് പകാരത്തിന്റെ പകുതിയും വിസർഗ്ഗത്തിന്റെ പകുതി യും ചേർന്ന് ഒന്നായ വർണ്ണമാകുന്നു. ഇത് പ, ഫ എന്ന രണ്ട് അക്ഷരങ്ങളുടെ ആദിയിൽ ഉപയോഗപ്പെടുന്നു. ഇതിന്റെയും

[6] സ്വരത്തിന്റെ മൂന്നു വിധങ്ങൾ. ഉച്ചത്തിലോ താഴ്ത്തിയോ സാധാരണരീതിയിലോ ഉച്ചരിക്കപ്പെടുമ്പോഴുള്ള പ്രകാരഭേദങ്ങളാണിവ.

[7] തമിഴിൽ \ എന്നൊരു അക്ഷരമുണ്ട്. അതിന്റെ പേരത്രേ ആയതം. അതു വിസർഗ്ഗം പോലെ ഉച്ചരിയ്ക്കപ്പെടുന്നു

സ്വരൂപം മേൽപ്രകാരം തന്നെ. ഈ വർണ്ണ വിശേഷങ്ങൾ തമിഴ് ഭാഷയിൽ കണ്മാനില്ല. സംസ്കൃതത്തിലെ ച, ശ, ഷ, സ ഈ അക്ഷരങ്ങൾക്കു പകരം തമിഴിലിൽ പ്രത്യേക ലിപികൾ ഇല്ലായ്മ കൊണ്ട് ഈ എല്ലാറ്റിനും ചകാരത്തെത്തന്നെ പ്രതിനിധിയാക്കുന്നു. ഉദാഹരണം: ചണ്ഡമാരുത, ശംകര, ഷണ്മുഖ, സദാശിവാദി വാക്കുകൾ ചണ്ടമാരുത, ചംകര, ചണ്മുഖ, ചതാചിവ എന്നു എഴുതിക്കാണുന്നു.

തമിഴിൽ

‘ട റ ല ള എന്നും പുള്ളി മുന്നർ
കചപവെന്നും മുവെഴുത്തൂരിയ’[8]

ഇത്യാദി തൊൽകാപ്പിയസൂത്രങ്ങൾ കൊണ്ടു ഇന്ന അക്ഷരങ്ങൾ ഇന്ന അക്ഷരങ്ങളോടു മാത്രമേ വാക്കുകളിൽ ചേർന്നിരിക്കൂ എന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. സംസ്കൃതത്തിൽ ഈ മാതിരി നിയമമില്ല.

സംസ്കൃതഭാഷയും തമിഴും വളരെ അന്തരമുള്ളവയാണെന്ന് വരുത്താൻവേണ്ടി സംസ്കൃത പദങ്ങളെ വേണ്ടവിധം ഉച്ചരിക്കാൻ സൗകര്യം സിദ്ധിക്കാത്തവിധം തമിഴിലെ അക്ഷരങ്ങൾ കുറയ്ക്കുകയും മേൽപ്രകാരം സൂത്രിച്ചു ചില പ്രത്യേക നിയമങ്ങൾ ഏർപ്പെടുത്തുകയും ചെയ്താണന്നു ഒരു സന്ദേഹം ഈ പ്രകൃതത്തിൽ ചിലർ കൊണ്ടുവന്നേക്കാം. ഇങ്ങിനെ ഒരു ശങ്കയ്ക്കു വാസ്തവത്തിൽ അവസരമില്ല. എന്തെന്നാൽ കരം, കരുണ, കൽപകം, തടം, തീരം, നരൻ, പടം, പാനം മുതലായവ

[8] തൊൽകാപ്പിയം, എഴുത്തതികാരം, നൂൻമരപു, സൂത്രം 23 – ട, റ, ല, ള എന്നീ വ്യഞ്ജനങ്ങൾക്ക് ക, ച, പ എന്നിവ മൂന്നും പരമാകും. ഉദാ: കേട്ക, നിർക, ചെല്ക, കൊൾക, കാട്ചി, പയിർച്ചി, വൽചി, നീൾചടൈ, കേട്പ, നിർപ, ചെൽപ, കൊൾപ.

അനേകം പദങ്ങളെ സംസ്കൃതരൂപത്തിനു വ്യത്യാസം വരാത്ത വിധം തമിഴിൽ ഉച്ചരിക്കാൻ മാർഗ്ഗം കാണുന്നു. കൂടാതെ

ചകരക്കിളവിയും അവറ്റോരറ്റേ[9]
അ ഐ, ഔ എനും മുന്റു അലം കടൈയേ
ആവോടല്ലതു യകരം മുതലാതു[10]
ഉച്ചകാരം ഇരുമൊഴിക്കുരിത്തേ[11]

ചകാരമെന്ന ശുദ്ധവ്യഞ്ജനം അ, ഐ, ഔ ഈ മൂന്നു സ്വരങ്ങളൊഴികെ മറ്റെല്ലാ സ്വരങ്ങളോടും ചേർന്നു വാക്കിൽ ആദ്യം വരും. ആകാരത്തോടു കൂടിയല്ലാതെ യകാരം ഒരു വാക്കിന്റെ മുമ്പിൽ വരില്ല. ഉകാരത്തോടുകൂടിയല്ലാതെ ചകാരം രണ്ടു വാക്കിനു മാത്രമേ അന്തമാവൂ ഇങ്ങിനെ സൂത്രാർത്ഥം ഈ സത്രങ്ങളിൽ ചയ്യം, ചൗരീയം, യവനർ, യുത്തി, യൂപം, പച്ച മുതലായ ശബ്ദങ്ങൾ ഈ വ്യവസ്ഥയെ അതിക്രമിച്ചു നിൽക്കുന്നു എന്നു സന്ദേഹം ഉണ്ടാകാം. എന്നാൽ ഇവ സംസ്കൃതപദങ്ങൾ ആകയാൽ ഇതുകൾക്ക് ഈ വ്യവസ്ഥ വ്യാപിക്കയില്ലന്നുള്ളതുകൊണ്ട് സന്ദേഹത്തിനു അവകാശമില്ല. മധുരാചാര്യരുടെ[12] വ്യാഖ്യാനത്തിൽ ഇപ്രകാരം സമാധാനിപ്പി ച്ചിരിക്കുന്നു. ഇത്രയും കൊണ്ട് സംസ്കൃത ശബ്ദങ്ങളെ വികാര പ്പെടുത്തി തമിഴ് ഭാഷാനിർമ്മിതിക്കു ഈ അക്ഷരചുരുക്കങ്ങളും വ്യവസ്ഥകളും ഏർപ്പെടുത്തുന്നതല്ലാ എന്നും, കാലാന്തരത്തിൽ സംസ്കൃതജ്ഞന്മാർ കലർന്ന് അവയ്ക്ക് നിഷ്പ്രയാസം സിദ്ധിക്കുന്ന

[9] തൊൽകാപ്പിയം എഴുത്തതികാരം, മൊഴിമരപു, സൂത്രം 62

[10] തൊൽകാപ്പിയം എഴുത്തതികാരം, മൊഴിമരപു, സൂത്രം 65

[11] തൊൽകാപ്പിയം എഴുത്തതികാരം, മൊഴിമരപു, സൂത്രം 75

[12] തൊൽകാപ്പിയത്തിന്റെ വ്യാഖ്യാതാവായ മതുരൈ പാരത്തുവാചി നച്ചിനാർക്കിനിയർ

സംസ്കൃതശബ്ദങ്ങളെ അവരുടെ കൃതികളിൽ അതെപടി ഘടിപ്പിക്കുന്നതിനു തുടങ്ങിയപ്പോൾ ഈ തമിഴ് എഴുത്തുകൾ അവിടെ പര്യാപ്തമല്ലെന്നു കണ്ട് ഘൃതം, ദണ്ഡം മുതലായ പദങ്ങളെ കിരുതം, തണ്ടം എന്നിങ്ങനെ രൂപാന്തര പ്പെടുത്തി ചിതച്ചൊല്ല് എന്നു പറഞ്ഞു ഉപയോഗപ്പെടുത്തി വന്നതാണെന്നും പറയുന്നതാകുന്നു യുക്തിയ്ക്കിണങ്ങുന്നത്. തമിഴിൽ റ, ന ഈ അക്ഷരങ്ങളിൽ വല്ലിനം, ഇടയിനം എന്ന രണ്ട് വിധങ്ങളും 'ഴ'കാരവും ഹ്രസ്വങ്ങളായ 'എ'കാര 'ഒ'കാര ങ്ങളും 'ആയതം' തുടങ്ങിയ ചില അക്ഷരങ്ങളും വാക്കിൽ പ്രയോഗവിഷയമായി അധികം കാണുന്നു. ഇവ സംസ്കൃത അക്ഷരമാലയിൽ കാണുന്നില്ല.

തമിഴക്ഷരമാലയിൽ അക്ഷരങ്ങൾ കുറവു കാണുന്നു. എങ്കിലും അ, ആ എന്നു മുറയ്ക്കു സ്വരങ്ങളും കവർഗ്ഗത്തെ പുരസ്ക്കരിച്ചു മുറയ്ക്കു വ്യഞ്ജനങ്ങളും പിന്നീട് ഇടയെഴുത്തു കളായ 'യ, ര, ല, വ' ങ്ങളും സംസ്കൃതവർണ്ണവ്യവസ്ഥയെ അനുകരിച്ചുകൊണ്ടു തന്നെ തമിഴിലും ഇരിക്കുന്നത് നോക്കു മ്പോൾ തമിഴിലിൽ ഉള്ള എഴുത്തുകാർ സംസ്കൃതത്തെ ആധാര മാക്കി ആവിർഭവിച്ചവ എന്നു ഇവിടെയും ഒരു സന്ദേഹം അങ്കുരിക്കാം. എന്നാൽ ഇതു അസംഗതമാകുന്നു. അകാരത്തിനു ശേഷം ആകാരവും അനന്തരം ഇകാരവും ഇങ്ങിനെ എഴുത്തു കളിലുള്ള ക്രമങ്ങളെല്ലാം യുക്തിക്കുനുഗുണമായി ഏർപ്പെടുത്ത പ്പെട്ടതായിരിക്കുന്നു. ശുദ്ധവ്യഞ്ജനങ്ങളായ ക്, ങ് മുതലായ അക്ഷരങ്ങൾ സ്വരനിരപേക്ഷമായി ഉച്ചരിക്കാൻ കഴികയില്ല. അതുകൊണ്ട് സ്വരങ്ങൾ വ്യഞ്ജനങ്ങൾക്ക് ആദ്യമായി ചേർത്ത താണ്. ഈ രീതിയനുസരിച്ച് തമിഴിലിൽ സ്വരവ്യഞ്ജന നാമങ്ങൾ കൊടുത്തതത്രേ. 'ഉയിർ' (സ്വരം) എന്നുവച്ചാൽ ആത്മാ, മെയ്യ് എന്നത് (വ്യഞ്ജനം) ശരീരം ആത്മാവില്ലാതെ ദേഹം

നിരുപയോഗമായിരിക്കും പോലെ സ്വരമില്ലാതെ വ്യഞ്ജനം നിഷ്പ്രയോജനമായിരിക്കുന്നു. ഈ യുക്തിയെ മുൻനിറുത്തി തന്നെ സംസ്കൃതത്തിൽ ഉയിരെഴുത്തിനു സ്വരം എന്നു നാമം നൽകിയിരിക്കുന്നു.

'സ്വയമേവ രാജന്ത ഇതി സ്വരഃ, അന്വഗ് ഭവതി വ്യഞ്ജനം'[13]

അന്യനിരപേക്ഷമായി സ്വയം പ്രകാശിക്കുന്നവയെന്ന ഹേതുവിനാൽ സ്വരങ്ങളെന്നു നാമം സിദ്ധിച്ചിരിക്കുന്നതായി പറയപ്പെടുന്നു. മേൽ കാട്ടിയ ഭാഷ്യം ഉച്ചാരണവിഷയത്തിൽ അന്യാപേക്ഷ ചെയ്യുന്നതുകൊണ്ട് മെയ്യെഴുത്തിനു18 വ്യഞ്ജന മെന്നു പേരു വന്നു കൂടി എന്നർത്ഥം.

'നാന്തരേണാചാ, വ്യഞ്ജനസ്യോച്ചാരണമപി ഭവതി' സ്വരത്തോടു കൂടാതെ വ്യഞ്ജനങ്ങൾക്കു ഉച്ചാരണം ഭവിക്കു ന്നില്ല എന്നു ഈ പതാഞ്ജലഭാഷ്യത്തിനു അർത്ഥം. സ്വരങ്ങളിൽ അകാരത്തിന്റെ ഉത്ഭവത്തിനു അഥവാ അഭിവ്യക്തിക്ക് കണ്ഠം ആശ്രയസ്ഥാനമായതുകൊണ്ട് അകാരത്തെ ആദ്യം ചേർത്തു. ഇകാരത്തിനു താലു ഉൽപത്തി സ്ഥാനമാകയാൽ അതിനെ മുറയ്ക്ക് രണ്ടാമതു ചേർത്തു. ഉകാരത്തിന്റെ ഉദ്ഗമസ്ഥാനം ഓഷ്ഠമാകയാൽ അതിനെ ഇകാരത്തിനു ശേഷം ചേർത്തു. ഇപ്രകാരം അകാരഇകാരങ്ങളെ അനുക്രമമായി ആക്കി അവ യ്ക്കു ശേഷം അകാര ഇകാരങ്ങളുടെ അംശങ്ങൾ ചേർന്ന ഒകാരവും മുറയ്ക്കു വിന്യസിപ്പിച്ചിട്ടുള്ളതാണ്. ദീർഘാക്ഷര ങ്ങൾ ഹ്രസ്വാക്ഷരങ്ങളുടെ പിന്നാലെ വരുന്നവയാകയാൽ അവയെ ആ മുറയ്ക്കും ഇണക്കി. ഐകാര ഔകാരങ്ങളിൽ അകാര ഇകാരങ്ങളും അകാര ഉകാരങ്ങളും പ്രസ്പഷ്ടമായിരുന്ന് ഇകാര

[13] പാതഞ്ജലഭാഷ്യം 1–2–29

ഉകാരാംശങ്ങൾ അധികം പ്രതീതമാകുന്നതുകൊണ്ട് അസ്പഷ്ട മായി അകാര ഇകാരങ്ങൾ രണ്ടും ചേർന്നിരിക്കുന്നു. എകാര ഉകാരങ്ങളെ ആദ്യം ചേർത്തു അതുകളിൽ ഓരൊന്നിന്റെയും പുറകിൽ ഐകാര ഔകാരങ്ങൾ വെച്ചിട്ടുള്ള താകുന്നു. ഇതുപോലെ തന്നെ വ്യഞ്ജനങ്ങളിൽ കകാരങകാരങ്ങൾ കണ്ഠ ത്തിനടുത്തുള്ള ജിഹ്വാമൂലത്തിൽ ഉത്ഭവിക്കുന്നതു നിമിത്തം അതുകളെ മുൻനിറുത്തി താലൂമദ്ധ്യവും, നാവിൻമദ്ധ്യവുമ്മായ ഇടങ്ങളിൽ നിന്നുണ്ടാ കുന്ന ചകാര ണകാരങ്ങളെ കകാരങ കാരങ്ങൾക്കു പിന്നീട് ഘടിപ്പിച്ച് അനന്തരം ജിഹ്വാതാലഗ്ര ങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന ടകാരണകാരകങ്ങളേയും അതിനു ശേഷം ജിഹ്വാഗ്രത്തിലും താലുവിനോടു ചേർന്ന പല്ലിനടിയിലും ഉള്ള ഭാഗങ്ങളിൽ നിന്നുണ്ടാകുന്ന തകാരനകാരങ്ങളെയും അനന്തരം ഓഷ്ഠസമുദ്ഭൂതങ്ങളായ പകാരമകാരങ്ങളേയും വിന്യസിപ്പിച്ചിരിക്കുന്ന തായി കാണുന്നു. ഓരോ ഇനങ്ങളിലും ദൃഢങ്ങളെ (വല്ലിനം) ആദ്യം ചേർത്ത് തജ്ജാതീയങ്ങളായ മൃദുക്കളെ (മെല്ലിനം) ഘടിപ്പിച്ചിരിക്കുന്നു. ഈ ക്രമം സ്വീകരി ച്ചത് ദൃഢങ്ങളുടെ മുഖ്യത്വത്തേയും ഇതരത്തിന്റെ അമുഖ്യത യേയും അനുസ്മരിച്ചാകുന്നു. അല്ലാത്തപക്ഷം ദൃഢങ്ങളുടെ ഉത്ഭവസ്ഥാനമെല്ലാമൊന്നായും ഇതരത്തിന്റെ നിഷ്പത്തി സ്ഥാനം നാസികകൂടി ചേർന്നു വേറായും ഇരിക്കകൊണ്ട് ഒരു പ്രഭവസ്ഥാനമുടയ ദൃഢങ്ങളെ ആദ്യം പറഞ്ഞ് അന്യങ്ങളെ രണ്ടാമത് ഉപന്യസി ച്ചതാണന്നും ന്യായം പറയാം. ഈ വിധം അഞ്ചു വർഗ്ഗങ്ങളെ യും ചേർത്തതിൽപിന്നെ 'ഇടയെഴുത്ത്' എന്നു പറയുന്ന യരലവങ്ങളെ താലു മദ്ധ്യാന്തങ്ങളും ദന്തങ്ങളും ദന്തസഹിതമായ ചുണ്ടുകളും ഉത്പത്തിസ്ഥാനമായ മുറയ്ക്ക് ചേർത്തിരിക്കുന്നു. ഇതിനാധാരഭൂതങ്ങളായ സൂത്രങ്ങൾ തൊൽകാപ്പിയത്തിൽ നോക്കുക. ചകാരത്തോട് ഏറെക്കുറെ അടുപ്പമുള്ള ഴകാരവും ലകാരത്തോട് സംബന്ധമുള്ള ളകാരവും

രകാരത്തോട് അടുപ്പമുള്ള റകാരവും അനന്തരമുള്ള നകാരവും മേൽക്രമത്തെ അനുസരിക്കാത്ത അവസ്ഥ വിചാരിക്കുമ്പോൾ ജനങ്ങളുടെ വ്യത്യസ്താചാരത്തെആസ്പദമാക്കി ഈ എഴുത്തുകൾ പിന്നീട് ചേർത്തവയെന്നു തോന്നുമാറു അവ പ്രത്യേകിച്ചു ഘടിപ്പിച്ചിരിക്കുന്നതായും ഊഹിക്കേണ്ടതാണ്.

സംസ്കൃതത്തിലും ലകാരളകാരങ്ങൾ കാണുന്നു. 'ലളയോരഭേദഃ' ലകാരളകാരങ്ങൾക്കു ഭേദമില്ലന്നു ഇവയെ ഒരെഴുത്തായി പരിഗണിച്ചിരിക്കുന്നതു നോക്കുക. ലകാരം തമിഴിലേപ്പോലെ തന്നെ രകാരത്തിനു ശേഷം ഘടിപ്പിച്ചിരിക്കുന്നു. ളകാരം എഴുത്തുകളുടെ അവസാനത്തിൽ പ്രത്യേകിച്ചു ചേർത്തും കാണുന്നു. ഇങ്ങിനെ ചേർത്തിരിക്കുന്നത് മേൽ കാണിച്ച ഊഹത്തിനു അനുകൂലമായിരിക്കുന്നു. ളകാരം ശിക്ഷാഗ്രന്ഥത്തിൽ കാണുന്നില്ല. സംസ്കൃതത്തിലെ അക്ഷരങ്ങളുടെ ക്രമവും ഈ യുക്തിയെ ആധാരമാക്കി ഏർപ്പെട്ടിരിക്കുന്നു.

> 'കണ്ഠ്യാവഹാ വിചുയശാ
> സ്താലവ്യാവോഷ്ഠജാവുപൂ
> സ്യുർമൂർദ്ധന്യാ ഋടുരഷാ
> ദന്ത്യാ നതുലസാ സ്മൃതാഃ
> ജിഹ്വാമൂലേ തു കുഃ പ്രോക്തോ
> ദന്ത്യാഷ്ഠ്യോ വഃ സ്മൃതോ ബുധൈഃ
> ഏ ഐതു കണ്ഠതാലവ്യോ
> വോഔ കണ്ഠോഷ്ഠജൗ സ്മൃതൗ.'[14]

---

[14] പാണിനീയശിക്ഷ ശ്ലോകം 17, 18.

അകാരവും ഹകാരവും കണ്ഠത്തിൽ നിന്നു ഉണ്ടാകുന്നവയാകുന്നു. ഇകാരം, ചവർഗ്ഗം, യകാരം, ശകാരം ഇവ താലുദേശത്തിൽ തട്ടിയുണ്ടാകുന്നവ. ഉകാരം, പവർഗ്ഗം ഇവ ഓഷ്ഠങ്ങളിൽ നിന്നും ജനിക്കുന്നവ. ഋകാരം, ടവർഗ്ഗം, രേഫം, ഷകാരം ഇവ മൂർദ്ധാവിൽ നിന്നും ഉണ്ടാകുന്നു. ഇവിടെ മൂർദ്ധാവ് എന്നു പറഞ്ഞതിനു പല്ലുകൾക്ക് സമീപിച്ചു ഉൾവഴിയായി ചെന്ന മേൽഭാഗം എന്നർത്ഥം. കവർഗ്ഗം നാക്കിന്റെ അന്തർഭാഗത്തു നിന്നും ഉത്ഭവിക്കുന്നു എന്നു വിദ്വാന്മാർ അഭിപ്രായപ്പെടുന്നു. വകാരം ദന്ത്യോഷ്ഠമെന്നു പറയുന്നു. എ ഐ ഇവ കണ്ഠ്യതാലവ്യങ്ങളാകുന്നു. ഓ ഔ രണ്ടും കണ്ഠ്യോഷ്ഠ്യമെന്നു പറയുന്നു. ഈ പ്രമാണപ്രകാരം,

അകാരത്തിനു കണ്ഠവും
ഇകാരത്തിനു താലുദേശവും
ഉകാരത്തിനു ഓഷ്ഠങ്ങളും
ഋകാരത്തിനു മൂർദ്ധാവും
നകാരത്തിനു ദന്തങ്ങളും
ഏഐകൾക്കു കണ്ഠതാലുക്കളും
ഓ ഔകൾക്ക് കണ്ഠോഷ്ഠങ്ങളും

മുറയ്ക്ക് ഉത്ഭവസ്ഥാനങ്ങളാകുന്നു. വ്യഞ്ജനങ്ങളിൽ ജിഹ്വോർദ്ധ്വഭാഗത്തിൽ നിന്നും ഉണ്ടായ കവർഗ്ഗങ്ങൾ ആദ്യം ചേർത്തിരിക്കുന്നു. ആ അഞ്ചിൽ പ്രയത്നവിശേഷത്തെ അവഷ്ടംഭിക്കാത്ത കകാരത്തെമുൻ ചേർത്തും ആ വിധ പ്രയത്നശക്തി കൊണ്ടുള്ള വ്യത്യാസമാത്രത്തോടു കൂടിയ ഖകാരത്തെ അതിനു ശേഷം ചേർത്തും കകാരം പോലെ പ്രയത്നശക്തിയെ അപേക്ഷിക്കാത്തതും നാദവിശേഷത്തോടു കൂടിയതുമായ ഗകാരത്തെ മൂന്നാമതു വച്ചും അതേമാതിരി

പ്രയത്നബലം കൊണ്ടു മാത്രം വ്യത്യസ്തരൂപം ഭജിക്കുന്ന ഘകാരത്തെ നാലാമതു ചേർത്തും രണ്ട് ഉത്ഭവസ്ഥാനത്തോടു കൂടിയ ങകാരത്തെ അവസാനത്തും ഘടിപ്പിച്ചിരിക്കുന്നു. ഈ മുറ അഞ്ചു വർഗ്ഗങ്ങളിലും സ്വീകരിച്ചു കാണുന്നു. തമിഴിലെപ്പോലെ യരലവകളുടെ മുറകൾ ഏർപ്പെട്ടു കാണുന്നു. ശ ഷ സ എന്ന അക്ഷരങ്ങളും അതേ ക്രമത്തെ അനുസരിച്ചിരിക്കുന്നു. യ ര ല എന്ന ലിപികൾ ശ ഷ സ എന്ന അക്ഷരങ്ങളേക്കാൾ ലഘുക്കളായിരിക്കയാൽമുൻ ക്രമം അനുസരിച്ചു ലഘുക്കളെ ആദ്യം ചേർത്തിട്ട് വർഗ്ഗസാജാത്യം കൊണ്ട് (സ്പൃഷടപ്രയത്നം സമാനമായിരിക്കമൂലം) അതിനു ശേഷം മറ്റു നാലു വർഗ്ഗങ്ങളേയും പ്രഭവസ്ഥാനക്രമാനുസാരം ഘടിപ്പിച്ച് അനന്തരം യ ര ല വ ങ്ങളെ ചേർത്തിരിക്കുന്നു.

> അചോ സ്പൃഷ്ടാ യണസ്ത്വീഷ
> ന്നേമസ്പൃഷ്ടാശ്ശരഃ സ്മൃതാഃ
> ശേഷാ സ്പൃഷ്ടാ ഹലഃ പ്രോക്താഃ
> നിബോധാനുപ്രദാനതഃ[15]

സ്വരങ്ങൾ ഉത്ഭവസ്ഥാനങ്ങളിൽ സ്പർശിച്ചുണ്ടാകുന്നവയല്ലെങ്കിലും ഒന്നോടൊന്നു തൊടാതെ സ്ഥാനങ്ങളിൽനിന്നു ജനിക്കുന്നവയാകയാൽ അസ്പൃഷ്ടങ്ങളെന്നു ഗണിക്കപ്പെടുന്നു. യ ര ല വ ങ്ങൾ ഈഷൽസ്പർശങ്ങളോടു കൂടിയിരിക്കയാൽ അവ ഈഷൽ സ്പൃഷ്ടങ്ങൾ എന്നു എണ്ണപ്പെടുന്നു. ശ ഷ സ കൾ അർദ്ധസ്പർശങ്ങളാകയാൽ അവയെ അർദ്ധസ്പൃഷ്ടങ്ങൾ എന്നു പറയുന്നു. ശേഷിച്ച വ്യഞ്ജനങ്ങൾ പ്രയത്നവിശേഷത്താൽ പൂർണ്ണസ്പർശങ്ങളാകമൂലം സ്പൃഷ്ടങ്ങൾ എന്നു വിളിക്കുന്നു.

---

[15] പാണീനീയശിക്ഷ, ശ്ലോകം 38, രണ്ടാമത്തെ പാദത്തിൽ ശലഃ എന്നാണു ശിക്ഷയിൽ കാണുന്നത്.

ഈ കാണിച്ചപ്രകാരം അക്ഷരങ്ങൾ യുക്ത്യനുസാരം ക്രമപ്പെടുത്തി അടുക്കിയിരിക്കുന്നു എന്നു സ്പഷ്ടമായല്ലോ. ഹകാരം ശ ഷ സ ങ്ങളോടുകൂടി തുല്യമായി ഊഷ്മാ എന്ന നാമം ആവാഹിച്ചിരിക്കുന്നു. ഊഷ്മാ എന്ന പദത്തിനു ചൂട് എന്നർത്ഥം. ഈ അക്ഷരങ്ങൾ ഉച്ചരിക്കുമ്പോൾ അൽപ്പം ഉഷ്ണം സംക്രമിക്കുന്നതായി പരിഗണിച്ചു അവയ്ക്കു ഊഷ്മാക്കൾ എന്നു നാമകരണം ചെയ്തത് ആയിരിക്കാം. ഈ രീതിയ നുസരിച്ചു 'ശ ഷ സ ങ്ങളോടു ഹകാരത്തെ ചേർത്തിരിക്കുന്ന തായി വിചാരിക്കണം. ഉത്ഭസ്ഥാനത്തിന്റെ മുറ നോക്കു മ്പോൾ ഹകാരം കണ്ഠത്തിൽ നിന്നും ഉണ്ടാകുന്നതാക യാൽ ആദ്യം ചേർക്കേണ്ടതാണെന്നിരുന്നിട്ടും വർഗ്ഗങ്ങളിൽ നാദ സംയുക്ത ങ്ങളെ മുൻചേർത്ത് ഇതരത്തെ പിൻപ് ഘടിപ്പി ച്ചിരിക്കും പോലെ നാദയുക്തമായ ഹകാരത്തെ നാദമില്ലാത്ത ശ ഷ സ ങ്ങളുടെ പിന്നിൽ ചേർത്തിരിക്കുന്നു. യുക്തിമാന്മാരായ രണ്ട് ആളുകൾ തമ്മിൽ അറിയാതെ ഭിന്നസ്ഥലങ്ങളിൽ ഇരുന്ന് ഒരു വിഷയത്തെ ഒരേ യുക്തിപ്രകാശത്തിൽ സാക്ഷാൽകരിച്ചു കൂടെന്നു യാതൊരു നിയമവും ഇല്ല. കൂടാതെ ഇവിടെ രണ്ടു ഭാഷകളിലേയും കണ്ടുപിടുത്തങ്ങൾക്കു വ്യത്യാസവും ഇരിക്കുന്നു.

'അവ്വഴി ആവി ഇടൈമൈ ഇടം മിടറു ആകും മേവും മെന്മൈ മുക്കു, ഉരം പെറും വന്മൈ'[16]

ആദ്യം പൊതുവെ പ്രഭവസ്ഥാനങ്ങൾ നിർണ്ണയിച്ച പ്രകാരം സ്വരങ്ങൾക്കും ഇടയെഴുത്തുകൾക്കും കണ്ഠം ഉത്ഭവ സ്ഥാനമാകുന്നു. മെല്ലിനത്തിനു മൂക്കും വില്ലിനത്തിനു നെഞ്ചും പിറപ്പിടമാകുന്നു.

[16] നന്നൂൽ, എഴുത്തിയൽ, സൂത്രം75.

'അവ്വഴിപ്പന്നീരുയിരും തന്നിലൈ തിരിയാ
മിടറ്റു പ്പിറന്ത വളിയിൽ ഇചൈക്കും''[17]

മുൻപറഞ്ഞപ്രകാരം പന്ത്രണ്ട് സ്വരങ്ങളും അതത് മാത്രകൾ വ്യക്തമാകാതെ കണ്ഠസ്ഥമായ പ്രാണനാൽ ശബ്ദിക്കപ്പെടുമെന്നും

'അവറ്റുൾ അ ആ ആയി രണ്ടു അങ്കാന്ത് ഇയലും'[18]

അകാരാകാരങ്ങൾ രണ്ടിനും (അങ്കാത്തൽ) സംവൃത മെന്ന ഒരേ പ്രയത്നമെന്നു പറയുന്നു.

സംസ്കൃതത്തിൽ 'സംവൃതം മാത്രികം ജ്ഞേയം, വിവൃതം തു ദ്വിമാത്രികം[19]' ഒരു മാത്രയുള്ള അകാരം സംവൃതം അതാ യത് ഉത്ഭവസ്ഥാനങ്ങളുടെ സങ്കോചരൂപപ്രയത്നത്തോടു കൂടി യത് രണ്ട് മാത്രകളുള്ള ആകാരം വിവൃതം അതായതു പ്രഭവ സ്ഥാനങ്ങളുടെ വികാസരൂപപ്രയത്നത്തോടുകൂടിയതെന്നർത്ഥം.

നന്നൂലിൽ, 'ഇ ഈ എ ഏ ഐ അങ്കാപ്പോടു, അൺപൽ മുതനാ വിളിമ്പുറവരുമേ' [20] എന്ന സൂത്രത്താലും, തൊൽ ക്കാപ്പിയം, 'ഇ ഈ എ ഏ ഐ ഇചൈക്കും അപ്പാലൈന്തും അവറ്റോ രന്ന അവൈതാം അൺപൽ മുതൽനാ വിളിമ്പുറൽ ഉടൈയ' [21] എന്ന സൂത്രത്താലും ഇ ഈ എ ഏ ഐ ഈ

[17] തൊൽകാപ്പിയം, എഴുത്തതികാരം, സൂത്രം 77

[18] ടി സൂത്രം 85

[19] പാണിനീയശിക്ഷ, ശ്ലോകം 20

[20] നനൂൽ, എഴുത്തിയൽ, സൂത്രം 77

[21] തൊൽകാപ്പിയം, എഴുത്തതികാരം, സൂത്രം 86

എഴുത്തുകൾക്ക് (അങ്കാത്തലും) അൺപല്ലെയടിനാവോരം പൊരിന്തുതലുമാകിയ പ്രയത്നം പറയപ്പെട്ടിരിക്കുന്നു.

'ഉ ഊ ഓ ഔ എന ഇചൈയ്യും അപ്പാൽ ഐന്തും ഇതഴ്കുവിന്തിയലും' [22] എന്ന സൂത്രത്താൽമേൽക്കാണിച്ച അക്ഷരങ്ങൾക്ക് ചുണ്ടുകൂട്ടൽ പ്രയത്നമെന്നു പറയുന്നു.

സംസ്കൃതത്തിൽ മുൻ കാട്ടിയ പ്രമാണപ്പടി 'ഇ ഈ' എന്ന രണ്ടിനും താലുപ്രഭവസ്ഥാനവും

'സ്വരാണാമുഷ്മണാഞ്ചൈവ കരണം വിവൃതം സ്മൃതം.'[23]

സ്വരങ്ങൾക്കും ശ ഷ സ ഹ ഈ വക ഊഷ്മാക്കൾക്കും വിവൃതം പ്രഭവസ്ഥാനവികാസം പ്രയത്നമെന്നു വിചാരിക്കപ്പെടുന്നു എന്ന പ്രമാണപ്രകാരം ഉത്ഭവസ്ഥാനവികാസം പ്രയത്നവും എ ഐ കൾക്ക് കണ്ഠതാലുക്കൾ ഉല്പത്തിസ്ഥാനവും വിവൃതം പ്രയത്നവും ഉ ഊ കൾക്ക് ഓഷ്ഠങ്ങൾ പിറപ്പിടവും വിവൃതം പ്രയത്നവും ഓ ഔ ഈ ലിപികൾക്ക് കണ്ഠം, ഓഷ്ഠം ഈ രണ്ടും പ്രഭവസ്ഥാനവും വിവൃതം പ്രയത്നവുമാണെന്നും വ്യവസ്ഥ കാണുന്നു. തമിഴിൽ പൊതുവേ സ്വരങ്ങൾക്കു കണ്ഠം മാത്രം ഉത്ഭവസ്ഥാനമാണന്നും പ്രയത്നങ്ങൾ പലതാണന്നും പറഞ്ഞിരിക്കുന്നു. സംസ്കൃതത്തിൽ സ്വരങ്ങൾ ഓരോന്നിനും ഓരോ പ്രഭവസ്ഥാനങ്ങളും ഒരേ പ്രയത്നവുമായി വിവരിച്ചിരിക്കുന്നതും ഈ രണ്ടു ഭാഷയിലുള്ള ലിപികൾക്ക് സംബന്ധമില്ലന്നു തെളിയിക്കുന്നു. ഉദ്ധരിച്ചു കാണിച്ച നന്നൂൽ സൂത്രപ്രകാരം വ്യഞ്ജനങ്ങളിൽ ഇടയിനങ്ങൾക്ക് കണ്ഠവും വല്ലിനങ്ങൾക്ക് നെഞ്ചും മെല്ലിനങ്ങൾക്ക് നാസികയും ഉല്പത്തി

[22] ടി സൂത്രം 85

[23] പാണിനീയശിക്ഷ, ശ്ലോകം 21

സ്ഥാനങ്ങളായി പറയപ്പെട്ടിരിക്കുന്നു. വ്യഞ്ജനങ്ങൾക്ക് ഈ കാണിച്ച സ്ഥാനങ്ങൾ ഉത്ഭവസ്ഥാനങ്ങൾ ആകുമെന്നും സ്വരങ്ങൾക്കെല്ലാം കണ്ഠം സ്ഥാനമെന്നും മേൽ വിവരിച്ച നന്നൂൽ സൂത്രം പൂർവ്വകാലത്തെ തമിഴ് വ്യാകരണങ്ങൾക്ക് അനുയോജിക്കുമാറു നന്നൂൽ കർത്താവിനാൽ എഴുതപ്പെട്ട തെന്നും എല്ലാ അക്ഷരങ്ങളും കണ്ഠത്തിൽ നിന്നും വ്യക്ത മാകുന്നതിനാൽ സ്വരങ്ങൾക്കു കണ്ഠം സ്ഥാനമെന്നു നന്നൂൽ കർത്താവ് വ്യവസ്ഥാപിച്ചത് ചേരുമെന്നും തൊൽകാപ്പിയരും സ്വീകരിച്ചിരുന്നതായി കാണാം. എന്നാൽ വ്യഞ്ജനങ്ങളുടെ സ്ഥാനനിർണ്ണയം യുക്തിക്കു ഇണങ്ങായ്കയാൽ അതു സംബന്ധിച്ചുള്ള പൂർവ്വസൂത്രാർത്ഥത്തെ തൊൽകാപ്പിയർ തന്റെ ശാസ്ത്രത്തിൽ പ്രദിപാദിക്കാതെ ഉപേക്ഷിച്ചു കളഞ്ഞുവെന്നും പരിഗണിക്കാം. നന്നൂൽ, തൊൽകാപ്പിയണ് ഈ രണ്ടു ശാസ്ത്രങ്ങളിലുള്ള സൂത്രങ്ങളിലെ അർത്ഥവ്യത്യാസത്തിനു കാരണം ആരായുന്നവർക്കു ഈ വസ്തുത നല്ലതുപോലെ മനസ്സിലാകും.

‘കകാരങകാര മുതൽ നാ അണ്ണം’[24]
ചകാര അകാരം ഇടൈ നാ അണ്ണം’[25]
‘ടകാര ണകാരം നൂനിനാ അണ്ണം’[26]

ഇത്യാദി തൊൽകാപ്പിയസൂത്രങ്ങളാലും, നന്നൂലിൽ

[24] തൊൽകാപ്പിയം, എഴുത്തതികാരം, പിറിപ്പിയൽ, സൂത്രം 39, ക ങ എന്നിവ അടിനാക്ക് മേൽഭാഗത്തു സ്പർശിച്ചുണ്ടാകുന്നു.

[25] ടി സൂത്രം 90 ച, ഞ എന്നിവ നാക്കിന്റെ മദ്ധ്യഭാഗം മേൽഭാഗം സ്പർശിച്ചുണ്ടാകുന്നു.

[26] സൂത്രം 91 ട, ണ എന്നിവ നാക്കിന്റെ അറ്റം മേൽഭാഗത്തു സ്പർശിച്ചുണ്ടാകുന്നു.

'കങ്ങവും ചങ്ങവും ടണവും മുതൽ ഇടൈ നൂനിനാ അണ്ണം ഉറമുറൈ വരുമേ'[27]

ഇത്യാദി സൂത്രങ്ങളാലും ഉല്പത്തിസ്ഥാനങ്ങളുടെ വിശേഷവിധികൾ തൊൽകാപ്പിയത്തിലും നനൂലിലു സമാനമായിത്തന്നെ ഇരിക്കുന്നു.

ഈ വിധികളും സംസ്കൃതത്തിലുള്ള സ്ഥാനവിധികളിൽ നിന്നു ഏതാണ്ടു വ്യത്യസമാണ്. സംസ്കൃതശബ്ദാനുശാസന ത്തിൽ കകാരങ്ങൾക്ക് താലു ഉത്ഭവസ്ഥാനമായി പറയുന്നില്ല. ടകാര ഞകാരങ്ങൾക്ക് മൂർദ്ധാവു സ്ഥാനമായി പറഞ്ഞി രിക്കുന്നു. അതുകൊണ്ടു ഓരോരുത്തർ യുക്തിക്കനുഗുണമായി സ്ഥാനനിർണ്ണയം ചെയ്തു എന്നാല്ലാതെ ഒരു കൂട്ടർ ഇതരന്മാരെ അനുകരിച്ചു വിധി കല്പിച്ചു എന്നൂഹിക്കുന്നതിനു ന്യായം കാണുന്നില്ല. തൊൽകാപ്പിയം നൂറ്റിരണ്ടാമത് സൂത്രത്തിൽ [28] ഗ്രന്ഥകർത്താവ് വ്യവ്യസ്ഥാപിച്ച രീതി അനുസരിച്ച് അക്ഷര ങ്ങളുടെ ഉത്പത്തിസ്ഥാനങ്ങളെ കാണിച്ചതായും സംസ്കൃത പ്രമാണ(വേദ)ങ്ങളിൽ വേറേ വൈജാത്യങ്ങൾ അന്തർഭവിച്ചിട്ടു ണ്ടെങ്കിലും ആ ശാസ്ത്രങ്ങളിൽ നിന്നും അറിഞ്ഞു കൊള്ളേണ്ട താണന്നും ഇവിടെ ആ വൈചിത്രങ്ങളെ കാണിക്കുന്നില്ലന്നും

---

[27] നന്നൂൽ, സൂത്രം 79

[28]
എല്ലാ എഴുത്തും വെളിപ്പടക്കിളന്തു
ചെല്ലിയ പള്ളിയെളുതരു വളിയിൽ
പിറപ്പെടു വിടുവഴി ഉറഴ്ചിവാരത്തു
അകത്തെഴുവളിയിച്ചെ അരിൽ തപനാടി
അളവിർ കോടൽ അന്തണർ മറൈത്തേ (തൊൽകാപ്പിയം 102)

അക്ഷരങ്ങളായി പുറത്തു വരുന്നതിനു മുൻപ് നാഭിയിൽ നിന്ന്, വായു, അക്ഷരങ്ങളുടെ ഉത്ഭവസ്ഥാനത്തു തങ്ങി വെളിയിൽ വരുന്ന വിധവും മാത്രയും ബ്രാഹ്മണരുടെ വേദത്തിൽ പറഞ്ഞിട്ടുണ്ട്.

പറഞ്ഞു കാണുന്നു.[29] ആകയാൽ തമിഴിലും സംസ്കൃത ത്തിലും ഭിന്ന രീതിയിൽ വിവരിച്ചവയെ നിർദ്ദോഷങ്ങളെന്നു യുക്തികൾ മൂലം സാധിക്കാമെന്നു വരുകിലും തമ്മിൽ സംബന്ധമില്ലാതെ അക്ഷരങ്ങളുടെ ഉത്പത്തിമാർഗ്ഗങ്ങൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിൽ യാതൊരു സന്ദേഹ വുമില്ല. ആവശ്യമായ അക്ഷരങ്ങളെ മാത്രം സംസ്കൃത എഴുത്തുകളിൽ നിന്നും പെറുക്കിഎടുത്തുകൊണ്ട് അവയുടെ ഉത്പത്തിസ്ഥാനാദികളെ സംസ്കൃതരീതികളോട് സംബന്ധമി ല്ലാത്തവിധം തങ്ങൾ തന്നെ കണ്ടുപിടിച്ചു കാലാന്തരത്തിൽ എഴുതിക്കൊണ്ടതാണന്നുള്ള സ്ഥൂലസന്ദേഹത്തിനു ഇവിടെ ഇടമില്ല.

മനുഷ്യൻ മുൻപ് നാഗരികത്വമില്ലാതിരുന്ന അവസ്ഥയിൽ നിന്നു ഉത്തരോത്തരം നാഗരികത്വമുള്ള സ്ഥിതിയെ ആശിക്കുകയല്ലാതെ നാഗരികത്വത്തോടെ ഇരുന്നുകൊണ്ട് അതിന്റെ അഭാവ ദശയെ അഭിലഷിക്കുക സാധാരണമല്ല. അരവിന്ദം, മന്ദാരം, മൃദുലം, കുസുമം, ഗംഭീരം, ഭൃംഗനാദം തുടങ്ങിയ വാക്കുകളെ തമിഴ് രൂപത്തിൽ ആക്കുമ്പോൾ ഈ രണ്ടു ഭാഷകളെയും അറിയുന്നവർക്ക് സംസ്കൃതത്തിലുള്ള ഭംഗിയും ഗാംഭീര്യവും തമിഴിൽ കിട്ടുകയില്ലന്നു തോന്നാതെ ഇരിക്കുകയില്ല. ഇതുകൊണ്ടാണു തമിഴിന്റെ പിരിവുകളായ കർണ്ണാടകം, തെലുങ്ക് മുതലായ ഭാഷകളിൽ സംസ്കൃത അക്ഷരങ്ങളെ അനന്തരകാലങ്ങളിൽ കലർത്തിക്കാണുന്നത്. എന്നാൽ തമിഴ് എഴുത്തുകൾ സംസ്കൃതലിപികളിൽ അടങ്ങിയിരിക്കകൊണ്ട് സംസ്കൃതഎഴുത്തുകൾ നല്ലപോലെ പഠിച്ചവർക്ക് തമിഴെഴുത്തു

[29] അ ന തിവൺനുവലാതു എഴുന്തു പുറത്തിചൈക്കും
മെയ്തെരിവളിയിചൈ അളപുനുവന്റിചിനേ (തൊൽകാപ്പിയം 103)
അതിവിടെ എടുത്തുപറയുന്നില്ല. അക്ഷരരൂപത്തിൽ പുറത്തു വരുന്ന വായുവിന്റെ അളവു മാത്രമേ പറഞ്ഞിട്ടുള്ളു.

കളെ ഉച്ചരിക്കുന്നതിനു പ്രയാസമില്ല. തമിഴ് മാത്രം അറിയുന്നവർക്ക് സംസ്കൃതത്തിലെ വിശേഷാൽ അക്ഷരങ്ങൾ ഉച്ചരിക്കാൻ എളുപ്പം സാധിക്കുന്നുമില്ല. ഇതിൽ നിന്നും സംസ്കൃതത്തിൽ കൂടുതൽ എഴുത്തുകൾ ഉച്ചരിക്കുവാൻ അധികം പ്രയത്നമുണ്ടെന്നു സിദ്ധമായി. വിഷമം അധികമുള്ള അക്ഷരങ്ങളുടെ ഉച്ചാരണത്തിനു അധികമായ പ്രയത്നം വേണമെന്നു സിദ്ധം. ഏതേതു അക്ഷരങ്ങൾ അതിപ്രയത്നങ്ങൾ കൊണ്ട് മാത്രമേ ഉച്ചരിക്കുവാൻ കഴിയുകയുള്ളൂ എന്നു നാം കാണുന്നുവോ അവ ലഘുപ്രയത്നത്താൽ ഉച്ചരിക്കാവുന്ന അക്ഷരങ്ങളുടെ പിന്നാലെ ഉണ്ടായവയെന്നൂഹിക്കുന്നതാണു ന്യായം. ഈ യുക്തിയെ മുൻനിറുത്തി പോകുമ്പോൾ സംസ്കൃതലിപികളും തമിഴക്ഷരങ്ങളും ഒരേ കാലത്തിൽ ഒന്നിച്ചിരുന്നു എന്നും, ആ കാലത്തിൽ തമിഴരും സംസ്കൃതക്കാരും ഒരേ വർഗ്ഗക്കാരായിരുന്നു പിന്നെ പിരിഞ്ഞ വരാണന്നും, അങ്ങിനെ പിരിഞ്ഞു അനേക നൂറ്റാണ്ടുകൾക്കു ശേഷം അക്ഷരങ്ങളുടേയും വാക്കുകളേയും ഒന്നിനു പിറകേ വേറൊന്നായി അനേകം പ്രാവശ്യം മാറ്റി മറിച്ചുഒടുവിൽ ഒരു രീതിയിൽ ഉറപ്പിച്ചു ആ ഭാഷയ്ക്കു സംസ്കൃതം (സംസ്കരിക്കപ്പെട്ടത്) എന്നു നാമകരണം ചെയ്തിരിക്കണെ മെന്നും, തമിഴർ മൂലഭാഷയേയും അക്ഷരങ്ങളേയും ഭേദഗതിചെയ്യാൻ വിമുഖരായിരുന്നകാരണം പഴയ തമിഴ് വ്യാകരണമുറകളെ ആദരിച്ചുപോന്നിരുന്നു എന്നും, കാലാന്തര ത്തിലുണ്ടായ സംസ്കൃതപ്രചരണത്തിൽ ദാക്ഷിണാത്യന്മാരായ അഗസ്ത്യപ്രഭുതികൾ സംസ്കൃതത്തെ തഴുകിപ്പിടിച്ചു തമിഴിനു പല പരിഷ്ക്കാരങ്ങളും ചെയ്യാൻ ഇടയായിട്ടുള്ളതാണന്നും പറയാതെ കഴിയുകയില്ല.

സംസ്കൃതമെന്ന ഒരു ഭാഷ പിരിഞ്ഞുപോയതിൽ പിന്നെയും വേദത്തിലുള്ള പദങ്ങളേയും അതിനുശേഷമുണ്ടായ പുരാണപദങ്ങളേയും അനന്തരം പാണിനിമഹർഷിയുടെ കാലം മുതൽ അഭേദമായ വ്യവസ്ഥയെ അവലംബിച്ചിരിക്കുന്ന പദങ്ങളുടെ സ്ഥിതിയേയും ഓരോന്നായി വിചിന്തനം ചെയ്യുമ്പോൾ ആ ഭാഷയ്ക്കു പൂർവ്വരൂപത്തിൽ യിടരെ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നതായി ഊഹിയ്ക്കാം. ഉദാഹരണത്തിനു ഋഗ്വേദത്തെ തന്നെ എടുക്കാം. ടി വേദം ഒന്നാം അഷ്ടകം, ഒന്നാം അനുവാകം രണ്ടാം ഋക് 'അഗ്നിഃ പൂർവ്വേഭിഃ' എന്നിരിക്കുന്നു. ഇതിൽ പൂർവ്വേഭിഃ എന്ന രൂപം ഇപ്പോൾ പൂർവ്വൈഃ എന്നു നടപ്പിൽ ഇരിക്കുന്നു. ഇതുപോലെ അനേകം മാറ്റങ്ങൾ കാണാം. കൂടാതെ സ്വരങ്ങളിൽ ഋ, ഌ എന്ന അക്ഷരങ്ങളുടെ സന്നിവേശവിശേഷത്തെ ഇരിപ്പിന്റെ സ്വഭാവത്തെ കുറിച്ചു വിചാരിക്കുമ്പോൾ ആ എഴുത്തുകൾ രണ്ടും അനന്തരകാലത്തിൽ ഉൾപെടുത്തിയവയെന്നു തന്നെ തോന്നിപ്പോകുന്നു. എന്തെന്നാൽ സ്വരങ്ങൾക്കു വിവൃതം പ്രയത്നമെന്നു വിധിച്ചു കാണുന്നു. രേഫലകാരങ്ങൾക്ക് ഈഷൽസ്പൃഷ്ടം പ്രയത്നമാകുന്നു. ഋ, ഌ ഈ രണ്ട് സ്വരങ്ങൾക്ക് 'ദുഃസ്പൃഷ്ടശ്ചേതി വിജ്ഞേയോ ലുകാര പ്ലുത ഏവ ച'[30] എന്ന പ്രമാണത്താൽ ഈഷൽസ്പൃഷ്ടം പ്രയത്നമെന്നു നിർണ്ണയിച്ചിരിക്കുന്നു. എന്നാൽ വിവൃതപ്രയത്നം എന്ന വ്യത്യാസമേ രേഫലകാരങ്ങൾക്കുള്ളു. മറ്റുസ്വരങ്ങളെല്ലാം ഒരേ പ്രയത്നത്തോടുകൂടിയും ഈ രണ്ട് അക്ഷരങ്ങൾ മാത്രം ഇങ്ങനെ വ്യത്യാസപ്പെട്ടും ഇരിക്കുന്നതിനേയും ഉത്ഭവസ്ഥാനക്രമപ്പടി എല്ലാ എഴുത്തുകളേയും ഘടിപ്പിരിക്കേ താലുമൂലവും ദന്തങ്ങളും യഥാസംഖ്യം[31]

[30] പാണിനീയശിക്ഷ, ശ്ലോകം 5

[31] യഥാക്രമം

പ്രഭവസ്ഥാനങ്ങളായ ഌ, ൡ ക്കളെ ഓഷ്ഠജമായ ഉകാരത്തിനു ശേഷം മുറവിട്ട് ചേർത്തിരിക്കുന്നതിനേയും കുറിച്ചു വിചന്തനം ചെയ്യുമ്പോൾ ഌകാരലുകാരങ്ങൾ ഉപയോഗിക്കേണ്ടിടത്തു മുൻ കാലത്തു തമിഴ് രീതിയ്ക്കോ അഥവാ മറ്റുവിധത്തിലോ കാര്യനിർവ്വഹണം ചെയ്തുപോന്നു എന്നും, അതിൽ പിന്നെ ഇങ്ങിനെ രണ്ടക്ഷരങ്ങളെ സൃഷ്ടിച്ചു എന്നും അനുമാനിക്ക ത്തക്കതാണ്.

സന്ദേഹാരംഭം

വ്യഞ്ജനങ്ങളെ അപേക്ഷിച്ചു സ്വരങ്ങൾക്ക് പ്രയത്നം കുറവായിരിക്കകൊണ്ട് രണ്ടാമതു പറഞ്ഞവയാണു ആദ്യം സിദ്ധങ്ങളായെതെന്നു നിരൂപിക്കാം. ഈ മുറയ്ക്കു ഇ, ഉ, ഌ, ൡ ഈ അക്ഷരങ്ങൾ രൂപികരിച്ചതിൽ പിന്നെ സ്ഥാനസാമ്യം കൊണ്ട് അവയ്ക്കു തുല്യങ്ങളായ യ, ര, ല, വ എന്നീ വ്യഞ്ജന ങ്ങൾ സ്വരങ്ങൾക്കുനുരൂപങ്ങളായി ഏർപ്പെടുത്തപ്പെട്ടതാകുന്നു. അതുകൊണ്ട് തമിഴിലിൽ പൂർവ്വകാലങ്ങളിൽ ഌ, ൡ എന്ന അക്ഷരങ്ങൾ ഉണ്ടായിരുന്നു. പിൻപ് ഉപയോഗമില്ലായ്കകൊണ്ട് ഉപേക്ഷിക്കപ്പെട്ടതാണു അല്ലാതെ സംസ്കൃതത്തിൽ ഌ ലു ക്കൾ പിന്നെ ചേർക്കപ്പെട്ടവയല്ല എന്നിങ്ങനെ ഒരു ശങ്ക ഇവിടെ അങ്കുരിക്കാം.അങ്ങിനെയാണങ്കിൽ ഇ, ഉ, ഌ, ൡ ഈ അക്ഷരങ്ങളുടെ മുറയെയനുസരിച്ചു ഇകാരതുല്യമായ യകാര ത്തെ ആദ്യമായും ഉകാരസദൃശമായ വകാരത്തെ രണ്ടാമതും ഌകാര തുല്യമായ രേഫത്തെ മൂന്നാമതും ലുകാരസമമായ ലകാരത്തെ നാലാമതും അന്തസ്ഥങ്ങളായി ഘടിപ്പിക്കേണ്ടതാ യിരുന്നു. അങ്ങിനെ കാണാത്തതുകൊണ്ട് ഈ ശങ്കയ്ക്ക് അവസരമില്ല. അതുകൊണ്ട് അനന്തരകാലത്ത് യകാര, വകാര ങ്ങളുടെ അംശങ്ങൾ 'ഇ, ഉ'ക്കളിൽ അടങ്ങിയിരിക്കുന്നതായി

ക്കണ്ട് ഏതോ ചില സൗകര്യങ്ങളെ ഉദ്ദേശിച്ചു അവയ്ക്കു തുല്യങ്ങളായ രകാരലകാരങ്ങളുടെ അംശങ്ങൾ അന്തർഭവിച്ച രണ്ടക്ഷരങ്ങളെ സംസ്കൃതക്കാർ ഏർപ്പെടുത്തിയതാണന്നു പറയുന്നതാകുന്നു യുക്തിക്കു കുറെ യോജിച്ചത്. ഈ രണ്ടക്ഷരങ്ങളിൽതന്നെ ൠകാരം ഌകാരത്തെ അപേക്ഷിച്ചു വളരെ പിൻപ് ഉണ്ടായതാണെന്നു പറയണം. എഴുത്തുകൾ ഉത്ഭവിക്കുന്നതിനുള്ള കാരണമായിരിക്കുന്നത് ജനങ്ങൾ ഉപയോഗിക്കുന്ന വാക്കുകൾ അത്രേ. ൠകാരം ഒഴിച്ചു മറ്റുള്ള അക്ഷരങ്ങളിൽ അനേകം വാക്കുകൾ ഉണ്ടായിക്കാണുന്നു. ലു എന്നുള്ള അക്ഷരത്തിൽ ക്ൠപ്തം എന്നൊരു വാക്ക് മാത്രമേയുള്ളു. ഈ വസ്തുത 'ഌൠക്' [32] എന്ന മാഹേശ്വര സൂത്രത്തിൽ ഭാഷ്യസന്ദർഭം കൊണ്ട് പതഞ്ജലി മഹർഷി വ്യക്തമാക്കിയിട്ടുണ്ട്. കുറേക്കാലം ആശയങ്ങളെ അറിയിക്കുന്ന തിനു തക്ക വാക്കുകൾ ഇല്ലാതിരുന്ന ശേഷം ഒരേ അർത്ഥത്തെ കുറിക്കുന്നതായി പലരിൽ നിന്നും പല കാരണങ്ങളാൽ ബഹു വിധമായ വാക്കുകളും അവയ്ക്കു 'വാരിവാഹക–വലാഹക' ഈ മാതിരി വികാരങ്ങളും ഒട്ടുവളരെ ഉണ്ടായി. ഒടുവിൽ ഒരുവന്റെ വാക്ക് ഇതരന് അറിയാൻ പാടില്ലാത്ത വിധത്തിൽ ഭാഷ അവ്യവസ്ഥിതമായി പടരുവാൻ തുടങ്ങി. ഇതിനു പരിഹാരമായി മേലിൽ കണ്ടമാനം വാക്കുകൾ വർദ്ധിക്കാത്തവിധം വ്യവസ്ഥ ഏർപ്പെട്ടതിനു അടുത്ത് മുൻ കാലത്തു 'ന'കാരവും ക്നപ്തമെന്നവാക്കും ഉത്ഭവിച്ചിരിക്കണം. അന്നു മുതൽ പുതിയ ശബ്ദങ്ങൾ ഉണ്ടാകാൻ നിവർത്തിയില്ലാത്തതുനാൽ ഈ ഇനത്തിൽ കൂടുതൽ വാക്കുകൾ ഉണ്ടാകാഞ്ഞതാണെന്ന് ഊഹിക്കാം. പ്രാകൃതത്തിൽ ഌ ൠ എന്ന രണ്ടക്ഷരങ്ങൾ കാണാത്തത് ഈ ഊഹത്തിനു ഉപോദ്ബലകമാണു. വരരുചി

[32] മാഹേശ്വരസൂത്രം 2

രചിച്ച പ്രാകൃതപ്രകാശത്തിൽ 'ഋതോത്', 'ഋരീതി' ഈ സൂത്രങ്ങളാൽ ചിലേടത്ത് ഋകാരത്തിനു പകരം അകാരവും ചിലെടത്ത് രി എന്നും, 'ഌതഃ ക്ഌപ്ത ഇലിഃ' എന്ന സൂത്രം കൊണ്ട് 'ക്ഌപ്ത'ശബ്ദത്തിലുള്ള 'ഌ'വിനു 'ഇലി' എന്നും ആദേശം വരുമെന്നു പറഞ്ഞിരിക്കുന്നു. 'തൃണം' എന്ന വാക്കിനു 'അ'കാരാദേശം വന്നു 'തണം' എന്നാകുന്നതും 'ഋണ' ശബ്ദത്തിനു 'രി' പകരം വന്നു 'രിണം' എന്ന രൂപമുണ്ടാകുന്നതും 'ക്ഌപ്തം' എന്ന പദത്തിൽ അകാരത്തിനു ആദേശം വന്നു 'കിലിത്തം' എന്ന രൂപം സിദ്ധിക്കുന്നതും ഇവിടെ ഉദാഹരണം. ഇതുകൊണ്ട് ഋ എന്ന അക്ഷരം 'രി' അല്ലെങ്കിൽ 'അ' കാരമായും 'ഌ'എന്ന ലിപി 'ഇലി' എന്നും ഭേദപെട്ടും അല്ലാതെ പ്രകൃതത്തിലിരിക്കയില്ലന്ന് സിദ്ധിച്ചല്ലോ. സംസ്കൃതത്തിൽ ലുകാരം കൊണ്ട് ക്ഌപ്തമെന്ന ഒരു വാക്കു മാത്രമേ ഉണ്ടായിട്ടുള്ളൂവെന്നതും മേൽകാണിച്ചിട്ടുണ്ട്.

വരരുചി അസമർത്ഥന്മാരെ ഉദ്ദേശിച്ചു സംസ്കൃത്തതിലെ 'ഋ'കാര'ഌ'കാരാദി വിഷമാക്ഷരങ്ങൾ വേറേവിധം മാറ്റി നവീനമായും ലഘുവായും പ്രാകൃതമെന്നൊരു ഭാഷ സൃഷ്ടിച്ചു എന്നല്ലാതെ പ്രാകൃതത്തിൽനിന്നും സംസ്കൃതം ഉണ്ടായതല്ല എന്നു പറയുകയാണങ്കിൽ ആശയങ്ങളെ പ്രകാശിപ്പിക്കുവാൻ സംസ്കൃതവാക്കുകൾ ധാരാളമായിരിക്കെ എന്തിനായി ഇങ്ങിനെ യൊരു പ്രാകൃതഭാഷയുണ്ടാക്കി? അന്യോന്യം ആശയാവിഷ്ക രണം ചെയ്യുന്നതാണല്ലോ ഭാഷയുടെ പ്രയോജനം. ഓരോ സ്ഥലത്ത് ഓരോ ഭാഷയുണ്ടാകാം. എന്നാൽ ഒരിടത്ത് ഒരു ഭാഷ പ്രചുരപ്രചാരമായി ശോഭിക്കുമ്പോൾ അവിടെ വേറൊരു ഭാഷ ഉത്ഭവിക്കുവാൻ കാരണമില്ല. അശക്തന്മാരെ ഉദ്ദേശിച്ചു ഉണ്ടാക്കി എന്നു പറഞ്ഞാൽ ബഹുകാലം പരമ്പരയാ നിലനിന്നു പോന്നിരുന്ന ശക്തി വരരുചിയുടെ കാലത്ത് ആകസ്മികമായി

കുറഞ്ഞുപോയതെങ്ങനെ എന്നൊരു ചോദ്യം പുറപ്പെടും. ഇന്ന് സംസ്കൃതം സ്വഭാഷയായിരിക്കുന്ന ജാതിക്കാർക്കു ഇതരഭാഷ ക്കാരേക്കാൾ ഉച്ചാരണവൈഭവവും വൈജാത്യവും ഏറിയിരി ക്കുന്നതായിട്ടാണു കാണുന്നത്. പരമ്പരാവാസന കൊണ്ട് വിഷമവിഷയങ്ങളുടെയും സ്വാധീനത ലഘുസിദ്ധമായിട്ടാണല്ലോ അഭിജ്ഞന്മാർ മതിക്കുന്നത്.

ഇനി ഉച്ചരിക്കുന്നതിനു വിഷമം തോന്നിക്കുന്ന 'ഖ, ഘ, ധ' മുതലായ അക്ഷരങ്ങളെപ്പോലെ ഋനു-ക്കൾ അത്ര പ്രയാസ മുള്ളവയല്ല. അതുകൊണ്ട് ശ്രമനിവൃത്തിയെ നിമിത്ത മാക്കി ഋനു-ക്കൾ തള്ളിയതാണന്നു വരികിൽ അതിഖരാദികൾ മുൻപേ തന്നെ ഉപേക്ഷിക്കപ്പെടേണ്ടിയിരുന്നു. കൂടാതെ പ്രാകൃതത്തിൽ സ്വീകരിച്ചിട്ടുള്ള അന്തസ്ഥങ്ങളായ 'ര, ല' ഈ അക്ഷരങ്ങളെ അപേക്ഷിച്ചു ഋനു-ക്കൾക്ക് കൂടുതൽ ശ്രമം വേണമെന്നും തോന്നുന്നില്ല. പിന്നെയും 'ഖിദേർവ്വിസുരഃ, ക്രുധേർജ്ജുരഃ, 'ചർച്ചേശ്ചമ്പഃ, ത്രസേർവ്വജ്ജഃ, 'മൃജേർലുഭസുപൗ'[33].

'ഖിദ' ധാതുവിനു 'വിസുര', 'ക്രുധ്' ധാതുവിനു 'ജ്ജുര', 'ചർച്ച' ധാതുവിനു 'ചമ്പ', 'ത്രസ' ധാതുവിനു 'വർജ്ജ', 'മൃജ' ധാതുവിനു 'ലുഭസുപാ'ക്കൾ ഇവ ആദേശങ്ങളായി വരും എന്നർത്ഥം. 'ഖിദ്യതേ' 'വിസുരഇ' 'ക്രുധ്യതി' 'ജ്ജുരഇ' 'ചർച്ചതി' 'ചമ്പ ഇ' 'ത്രസ്യതി' 'വജ്ജഇ' 'മാർഷ്ടി' 'ലുഭഇ' 'സുപഇ' ഇവ ഉദാഹരണങ്ങൾ. ഖേദിക്കുന്നു, കോപിക്കുന്നു, വിചാരിക്കുന്നു, ഭയപ്പെടുന്നു, ശുദ്ധമാക്കുന്നു എന്നർത്ഥം. ഇപ്രകാരം സംസ്കൃത ത്തിലുള്ള ധാതുക്കൾക്ക് മുഴുവനും അസംബന്ധങ്ങളായ ആദേശങ്ങളെ വിധിച്ചത് ലഘുപ്പെടുത്താനാണോ? കൂടാതെ മഹാരാഷ്ട്രി, ശൗരസേനി, മാഗധി, പൈശാചി ഈ

[33] ഇവയെല്ലാം വരരുചി രചിച്ച പ്രാകൃതപ്രകാശത്തലെ സൂത്രങ്ങളാണ്.

വിഭാഗത്തോടുകൂടിയ പ്രാകൃതത്തിൽ ആദ്യം പറഞ്ഞ ഭാഷയെക്കൂറിച്ചു അധികമായ വിവരങ്ങൾ പ്രാകൃതപ്രകാശ ത്തിൽ കാണപ്പെടുന്നു. ഇപ്പോൾ മഹാരാഷ്ട്രദേശീയർ സംസാരിച്ചു വരുന്ന മഹാരാഷ്ട്രഭാഷയാകട്ടെ പ്രാകൃതത്തിന്റെ പിരിവായി പറയപ്പെട്ട മഹാരാഷ്ട്രഭാഷയോട് സംബന്ധപ്പെട്ട തായിരിക്കുന്നു എന്നു പറയുകയല്ലാതെ അതു തന്നെയാണു ഇതു എന്നു പറയത്തക്ക നിലയിൽ ഇന്നു ഇരിക്കുന്നില്ല. പ്രാകൃതമഹാരാഷ്ട്രം നന്നായി പഠിച്ചവൻ ഇതരത്തെ അറിഞ്ഞു എന്നു പറവാൻ തീരെ സന്നദ്ധനാകുമെന്നു തോന്നുന്നില്ല. ഒരു ഭാഷയിൽ തന്നെ കാലപര്യയം കൊണ്ട് ചിലേടത്തു ചില വ്യത്യാസങ്ങൾ ഉണ്ടായി എന്നു വരും; എങ്കിലും അതിലും വ്യാകരണവ്യവസ്ഥ ഇരിക്കുന്ന കാലത്തോളം ആ ഭാഷയല്ലാ ഈ ഭാഷയെന്നു തോന്നുമാറു മിറ്റും വ്യത്യാസപ്പെട്ടു പോകയില്ല. വളരെ പുരാതനകാലം മുതൽ നടപ്പിൽ ഇരിക്കുന്ന ഈ തമിഴ്ഭാഷ കാലദേശങ്ങൾ കൊണ്ട് അവിടവിടെചില ഭേദങ്ങളെ അവലംബിച്ചിട്ടുണ്ടങ്കിലും ഒന്നോടെ രൂപാന്തരപ്പെടാതെ ഇരിക്കുന്നതു തന്നെ ദൃഷ്ടാന്തം.

അതുകൊണ്ട് സംസ്കൃതഭാഷ നടപ്പാക്കുന്നതിനു മുൻപ് പ്രാകൃതം ദേശഭാഷയായിരുന്നുവെന്നും, ചില ബുദ്ധിമാന്മാർ അതിനെ പരിഷ്കരിച്ചു സംസ്കൃതമെന്നു നാമകരണം ചെയ്തു എന്നും, സംസ്കൃതഭാഷ ചില ജനങ്ങൾ മാത്രം അഥവാ പ്രത്യേക വിദ്യാഭ്യാസവിഷയത്തിൽ മാത്രം ഉപയോഗിച്ചു വന്നിരിക്കാം. എന്നാൽ പൊതുവേ ദേശഭാഷയായിരുന്നതു പ്രാകൃതമായിരുന്നു എന്നും സംസ്കൃതം ഇതര ഭാഷകളേക്കാൾ വിശേഷമായി പരിണമിച്ചതുകൊണ്ട് ആ ഭാഷയെ അനാദിദേവ ഭാഷയാണെന്നും, അതിൽ എഴുതപ്പെട്ടിട്ടുള്ള വേദപുരാണാദി ഗ്രന്ഥങ്ങൾ ഈശ്വരനാൽ ബ്രഹ്മദേവനു ഉപദേശിക്കപ്പെട്ട്, ബ്രഹ്മദേവനാൽ നിർമ്മിക്കപ്പെട്ടതെന്നും, മറ്റും പറയുമെന്നും അന്യഭാഷകളെല്ലാം

മ്ലേഛ (മ്ലേഛ അവ്യക്തേ ശബ്ദേ, അസ്ഫുടേ അപശബ്ദേ ചേത്യർത്ഥഃ – സിദ്ധാന്ത കൗമുദി; അസ്പഷ്ടോച്ചാരണത്തിലും ശബ്ദശാസ്ത്രാനുസാരമല്ലാത്ത ശബ്ദ പ്രയോഗത്തിലും എന്ന് അർത്ഥം; ന മ്ലേഛിത വൈ 'മ്ലേഛിക്കരുത്' – വേദവാക്യം, 'നാപഭാഷിതവൈ' അപഭാഷിക്ക വ്യാകരണവിരോധമായി പറയലരുതെന്നു അർത്ഥം) ഭാഷകളാണെന്നു സംസ്കൃത പക്ഷപാതികൾ പറയുന്നു. ഈ അഭിപ്രായം പിൽക്കാലത്തു ള്ളവരിൽ പ്രബലപ്പെട്ടതുനിമിത്തം അവരിലൊരാളായ വരരുചി മുനി സംസ്കൃതത്തിൽ നിന്നു ഉണ്ടായതെന്നു അന്യന്മാർക്കു തോന്നത്തക്കവണ്ണം സംസ്കൃതാക്ഷരങ്ങൾക്കു ആദേശങ്ങൾ വിധിച്ച് പ്രാകൃതത്തെ പരിഷ്കരിക്കകൊണ്ട് ആ വ്യാകരണ സമ്പ്രദായം സംസ്കൃതാഭിജ്ഞന്മാർക്കു ഉപകാരപ്പെട്ട തായി. എന്നിട്ടും ആ പരിഷ്കരണരീതിയെ ജനങ്ങൾ പണിപ്പെട്ടും ആദരിച്ചു വന്നു. എങ്കിലും കാലക്രമേണ അശക്യമായി തീർന്നതുകൊണ്ട് ആ പരിപാടി ഉപേക്ഷിക്കുകയും തന്മൂലം പ്രാകൃതവും ഇക്കാലത്തെ മഹാരാഷ്ട്രിയും രണ്ടായി പിരിയുക യും പ്രാകൃതം സംസ്കൃതജ്ഞന്മാർക്കു നാടകം, സട്ടകം മുതലായ കൃതികൾ നിർമിക്കുന്നതിനു മാത്രം ഇന്നു ഉപയോഗത്തിലിരിക്കുകയും ചെയ്യുന്നു. ഇങ്ങിനെ നിരൂപിക്കു ന്നതു യുക്തമായിരിക്കും.

പാണിനീയശിക്ഷയിൽ 'ത്രിഷഷ്ടിശ്ചതുഷ്ഷഷ്ടിർവ്വാ വർണ്ണാഃ ശംഭുമതേ മതാഃ. പ്രാകൃതേ സംസ്കൃതേ ചാപി സ്വയം പ്രോക്താ സ്വയംഭുവാ' അക്ഷരങ്ങൾ പ്രാകൃതത്തിലും സംസ്കൃതത്തിലും ബ്രഹ്മദേവപ്രോക്തങ്ങളായി കാണുന്നു. എന്നാൽ പ്രാകൃതത്തിൽ ഋ, ന- മുതലായവ കാണുന്നില്ല. അതു വിവാദവിഷയമായിരുന്നാലും ഇവിടെ അപ്രകൃതമെന്നു വിട്ടതാണ്. ഈ പ്രമാണത്തിൽ ഈ രണ്ട് ഭാഷകളും ഒരുപോലെ

അനേകകാലമായി നടപ്പിലിരിക്കുന്നു എന്നു സിദ്ധിക്കുന്നതു മാത്രമല്ല 'പ്രഥമ പരിത്യാഗേ മാനാഭാവഃ' മുൻപിലൊന്നാമത്തതിനെ ചേർക്കാതെ വിട്ടുകളയുന്നതിനു പ്രമാണം കാണുന്നില്ല എന്ന ന്യായപ്രകാരം 'സംസ്കൃതേ പ്രാകൃതേ ചാപി' എന്നു പറയേണ്ടതായി ഇരിക്കെ മറിച്ചു പഠിച്ചിരിക്കകൊണ്ടും, പ്രാകൃതസംജ്ഞയ്ക്ക് സ്വാഭാവികമെന്നു അർത്ഥമുള്ളതിനാലും സംസ്കൃതനാമം പരിഷ്കരിക്കപ്പെട്ടതെന്ന ഭാവത്തെ ആവാഹിക്കുന്നതിനാൽ അതു സംസ്കരിക്കപ്പെടാത്ത പൂർവ്വരൂപത്തോടുകൂടിയ ഒരു ഭാഷയെ അപേക്ഷിച്ചുകൊണ്ടിരിക്കുമെന്നുള്ളതിനാലും, പ്രാകൃതം സംസ്കൃതത്തേ ക്കാൾ വളരെ മുൻപ് ഉള്ളതെന്നും കിട്ടുന്നു. ഇവിടെ പ്രാകൃതശബ്ദത്തിനു സംസ്കൃതമാകുന്ന പ്രകൃതിയോടുകൂടിയ തെന്നാണ് അർത്ഥം എന്നു പറയുന്നെങ്കിൽ[34] 'സംസ്കൃതമാ കുന്ന' എന്ന അർത്ഥം ആ പദം ഇല്ലാതിരിക്കുമ്പോൾ എങ്ങനെ സിദ്ധിക്കുമെന്ന് ഒരു ചോദ്യത്തിനു ഇവിടെ ഇടം ഉണ്ട്. പേരിട്ടവരുടെ ഇച്ഛാമാത്രം കൊണ്ട് ആർത്ഥം കിട്ടുമെന്നു പറഞ്ഞാൽ ശ്രവണമാത്രയിൽ സ്വാഭാവികമെന്നുള്ള അർത്ഥത്തെ പെട്ടന്നു സ്ഫുരിപ്പിക്കുന്ന ഈ ഒരു വാക്കേ കിട്ടിയുള്ളോ? പ്രകൃതിയിൽ നിന്നു ഉത്ഭവിച്ചു എന്നുള്ള അർത്ഥത്തെ നിസ്സന്ദേഹം ഉദ്ബോധിപ്പിക്കുന്ന വികൃതമെന്ന വാക്കിനെ ഈ സ്ഥാനത്തു സംജ്ഞയായി ഉപയോഗിച്ചുകൂടായിരുന്നോ? അതുകൊണ്ട് സ്വാഭാവികമെന്നുള്ള അർത്ഥത്തെ ആസ്പദമാക്കി നടപ്പിൽ കൊണ്ടുവന്നിരുന്ന സംജ്ഞയെ നവവ്യാഖ്യാതാക്കന്മാർ സ്വേച്ഛപോലെ അർത്ഥാന്തരപ്പെടുത്തിയതാണന്നല്ലാതെ ഇവിടെ മറ്റൊന്നും ശങ്കിക്കാനില്ല. കൂടാതെ, സംസ്കൃതത്തിൽ 'ഏകദ്വിബഹുക്കളെന്നു' വചനത്രയം

[34] ഹേമചന്ദ്രവ്യാകരണം, പ്രാകൃതചന്ദ്രിക തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഈ അഭിപ്രായമാണ് സ്വീകരിച്ചിട്ടുള്ളത്.

കാണുന്നു. പ്രാകൃതത്തിൽ 'ദ്വിവചനസ്യ ബഹുവചനം' (പ്രാ. പ്ര. പ–6, സൂ–63)[35] എന്നു കാണുന്നതുകൊണ്ട് ഏകവചനവും ബഹുവചനവും അല്ലാതെ ദ്വിവചനമില്ലന്നു സിദ്ധമായി. പ്രാകൃതം സംസ്കൃതത്തിൽ നിന്നുത്ഭവിച്ചിരുന്നു എങ്കിൽ സംസ്കൃതം സ്വീകരിക്കുന്ന ദ്വിവചനം ഇല്ലാതിരിക്കാൻ കാരണമില്ല. അതിൽ ഈ പ്രാകൃതവിധിയെ അറിയണമെങ്കിൽ സംസ്കൃതം നല്ലതുപോലെ അറിഞ്ഞിരിക്കണം താനും. അങ്ങിനെ അറിഞ്ഞവർക്കു ദ്വിവചന മെന്നൊന്നു കൂടി അധിക മായതുകൊണ്ട് യാതൊരു വിഷമവും തോന്നുകയില്ല. ഇതിനു പുറമേ സംസ്കൃതഭാഷയിലൊരിടത്തും പ്രവേശനം ലഭിയ്ക്കാത്ത (ഇടചൊല്ലുകൾ) നിപാതങ്ങൾ സംശയാർത്ഥത്തെ സൂചിപ്പി ക്കുന്ന 'ഇര', സംഭാഷണത്തെ കുറിക്കുന്ന ''വലേ'' ഇത്യാദി പ്രാകൃതത്തിൽ കടന്നു കൂടാൻ കാരണമെന്താണ്? സംസ്കൃത ത്തിൽ ഇന്നിന്ന ധാതുക്കൾ ആത്മനേപദത്തിൽ മാത്രമേ പ്രയോഗിക്കാവൂ എന്ന നിയമം കാണുന്നു. പ്രാകൃതത്തിൽ ഈ നിയമം ഇല്ല. ഉദാഹരണം സഹ് ധാതു സംസ്കൃതത്തിൽ ആത്മനേപദമാത്ര പ്രായോഗികമായിരിക്കുന്നു. 'സഹതേ' സഹിക്കുന്നു എന്നർത്ഥം പ്രാകൃതത്തിൽ 'സഹയി' 'സഹയേ' എന്ന രണ്ടു രൂപത്തിലും പ്രയോഗിച്ചു കാണുന്നു. അതുകൊണ്ട് ഉത്തമപുരുഷൈകവചനത്തിൽ പരസ്മൈപദപ്രത്യയമായ 'മോ' 'മു' 'മ' എന്ന മൂന്നു പ്രത്യയ ങ്ങൾ വിധിക്കപ്പെട്ടിരിക്കുന്നതും നോക്കുമ്പോൾ നിയമത്തോടു കൂടാതെ ലഘുവാക്കുന്നതിനെ ന്നുള്ള വാദത്തിനും സാംഗത്യമില്ല. ഇനിയും പല ഉദാഹരണങ്ങളുള്ളത് വിസ്തരഭയത്താൽ ഉദ്ധരിക്കുന്നില്ല.

---

[35] വരരുചി, പ്രാകൃതപ്രകാശം, പരിച്ഛേദം 6, സൂത്രം 63, ദ്വിവചനത്തിന്റെ സ്ഥാന ത്തും ബഹുവചനമാണ് പ്രാകൃതത്തിലുള്ളതെന്നർത്ഥം.

ഇങ്ങനെ പ്രാകൃതഭാഷയ്ക്കു സംസ്കൃതം പോലുള്ള ഗാഭീര്യവും ഌ, ന്ം, ഷ മുതലായ അക്ഷരങ്ങളും ക്ത, ഷ്ണ തുടങ്ങിയ വിജാതീയവർണ്ണസംശ്ലിഷ്ടസംയുക്താക്ഷരങ്ങളും ഇല്ലാത്തതുകൊണ്ടും തമിഴിലെപ്പോലെ ഏകബഹുക്കളെന്ന രണ്ടുവചനങ്ങളും മാത്രം കാണുന്നതിനാലും ഈ പ്രാകൃതഭാഷ സംസ്കൃതവിഭാഗത്തിനും മുൻപും തമിഴ് ഭാഷയ്ക്കു പിൻപും ഉണ്ടായഭാഷകളിലൊന്നെന്ന് ഊഹിക്കാൻ ന്യായമുണ്ട്. അതു കൊണ്ട് ഌ,ന്ംക്കൾ അന്യസ്വരങ്ങൾ നടപ്പിലായതിൽ പിന്നെ പ്രചാരമായതെന്നു വ്യവസ്ഥാപിക്കുന്ന വിഷയത്തിൽ യുക്തി ഭംഗം ലേശമില്ല തന്നെ. ശഷസഹങ്ങളും അവയുടെ സന്നിവേശ വിശേഷത്തെക്കുറിച്ചു വിചാരിക്കുമ്പോൾ ഇതരവ്യഞ്ജനങ്ങൾ നടപ്പായതിനുശേഷം ഉണ്ടായവയെന്നു അനുമാനിക്കാം. ഉത്ഭവ സ്ഥാനക്രമമനുസരിച്ചു ഹകാരം കണ്ഠ്യമായതുകൊണ്ട് അതിനെ വ്യഞ്ജനങ്ങളിലാദ്യവും അതിനു ശേഷം അതിനോടു സാദൃശ്യ മുള്ള ഊഷ്മാക്കളേയും അനന്തരം ജിഹ്വാമൂലോദ്ഭുതങ്ങളായ കവർഗ്ഗാദി അഞ്ചിനേയും പിന്നെ യരലവങ്ങളേയും ഘടിപ്പി ച്ചിരിക്കേണ്ടതാണ്. അല്ലെങ്കിൽ പ്രയത്നമുറയെ ആധാരമാക്കി ഈഷൽസ്പൃഷ്ടങ്ങളായ യ ര ല വങ്ങളെ മുൻപു ചേർത്തുപിന്നെ അർദ്ധസ്പൃഷ്ടങ്ങളായ ശ ഷ സങ്ങളെ അടുക്കി, അനന്തരം സ്പൃഷ്ടങ്ങൾ, അർദ്ധസ്പൃഷ്ടങ്ങൾ, ഈഷൽസ്പൃഷ്ടങ്ങൾ ഇങ്ങിനെ മുറയ്ക്കു അഞ്ചു വർഗ്ഗങ്ങളും മുമ്പേ ചേർത്ത് അതിനു ശേഷം ശ ഷ സങ്ങളേയും അനന്തരം യ ര ല വ ങ്ങളേയും ഘടിപ്പി ച്ചിരിക്കുകയോ വേണ്ടതായിരുന്നു. ശ ഷ ഈ എഴുത്തുകൾ പ്രാകൃതമഹാരാഷ്ട്രത്തിൽ കാണപ്പെടുന്നില്ല. അതുകൊണ്ട് ഈ എഴുത്തുകളും ഌ,ന്ംക്കളെപ്പോലെ പിന്നീട് നടപ്പായവയെന്നു സിദ്ധിക്കുന്നു. വർഗ്ഗങ്ങളുടെ മദ്ധ്യേ ഇരിക്കുന്ന അതിഖര മൃദുഘോഷങ്ങളായ മുമ്മൂന്നു എഴുത്തുകളും അനന്തരകാലത്തു ചേർക്കപ്പെട്ടവ തന്നെ.

സന്ധിനിരൂപണം

ഇനി, സംസ്കൃതം, തമിഴ് ഈ ഭാഷകളിലെ സന്ധി കാര്യത്തെക്കുറിച്ചു പരിശോധിക്കാം. ആ രണ്ട് ഭാഷകളിലും സ്വരങ്ങൾ തമ്മിലും സ്വരങ്ങൾ വ്യഞ്ജനത്തോടും വ്യഞ്ജനങ്ങൾ തമ്മിലും ചേരുമ്പോൾ സന്ധിവികാരങ്ങൾ സംഭവിക്കുന്നുണ്ടെ ങ്കിലും, അവ അധികവും വ്യത്യസ്തങ്ങളായി കാണപ്പെടുന്നു.

സംസ്കൃതത്തിൽ അകാരത്തിനു പകരമായി അകാരം വരുമ്പോൾ രണ്ട് അകാരങ്ങളും ലോപിച്ചു ഒരു ദീർഘ അകാരം ആ സ്ഥാനത്തു വന്നു ചേരുന്നു. ഉദാഹരണം – സുന്ദര + അരവിന്ദം = സുന്ദരാരവിന്ദം. 'അകഃ സവർണ്ണേ ദീർഘഃ' (6–1–101) എന്ന പാണിനീസൂത്രപ്രകാരമാണു ഈ രൂപം സിദ്ധിക്കുന്നത്. അകാരത്തിനു പരമായി ഇകാര ഉകാരങ്ങൾ ഇരിക്കുമ്പോൾ അകാര ഇകാരങ്ങൾ ലോപിച്ചു ഏകാരവും അകാര ഉകാരങ്ങൾ ലോപിച്ച് ഓകാരവും ഏകാദേശം വരുന്നു. ഉദാഹരണം ദേവ+ഇന്ദ്രഃ=ദേവേന്ദ്രഃ, ശീത+ഉദകം=ശീതോദകം, 'ആദ്ഗുണഃ' (6–1–87) എന്ന സൂത്രം ഇവിടെ പ്രമാണം. അകാരത്തിനു ഏ, ഐ, ഒ, ഔ, ഈ അക്ഷരങ്ങൾ പരം വന്നാൽ അകാരവും ഏ, ഐ കളിൽ ഒന്നു ലോപിച്ച് ഐകാരവും, അകാരവും ഓകാര ഔകാരകങ്ങളിൽ ഒന്നു ലോപിച്ചു ഔകാരകവും സ്ഥാനികളായി വരും. ഉദാഹരണം അത്ര+ഏകം=അത്രൈകം, ജന+ഐകമത്യം= ജനൈകമത്യം, അത്ര+ഓദനം=അത്രൗദനം, ജല+ഔഷ്ണ്യം= ജലൗഷ്ണ്യം.

പ്രാമാണികസൂത്രം 'വൃദ്ധിരേചി' (6–1–88). ഇവിടെ ഹ്രസ്വങ്ങൾക്കുള്ള വിധികൾ തന്നെ അതതുകളുടെ ദീർഘരൂപ

ങ്ങൾക്കും ചേരുന്നതാണ്. ഉദാഹരണം രമാ+ആഗതാ=രമാഗതാ, രമാ+ഈശഃ=രമേശഃ.

തമിഴിൽ അകാരത്തിനുപരമായി സ്വരങ്ങളിൽ ഏതെങ്കിലും ഒന്നു വന്നാൽ വ എന്ന അക്ഷരം മദ്ധ്യത്തിൽ കൂടുതലായി വന്നു ചേരും ഉദാഹരണം പല+അങ്ക=പലവങ്ക, പല+ഉള=പലവുള, പല+എഴുത്തുകൾ=പലവെഴുത്തുകൾ, പല+ ഒളികൾ=പലവൊളികൾ, പല+ഐങ്കരർ=പലവൈങ്കരർ, പല+ ഔതാര്യർക്കൾ=പലവൗതാര്യർകൾ; പ്രമാണം നന്നൂൽ, പൂണരിയൽ 162, 163. ആകാരത്തിനും ഈ വിധി തന്നെ. ഉദാഹരണം – പല+അങ്കുർ=പലവാങ്കുർ ഇത്യാദി.

സംസ്കൃതത്തിൽ ഇകാരത്തിനു ഇകാരവ്യതിരിക്ത ങ്ങളായ സ്വരങ്ങൾ പരം വന്നാൽ ആ ഇകാരം യകാരമായി മാറും. ഉദാഹരണം ദധി+അത്ര=ദധ്യത്ര; ദധി+ഉദകം=ദധ്യുദകം; ദധി+ഏതത്=ദധ്യേതത്; ദധി+ഐക്യം=ദധ്യൈക്യം; ദധി+ഓദനം =ദധ്യോദനം; ദധി+ഔഷ്ണ്യം=ദധ്യൗഷ്ണ്യം; ഇകാരത്തിനു പരമായി ഇകാരം വന്നാൽ ആ രണ്ടിനും ഏകാദേശമായി ദീർഘം വരുന്നു. ഉദാഹരണം ദധി+ഇഹ=ദധീഹ.

തമിഴിൽ ഇകാരത്തിനുപരമായി മറ്റേതു സ്വരങ്ങൾ പകരം വന്നാലും ഇടയിൽ യ എന്ന അക്ഷരം അധികമായി വരും. ഉദാഹരണം മണി+അഴക്=മണിയഴക്; മണി+ഇത്=മണിയിത്; മണി+ഉണ്ട്=മണിയുണ്ട്; മണി+എങ്ക്=മണിയെങ്ക്; മണി+ഐയ്യം= മണിയൈയ്യം; മണി+ഒലി=മണീയൊലി; മണീ+ഔവിയം= മണീയൗവ്വിയം.

സംസ്കൃതത്തിൽ ഉകാരത്തിനു ഇതര സ്വരാക്ഷരങ്ങൾ പരം വന്നാൽ ആ ഉകാരം വകാരമായി മാറും,

മധു+അത്ര=മധ്വത്ര; മധു+ഇഹ=മധ്വിഹ, മധു+ഏതത്=മധ്വേതത്; മധു+ഐക്യം=മധ്വൈക്യം, മധു+ഓദനം=മധ്വോദനം മധു+ ഔഷ്ണ്യം=മധ്വൗഷ്ണ്യം; ഉകാരത്തിനു ഉകാരം പരം വരുമ്പോൾ ദീർഘസന്ധി വരും. മധു+ഉദകം=മധൂദകം എന്നിങ്ങനെ ഉദാഹരണം.

തമിഴിൽ ഉകാരത്തിനു പരമായി മറ്റു സ്വരങ്ങൾ വരുമ്പോൾ ചിലെടത്ത് വകാരം ആദേശമാവുകയും ചിലെടത്ത് ഹ്രസ്വോകാരം ലോപമാവുകയും ചെയ്യും. ഉദാഹരണം – കടു+അഴക്=കടുവഴക്; പു+ആകി=പൂവാകി; നാകു+അരിതു= നാകരിതു; കതവു+അഴകൂ=കതവഴകു.

സംസ്കൃതത്തിൽ ഏകാരത്തിനു പരമായി അകാരം ലോപിക്കുകയും (പൂർവ്വരൂപമാകുകയും) ചിലേടത്തു 'അയ്' എന്ന ആദേശം വരികയും ചെയ്യും. അകാരമൊഴിച്ചുള്ള സ്വരങ്ങൾ പരം വരുമ്പോൾ 'അയ്' എന്ന ഒരു രൂപമേ ആദേശം വരികയുള്ളു. ഉദാഹരണം ഹരേ+അവ=ഹരേവ; ജേ+അ=ജയ; ഹരേ+ഇഹ=ഹരയിഹ; ഇവിടെ യകാരം ലോപിച്ചു സന്നികർഷ ത്തോടു കൂടാതെ പ്രത്യേകം സ്വരങ്ങൾ നിൽക്കാറുമുണ്ട്. ഉദാഹരണം ഹരേ+ഇഹ=ഹരയിഹ;=ഹരഇഹ.3

തമിഴിൽ ഏകാരത്തിനുപരിയായി സ്വരങ്ങൾ ഇരിക്കുമ്പോൾ ചില സ്ഥലത്തു യകാരവും ചിലേടത്തു വകാരവും ആഗമങ്ങളായും വരും. ഉദാഹരണം അവനേ+ഇവൻ=അവനേയിവൻ; ചേ+അഴകു=ചേവഴകു ഇത്യാദി.

സംസ്കൃതത്തിൽ ഐകാരത്തിനു മേലായി സ്വരങ്ങൾ വന്നാൽ ആയ് ആദേശം വന്നു ആ യകാരം ചിലെടത്ത് ലോപിച്ചും ചിലെടത്ത് ലോപിക്കാതെയും വരും. ഉദാഹരണം

സീതായൈ+അത്ര=സീതായായത്ര എന്നും സീതായാഅത്ര എന്നും രണ്ടു വിധം. നൈ+അക=നായക എന്നു യകാരം ലോപിക്കാതെ ഏകരൂപത്തിൽ നിൽക്കുന്നതിനു ദൃഷ്ടാന്തം.

തമിഴ് ഐകാരത്തിനു ശേഷം സ്വരാക്ഷരങ്ങൾ വരുമ്പോൾ യകാരം അധികമായി വരും. ഉദാഹരണം പനൈ+ഒന്റും=പനയൊന്റും.

സംസ്കൃതഭാഷയിൽ ഓകാരത്തിനു പരമായി സ്വരങ്ങ ളിരിക്കുമ്പോൾ അവ് ആദേശം വരും. ഉദാഹരണം വിഷ്ണോ+ഏ=വിഷ്ണവേ; ചിലേടത്തു വകാരം ലോപിച്ചും അല്ലാതെയും വരും. ഉദാഹരണം വിഷ്ണോ+ഇഹ=വിഷ്ണവിഹ; വിഷ്ണ ഇഹ എന്നും ഈ ഓകാരത്തിനു അകാരം പരം വന്നാൽ ചിലെടത്ത് അകാരം ലോപിച്ചു പോകും; എന്നുവച്ചാൽ പൂർവ്വരൂപമായി മാറുമെന്ന് അർത്ഥം. ഉദാഹരണം വിഷ്ണോ+ അവ=വിഷ്ണോവ.

തമിഴിൽ ഓകാരത്തിനു പരമായി സ്വരങ്ങൾ ഇരുന്നാൽ 'വ്' എന്ന അർദ്ധാക്ഷരം ആഗമം വരും. കോ+അതു=കോവതു. കോ+ ഇതു=കോവതു; തുടങ്ങിയവ.

സംസ്കൃതത്തിൽ ഔകാരത്തിനു സ്വരങ്ങൾ പരം വന്നാൽ 'ആവ്' ആദേശം വരും. പൗ+അകഃ=പാവകഃ ചിലെടത്തു വകാരംലോപിച്ചും ലോപിക്കാതെയും രൂപസിദ്ധി കാണുന്നുണ്ട്. വിഷ്ണൗ+അത്രം=വിഷ്ണാവത്ര. വിഷ്ണാ അത്ര ഇത്യാദി ഉദാഹരണം.

തമിഴിൽ ഇങ്ങിനെയുള്ളിടത്തു വകാരം കൂടുതലായി വരും. കൗ+അത് =കൗവത് ഇതുപോലെ പലതും ദൃഷ്ടാന്തം. ഇവിടെ ഉദ്ധരിച്ചവിധം സംസ്കൃതത്തിൽ അകാരത്തിനു ശേഷം

ഓരോ സ്വരങ്ങൾ വരുമ്പോൾ ഗുണം, വൃദ്ധി[36] മുതലായ പല സന്ധിവികാരങ്ങളും അതുപോലെ അ, ഉ, എ തുടങ്ങിയ സ്വരങ്ങൾക്കും നാനാമാതിരി സന്ധികളും വന്നു കാണുന്നു. തമിഴിൽ അ, ഉ, ഒ, ഓ ഈ അക്ഷരങ്ങൾക്ക് യകാരവും ഏകാരത്തിനു യകാരവകാരങ്ങളും സ്വരസന്ധിയിൽ ആഗമവും ചില ദിക്കിൽ ഹ്രസ്വോകാരങ്ങൾക്ക് ലോപവും വരുന്ന വിധം വ്യാകരണവിധികൾ ഇരിക്കുന്നു. ഇതുകൊണ്ട് തമിഴ്സന്ധി വികാരങ്ങൾ സംസ്കൃതഭാഷയെ അനുസരിക്കുന്നില്ലന്ന് സ്പഷ്ടമാകുന്നു.

വ്യഞ്ജനസന്ധിയെക്കുറിച്ചു നോക്കാം. സംസ്കൃതത്തിൽ ക്, ച്, ത്, പ് എന്ന അക്ഷരങ്ങൾക്ക് പരമായി അനുനാസികങ്ങൾ ഇരുന്നാൽ ക് തുടങ്ങിയവ അനുനാസികമായി മാറുന്നു. ഉദാഹരണം വാക്+മാത്രം = വാങ്മാത്രം; ഷട്+നവതി = ഷണ്ണവതി; ഷട്+മുരാരി = ഷണ്മുരാരി; അപ്+മാത്രം = അമ്മാത്രം. തമിഴിൽ ഈ അക്ഷരങ്ങളിൽ അവസാനിക്കുന്ന ശബ്ദങ്ങൾ സിദ്ധിക്കുന്നേ ഇല്ല.

സംസ്യതത്തിൽ ത്, ന് ഈ വ്യഞ്ജനങ്ങൾ ച്, ശ് ഈ വ്യഞ്ജനങ്ങളോട് ചേരുമ്പോൾ മുറയ്ക്ക് ച് ഞ് എന്നു മാറുന്നു. തമിഴിൽ ഇങ്ങനെ അർദ്ധാക്ഷരത്തിൽ നിൽക്കുന്ന ശബ്ദങ്ങളും ഇല്ല. തകാരനകാരങ്ങൾ അന്തമായിട്ടുള്ള പദങ്ങൾക്ക് തമിഴിൽ ഈ വിധി കാണുന്നില്ല്. അവൻ + ചൈകൈ = അവൻചൈകൈ എന്നു ഉദാഹരണം സംസ്കൃതത്തിൽ പദാന്തത്തിലുള്ള മകാരത്തിനു പരമായി വ്യഞ്ജനങ്ങൾ ഇരുന്നാൽ അനുസ്വാരം ആദേശമായി വരും. കൃഷ്ണമ് + വന്ദേ = കൃഷ്ണം വന്ദേ.

[36] ഗുണം = അ. ഏ, ഓ എന്നീ സ്വരങ്ങൾ, വൃദ്ധി= ആ, ഐ, ഔ അ. ഏ, ഓ എന്നീ സ്വരങ്ങൾ

തമിഴിൽ അർദ്ധമകാരവും അനുസ്വാരവും പ്രത്യേകമില്ലാത്തതിനാൽ ഈ വിധി പ്രവർത്തിക്കുന്നില്ല. സംസ്കൃതത്തിൽ അനുസ്വാരത്തിനുശേഷം ക്, ച്, ട്, ത്, പ് ഈ അക്ഷരങ്ങൾ വന്നാൽ ആ അനുസ്വാരം പരമിരിക്കുന്ന അക്ഷരങ്ങളുടെ അനുനാസികങ്ങളായി മാറും. ത്വം+കരോഷി = ത്വങ്കരോഷി; കിം+ച= കിഞ്ച; തം+ടീകതേ=തണ്ടീകതേ; സംതരതി = സന്തരതി; സം+പൃച്ഛതി= സമ്പൃച്ഛതി. മേല്പറഞ്ഞ വ്യഞ്ജനങ്ങളുടെ വർഗ്ഗാന്തരിതങ്ങളായ അനുനാസികങ്ങൾ അനുസ്വാരങ്ങൾക്ക് പിമ്പുവന്നാലും ആ അനുനാസികങ്ങൾ തന്നെ അനുസ്വാരസ്ഥാനത്തു നിൽക്കും. ഉദാഹരണം സം+നവതി= സന്നവതി; സം+മതം = സമ്മതം; അയം+ങകാരഃ= അയങ്ങകാരഃ; ഇത്യാദി.

തമിഴിൽ അനുസ്വാരത്തിന് പരമായി ഖരങ്ങൾ വന്നാൽ സജാതീയാനുനാസികങ്ങളായി മാറും. ഉദാഹരണം – നാം+കടിയം = നാങ്കടിയം; മരം+ചേതിൽ = മരഞ്ചേതിൽ; നാം+ടാകിനി=നാണ്ടാകിനി; മരം+തോൽ = മരന്തോൽ; നാം+പെരിയം= നാമ്പെരിയം. നന്നൂൽ 219–ാം സുത്രം ഇവിടെ പ്രവർത്തിക്കുന്നു. ഈ വിധി സംസ്കൃതത്തിന് അനുഗുണമായിരിക്കുന്നു. എന്നാൽ അർദ്ധമകാരവും അനുസ്വാരവും ഒന്നെന്ന് വിചാരിച്ചാലും ഇവ ഉച്ചാരണത്തിൽ സ്വാഭാവികമായി വന്നുപോകുന്നതാകയാൽ മറ്റു ഭാഷയെ അനുകരിച്ചതുകൊണ്ട് സിദ്ധിക്കണമെന്നില്ല. കൂടാതെ തൊൽകാപ്പിയത്തിലെ ‘അമ്മിൻ ഇറുതി കചതക്കാലൈ തൻമെയ്തിരുന്തുങഞന ആകും’ (സൂ. 130) എന്ന സൂത്രപ്രകാരം അം എന്നുള്ളതിന്റെ അന്തത്തിലുള്ള അർദ്ധമകാരം കചതങ്ങൾ പരം വരുമ്പോൾ ങഞനങ്ങളായ് മാറും. ഉദാഹരണം – പുളിയം+കോട്=പുളിയങ്കോട്; പുളിയം+

ചേതിൾ = പുളിയഞ്ചേതിൾ; പുളിയം+തോൽ = പുളിയന്തോൽ. ഇങ്ങനെ അനുനാസികങ്ങളായി മാറും.

ചേനാവരൈയർ ഉരൈയിൽ തം, നം, നും, ഉം, ഇത്യാദി ചാരിയകളുടെ അർദ്ധമകാരവും ങ, ഞ, ന, വ, ങ്ങളായി മാറുമെന്ന് വിധിച്ച് 'എല്ലാർതമ്മൈയും എല്ലാർനമ്മൈയും വാനവരിവില്ലുന്തിങ്കളും' എന്ന് ഉദാഹരണങ്ങളും കാണിച്ചിരിക്കുന്നു. ഇതുകൊണ്ട് ഖരങ്ങൾ പൂർവ്വമിരിക്കുന്ന നിത്യനിയമം തമിഴിലില്ലയെന്നുഹിക്കാം. ഇതിൽനിന്ന് നന്നൂൽ കർത്താവ് സംസ്കൃതവ്യാകരണമുറയനുസരിച്ചായിരുന്നു അർദ്ധമകാരങ്ങളുടെ സന്ധികാര്യം വിധിച്ചതെന്നു നിശ്ചയിക്കാം. സംസ്കൃതത്തിൽ അനുസ്വാരങ്ങൾക്കു പരമായി അനുനാസികങ്ങൾ വന്നാൽ ആ അനുസ്വാരങ്ങൾക്കു പരമിരിക്കുന്ന അനുനാസികങ്ങളായി മാറുന്നു. ഈ നിയമം തമിഴിലില്ല. ഉദാഹരണം എനവും + നിനൈന്ത് = എനവുനിനൈന്ത്; മരം + നാർ = മരനാർ; ഇങ്ങനെയുള്ള സ്ഥലങ്ങളിൽ മകാരം ലോപിച്ചു പോയിരിക്കുന്നു. (നന്നൂൽ സൂ 219).

സംസ്കൃതത്തിൽ ഈ മാതിരി അനുസ്വാരലോപമില്ല. അനുസ്വാരത്തിന് യ, വ, ല എന്ന അക്ഷരങ്ങൾ പരം വരുമ്പോൾ അനുസ്വാരം ആ അക്ഷരങ്ങളായി മാറുന്നു. സം+യന്താ= സയ്യന്താ; സം+വത്സരഃ= സവ്വത്സരഃ യം+ ലോകം=യല്ലോകം.

തമിഴിൽ ങ, ഞ, ണ, ന, മ, ര, ല, വ, ഴ, ള ഈ പത്തു വ്യഞ്ജനങ്ങൾക്കു പൂർവമായി യകാരം വന്നാൽ ഇകാരച്ചാരിയൈ തോന്നും. (നന്നൂൽ, സുത്രം 206) ഉദാഹരണം മൺ+യാതു= മണ്ണിയാതു. സംസ്കൃതത്തിൽ ഇങ്ങനെയുള്ള വികാരവും കാണുവാനില്ല. തനിക്കുറിലോടു ചേരാത്ത ഞ, ന, ക, ര ങ്ങൾക്ക് പിൻപു നകാരം വന്നാൽ ആ നകാരം ലോപിക്കും. (നന്നൂൽ,

സൂ 210). തൂൺ + നന്റു = തൂണന്റു, അരചൻ + നല്ലൻ = അരചനല്ലൻ ഇവ ഉദാഹരണം. ലകാരളകാരങ്ങൾക്കും പിൻപ് ഖരങ്ങൾ വന്നാൽ റകാരടകാരങ്ങളായിട്ടും അനുനാസികം വന്നാൽ നകാരണകാരങ്ങളായും മാറും. ഉദാഹരണം കൽ+കുറിതു=കർകുറിതു; മുൾ+കുറിതു=മുട്കുറിതു; കൽ+ഞെരിന്തത്=കൻഞെരിന്തത്; മുൾ+ഞെരിന്തത്=മുൺഞെരിന്തത്. തകാരം പിമ്പു വന്നാൽ ആയ്തം' എന്ന എഴുത്തായി മാറും. കൽ+തീതു=ക..റ്റീതു; മുൾ+തീതു=മു...ട്ടീതു; തനിക്കുറലിനോടു കലരാത്ത ലകാരളകാരങ്ങൾ ലോപിക്കും. ഉദാഹരണം = തോൻറൽ+തീയൻ=തോന്റ്തിയൻ; വേൾ+തിയൻ =വേടിയൻ; വേൾ+നല്ലൻ=വേണല്ലൻ; തോന്റൽ+നന്മൈ=തോന്റ് നന്മൈ (നന്നൂൽ, സൂ. 227, 228, 229). ഇവിടെ തകാരം റകാരമായും ടകാരമായും നകാരം നകാരമായും മാറിക്കാണുന്നു. ഇങ്ങനെയുള്ള സന്ധികൾ സംസ്കൃതത്തിലില്ല. സംസ്കൃതത്തിൽ തകാരത്തോടും നകാരത്തോടും ചകാരശകാരങ്ങൾ ചേരുമ്പോൾ ചകാരഞകാരങ്ങൾ ആദേശമായി വരും. തത് + ചരിത = തച്ചരിത; സം+ചരതി=സഞ്ചരതി; തത്+ചരതി=തച്ചരതി; സം+ചരതി= സഞ്ചരതി; തത്+ശാസ്ത്രം=തച്ചാസ്ത്രം; സന്+ശംഭുഃ=സഞ് ശംഭുഃ ഇങ്ങനെ ഉദാഹരണം. തകാരനകാരങ്ങളോടു ടകാരണകാരങ്ങൾ ചേരുമ്പോൾ ടകാരണകാരങ്ങൾ ആദേശമായി വരും. ഉദാഹരണം തത്+ടീകതേ= തട്ടീകതേ; ഷട്+നാം = ഷണ്ണാം.

തമിഴിൽ തകാരനകാരങ്ങളിൽ അവസാനിക്കുന്ന വാക്കില്ല. 'ന' എന്നവസാനിക്കുന്ന തൊഴിൽ നാമങ്ങളിരുന്നാലും അവ വ്യഞ്ജന പൂർവ്വങ്ങളായ ഇതരവാക്കുകളോടു ചേരുമ്പോൾ ചാരിയകൾ വന്നുചേർന്നു. ഉദാ: പൊരുന് + കടിതു=

പൊരുനുക്കടിതു; പൊരുന്+കടുമൈ=പൊരുനുക്കടുമൈ (നന്നൂൽ, സൂ. 207, 208).

സംസ്കൃതത്തിൽ വ്യഞ്ജനങ്ങൾ സ്വരങ്ങൾക്ക് പിൻപ് ഇരിക്കുകയും എന്നാൽ വ്യഞ്ജനങ്ങൾക്കു പരമായി സ്വരങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ ദ്വിത്വം വരികയുള്ളു. ഉദാഹരണം രാമാ+ത്.=ത്=രാമാത്ത്. ധാ+ത്+ രംശഃ =ധാത്രംശഃ

തമിഴിൽ അർദ്ധാക്ഷരങ്ങൾക്കു അഥവാ ചില്ലുകൾക്കു പിന്നീട് സ്വരമിരുന്നാൽ ദ്വിത്വം വരും. ഉദാഹരണം മൺ + അരിതു=മണ്ണരിതു; പൊൻ+അരിതു= പൊന്നരിതു; കൽ+അതു= കല്ലതു; മുൾ+ അതു= മുള്ളതു. നന്നൂൽ, സൂ 205. സ്വരങ്ങൾക്കു മുമ്പ് ക ച ത പ ഇവ ഇരുന്നാൽ അവയും യകാരത്തിനുശേഷം വരുന്ന ഞ ന മ ങ്ങ ളും ഇരട്ടിക്കും. (നന്നൂൽ, 158, 167). ഉദാഹരണം നമ്പി + കൊററൻ = നമ്പിക്കൊററൻ; താറാ+ കടിതു= താറാക്കടിതു; ഒറ്റൈ +കൈ= ഒറ്റൈക്കൈ; ചാല+പകൈത്തത് = ചാലപ്പകൈത്തത്; മെല്ല + താഴ്ന്തത് = മെല്ലത്താഴ്ന്തത്; മെയ്+ഞാന്റത്=മെഞാന്റത്; മെയ്+നീണ്ടത്=മെയ്ന്നീണ്ടത്; മെയ് +മാണ്ടത്=മെയ്മ്മാണ്ടത്; ഐകാരത്തെക്കുറിച്ചും ഈ വിധി തന്നെ. ഉദാഹരണം – കൈ + മാണ്ടത് = മെയ് + മാണ്ടത്= മെയ്മ്മാണ്ടത്; ഐകാരത്തെക്കുറിച്ചും ഈ വിധി തന്നെ. ഉദാഹരണം കൈ+മാണ്ടത്=കൈമ്മാണ്ടത് ഇത്യാദി ഉദാഹരണങ്ങൾ. യകാരരകാരഴകരങ്ങൾക്കു പിമ്പ് വരുന്ന കചതപങ്ങൾ ഇരട്ടിച്ചും അല്ലാതെയും നിൽക്കും. ഉദാഹരണം മെയ്+കീർത്തി =മെയ്ക്കീർത്തി; കാർ+പരുവം=കാർപ്പരുവം; പൂൾ+പറവൈ= പൂൾപ്പറവൈ; വെയ്+കടിതു=വെയ്കടിതു; വേർ+കടിതു= വേർകടിതു; വീഴ്+കടിതു = വീഴ്കടിതു; (ന. സു. 224).

പേരച്ചങ്ങളിലും 'ഇയ' എന്ന പ്രത്യയത്തോടുകൂടിയ വിനയച്ചങ്ങളിലും ഷഷ്ഠീ വിഭക്തിയിലും പലവകമുറ്റിലും അ ന റിണൈപന്മയിലും വേറെ ചില വിശേഷവിധികളിലും ഈ ദിത്വം വരികയില്ല. ഉദാഹരണം ഉണ്ണാനിന്റചാത്തൻ; ഉണ്ണിയകൊണ്ടാൽ; ചിവന്തുപൂ; തനതുകൈ; (നന്നൂൽ. സൂ. 167).

സംസകൃതത്തിൽ ഈ സ്ഥാനങ്ങളിൽ ദിത്വം വന്നുകാണുന്നില്ല. ചില ദിത്വങ്ങൾ കാണുന്നുവെങ്കിൽ അവ രണ്ടു വ്യഞ്ജനങ്ങൾ കലരുന്നിടത്തു മാത്രമുള്ളതാകയാൽ ഉച്ചാരണത്തിൽ പ്രയോജനപ്പെടുന്നില്ല.

രണ്ടു ഭാഷകളിലുമുള്ള എല്ലാ വിശേഷവിധികളേയും ഇവിടെ കാണിക്കാൻ തുടങ്ങിയാൽ വളരെ വിസ്താരമായിപ്പോകുമെന്ന് ചുരുക്കുന്നു. തമിഴിലില്ലാത്ത അക്ഷരങ്ങളെ സംബന്ധിച്ചുള്ള സന്ധിനിയമങ്ങളെ ഇവിടെ ഉദ്ധരിക്കുന്നതിനാവശ്യമെന്നുകണ്ട് അതിനൊരുങ്ങുന്നില്ല. ഈ ഭാഷകളുടെ സംബന്ധാഭാവം വിശദമാക്കുന്നതിന് മേൽ കാണിച്ച അംശങ്ങൾ ധാരാളം മതിയാകും. അതുകൊണ്ടും ഈ പ്രക്രമത്തെ ഇനി അനുസരിക്കുന്നില്ല.

ഇതരഭാഷകളിലില്ലാത്ത സന്ധിവികാരങ്ങൾ സംസ്കൃതത്തിലും തമിഴിലും ശാസ്ത്രദൃഷ്ട്യാ കാണുന്നതുകൊണ്ട് അതുതന്നെ ഇവയുടെ അന്യാദൃശസംബന്ധത്തെ സൂചിപ്പിക്കുന്നുവെന്നു പറഞ്ഞാൽ, സന്ധിയെന്നത് ജനങ്ങൾ ഒരു ഭാഷ സംസാരിച്ചു സംസാരിച്ചു കാലം കൊണ്ട് ദാർഢ്യം സിദ്ധിക്കുമ്പോൾ ഒരു വാക്കിനുശേഷം മറ്റൊരുവാക്ക് ഉച്ചരിക്കുന്നതിൽ ഉണ്ടാകുന്ന വേഗസൗകര്യങ്ങൾ നിമിത്തം സ്വാഭാവികമായി സംഭവിക്കാറുള്ള ഉച്ചാരണഭേദമാണെന്ന് കാണുന്ന സ്ഥിതിക്ക് വ്യാകരണം കൊണ്ട് നിയമനം ചെയ്തില്ലെങ്കിലും ഈ

വികാരങ്ങൾ വരാവുന്നതാണ്. അതുകൊണ്ട് ഈ വാദം യുക്തിയുക്തമാകുന്നില്ല. തമിഴ് വ്യാകരണങ്ങളിലും ഇന്നത്തെപ്പോലെ ആദികാലത്ത് സന്ധിവികാരങ്ങൾ ഇല്ലാതിരുന്നിക്കണം. സംസ്കൃത ഭാഷാപരിഷ്കരണ കാലത്ത് പ്രബലമായി വ്യവസ്ഥാപിക്കപ്പെട്ട സന്ധിനിയമത്തെ അനുകരിച്ച് സംസ്കൃതപാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള തമിഴ്വ്യാകരണ കർത്താക്കൾ തൊൽകാപ്പിയൻ മുതലായ ആചാര്യന്മാർ തമിഴിലും ഈ സമ്പ്രദായം കലർത്തിയാതായിരിക്കണം.എന്നാൽ ഈ ശാസ്ത്രകാരന്മാർ നിർബന്ധപൂർവ്വം പ്രവർത്തിച്ച ഏതാണ്ടു ചില വ്യവസ്ഥകൾക്ക് ആനരൂപ്യം സാധിച്ചുവെങ്കിലും അവരുടെ ഇച്ഛപോലെ പൂർണമാക്കാൻ കഴിഞ്ഞിട്ടില്ലെന്നും, കഴിയുകയില്ലെന്നും അടിയിൽ വിവരിക്കുന്ന ഭാഗംകൊണ്ട് വിശദമാകും.

'കിളന്തവല്ല ചെയ്യുളുൾ തിരിനവും വഴങ്കിയൽ മരുങ്കിൽ മരുവൊടു തിരിനവും വിളമ്പിയ ഇയർക്കൈയ്യിൻ വെറുപടത്തോന്റിൻ വഴങ്കിയൽ മരുങ്കിൻ ഉണർന്ത നർ ഒഴുക്കൽ നമ്മതിനാട്ടത്തു എന്മനാർ പുലവർ' (തൊ. എഴു. സൂ 484). ഇവിടെ പറഞ്ഞിട്ടുള്ളതു കൂടാതെ പദ്യത്തിൽ മാറി വരുന്നവയും ആയ സന്ധികൾ മേൽ പറഞ്ഞ നിയമങ്ങളിൽ നിന്നും വ്യത്യസ്തമായി കണ്ടാൽ ബുദ്ധികൊണ്ട് ആരാഞ്ഞു പ്രയോഗത്തിനൊത്തവണ്ണം നിയമം ഉണ്ടാക്കികൊള്ളണമെന്ന് പണ്ഡിതന്മാർ പറയുന്നു (തൊൽ. ഏഴു. 484).

'ഇടൈഉരിവട ചൊലിൽ ഇയമ്പിയ കൊളാതവും
പൊലിയും മരുഉവും പൊരുന്തിയ ആറ്റിർക്കു
ഉയൈയപ്പുണർത്തൽയാവർക്കും നെറിയേ'

(നന്നൂൽ, സൂത്രം. 239)

ഇവിടെ പറഞ്ഞ നിയമങ്ങൾക്കു യോജിക്കാത്ത ദ്യോതകം, ഭേദകം, സംസ്കൃതപദം എന്നിവയേയും അക്ഷര വ്യത്യാസമുണ്ടെങ്കിലും അർത്ഥ വ്യത്യാസമില്ലാത്ത പദങ്ങളെയും പ്രയോഗത്തിൽ രൂപം മാറിവരുന്നവയെയും യോജിക്കുന്നവണ്ണം ചേർക്കുന്നതു പണ്ഡിതന്മാരുടെ പ്രയോഗരീതിയനുസരിച്ചാണ്.

‘ഇതർക്ക് ഇതു മുടിപു എന്റു എഞ്ചാതുയാവും
വീതിപ്പിഅളവു ഇൻമൈയിൻ വിതിത്ത വറ്റു
ഇയലാൻവകുത്ത ഉരൈയാതവും വകുത്തനർ കോളലേ’
(ടി. 257).

ഇന്ന പദം ഇന്ന പദത്തോടു ഇന്നവണ്ണം സന്ധിചേരും എന്നു ഒന്നും വിടാതെ പറയാൻ തുനിഞ്ഞാൽ അന്തമില്ലാത്തതുകൊണ്ട് മേൽ പറഞ്ഞരീതിയിൽ പറയാത്തവയ്ക്കും നിയമം കല്പിച്ചുകൊള്ളണം.

പദവ്യവസ്ഥാനിരൂപണം

ഇനി, ഈ രണ്ടുഭാഷകളിലുമുള്ള പദവ്യവസ്ഥയെക്കുറിച്ചു പര്യാലോചിക്കാം.

സംസ്കൃതത്തിൽ നാമം, ആഖ്യാതം, ഉപസർഗം, നിപാതം എന്നു നാലു വകയായി ശബ്ദങ്ങളെ വിഭാഗിച്ചിരിക്കുന്നു. നാമമെന്നുവെച്ചാൽ ഒരു വസ്തുവിന്റെ പേരിനെകുറിക്കുന്ന ശബ്ദമാകുന്നു. ആഖ്യാതം പൂർണക്രിയയാകുന്നു. ഉപസർഗ ത്തിന് ക്രിയാധാതുകളോടു ചേർന്നുനിന്ന് അവയ്ക്ക് അർത്ഥവ്യത്യാസമുണ്ടാക്കുന്ന ഒരു തരം ശബ്ദമെന്നു രൂപനിർണ്ണയം ചെയ്തുകാണുന്നു. ഉദാഹരണം ഹൃഞ് ഹരണേ, ഹൃ എന്ന ധാതു ഹരിക്കുക എന്നുള്ള അർത്ഥത്തോടുകൂടിയിരിക്കും. ഈ ധാതുവിന് വി എന്ന ഉപസർഗം മുമ്പ് ചേരുമ്പോൾ വിഹരിക്കുക കളിക്കുക എന്ന അർത്ഥത്തിൽ മാറുന്നു.

നിപാതം എന്നത് ഒരുവിധം ഇടച്ചൊൽ. സ്വരങ്ങളുടെ വ്യത്യാസത്തെക്കാട്ടാനായി ഒരു പിരിവായി മാത്രം ഇവയെ ഏർപ്പെടുത്തിയിരിക്കുന്നു.'നിപാതാഃ ആദ്യുദാത്താഃ' (ശാന്തനവാ ചാര്യരുടെ ഫിട്സൂത്രം.) ഈ പ്രമാണപ്രകാരം നിപാതങ്ങൾ ആദ്യുദാത്തങ്ങളോടുകൂടിയത് ആദിസ്വരങ്ങൾ ഉദാത്തരൂപത്തി ൽ ഇരിക്കുന്നത് ആകുന്നു എന്നു സൂത്രത്തിനർത്ഥമാകുന്നു.

മേൽ കാണിച്ച നാമങ്ങൾ, ജാതിഗുണക്രിയാസംജ്ഞാ ഭേദത്താൽ നാലുവിധത്തിലിരിക്കുന്നു. ഘടം, പടം, വൃക്ഷം, ഇവ ജാതിനാമത്തിനും, ശ്വേത, മധുര, ശീത ശബ്ദങ്ങൾ ഗുണ നാമത്തിനും ഉദാഹരണം. പചതി, പാചക പചനം ഇവ ക്രിയാ നാമങ്ങൾ, ദേവദത്തഃ കൃഷ്ണഃ തുടങ്ങിയവ സംജ്ഞാനാമങ്ങൾ.

ഇതുകൂടാതെ, ശക്തം, ലക്ഷകം, വ്യഞ്ജകം ഇങ്ങനെ നാമങ്ങൾക്കു മൂന്നുവിഭാഗങ്ങൾ കൂടി കാണുന്നു. ഇവയിൽ ശക്തത്തിന് ശക്തിയോടുകൂടിയതെന്ന് അർത്ഥം. ശക്തിക്ക് ഉചിതാർത്ഥത്തെ ഉദ്ബോധിപ്പിക്കുന്ന സാമർത്ഥ്യം. 'അസ്മാച്ഛബ്ദാദയമർത്ഥോ ബോദ്ധവ്യ ഇതി ഈശ്വരസങ്കേതഃ ശക്തിഃ' – ഈ വാക്കുകളിൽ നിന്ന് ഈ അർത്ഥം അറിയത്തക്കത് എന്ന് ഈശ്വര സങ്കേതം (നിയമം, മതം) എന്നർത്ഥമെന്നു സംസ്കൃതക്കാരിൽ ചിലരും, 'അർത്ഥ സ്മൃത്യനുകൂലപദപദാർത്ഥസംബന്ധഃശക്തിഃ' – ഒരു വാക്കു കേൾക്കുമ്പോൾ അതിന്റെ ശരിയായ അർത്ഥം ഓർമ്മയിൽ വരുന്നതിനു ശരിയായ പദപദാർത്ഥ സംബന്ധം ശക്തിയെന്ന് മറ്റു ചിലരും പറയുന്നു. ശക്തി കൊണ്ട് പദാർത്ഥത്തെ പ്രതിബോധിപ്പിക്കുന്ന പദം ശക്തി. 'ലക്ഷണയാ ബോധകഃ ശബ്ദോ ലക്ഷകഃ', 'ശക്യസംബന്ധോ ലക്ഷണാ'. ലക്ഷണ കൊണ്ടു പദാർത്ഥത്തെ അറിയിക്കുന്ന ശബ്ദം ലക്ഷകം. ശക്യത്തിന്റെ സംബന്ധം ലക്ഷണാ. ശക്തിയാൽ പറയപ്പെട്ട അർത്ഥം ശക്യം; അതായതു ശരിയായ അർത്ഥത്തിനു യോജനയില്ലായ്കയാൽ ആ അർത്ഥത്തിന്റെ സംബന്ധിയെ ഓർമ്മിപ്പിക്കുന്ന വാക്ക് വ്യഞ്ജകം. 'വ്യക്ത്യാ അർത്ഥബോധകഃ ശബ്ദോ വ്യഞ്ജകഃ' അടയാളം കൊണ്ട് അർത്ഥത്തെ അറിയിക്കുന്ന വാക്ക്. ഉദാഹരണം ഘടമെന്ന വാക്ക് കുടത്തെ അറിയിക്കുമ്പോൾ ആ പദം ശക്തം; 'ഒരു കുടം കുടിച്ചു കളയുക' എന്നു പറയുന്നിടത്ത് ആ ഘടസ്ഥമായ ജലാദിയെ ലക്ഷ്യമാക്കി തരുന്നതിനാൽ ഘടപദം ലക്ഷകം. ദാനസമയത്ത് 'ഇവൻ കാശിവാസി'എന്ന് ഒരുത്തനെ സ്തുതിച്ചു പറയുന്നിടത്ത് വാച്യാർത്ഥത്തിനു യോജന ഇരുന്നിട്ടും പ്രയോജനമില്ലയ്ക യാൽ അവനിലുള്ള പരിശുദ്ധതയെ അറിയിക്കുന്ന ഉപയോഗം കൊണ്ട് അർത്ഥമുള്ളതാകും 'അസ്തം ഗതഃ സവിതാ' സൂര്യൻ

അസ്തമിച്ചു എന്ന വാക്കു ബ്രാഹ്മണൻ സന്ധ്യാവന്ദനാവസര ത്തെയും പരിചാരകൻ വിളക്കുവയ്ക്കാറായ സമയത്തെയും ഇങ്ങനെ ലക്ഷ്യമാക്കി അറിയിക്കുന്നത്.

ഇവയിൽ മുമ്പ് പറഞ്ഞ ശക്തമെന്നത് രൂഢം, യോഗ രൂഢം, യൗഗികം, യൗഗീകരൂഢം എന്നു നാലു വിധം. 'സമുദായ ശക്തിഃ രൂഢിഃ രൂഢ്യൈവ അർത്ഥബോധകഃ രൂഢ' രൂഢി രോഹിക്ക (മുളയ്ക്ക) സ്വാഭാവികശക്തിയാൽ പ്രകാശി ക്കുക. ശബ്ദംകൊണ്ട് മാത്രം അർത്ഥത്തെ അറിയിക്കുന്നത്; അവയവാർത്ഥസംബന്ധത്തെ അപേക്ഷിക്കാതെ അർത്ഥത്തെ അറിയിക്കുന്നത്. ഉദാഹരണം 'ദേവാനാം പ്രിയഃ' എന്ന ശബ്ദ ത്തിന് മൂർഖനെന്ന് അർത്ഥം ഈ അർത്ഥം ദേവന്മാരുടെ പ്രിയൻ അന്ന അവയവാർത്ഥം കൊണ്ടു കിട്ടുന്നതല്ല. സമുദായത്തിന്റെ സ്വാഭാവികശക്തിയാൽ മാത്രമേ സിദ്ധിക്കു ന്നുള്ളു. ഇനി മുക്താവലിയിൽ 'അവയവശക്തി നൈരപേ ക്ഷ്യേണ സമുദായ ശക്തിമാത്രേണ ബുദ്ധ്യതേ തദ്രൂഢം.' – യാതൊരിടത്ത് അവയവശക്തിയെ അപേക്ഷിക്കാതെ സമുദായശക്തികൊണ്ട് അർത്ഥം വിളങ്ങുന്നുവോ ആ പദം രൂഢം. 'യത്ര തു അവയവശക്തിവിഷയേ സമുദായ ശക്തിരസ്തി തദ്യോഗരൂഢം'. ഉദാഹരണം പങ്കജം പങ്കത്തിൽ നിന്ന് ജനിച്ചത് എന്ന അവയവശക്തിക്കു വിഷയമായ അർത്ഥത്തെ സമുദായശക്തിയാൽ താമരപ്പൂവെന്ന് അറിയിക്കുന്നു. 'യത്ര അവയവാർത്ഥ ഏവ ബുധ്യതേ തദ്യൗഗികം. യാതൊരു വാക്കിൽ അവയവാർത്ഥം മാത്രം അർത്ഥബോധകമായിരിക്കുന്നോ അതു യൗഗികം. ഉദാഹരണം – പാചകഃ എന്ന പദം അതിന്റെ ഒരവയവമായ 'പച്' ധാതുവിൽ നിന്നും പാകം ചെയ്ക എന്ന അർത്ഥത്തെയും ഇതരാവയവമായ അക എന്ന പ്രത്യയത്തിന്റെ അർത്ഥമായിരിക്കുന്ന കർത്താവിനെയും അറിയിക്കുന്നതല്ലാതെ

അന്യത്തെ സൂചിപ്പിക്കുന്നില്ല. 'യത്ര തു യൗഗികാർത്ഥ രൂഢ്യർത്ഥയോസ്സ്വാതന്ത്ര്യേണ ബോധസ്തദ്യൗഗികരൂഢം' ഏതു ശബ്ദത്തിൽ യൗഗിക രൂഢ്യർത്ഥങ്ങൾ സ്വതന്ത്രമായി ജ്ഞാനമുണ്ടാക്കുന്നുവോ അതു യൗഗികരൂഢം. ഉദാഹരണം. ഉദ്ഭിദ്, ഉൽഭേദിച്ചു പിളർന്നുകൊണ്ട് കിളിർക്കുന്ന മരം, ചെടി മുതലായവയെ അവയവ ശക്തി കൊണ്ടും അന്യദിക്കിൽ അവയവശക്ത്യപേതമായി ഒരു യാഗത്തെ[37] സമുദായശക്തിയാലും അറിയിക്കയാൽ ഇതു യൗഗികരുഢം. ലക്ഷകം എന്നത്, ജഹല്ലക്ഷകം അജഹല്ലക്ഷകം, ഉഭയലക്ഷകം എന്നു മൂന്നു വിധം. ജഹല്ലക്ഷണകൊണ്ട് വസ്തുവിനെ അറിയിക്കുന്നത് ജഹല്ലക്ഷകം. 'യത്ര വാചാർത്ഥസ്യാന്വയാഭാവഃ തത്ര ജഹല്ലക്ഷണാ' – എവിടെ വാച്യാർഥത്തിന് യോജനയില്ലയോ (യാതൊരു പദത്തിൽ വാച്യാർത്ഥം വക്താവിന്റെ അഭിപ്രായത്തിനിണങ്ങാതിരിക്കുന്നോ) അവിടെ ജഹലക്ഷണ (ജഹത് – വിട്ടതായ) ലക്ഷണാ ലക്ഷിപ്പിപ്പത് ലക്ഷ്യമായിരിക്കുന്ന സാധനം. ഉദാഹരണം മഞ്ചാഃ ക്രോശന്തി കട്ടിലുകൾ നിലവിളിക്കുന്നു. ഇവിടെ മഞ്ചശബ്ദം തന്റെ വാച്യാർത്ഥമായ കട്ടിലെന്ന രൂപത്തെവിട്ട് വക്താവിന്റെ അഭിപ്രായപ്രകാരം കട്ടിലിലിരിക്കുന്ന മനുഷ്യരെ സ്വീകരിക്കുന്നു. ഇവിടെ കട്ടിലിനും അതിലിരിക്കുന്ന മനുഷ്യർക്കും സംബന്ധം മൂലമാണു ലക്ഷണ. ഇതു തർക്ക മതം. സംബന്ധം മൂലം അർത്ഥത്തെ അറിയിക്കുന്ന ശക്തിയാണ് ലക്ഷണ. ഇതു വ്യാകരണമതം. 'യത്ര വാച്യാർത്ഥസ്യാപ്യന്വയസ്തത്ര അജഹല്ലക്ഷണ' യാതൊരു പദത്തിൽ വാച്യാർത്ഥം ലക്ഷ്യാർത്ഥത്തോടു ചേരുന്നോ അവിടെ അജഹല്ലക്ഷണ. അജഹതീ – വാച്യാർത്ഥത്തെ വിടാത്തതായ ലക്ഷണ, ലക്ഷ്യമായി അർത്ഥത്തെ അറിയിക്കുന്ന

[37] ഉദ്ഭിദ്എന്ന് ഒരു യാഗത്തിനു പേരുണ്ട്.

സാധനം. ഉദാഹരണം. 'കാകേഭ്യോ ദധി രക്ഷ്യതാം' കാക്കകളിൽ നിന്നു തൈരു രക്ഷിക്കപ്പെടണം. ഇവിടെ കാകേഭ്യഃ എന്ന പദം അതിന്റെ അർത്ഥമായ കാക്കകളെ അറിയിക്കുന്നതോടുകൂടി തൈരിനെ കുടിക്കുന്ന ഇതരജന്തുക്കളെയും അറിയിക്കുന്നു. 'യത്ര വാച്യൈകദേശ ത്യാഗേനൈക ദേശാന്വയസ്ത്രത്ര ജഹദജഹല്ലക്ഷണാ' യാതൊരു ശബ്ദത്തിൽ വാച്യാർത്ഥത്തിന്റെ ഒരു ഭാഗം ചേരാതെയും മറ്റൊരു ഭാഗം ചേർന്നും ഇരിക്കുന്നുവോ അവിടെ ജഹദജഹല്ലക്ഷണ. ഉദാഹരണം 'തത്ത്വമസി' – നീ അവനായിരിക്കുന്നു. ഇവിടെ ത്വം എന്ന പദം ജീവനേയും തത്പദം ഈശ്വരനേയും കുറിക്കുന്നു. 'സോയം ദേവദത്തഃ' – ഈ ദേവദത്തൻ അവനാകുന്നു ഇവിടെ സഃ എന്ന ശബ്ദം മുമ്പൊരിക്കൽ കാണപ്പെട്ടവനെന്നും, അറിയിക്കയാൽ ഒരുവൻ ഒരു കാലത്ത് രണ്ടു കാലങ്ങളുടെ സംബന്ധം ഘടിക്കായ്ക നിമിത്തം അവൻ എന്ന പദത്തിന്റെ അർത്ഥമായ തത്കാലസംബന്ധത്തേയും വിട്ട് ദേവദത്തൻ എന്ന അംശത്തെ മാത്രം സ്വീകരിക്കയാൽ ഇവിടെ ജഹദജഹല്ലക്ഷണ.

ഇനി തമിഴിലെ പദവിഭാഗത്തെക്കുറിച്ചു നോക്കാം. പദങ്ങളെന്നാൽ അർത്ഥത്തെ ബോധിപ്പിക്കുന്ന ശബ്ദങ്ങൾ എന്നു ഭാവം. തമിഴിൽ പദങ്ങളെ 'പകുപദം, പകാപ്പദം എന്നു രണ്ടു വലിയ വിഭാഗങ്ങളായിത്തിരിച്ചിരിക്കുന്നു. അവയവവിഭാഗം ചെയ്ത് അർത്ഥം നിർണ്ണയം ചെയ്യാൻ പാടില്ലാത്തവിധം, പ്രത്യയയോജനയ്ക്കു മുമ്പു തന്നെ പ്രയോഗാർഹമായിരിക്കുന്ന പദം 'പകാപ്പദമെന്നു പറയപ്പെടുന്നു. ഉദാഹരണം – നിലം, നീർ, കാറ്റു തുടങ്ങിയവ. ഈ പദങ്ങൾ തന്നെ ബഹുവചനപ്രത്യയം മുതലായ പ്രത്യയങ്ങളോടു ചേരുമ്പോൾ പകുപദങ്ങളെന്നു വ്യവഹരിക്കപ്പെടുന്നു. പേർപകാപ്പദം,

വിനൈപ്പകാപ്പദം, ഇടൈപ്പകാപ്പദം, ഉരിപ്പകാപ്പദം ഇങ്ങനെ പകാപ്പദം നാലു വിധമുണ്ട്. ഇവയിൽ പ്രത്യയങ്ങൾ കലർത്തത്തക്കതല്ലാത്ത് മൻ, കോൻ മുതലായ ഇടപ്പകാപ്പദങ്ങളും ഉരു, കഴി തുടങ്ങിയ ഉരിപ്പകാപ്പദങ്ങളും ഒഴിച്ച് അന്യപകാപ്പദങ്ങൾ പ്രത്യയങ്ങൾ ചേരുമ്പോൾ പകുപദങ്ങളായിത്തീരുന്നു. ഉദാഹരണം. നിലം, നീർ, നെരിപ്പു മുതലായവ പേർപ്പകാപ്പദങ്ങൾ. നട, വാ, ഉൺ മുതലായവ വിനൈപ്പകാപ്പദങ്ങൾ. മൻ, കോൻ, പൊൻ തുടങ്ങിയവ ഇടൈപ്പകാപ്പദങ്ങൾ. ഉരു, കഴി, അൻപു, അഴകു മുതലായവ പേർപ്പകുപദങ്ങൾ. നൊന്താൻ, നടക്കിന്റാൻ മുതലായവ വിനൈപ്പകുപദങ്ങൾ.

മൊഴി എന്നാൽ അർത്ഥത്തെ വിവരിച്ചു കാണിക്കുന്നതാകുന്നു. ഇതിനു ചൊല്ലെന്നും അപരപര്യായമുണ്ട്. മൊഴികൾ, ഒരുമൊഴി, തൊടർമൊഴി, പൊതുമൊഴി എന്നു മൂന്നു വിധമാക്കുന്നു. (നന്നൂൽ. ചൊൽ 259). ഒരു അർത്ഥത്തെ പ്രകാശിപ്പിക്കുന്നത് ഒരു മൊഴി. ഉദാഹരണം നിലം, നിലത്തൻ, നട ഇത്യാദികൾ (പേർമൊഴി). നട, നടന്താൻ മുതലായവ വിനമൊഴി, മൻ, കൊൻ മുതലായവ ഇടമൊഴി, ഉരി, കഴി മുതലായവ ഉരുമൊഴി.

ഇനി മേൽപറഞ്ഞ പകുപദം, പകാപ്പദം ഈ രണ്ടിനവും ഈവിഭാഗത്തിലുൾപ്പെടും. മേൽ വിവരിച്ച പദമെന്നതും ഒരു മൊഴിയെന്നതും ഒരേ അർത്ഥത്തെക്കുറിക്കുന്നതാകുന്നു. പല അർത്ഥങ്ങളെ സൂചിപ്പിക്കുന്നതു തുടർ മൊഴിയാകുന്നു. ഇതു പൂർണ്ണമായി ഒരു വിഷയത്തെ ബോധിപ്പിക്കുന്നതായും അപൂർണ്ണമായി ബോധിപ്പിക്കുന്നതായും ഇരിക്കുന്നു. ഉദാഹരണം. നിലം വലുതായിരിക്കുന്നു എന്നത് പൂർണ്ണം. ക്രിയയോടു ചേരാതെ സംഖ്യ കൊണ്ടാകട്ടെ തനിച്ചാകട്ടേ പല

അർത്ഥത്തെ ബോധിപ്പിക്കുന്നതു അപൂർണ്ണം. ഉദാഹരണം ചാത്തൻ മകൻ, പൂങ്കുഴൽ, വലുതായ നിലം, നിലത്തെക്കടന്നു, നെടുമാൽ മുതലായവ. പൊതുമൊഴി എന്നതു ഒരർത്ഥത്തേയും പല അർത്ഥത്തെയും ബോധിപ്പിക്കുന്നതാകുന്നു. എട്ടു ത്താമരൈ, വേങ്കൈ മുതലായവ എട്ടെന്ന സംഖ്യയേയും താമരപ്പൂവിനെയും പൂലിയേയും ഓരോ വാക്കായി നിന്ന് അർത്ഥവ്യത്യാസത്തെ കാണിക്കുന്നതിനു പുറമെ എളൈതു, താവുന്ന മര, വേകുന്നകൈ ഇത്യാദി തുടർമൊഴികളായി പല അർത്ഥങ്ങളേയും സ്ഫുരിപ്പിക്കുന്നു.

ഇച്ചൊല്ലുകൾ വെളിപ്പെടച്ചൊൽ, കുറിപ്പുച്ചൊൽ എന്നു രണ്ടു വിധം. വെളിപ്പടച്ചൊല്ലാകട്ടെ ചൊല്ലിന്റെ നേരെയുള്ള അർത്ഥം കൂടാതെ വേറെ അർത്ഥം ഇല്ലാത്തതാകുന്നു. ഉദാഹരണം. രാമൻ വന്നു. ഇവിടെ നേരെയുള്ള അർത്ഥം കൂടാതെ വേറെ അർത്ഥമില്ല.

കുറിപ്പുച്ചൊല്ലെന്നത് ഒരർത്ഥത്തെ ലക്ഷ്യമായി കാണിക്കുന്നതാണ്. ഉദാഹരണം. ആയിരം മനുഷ്യൻ പൊരുതു. ഇവിടെ പൊരുതു എന്നുള്ള ക്രിയാപദം പുരുഷന്മാരായ ആയിരം പേരെമാത്രം ലക്ഷ്യമാക്കുന്നു. കൂടാതെ ഈ ചൊല്ലുകൾ, ഇയർച്ചൊൽ, തിരിച്ചൊൽ, തിശൈച്ചൊൽ, വടച്ചൊൽ എന്നു നാലു വിധം (തൊൽ, ചൊൽ. സൂ. 397). പണ്ഡിതപാമരന്മാർക്കു സാധാരണ്യേന അർത്ഥം ദ്യോതിക്കുന്നതു ഇയർച്ചൊല്ലെന്ന് പറയുന്നു. ഉദാഹരണം മൺ, പൊൻ മുതലായവ. ഇതിനു പേരിയർച്ചൊൽ എന്നും പറയും. നടന്താൻ, വന്താൻ മുതലായവ വിനൈയർച്ചൊൽ അഴകു, അൻപു മുതലായവ ഉരിയിയർച്ചൊൽ.

തിരിച്ചൊല്ലെന്നത് ഒരർത്ഥത്തെ കുറിക്കുന്ന പലച്ചൊല്ലും പല അർത്ഥത്തെ കാണിക്കുന്ന ഒരു ചൊല്ലുമാകുന്നു. ഉദാഹരണം. കിളി, ശൂകം, തത്ത ഇവ കിളിയെന്ന ഒരേ അർത്ഥത്തെക്കുറിക്കുന്ന 'പല പേർ തിരിച്ചൊല്ലാകുന്നു.' വാരണം, ആന, കോഴി, ശംഖു മുതലായ നാനാർത്ഥങ്ങളെ കാണിക്കുന്ന ഒരു പേർ തിരിച്ചൊൽ. പടർന്നാൻ, ചെന്നാൻ, പോയിനാൻ ഇങ്ങനെയുള്ളത് ഒരർത്ഥത്തെക്കുറിക്കുന്ന പല വിനൈതിരിച്ചൊൽ, വരൈന്താൻ, ഇതു നീക്കുവാൻ, കൊണ്ടാൻ എന്നു പലക്രിയകളെക്കുറിക്കുന്ന ഒരു പൊരുൾ തിരിച്ചൊൽ, ചേറും, വരുതും ഇവയുടെ റൂ, ത്യം പ്രത്യയങ്ങൾ, ഉത്തമ പുരുഷബഹുവചനം, ഭാവി ഈ രൂപങ്ങളിൽ ഒരേ അർത്ഥത്തെ കാട്ടുന്ന പല ഇടത്തിരിച്ചൊൽ. കൊൽ, ഇതു, അയ്യം, അശനിലൈ എന്നിവ പല അർത്ഥങ്ങളെക്കുറിക്കുന്ന ഒരു ഇടത്തിരിച്ചൊൽ. ചാല, ഉറി, തവ, നനി, കൂർ, കഴി, ഇവൈ, മികൽ എന്നിവ ഒരർത്ഥത്തെക്കണിക്കുന്ന പലഉരിത്തിരിച്ചൊൽ. കടി, ഇതു, കാപ്പു, കൂർമൈ, അച്ചം, കരിപ്പു, വിളക്കം, ഇറൈപ്പു, മണം മുതലായവ പല അർത്ഥങ്ങളെക്കുറിക്കുന്ന ഒരു ഉരിത്തിരിച്ചൊൽ.

'തിശൈച്ചൊൽ' എന്നതു കരിന്തമിഴ്ദേശത്തു നിന്നും, ചെന്തമിഴ്ദേശത്തുവന്നു പ്രചാരമായത്. ഉദാഹരണം. പശുവെന്ന അർത്ഥത്തെ സൂചിപ്പിക്കുന്ന പെറ്റം എന്ന വാക്ക് ദക്ഷിണപാണ്ഡ്യദേശത്തു നിന്ന് ചെന്തമിഴ് നാട്ടിൽ വന്നു ചേർന്നതാണ്. മാതാവിനെകുറിക്കുന്ന തള്ള എന്ന വാക്ക് കുട്ടനാട്ടുനിന്ന് വന്നതാണ്. സംസ്കൃതമൊഴികെ മറ്റുള്ള ഭാഷകളിൽ നിന്നു വന്നവയും ഈ വർഗത്തിൽപെടും.

വടചൊല്ലു എന്നത് വന്നുചേർന്ന സംസ്കൃതവാക്കുകളാണ്. ഉദാഹരണം. കാരണം, കമലം, കരം മുതലായവ. ഇവ തമിഴിലെ അക്ഷരങ്ങളെക്കൊണ്ട് ഉച്ചരിക്കത്തെക്കതാണ്. ചൂകി (ശൂകി), പോകി (ഭോഗി), മുത്തി (മുക്തി) തുടങ്ങിയവ വിശേഷാക്ഷരങ്ങൾ കൊണ്ട് ഉച്ചരിക്കത്തെക്കവയാകുന്നു. അതായത് തമിഴിലില്ലാത്ത സംസ്കൃതാക്ഷരങ്ങളെ തമിഴെഴുത്തുകളാക്കി മറ്റി ഉച്ചരിക്കപ്പെട്ടവ. അരൻ, കടിനം, ചലം മുതലായവ രണ്ടു ഭാഷയിലെ അക്ഷരങ്ങൾ ചേർന്നുണ്ടായതാണ്. അതായത് ഹരൻ എന്നതിൽ ആദ്യമിരിക്കുന്ന ഹകാരം അകാരമായി ചിതൈന്തും, (ന്യൂനപ്പെട്ടും) രകാരം രൂപാന്തരപ്പെടാതെയും വരുന്നുവെന്നു സാരം. ഈ ജാതിയെ ചിതൈച്ചൊൽ' എന്നു പറയും.

ചൊല്ലുകൾ: (ഇലക്കണമുടയത്) ലക്ഷണസമ്പന്നം (ഇലക്കണപ്പൊലി) ലക്ഷണാഭാസസംയുക്തം, മരുതു, ഇടക്കരടക്കൽ, മങ്കലം, കുഴുഉക്കുറി എന്നുവേറെ ആറുവിധം. വ്യാകരണ ശാസ്ത്രാനുസാരമിരിക്കുന്നത് ഇലക്കണമുടയത്. ഉദാഹരണം. നിലം, നീർ, കാറ്റു മുതലായവ. ചില അക്ഷരങ്ങൾ ക്രമാനുഗതമാകാതെയോ മുമ്പു വയ്ക്കേണ്ടതിനെ പിൻപ് വച്ചോ മറിച്ചു സംഭവിച്ചോ ഇലക്കണമില്ലാതിരുന്നും ഇലക്കണം ഉള്ളതുപോലെ തോന്നുന്നത് ഇലക്കണപ്പൊലി. ഉദാഹരണം. കോവിൽ എന്ന ശബ്ദം അക്ഷരവ്യത്യാസം കൊണ്ട് കോയിൽ എന്നുവന്നു കാണുന്നതും നകരപ്പുറം എന്നത് പുരനകർ എന്നും കൺണ്മീ എന്നു മീകൺ എന്നും മുൻ പിന്നാകെ മാറി പ്രചരിക്കുന്നതും പോലെ അനേകം.

മരുഉ എന്നത് ഇലക്കണം ചിതൈന്തത് മരീഈയത് (തീരെ ന്യുനപ്പെട്ടത് ആകുന്നു). അരുമരുന്തതൻ പിളൈള

എന്നത് അരുമന്ത പിള്ളൈ എന്നും മലൈയമാനാട് മലാട് എന്നും രൂപാന്തപ്പെടുന്നത് ഉദാഹരണം.

ഉച്ചാരണയോഗ്യമല്ലാത്ത വാക്കുകളെ മറച്ചുവച്ച് പറയുന്നത് ഇടക്കരടക്കൽ എന്നുള്ളതാണ്. ഉദാഹരണം കാൽ കഴുകി ഇവരുതും കാൽ കഴുകാൻ പോയി വരട്ടെ എന്ന പറച്ചിൽ തുടങ്ങിയവ.

മാംഗല്യമില്ലാത്തതിനെ മംഗലമെന്ന് പറയുന്നത് 'മങ്കളം' എന്ന വിഭാഗത്തിൽ ഉൾപ്പെടും. ഉദാഹരണം – 'ചത്തു' എന്നുള്ളതിനുപകരം അയ്യാളുടെ കാര്യമൊക്കെ സുഖമായി – ആമുൻപകരവിപവ്വി എന്നും, ഓ എന്നു പറയുന്നത് തിരുമുഖമെന്നും, കാരാട് വെള്ളാടെന്നും പറയുന്നത് തുടങ്ങിയവയാണ് (വഴങ്ങി വരുന്നതു പോലുള്ളവ).

ഒരു സമുദായത്തിലുള്ളവർ എന്തെങ്കിലും ഒരു കാരണത്താൽ ഒരു വസ്തുവിന്റെ പേരിനെമാറ്റി മറ്റൊരു പേരു കൊണ്ട് പറയുന്നത് കുഴുഉക്കുറി എന്നതാണ്. ഉദാഹരണം പൊർക്കൊല്ലർ (തട്ടാന്മാർ) പൊന്നിനെ പറിയെന്നും ആനക്കാരന്മാർ മുണ്ടിനെ കാരയെന്നും വേടന്മാർ കള്ളിനെ ചൊൽ വിളമ്പിയെന്നും പറഞ്ഞു വരുന്നവ തുടങ്ങിയതാണ് (നന്നൂൽ. ചൊൽ. 267).

പേരുകൾ: ഇടുക്കുറി (രൂഢി) പ്പേരെന്നും കാരണപ്പെരെന്നും രണ്ടുവക. ഈ രണ്ടും മരപിനെയും ആക്കരത്തെയും തുടർന്ന് വരുന്നതാണ്. ഉദാഹരണം. മരം, വിള, പന മുതലായവ ഇടുകുറി മരവും; അവൻ, അവൾ, പറവ, വിലങ്കു മുതലായവ കാരണക്കുറി മരവും. മിൻപോലു മാനവേൻ മുട്ടയ്ക്ക് മാറായ പെവ്വർ പോങ്കാനവേൻ മുട്ടയ്ക്കും കാട്ഇവിടെ,

വേട്ടാളക്കുഞ്ഞിനെ മുട്ടയെന്ന നാമം കൊണ്ടുപറകയാൽ ഇരുപോലെയുള്ളവ 'ഇടുകുറിയാക്കപ്പേരാകും'. പൊന്നൻ, പൂണൻ, മലൈ, മകൾ, മകൻ, മാറ്റോർ, കുറ്റേ ഇതു പോലുള്ളവ 'കാരണക്കുറിയാക്കപ്പേരാണ്'.'

ഈ പേരുകൾ പൊരുൾ പേര്, ഇടപ്പേര്, കാലപ്പേര്, വിനൈപ്പേര്, ഗുണപ്പേര്, തൊഴിൽപേര്, ചുട്ടപ്പേര്, വിനാപ്പേര് എന്ന് എട്ടു വകയുണ്ട്. ഉദാഹരണം തമൻ, ഒരുവൻ, അപൈയത്താൻ, പൊന്നൻ മുതലായവ പൊരുളെ സംബന്ധിച്ചു വരുന്നതിനാൽ പൊരുൾ നാമങ്ങളാണ്. വെർപ്പൻ, എയിനൻ, ഇടയൻ, മകിഴ്ന്തൻ, തുറൈവൻ, ചോഴിയൻ, കരുവൂരാൻ, വാനത്താൻ, അകത്താൻ, പുറത്താൻ മുതലായവയും, തിണൈതേയം, ഉളർ ഇവയും ഇടങ്ങളെ (സ്ഥാനങ്ങളെ) സംബന്ധിച്ചു വന്നതിനാൽ ഇടപ്പേരുകളാണ്. മൂവാട്ടയാൻ, വേലിലാൻ, തയ്യാൻ, ആതിരയാൻ, കാലയാൻ, മുതലായവ സംവത്സരം, മാസം മുതലായ കാലങ്ങളെ സംബന്ധിച്ചു വരികയാൽ കാലപ്പേരുകളാണ്. ചെങ്കണ്ണാൻ, കുഴയ്ക്കാതൻ, നെടുങ്കയ്യാൻ മുതലായവ അവയവങ്ങളെ സംബന്ധിച്ചു വരികയാൽ ചിന (അവയവ) പ്പേരുകളാണ്. പെരിയവൻ, ചെറിയവൻ, പുലവൻ, പൊന്നപ്പൻ, കരിയൻ, കൂനൻ, അന്തണൻ, അരചൻ, ചേരൻ മുതലായവ ഗുണസംബന്ധമായി വരികയാൽ ഗുണപ്പേരാണ്. ഓതുവാൻ, ഈവാൻ മുതലായവ തൊഴിൽ സംബന്ധിച്ചുവരികയാൽ തൊഴിൽപ്പേരാണ്. അവൻ, ഇവൻ മുതലായവ ചുട്ട (ചുണ്ടു)പ്പേരുകളാണ്. എവൻ, യാവൻ മുതലായവ വിനാ (ചോദ്യ)പ്പേരുകളാണ്.

പിറാൻ (അന്യൻ), മറ്റയാൻ (മറ്റവൻ) മുതലായവയും സബി മുതലായ നാമങ്ങളും മുൻപറഞ്ഞ വാക്കുകളിൽ

ചേരുവാൻ യോഗ്യതയില്ലാത്തതും പൊതുലക്ഷണം പറയാൻ പാടില്ലാത്തതും ആയിരിക്കയാൽ ഈ എട്ടുവകുപ്പുകളിൽ നിന്നും അന്യങ്ങളായവ എന്നു മാത്രം പറയപ്പെടുന്നു. പേരുകൾ ഇയർപ്പെരുകളെന്നും ആക്കപ്പേരുകളെന്നും രണ്ടുവിധം. അതിനു തക്കതായ അർത്ഥത്തെകാട്ടുന്നത് ഇയർപ്പേർ. ഉദാഹരണം. താമര, വെറ്റില, കാൽ മുതലായവ താമരക്കോടിയേയും വെറ്റിലയേയും കാൽ എന്ന കണക്കിനെയും പറയുമ്പൊൾ ഇയർപ്പേരാകും.

അതിന്റെ അർത്ഥത്തിനു തക്കതായ വേറൊരു അർത്ഥത്തെ ക്രമേണ ചേർത്തു പറഞ്ഞുവരുന്നവ ആക്കപ്പേരാകും ഉദാഹരണം താമര, വെറ്റില, കാൽ എന്നു മുൻപിൽ കാണിച്ച സ്വാഭാവിക നാമങ്ങൾ തന്നെ താമരയുടെ അവയവമായ അതിന്റെ പൂവിനെയും വെറ്റിലയുടെ ആദ്യത്തെ അവയവമായ വെറ്റിലക്കോടിയേയും കാൽ എന്നു കണക്കുള്ള ശരീരാവയവത്തേയും ക്രമേണ കാണിക്കുമ്പോൾ ആക്കപ്പേരുകളാണ്.

ഈ ആക്കപ്പേർ പലവകയായിരിക്കും. കാർ എന്ന കറുത്തനിറത്തിന്റെ നാമം അതോടുകൂടിയ മേഘത്തെ ബോധിപ്പിക്കുമ്പോൾ ആക്കപ്പേരാകും. ആ മേഘം വർഷിക്കുന്ന അവസ്ഥയെ ഓർക്കുമ്പോൾ ഇരുപടി ആക്കപ്പേർ എന്നാകും. ആ അവസ്ഥയിൽ വിളയുന്ന ധാന്യത്തെ ബോധിപ്പിക്കുമ്പോൾ മുമ്മടിയാക്കപ്പേർ എന്നാകും. ഇപ്രകാരം നാന്മാടി മുതലായവയും വരുമെന്നറിക. മേലും 'ഇരുപേരൊട്ടാക്ക പേര്''കാണ്ഡികയിലുണ്ട്. ഇതിലെഴുതുന്നില്ല.

സംസ്കൃതത്തിലുള്ള മൊഴികളെല്ലാം ക്രിയാധാതുക്കളിൽ നിന്ന് ഉണ്ടായവയാണ്. ഈ ക്രിയാധാതുക്കൾ പ്രത്യയങ്ങളോടു

ചേരാതെ തനിച്ചുപയോഗമുള്ളതല്ല. ധാതുക്കളുടെ മേലായി 'കൃത്' പ്രത്യയങ്ങളെന്ന ഒരു വിധ പ്രത്യയങ്ങൾ ചേർന്ന് ക്രിയാപദം ഒഴിച്ച് നാമം, ഉപസർഗം, നിപാതം എന്ന മൂന്നു വിധമായ എല്ലാ വാക്കുകളുമുണ്ടായി. അവ വിഭക്തി പ്രത്യയങ്ങൾ ചേർന്നു പ്രയോഗത്തിനു തക്കതായ പദങ്ങളാകുന്നു. ഈ വിഭക്തിപ്രത്യയങ്ങൾ 'സുപ്'[38] എന്നു പറയപ്പെടും. ഇപ്പറഞ്ഞ മൂന്നുവിധ ശബ്ദങ്ങളും സുബന്ത (സുപ് എന്ന അന്തത്തോടുകൂടിയ) പദങ്ങളെന്ന് പറയപ്പെടും. ഉദാഹരണം – രാമഃ എന്ന സുബന്ത നാമപദം (രമ് ക്രീഡായാം) കളിക്കുക എന്ന അർത്ഥത്തിൽ വരും. ഈ ധാതുവിൽ 'ഘഞ്' എന്ന കൃത് പ്രത്യയം ചേർന്ന് രാമ് എന്നതു ദീർഘിച്ച് രാമ എന്ന നാമമായി സു'എന്ന വിഭക്തി പ്രത്യയം ചേർന്ന് രാമഃ എന്ന സുബന്ത പദം പ്രയോഗാർഹമായിത്തീരുന്നു. അപ്രകാരം തന്നെ ദുഃ (ടുദു ഉപതാപേ ദു എന്ന ധാതു ഉപതാപം എന്ന അർത്ഥത്തിൽ വരും). ഈ ധാതുവിൽ ഉസ് എന്ന കൃത് പ്രത്യയം ചേർന്നു ദുസ് എന്ന ഉപസർഗ്ഗമായി അതിൽ സ് എന്ന വിഭക്തി പ്രത്യയം ചേർന്ന് ആ പ്രത്യയം ലോപിച്ച് ദുസ് എന്ന സുബന്ത ഉപസർഗ്ഗമായിത്തീരുന്നു.

അവ് (അവ രക്ഷണേ അവ എന്ന ധാതു രക്ഷിക്കൽ എന്ന അർത്ഥത്തിൽ വരും) എന്നു പറയപ്പെട്ട ധാതുവിൽ ഉം എന്ന കൃൽ പ്രത്യയം ചേർന്ന് വകാരം ലോപിച്ച് ശേഷിച്ച

[38] സംസ്കൃതത്തിൽ 7 വിഭക്തികൾ ഓരോ വിഭക്തിയിലും ഏകവചനം, ദ്വിവചനം, ബഹുവചനം, എന്നിങ്ങനെ മൂന്നു വചനങ്ങൾ. അങ്ങിനെ ഇരുപത്തൊന്നു രൂപങ്ങൾ. ഈ ഇരുപത്തൊന്നിനും ഓരോ പ്രത്യയങ്ങൾ അവയത്രെ സൂപ്. ഇവിടെ പ്രഥമ ഏകവചനത്തിന്റെ സു എന്ന പ്രത്യയവും സപ്തമി ബഹുവചനതിന്റെ സൂപ് എന്നതിലെ പകാരവും ചേർത്താണു സൂപ് എന്ന പ്രത്യാഹാരം ഉണ്ടാക്കിയിരിക്കുന്നതു. ഈ പ്രത്യയങ്ങളെ വിധിക്കുന്ന സൂത്രവും പ്രത്യയങ്ങളും ഇതേ പുസ്തകത്തിൽ വിഭക്തിനിരൂപണപ്രകരണത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

അകാര ഉകാരങ്ങൾ ഒന്നു ചേർന്ന് ഓകാരമായിട്ട് ഓം എന്ന നിപാതമായിത്തീരും. ആ നിപാതത്തോട് സ് എന്ന വിഭക്തി പ്രത്യയം ചേർന്ന് അതുതന്നെ ലോപിച്ച് ഓം എന്ന സുബന്തനിപാത പദമാകുന്നു.

ക്രിയാപദമെന്നത് ധാതുക്കളോടുകൃൽപ്രത്യയങ്ങൾ ചേരാതെ 'തിങ്ങുകൾ' [39] എന്ന പ്രത്യയങ്ങൾ ചേർന്ന് ഉണ്ടാകുന്നു. ഉദാഹരണം. 'രമ്' എന്ന ധാതുവിൽ തേ എന്ന തിങ് പ്രത്യയം ചേർന്ന് മധ്യേ അകാരം അടയാളമായിച്ചേർന്ന് രമതേ എന്ന തിങന്തപദമായിത്തീരുന്നു.

സുപ്, തിങ് എന്ന രണ്ടു വക പ്രത്യയങ്ങൾ ചേരാതെ യാതൊരു ധാതുവും പ്രയോഗത്തിനാകയില്ല. ന കേവലാ പ്രകൃതിഃ പ്രയോക്തവ്യാ' (ധാതുമാത്രം തനിയെ പ്രയോഗിക്ക പ്പെടുവാൻ യോഗ്യമല്ല) എന്നു പതഞ്ജലി മഹാഭാഷ്യത്തിൽ പറഞ്ഞിരിക്കുന്നു. തമിഴിലെ ഇടച്ചൊല്ല്ലുകൾക്കു ഏറക്കുറെ സമമായിരിക്കുന്ന അവ്യയങ്ങളെല്ലാം പ്രാതിപദിക ഏകവചന പ്രത്യയത്തോടു കൂടിയതാകുന്നു.

തമിഴിൽ നന്നൂലാചാര്യർ മൊഴിയെ പകുപദം പകാപ്പദം എന്നു രണ്ടു വകയായിട്ട് പറഞ്ഞിരിക്കുന്നു. നിലം, നീർ, കാറ്റ് മുതലായ അനേകം നാമപദങ്ങൾ സംസ്കൃതത്തെപ്പോലെ ധാതുക്കളിൽ നിന്ന് ഉണ്ടാകാത്തതും കൃൽ പ്രത്യയങ്ങൾ

---

[39] സംസ്കൃതത്തിൽ ധാതുക്കൾ പരസ്മൈപദം, ആത്മനേപദംഎന്ന രണ്ടു വിധം. ഓരോന്നിലും പ്രഥമപുരുഷൻ, മദ്ധ്യമപുരുഷൻ, ഉത്തമപുരുഷൻ എന്നീ മൂന്നു പുരുഷന്മാരേയും അവ ഓരൊന്നിലും മൂന്നു വചനങ്ങളേയും ആശ്രയിച്ചു 18 ക്രിയാ രൂപങ്ങൾ പതിനെട്ടിനും ഓരോ പ്രത്യയം അവയത്രെ തിങ് പ്രത്യയങ്ങൾ. ഇതേ പുസ്തകത്തിൽ ധാതു പ്രകരണത്തിൽ കൊടുത്തിട്ടുണ്ട്. പരമൈസ്പദം പ്രഥമൈക വചനത്തിന്റെ 'തി' യും ആത്മനേപദം ഉത്തമപുരുഷബഹുവചനത്തിന്റെ മഹിങ്ങി ലെ ങ് എന്നതും ചേർത്തുണ്ടാക്കിയ പ്രത്യാഹാരമാണു തിങ്.

ചേർന്ന് സുബന്തപദങ്ങളുടെ പ്രാതിപാദികമാകാതെയും [40] വിഭക്തി പ്രത്യയങ്ങൾ യാതൊന്നും ചേരാതെയും പ്രയോഗത്തിന് തക്കവയായിത്തീരുന്നതുമാണ്. ഇടച്ചൊൽ, ഉരിച്ചൊൽ ഇവ അനേകം പ്രത്യയങ്ങൾ സിദ്ധിക്കാത്തതിനാൽ നിലം, നീർ മുതലായവ പോലെ തന്നെ പ്രയോഗയോഗ്യമായി ഭവിക്കുന്നു. അജ്ഞാത രൂപത്തിലുള്ള നട, വാ, വിടു മുതലായ ക്രിയാപദങ്ങൾ (മറ്റൊരുവനോടുള്ള ശുശ്രൂഷ ചെയ്യുമ്പോൾ) യാതൊരു പ്രത്യയം കൂടാതെയും പകാപ്പദങ്ങളായി പ്രയോഗത്തിനു യോഗ്യമായിത്തീരുന്നു. സംസ്കൃതത്തിൽ എല്ലാ ശബ്ദങ്ങളും ധാതുക്കളിൽ നിന്നുണ്ടായിട്ടും പ്രത്യയങ്ങൾ ചേരാതെ പ്രയോഗിക്കത്തക്കവ ആകാതിരിക്കുന്നതിനേയും തമിഴിൽ ധാതുക്കളെന്ന ഏർപ്പാടില്ലാതെയും പ്രത്യയങ്ങൾ യാതൊന്നും ചേരാതെയും ഉപയോഗത്തിനുതകുന്നതിനേയും നോക്കുമ്പോൾ രണ്ടു ഭാഷകൾക്കുമുള്ള വലുതായ വ്യതാസത്തെ അറിയാവുന്നതാണ്.

സംസ്കൃതത്തിൽ ധാതുക്കളോടു ഉപസർഗമെന്ന [41] ഒരു ജാതി ഇടച്ചൊല്ലുകൾ ചേർന്ന് അതിൽ നിന്ന് ആഹാര, വിഹാര, സംഹാര ഇത്യാദി ഭിന്നാർത്ഥങ്ങളായ പല വാക്കുകൾ ഉണ്ടാകുന്നു. തമിഴിൽ ഇങ്ങനെ ഉപസർഗം ചേർത്ത് അർത്ഥ വ്യതാസം വരുത്തുന്ന സമ്പ്രദായമില്ല. സംസ്കൃതത്തിൽ ഉദാത്താദിസ്വരങ്ങളുടെ വ്യതാസത്തെ സൂചിപ്പിക്കുന്നതിനു നിപാത(ഗതി)മെന്ന് ഒരു മാതിരി ശബ്ദങ്ങളെ തിരിച്ചിരിക്കുന്നു.

---

[40] ക്രിയാരൂപങ്ങളുടെ മൂലത്തിനു ധാതു എന്നു പറയുന്നതുപോലെ നാമരൂപങ്ങളുടെ മൂലത്തിനു പ്രാതിപദികം എന്നു പറയുന്നു. പാണനീയ സൂത്രവും അർത്ഥവും ഇതേ പുസ്തകത്തിൽ വിഭക്തി പ്രകരണത്തിൽ പറഞ്ഞിട്ടുണ്ട്.

[41] പ്ര, പര, അപ, സ്മ, അനു, അവ, നിസ്, നിർ, ദുസ്, ദുർ, വി, ആങ്ങ്, നി, അധി, അപി, അതി, സു, ഉത്, അഭി, പ്രതി, പരി, ഉപ എന്നിവയത്രെ ഉപസർഗങ്ങൾ.

തമിഴിൽ ഈവിധ സ്വരങ്ങളൊന്നുമില്ലാത്തതുകൊണ്ട് അതിനെ സംബന്ധിച്ചുണ്ടാകുന്ന വിഭാഗങ്ങളുമില്ല.

സംസ്കൃതത്തിൽ പ്രത്യയം വികുതി വിശേഷം, ആഗമം (ചാരിയായി) ആദേശം (വികാരം അല്ലെങ്കിൽ പകരം) എന്നു മൂന്നിനം ഏർപ്പെടുത്തി അവയെക്കൊണ്ടു ശബ്ദങ്ങളെല്ലാം സാധിച്ചിരിക്കുന്നു. ഉദാഹരണം രാമഃ എന്ന രൂപത്തിൽ ധാതുവിന് പരമായി വന്നിരിക്കുന്ന 'അ' എന്നത് കൃത് പ്രത്യയം. രമ് എന്ന ധാതുവിലുള്ള അകാരം ദീർഘിച്ച് 'രാ' എന്നായത് ആദേശം. 'ഃ' എന്ന വിസർഗരൂപം വിഭക്തി പ്രത്യയം. അരമത എന്ന ക്രിയാപദത്തിൽ രമ് ധാതുവിന് മുമ്പ് ഇരിക്കുന്ന അ ആഗമം.

തമിഴിൽ ഇടച്ചൊല്ലെന്നൊരു ജാതിശബ്ദങ്ങളാണ് പ്രത്യയങ്ങളായിരിക്കുന്നത്. ഉദാഹരണം 'നിലം' എന്ന നാമ ത്തിനു പിൻപ് കൾ എന്ന ഇടച്ചൊൽ പ്രഥമാമാബഹുവചന പ്രത്യയമായി നിൽക്കുന്നു. തമിഴിൽ ഇടനിലൈ, ചാരിയൈ എന്നു രണ്ടു ജാതി ശബ്ദം കൂടിയുണ്ട്. ഇവ പദങ്ങളെ അവസാനിപ്പിക്കുന്നതിനു സാധനങ്ങളായിരിക്കുന്നു.

സംസ്കൃതത്തിൽ ഈ രണ്ടിനു പകരം ആഗമമെന്നു മാത്രമേയുള്ളു. സംസ്കൃതത്തിൽ പ്രത്യയങ്ങൾ സ്വതന്ത്രമായ ഒരു വിഭാഗമായിരിക്കുന്നു. തമിഴിൽ പ്രത്യയസ്ഥാനത്തു നിൽക്കുന്ന വികുതികൾ ഇങ്ങനെയൊരു പ്രത്യേകവിഭാഗമായിരിക്കുന്നില്ല. അവ ഇടച്ചൊല്ലെന്ന പദവിഭാഗത്തിൽ ഒരംശം മാത്രമായിരി ക്കുന്നു. ഇതും പ്രസ്തുത ഭാഷകൾക്കുള്ള വ്യതാസത്തെ തെളിയിക്കുന്നു. എന്നാൽ തമിഴിന്റെ ഈ നിയമം യുക്തിക്കത്ര ഇണങ്ങുന്നില്ല. ഏന്തെന്നാൽ നിലം എന്ന നാമത്തിനു ശേഷം കൾ എന്ന ഇടച്ചൊല്ലു ചേർക്കുമ്പോൾ രണ്ടു വാക്കുകൾ എന്നു

പറയാമെന്നല്ലാതെ ഒരു വാക്കെന്നു സ്ഥാപിക്കുന്നതിന് ഇടമില്ല. ആകട്ടെ, അവ രണ്ടു ശബ്ദങ്ങൾ തന്നെ, അതുകൊണ്ട് ദോഷമെന്ത്? അപ്പോൾ ശാസ്ത്രം അതിനെ ഒന്നെന്നു പറയുന്നതു ഘടിക്കയില്ല. (നന്നൂൽ. 259, 260 സൂത്രങ്ങളും അവയുടെ വ്യാഖ്യാനങ്ങളും നോക്കുക). കൂടാതെയും മരം വീണു എന്നിടത്ത് മരമെന്നത് എഴുവായ്പ്പൊരുളെയും ഏകവചനാർത്ഥത്തെയും പ്രത്യയസന്നിവേശം കൂടാതെ തന്നെ അറിയിക്കുന്നതുകൊണ്ട് പ്രഥമ മുതലായ വിഭക്ത്യർത്ഥങ്ങളും ഒന്നു, പലത് ഈ അർത്ഥങ്ങളും അതാതു നാമങ്ങളിൽ തന്നെ അടങ്ങിയിരിക്കുന്നുവെന്ന് സ്പഷ്ടമാകുന്നു. ആകയാൽ വ്യവഹാരോപയോഗമായി ആവശ്യപ്പെടുന്ന വിഭക്ത്യർത്ഥങ്ങളിൽ ഒന്നിനെ അറിയിക്കുന്നതിന് ഓരോ സൂചനകളെന്ന് മാത്രം സ്വീകരിക്കത്തക്കതെന്നതല്ലാതെ അവയെക്കൂടി ഒരു പദവിഭാഗ ത്തിൽ ഉൾപ്പെടുത്തുന്നത് യുക്തമായിരിക്കയില്ല. മരങ്ങൾ വീണു, മരങ്ങളെ മുറിച്ചാർ ഇത്യാദികളിലുള്ള മരങ്ങൾ, മരങ്ങളെ മുതലായവ ഒരു വാക്കായി മാത്രം തോന്നുന്നതല്ലാതെ പലതെന്നു തോന്നുന്നില്ല. അതുകൊണ്ട് സംസ്കൃതത്തിലെ മുറയനുസരിച്ച് ഇവിടെയും ഈ പ്രത്യയങ്ങളെ ഇടനിലൈ, ചാരിയൈ മുതലായവ പോലെ അടയാളമായി മാത്രം ഏർപ്പെടുത്തുന്നതു തന്നെ കൊള്ളാമെന്നിരിക്കെ തമിഴ് വ്യാകരണകർത്താക്കളായ അഗസ്ത്യർ, തൊൽകാപ്പിയർ തുടങ്ങി യവർ അവർ സംസ്കൃതാഭിജ്ഞന്മാരായിരുന്നിട്ടും അതിലെ സമ്പ്രദായം സ്വീകരിക്കാതെ മുമ്പിരുന്ന തമിഴ് ഇലക്കങ്ങളെ വേറായും അവയിൽ മുഖ്യങ്ങളെ ആശ്രയിക്കാതിരുന്നാൽ പഠിക്കുന്നവർക്ക് പ്രയാസമേറുമെന്നും ശങ്കിച്ചു മാറ്റിയില്ലായെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു.

സംസ്കൃതത്തിൽ നാമപദങ്ങളിൽ സർവ്വനാമപദങ്ങളെന്ന് ഒരു പിരിവ് ഏർപ്പെടുത്തിക്കാണുന്നു. ചുട്ട്, വിനം, മുന്നിലൈ (മധ്യമപുരുഷൻ), തന്മൈ, പിരിയിട മുതലായ പൊതുവാക്കുകൾ ഏറക്കുറെ അടക്കിയും ഇരിക്കുന്നു. തമിഴിൽ ഈ മാതിരി വിഭാഗം ഏർപ്പെടുത്താതെ, തന്മൈപേർ, മുന്നിലൈപേർ, എന്നിങ്ങനെ ഓരോന്നും പ്രത്യേകം പറയപ്പെട്ടിരിക്കുന്നു. ഇയർച്ചൊൽ, തിരിച്ചൊൽ, തിശൈച്ചൊൽ, വടച്ചൊൽ എന്ന നാലു പിരിവുകളിൽ വടച്ചൊൽ എന്ന പിരിവ് തമിഴിൽ സംസ്കൃതം കലർന്നതിൽ പിന്നെ ഏർപ്പെട്ടതായിരിക്കാം. സംസ്കൃതഭാഷ ദേശഭാഷയായിട്ടില്ലാത്തതിനാൽ പലദിക്കിൽ നിന്നും വാക്കുകൾ ചേരുന്നതിന് ഇടമില്ലെന്നുള്ളതുകൊണ്ട് തിശൈച്ചൊല്ലെന്ന പതിവ് സംസ്കൃതത്തിലുൾപ്പെട്ടില്ലെന്ന് വാദിക്കാൻ വിരോധമില്ല. തിരിച്ചൊല്ലെന്നുള്ള വിഭാഗം യുക്തിക്ക് ഇണങ്ങാത്തതുമായിരിക്കുന്നു. എന്തെന്നാൽ തിരിച്ചൊല്ല് പല അർത്ഥത്തെക്കുറിക്കുന്ന ഒരു വാക്കെന്നും ഒരർത്ഥത്തെ ക്കുറിക്കുന്ന പലവാക്കെന്നും രണ്ടു ലക്ഷണത്തോടു കൂടിയിരി ക്കുന്നു. പല അർത്ഥത്തിലുള്ള ഒരു വാക്കിനെ ഒരു വാക്കായി ഗണിക്കാമെങ്കിലും ഒരേ അർത്ഥത്തെ സൂചിപ്പിക്കുന്ന പല വാക്കുകളെ എങ്ങനെ ഒരു വാക്കെന്ന് വിധിക്കും? ഇനി തൊടർ മൊഴിയോ എന്നാണെങ്കിൽ 'നിലം വലുത്' വലിയ നിലം എന്ന വിധം ഒരു വാക്കിന്റെ അർഥത്തിൽ മറ്റൊരു വാക്കിന്റെ അർത്ഥം കലർന്നിരിക്കേ ആ ഇരുമൊഴി, മുമ്മൊഴി തുടങ്ങിയ വാക്കുകൾ തൊടർമൊഴിയാകുന്നതുപോലെ ഇവയെ ഗണിച്ചുകൂടായ്ക യാൽ തൊടർമൊഴിയെന്നതും പാടില്ല. ഒരർത്ഥത്തെക്കുറിക്കുന്ന പല വാക്കുകളെന്നതിന് ഒരർത്ഥത്തെ കാണിക്കുന്ന പല പദങ്ങളിൽ ഒന്നായ വാക്ക് എന്നു വ്യാഖ്യാനിച്ചാൽ അത് ഒരു പൊരുൾ കുറിക്കുന്ന ഒരു വാക്കായിതന്നെയേ ഇരിക്കുന്നുള്ളൂ. ഇപ്രകാരം തന്നെ ആന, കോഴി, ശംഖ് മുതലായ പല

അർത്ഥമുള്ള വാരണമെന്ന വാക്ക് ഒരിക്കൽ ഒറ്റ അർത്ഥത്തെ മാത്രം സൂചിപ്പിക്കുന്നതു കൊണ്ട് ഒരർത്ഥത്തെ ബോധിപ്പിക്കുന്ന ഒരു വാക്കയിത്തന്നെ ഇരിക്കുന്നു. കൂടാതെ, ഈ വാരണശബ്ദം ആന, ദന്തി, കളിറ് എന്നിപ്രകാരം ഒരു അർത്ഥത്തെ കാട്ടുന്ന പല വാക്കായും ആന, ശംഖ്, കോഴി, ഇത്യാദി പല അർത്ഥമുള്ള ഒരു വാക്കായും ഇരിക്കുന്നതിനാൽ ഇതിനെ ഏതു വിഭാഗത്തിൽ ഉൾപ്പെടുത്താം? ഇയർച്ചൊല്ലിൻ ദൃഷ്ടാന്തങ്ങളായി കാണിച്ച മൺ, പൊൻ, മരം, അഴകു, അൻപു മുതലായവ പല അർത്ഥങ്ങൾ ദ്യോതിപ്പിക്കുന്ന ഒരു ചൊൽവകുപ്പിലും ഒരർത്ഥം കാട്ടുന്ന പല ചൊൽവകുപ്പിലും ചേർന്നിരിക്കയാൽ തിരിച്ചൊല്ലിന്റെ ലക്ഷണത്തോടു കൂടിയിരിക്കുന്നു. മണ്ണെന്നത് ഒപ്പനൈ, ചൂടുചാമ്പൽ, ഭൂമി, കല, സൗഭാഗ്യം (മാഴ്ചിമ) മുതലായ അർത്ഥങ്ങളെ ബോധിപ്പിക്കയാൽ പല അർത്ഥമുള്ള ഒറ്റ വാക്കാകുന്നു. ഞാലം, മൺ മുതലായവ ഏകാർത്ഥവാചിയായ വാക്കുകളിൽ ഒന്നായുമിരിക്കുന്നു. പൊൻ മുതലായവയും ഇതുപോലെതന്നെ, ചെന്തമിഴായിരിക്കുന്നത്, ഇയർച്ചൊൽ, ഇതരങ്ങൾ തിരിച്ചൊല്ലുകൾ, ഇപ്രകാരം ലക്ഷണം പറയുന്നിടത്ത് അവവടച്ചൊൽ തിശച്ചൊൽ ഇവയുടെ ഉൾപ്പിരിവിൽ അടങ്ങുമെന്നല്ലാതെ വേറൊരു വിഭാഗമായി പ്പറയാൻ തരമില്ല.

സംസ്കൃതത്തിൽ 'ധാതവഃ അനേകാർത്ഥാഃ' ക്രിയാധാതു ക്കൾ അനേകാർത്ഥങ്ങളോടുകൂടിയവ എന്നു പറഞ്ഞുകാണുന്നു. ഇതുകൊണ്ട് പദങ്ങളെല്ലാം നാനാർത്ഥവാചികളായിത്തന്നെ പറയപ്പെട്ടിരിക്കുന്നു. തമിഴിലുള്ള മേൽപറഞ്ഞ വിഭാഗങ്ങൾ സംസ്കൃതനിയമത്തിന് വളരെ വിപരീതമായിരിക്കുന്നുവെന്നും യുക്തിക്കു ചേരാത്തതെന്നും സംസ്കൃതപണ്ഡിതന്മാരായ തമിഴ് ശാസ്ത്രകാരന്മാർക്ക് നല്ലതിന്മണ്ണം അറിയാമെന്നിരിക്കെ ആ

വിഭാഗത്തെ ഉപേക്ഷിക്കാതിരുന്നത് പഴയ ഇലക്കണ സമ്പ്രദായങ്ങൾ മാറ്റാൻ മനസ്സില്ലാത്തതുകൊണ്ടത്രേ. അതു കൊണ്ടു പഴയ ഇലക്കണങ്ങളിൽ ഇങ്ങനെ തിരിച്ചൊല്ലെന്ന് വിഭാഗിച്ചത് അസംഗതമെന്നു പറയാൻ പാടില്ല. അതെന്തെന്നാൽ, തമിഴ് വേറൊരു ഭാഷയിൽ നിന്ന് ഉണ്ടാകാതെ ആദികാലം മുതൽക്കേ നിലനിന്നുവരുന്ന ഒരു ഭാഷയായതു കൊണ്ട് ആദ്യം ഒരു വാക്കിന് ഒരർത്ഥം മാത്രമായിട്ട് വ്യാപരിച്ചുവരവേ കാലപ്പഴക്കത്തിൽ പലകാരണങ്ങൾ മൂലം ഒരർത്ഥത്തിന് അനേകം വാക്കുകളും അനേകാർത്ഥത്തിന് ഒറ്റ വാക്കും ഇങ്ങനെ പലതുമുണ്ടാകാം. അപ്പോൾ മുമ്പ് സാധാരണ നടപ്പിലിരുന്ന ഇയർച്ചൊല്ലിൽ നിന്ന് അവയെ പിരിച്ചു കാണിക്കേണ്ട ആവശ്യം നേരിട്ടതു നിമിത്തം ഈ വിഭാഗങ്ങളേർപ്പെട്ടു എന്നൂഹിച്ചാൽ അതു യുക്തിക്കു ചേരും.

തമിഴിൽ പദങ്ങൾ ഇലക്കണമുടയതു, ഇലക്കണപ്പോലി, മരുഉ, ഇടക്കറടക്കൽ, മങ്കലം, കഴുവുക്കുറി ഈ വിഭാഗങ്ങ ളുള്ളതിൽ ഇടക്കറടക്കൽ, മങ്കലം ഈ രണ്ടു പിരിവുകൾ ലൗകികഭാഷയ്ക്കു വേണ്ടി സംസ്കൃതത്തിലും സ്വീകരിക്കുന്നു ണ്ടെങ്കിലും ശേഷിച്ച വിഭാഗങ്ങൾക്ക് ഭാഷയാകട്ടെ വ്യാകരണ മാകട്ടെ സ്ഥാനമനുവദിക്കുന്നില്ല. സംസ്കൃതഭാഷയിൽ വ്യാകരണ നിയമത്തിനുനുഗുണമായ പദമേ പ്രയോഗത്തിനു പര്യാപ്ത മാവൂ.

എന്നാൽ സംസ്കൃതത്തിൽ പൃഷോദരാദി വർഗത്തിൽ വ്യാകരണവിധിക്കിണങ്ങാത്ത ശബ്ദങ്ങളെ വിധിക്കൊത്തതായി

പ്പറഞ്ഞിരിക്കുന്നു [42]. അവ വളരെ കുറച്ചേയുള്ളു. അതുകളും പാണ്ഡിത്യമുള്ളവർ പ്രയോഗിച്ചതായിരിക്കണം താനും അന്നു നിയമമുണ്ട്.

തമിഴിൽ ഇലക്കണത്തിനു ചേരാത്ത പദങ്ങൾ സാധാരണയായി നടപ്പിലിരിക്കുന്നു. ഗുണങ്ങളേയും ക്രിയകളേയും ജീവൻ, ജഡം എന്ന രണ്ടു ജാതിവസ്തുക്കളുടെ ഗുണത്തേയും ക്രിയയേയും കാണിക്കുന്ന ഉരുച്ചൊല്ലുകളെന്ന വിഭാഗം സംസ്കൃതമുറയെ അനുസരിക്കാതെ തമിഴ് സ്വീകരിച്ച് കാണുന്നു. ഈ ചൊല്ലുകൾ ക്രിയകളേയും ഗുണങ്ങളെയും മാത്രമല്ലാതെ അവയ്ക്കാധാരമായ വസ്തുവിനേയും വിശേഷണമായി കാണിക്കുന്നു. ഇവയിൽ ചിലത് നാമമായും വേറെ ചിലത് പേരെച്ചവിനയെച്ചങ്ങളായുമിരിക്കുന്നു. പേരിയലിൽ ഗുണനാമം, ക്രിയാനാമം എന്നു നാമത്തിന്റെ ഉൾപ്പിരിവുകൾ പറഞ്ഞു കാണുന്നു. ആ നാമങ്ങളിൽ ഗുണം, ക്രിയ ഇവയെ കാട്ടുന്ന ഉരിച്ചൊല്ലുകളെ ചേർക്കാം ചെപ്പ് മുതലായ ഉരിച്ചൊല്ലുകൾ ക്രിയാപദങ്ങളിലും വിശേഷണപ്രത്യയം ചേർന്നവയെ വിശേഷണങ്ങളിലും ഉൾപ്പെടുത്താം. ഉദാഹരണം പുരൈയമന്റെ പുരൈയോർ, കേൺമൈവയക്കൽ, ചീർത്തിമൈയ്യിൽ വർന്നമുകം, വചപ്പൂരുംമേ ഇതു പോലുള്ള സന്ദർഭങ്ങളിൽ പുരയെന്ന ഇരിച്ചൊൽ മേന്മയേയും ചീർത്തിയെന്നത് ഉന്നതകീർത്തിയേയും വശപ്പെന്നത് നിറത്തെയും ബോധിപ്പിക്കുന്നതിനാൽ ഇവയും ഇതുപോലുള്ളവയും ഗുണനാമങ്ങളാകുന്നു. (തൊൽ ഉരി ഇയൽ ചേനാവരയർ ഉരയിൽ കാൺക). 'ഇരുപിറപ്പാളർ പൊഴിതരിന്തുനുവൻ മേൽ മുവാറെ നവിളമ്പിനർ

[42] വ്യാകരണനിയമങ്ങൾക്കു വഴങ്ങാത്ത സമസ്തപദങ്ങളെ ചേർത്ത് പൃഷോദരാദി ഗണം പാണിനി പർഞ്ഞിട്ടുണ്ട്. പാണനീയ സൂത്രം 9–3–109 പറയുന്നത് അവ അപ്രകാരം തന്നെ സാധുവായി പരിഗണിച്ചുകൊണ്ടാൽ മതി എന്നാണ്.

പുലവർ ഇടിപോലേ വയമ്പിനാനേ' ഇത്യാദി സ്ഥലങ്ങളിൽ നൂവൽ, വിളമ്പിനർ, 'ഇയാവിനാൻ'മുതലായ ഉരിച്ചൊല്ലുകൾ പൂർണ്ണക്രിയകളായിരിക്കുന്നു (നന്നൂൽ).

'ഉറ്റതു നാങ്കൾ കൂറ ഉണർന്തതൈ മുഴങ്കു മുന്നീർ ഇരൈക്കും ചിറൈപ്പരവകൾ' ഇത്യാദി സന്ദർഭങ്ങളിൽ കൂറയെന്നതു ക്രിയയിൽനിന്നുവന്ന ക്രിയാവിശേഷണവും മുഴങ്ങും, ഇരൈക്കും ഇവ ക്രിയയിൽനിന്നുണ്ടായ നാമവിശേഷണങ്ങളുമാകുന്നു. 'നനി വരുന്തിനൈ വാഴിയം നെഞ്ചേ കടിമലർ' ഇങ്ങനെയുള്ള ദിക്കിൽ നനി, കടി തുടങ്ങിയവ മുറയ്ക്കു ക്രിയയിൽ നിന്നുണ്ടാകുന്ന വിശേഷണങ്ങളും നാമവിശേഷണങ്ങളുമായിരിക്കുന്നു.

അതുകൊണ്ട് ഉരിച്ചൊല്ലുകളെന്ന വിഭാഗത്തിനു കാരണം കാണുന്നില്ല. പദ്യങ്ങൾക്കു മാത്രം യോജിച്ചിരിക്കയാൽ പ്രത്യേക വിഭാഗമായിപ്പറയപ്പെട്ടു എന്നാണെങ്കിൽ അതാതു വിഭാഗങ്ങളിൽ ചേർന്ന ഉരിച്ചൊല്ലുകളെ ഇവ പദ്യത്തിന് മാത്രം പറ്റിയതെന്ന് അവിടവിടെ പറഞ്ഞു വിട്ടാൽ മതിയായിരുന്നു.

(വമ്പു പേചുകിറാൻ) വമ്പു പറയുന്നു, (കഴുക്കന്റു) കഴക്കില്ലാതെ, (കറ്റവർ കൂറുകിന്റാർ) പഠിച്ചവർ പറയുന്നു, നന്മൊഴി ഇത്യാദി ഘട്ടങ്ങളിൽ വമ്പു, കുഴ, കൂറു, മൊഴി മുതലായ വാക്കുകൾ സാധാരണയായി സംഭാഷണങ്ങളിലും ഉപയോഗപ്പെടുന്നതുകൊണ്ട് പദ്യങ്ങൾക്കുമാത്രം ചേരുന്നതെന്ന് എങ്ങനെ പറയാം. (തൊൽ, ഉരിയിയൽ സൂ 297).

ഉരിച്ചൊർകിളവി വിരിക്കും കാലൈഇത്യാദി. ഉരിച്ചൊൽ എന്ന ശബ്ദം ഉദ്ദേശം, ഗുണം എന്നിവ സൂചിപ്പിക്കാൻ നാമത്തിന്റെയോ ക്രിയയുടെയോ രൂപത്തിൽ പല അർത്ഥമുള്ള

ഒരു പദമായോ ഒരേ അർത്ഥമുള്ള പല പദങ്ങളായിട്ടൊ വരും. അവയിൽ പ്രയോഗം കുറഞ്ഞവയുടെ അർത്ഥം പ്രയോഗം കൂടുതലുള്ളവയിൽ കാണാം. ചേനാവരയർ ഉരയിൽ 'പെരുമ്പാമ്പെയും ചെയ്യുൾക്കുറിവായ് വരുതലിൽ ഉരിച്ചൊല്ലാ യിറ്റം പാരുമുളർ' മിക്കവാറും പദ്യത്തിന് ഉപയോഗമാകാതെ കാണുന്നതു കൊണ്ട് ഉരിച്ചൊല്ലെന്ന് അഭിപ്രായപ്പെടുന്നവരും ഉണ്ടെന്ന് പറഞ്ഞു കാണുന്നു. ഇവിടെ മിക്കവാറും പദ്യത്തിനുപയുക്തമെന്ന് പറഞ്ഞതുകൊണ്ട് ഉരിച്ചൊല്ലുകൾ പ്രയോജനപ്പെടാതെയും വരുമെന്ന് പറയുന്നവരുണ്ട്. അല്ലാത്ത വരുമുണ്ട് എന്നുള്ള അർത്ഥം സിദ്ധിക്കുന്നതിനാൽ അവ്യാപ്തി ദോഷം നേരിടുന്നു. ഇലക്കണമാകാത്തതല്ലാത്തതുകൊണ്ട് സ്വാഭിപ്രായമില്ലെന്നും തോന്നുന്നു. തമിഴിൽ സമുദ്രപ്രായം അനന്തസംഖ്യാകമായി കാണുന്ന നാമം ക്രിയ ഇടകളെന്ന മറ്റു മൂന്നു വിഭാഗത്തിൽപെട്ട പദങ്ങൾ ഈ എല്ലാ സംഭാഷണ ങ്ങൾക്കുമുതകാത്തതിനാൽ ആ മാതിരി വാക്കുകളെ ഇരിച്ചൊല്ലു കളായി പറയാത്തതെന്ത്? അതുകൊണ്ട് സംസ്കൃതത്തെ അനുകരിച്ച് അപരിഷ്കൃതമായ ഈ ഉരിച്ചൊൽ വിഭാഗം തമിഴ്ഭാഷകളുടെ സംസ്കൃത സംബന്ധാഭാവത്തെ തെളിയി ക്കുന്നു.

കൂടാതെ, 'ചെല്ലെനപ്പടുപപെയരേ വിനൈയെന്റു ആയി രണ്ടു എൻപ അറിന്തിചിനോരെ' (തൊൽ, ചൊൽ, സൂ 158) പദങ്ങൾ എന്നു പറയപ്പെടുന്നവ പെയർനാമം, വിനൈക്രിയാ എന്ന് രണ്ടാണെന്ന് അഭിജ്ഞന്മാർ പറയും എന്നു പ്രമാണപ്പടി വാക്കുകൾ പേർച്ചൊൽ, വിനൈച്ചൊൽ എന്നു രണ്ടുതരം മാത്രമേയുള്ളുവെന്ന് വിദ്വാന്മാർ പറയുന്നു എന്നു പറഞ്ഞിട്ടു അടുത്ത സൂത്രത്തിൽ ഉരിച്ചൊല്ലും ആ വിഭാഗങ്ങളെ സംബന്ധിച്ചു സിദ്ധിക്കുമെന്നു വിധിച്ചിരിക്കുന്നു.

സംസ്കൃതത്തിൽ മുഖ്യമായി സുബന്തം, തിങന്തം എന്നു രണ്ടു വിഭഗങ്ങളെ ഏർപ്പെട്ടിരിക്കുന്നുള്ളു. ഉപസർഗ്ഗം, നിപാതം ഈ രണ്ടു തരം സ്വരം തുടങ്ങിയ ചില ലക്ഷണവിധികൾ വരുത്തുന്നതിനു സൗകര്യമായി കലർത്തപ്പെട്ടവയത്രേ.

ഏതു ഭാഷയിലും വാക്കുകളെല്ലാം ജാതി, ഗുണം, ക്രിയ ഇവയെ ആശ്രയിച്ച് ഉണ്ടാകുന്നവയായി കാണുന്നു. ഉദാഹരണം വൃക്ഷജാതി മരങ്ങൾ, ഗുണജാതി സൗന്ദര്യം സുന്ദരൻ, ക്രിയാജാതി പറയൽ, പറവോൻ ഇവ യഥാസംഖ്യം ജാതി ഗുണ ക്രിയകളെ മൂന്നിനെയും മുഖ്യമായും അമുഖ്യാമായി അതതുകളുടെ സ്ഥാനങ്ങളായ ദ്രവ്യങ്ങളെയും കാണിക്കുന്ന തിനാൽ ഇതുപോലുള്ളവ ജാതിഗുണക്രിയകൾ കാരണമായിട്ടു വരുന്നവയാകുന്നു.

കാലം, ഇടം (പ്രഥമ പുരുഷാദി), കർത്താവു തുടങ്ങിയ അർത്ഥത്തോടു ചേരാൻതക്കതും പ്രധാനമായി ക്രിയകളെ കാണിക്കുന്നതുമായ വാക്കുകൾ പൂർണ്ണക്രിയകളാകുന്നു. ഉദാഹരണം 'രാമഃ പചതി' രാമൻ പചിക്കുന്നു. ഇവിടെ പചിക്കുന്നു എന്ന ക്രിയ രാമൻ എന്ന കർത്താവോടുകൂടിയതും വർത്തമാനകാലത്തെ കുറിക്കുന്നതും ആകുന്നു എന്നർത്ഥം സിദ്ധിക്കുന്നു. ഈ വിധവ്യത്യാസത്തെ മുൻനിർത്തി പൂർണ ക്രിയകൾ ഒരു പ്രത്യേക വിഭാഗമായി പിരിക്കപ്പെട്ടിരിക്കുന്നു. മേൾ കാണിച്ച മൂന്നു വക പേരുകൾ വിശേഷ്യമായിനിന്ന് ഒരു വസ്തുവെ സൂചിപ്പിക്കുന്ന സാമർത്ഥ്യത്തോടുകൂടിയതും ഇല്ലാത്ത തു എന്ന് രണ്ടു വിധമായിരിക്കുന്നു ഉദാഹരണം – മരം നിൽക്കുന്നു, സുന്ദരൻ വരുന്നു, പഠിക്കുന്നവൻ വരുന്നു. ഇത്യാദി ഘട്ടങ്ങളിൽ മരത്തെയും മനുഷ്യനെയും അന്യശബ്ദാപേക്ഷ കൂടാതെ വിശേഷ്യമായി കാണിക്കുന്നു. വെളുത്ത, കറുത്ത,

പഠിച്ച മുതലായ വാക്കുകൾ മൃഗം അഥവാ മനുഷ്യൻ ഈ വസ്തുക്കളെ ചൂണ്ടുന്നു. മറ്റൊരു വിശേഷത്തെ വെളുത്ത കുതിര, കറുത്ത കാള, പഠിച്ച മനുഷ്യൻ ഈ വിധം അപേക്ഷിച്ചു കൊണ്ടുതന്നെ ഇരിക്കുന്നു. ഇങ്ങനെ വിശേഷ്യമായി നിന്ന് വസ്തുക്കളെ പ്രതിബോധിപ്പിക്കുന്ന ശക്തിയോടുകൂടിയ പദങ്ങൾ ആവിധപ്രഭാവത്തെ വിട്ട് അന്യവാക്കിനെ വിശേഷ്യമായി അപേക്ഷിച്ചുകൊണ്ട് വിശേഷണരൂപത്തിൽ നിൽക്കയും ചെയ്യും. ഉദാഹരണം, മരക്കലം, സുന്ദരവൃഷഭം, പഠിക്കുന്ന ഈ വാക്കുകൾ കലം, വൃഷഭം, ശിഷ്യൻ എന്നീ വാക്കുകളെ ആശ്രയിച്ചുകൊണ്ട് വിശേഷണമായിരിക്കുന്നു.

തമിഴിൽ വിശേഷണവിശേഷ്യങ്ങളെ പിരിച്ചു കാട്ടുന്നതിന് ഉതകുന്ന 'ആന' 'ആയ' തുടങ്ങിയ പദങ്ങളെ അടയാളങ്ങളായി ചേർത്തിരിക്കുന്നു. വിശേഷ്യമാകാത്ത യോഗ്യതയുള്ള ഏതു പദത്തോടും 'ആന്' തുടങ്ങിയ ഏതു വാക്കും ചേർത്തു വിശേഷണങ്ങളാക്കാം അങ്ങനെ വിശേഷണ ങ്ങളാകുമ്പോഴും അതതുവാക്കുകൾ (മരം മുതലായവ) അതതിന്റെ അർത്ഥത്തെക്കാട്ടുന്ന നാമങ്ങളായിത്തന്നെ ഇരിക്കും. ഉദാഹരണം സുന്ദരനായ പുരുഷൻ, മരമാകിയകലം, ഇവിടെ 'ആകിയ' എന്ന അടയാളം സുന്ദരൻ, മനുഷ്യൻ ഈ രണ്ടു വാക്കുകളുടെ രണ്ട് അർത്ഥങ്ങളെയും ഒരർത്ഥമായി കാണിക്കുന്നു. മരമാകിയ കലം എന്നതും ഈ വിധം തന്നെ. ഇപ്പറഞ്ഞ് പ്രകാരം നാമവിശേഷണം, ക്രിയാവിശേഷണം ഇവയും ഇടച്ചൊല്ലു തുടങ്ങിയവയും വിശേഷണമായിനിന്ന് വിശേഷ്യവസ്തുവോട് അഭിന്നമായിരിക്കയാൽ നാമ വിഭാഗത്തിൽ ചേരാൻ തക്കവയായിരിക്കുന്നു. കറുത്ത കുതിര എന്നതിൽ കറുത്ത എന്ന വിശേഷണം കുതിര എന്ന പൊരുൾ കറുത്ത നിറത്തോടുകൂടിയതെന്നു കാട്ടുന്നു. നല്ല പ്രവൃത്തി എന്നിടത്ത്

നല്ല എന്ന നാമവിശേഷണം പ്രവൃത്തിയെന്ന ക്രിയനാമത്തിന്റെ അർത്ഥമായ പ്രവൃത്തിയെ നല്ലതെന്നു കാണിക്കുന്നു. നല്ലവണ്ണം പ്രവർത്തിച്ചു എന്ന പൂർണക്രിയാധാതുവിന്റെ അർത്ഥമായ ക്രിയയും ക്രിയാനാമമായിത്തന്നെ ഇരിക്കയാൽ ക്രിയയെന്നാകട്ട പറയത്തക്കതാണ്. ഉദാഹരണം. അടുത്തുവന്നാൽ അടുത്തു, ഇടവിടാതെ എന്നതു ഇടച്ചൊല്ലുകളും 'നനി വരുന്തിനൈ' എന്നിടത്തുള്ള 'നനി'യെന്ന ഉരിച്ചൊല്ലും ചെയ്ക, വരുന്തതൽ എന്ന ക്രിയകളെ വിശേഷണമായിനിന്നു കാട്ടുകയാൽ ക്രിയകളെന്നു പറയാം.

അതുകൊണ്ട് സംസ്കൃതപണ്ഡിതനായ തൊൽകാപ്പിയർ നാമം, ക്രിയ ഈ രണ്ടു വിഭാഗം മാത്രം പ്രധാനമെന്ന് കാണിക്കാൻവേണ്ടി ആദ്യസൂത്രത്തിൽ ആ രണ്ടു തരമേയുള്ളു എന്നു പറഞ്ഞ്, അടുത്ത സുത്രത്തിൽ പഴയ തമിഴിലക്കണ പിരിവനുസരിച്ച് ഇടച്ചൊൽ, ഉരിച്ചൊൽ ഈ രണ്ടു പിരിവുകളെയും അപ്രധാനമായി വിധിച്ചുവെന്നു പറഞ്ഞാൽ യുക്തിക്കു ചേരും.

ക്രിയാനാമം, ഗുണനാമം, മുൻകാലങ്ങളിൽ തൊഴിൽ പേർ, വൻപുപേർ (ക്രിയാനാമം, ഗുണനാമം) എന്ന രണ്ടു വിഭാഗങ്ങൾ നാമങ്ങളിലേർപ്പെടാതെ ഉരിച്ചൊല്ലുകളിൽ തന്നെ അടങ്ങിയിരുന്നിരിക്കണം. ഉരിച്ചൊൽപിരിവിൽ ചേർന്ന ഗുണഗുണിനാമങ്ങൾ മാത്രമേ ഭാഷയ്ക്കുപയോഗമായിരു ന്നിരിക്കൂ. പിൽക്കാലത്തു ഭാഷ വിസ്തൃതിയെ പ്രാപിച്ച് അനന്തഗുണഗുണിനാമങ്ങൾ വർദ്ധിച്ചുവരാൻ തുടങ്ങവെ ഇന്നിന്ന പദങ്ങൾ ഉരിച്ചൊല്ലുകളെന്നു പ്രത്യേകം പ്രത്യേകം വ്യവസ്ഥ ഏർപ്പെട്ടിരിക്കുന്നതുമൂലം, അനന്തരകാലാത്താവിർ ഭവിച്ച ഗുണഗുണിനാമങ്ങളെ ഉരിച്ചൊല്ലിൽ ചേർക്കുന്നത്

ഭാഷയുടെ അനാവശ്യവിസ്താരത്തിനു ഹേതുവാകരുതെന്നു കരുതി ക്രിയാനാമം, ഗുണനാമം എന്നു രണ്ടു വിഭാഗങ്ങളാക്കി പിരിച്ചു തള്ളുകയും മുൻപേ ഏർപ്പെടുത്തിയ ഉരിച്ചൊൽ വിഭാഗത്തെ ഭേദപ്പെടുത്താൻ മനസ്സില്ലാതെ അതേപടിതന്നെ ഇടുകയും ചെയ്തു എന്നൂഹിക്കാം. അല്ലാതെയും ചെയ്ത്, ചെയ്യുന്ന മുതലായ വിനയച്ചപേരച്ചങ്ങൾ 'ചിറിയ', ''നനി' മുതലായ മറ്റു പേരച്ചവിനയച്ചങ്ങൾ ഉരിച്ചൊൽ വകുപ്പിൽതന്നെ ചേർക്കപ്പെട്ടും ഇരിക്കണം. ചെയ്ത്, ചെയ്യുന്ന ഇത്യാദി വിനയച്ചപേരച്ചങ്ങൾ ക്രിയകളുടെ ഉൾപ്പിരിവായി ചേരുമെന്നു കരുതി പ്രത്യേക വിഭാഗമായിപ്പറഞ്ഞില്ലെന്നും ഊഹിക്കാം.

ഈ വിഭാഗങ്ങളെല്ലാം അധികവും, സംസ്കൃതത്തിനു വിപരീതമായിത്തന്നെ ഇരിക്കുന്നു. തമിഴിൽ ഗുണഗുണിനാമ ങ്ങളെന്നു നവീനവൈയാകരണന്മാർ ഒരു പിരിവു ചേർത്തെ ങ്കിലും പഴയ തമിഴിൽ ഈ ഭേദം ഇല്ലാതെതന്നെ ഇരുന്നിരി ക്കണം. എന്തെന്നാൽ ചുവന്നതാകിയ വെളുപ്പാകിയ മനുതൻ എന്നും ഭേദമില്ലാതെ പ്രയോഗിക്കപ്പെട്ടുകാണുന്നു. സംസ്കൃതക്കാ രായ തമിഴ് ഭാഷാശാസ്ത്രകർത്താക്കൾ ഇതിനെ ഭേദപ്പെടുത്തി ക്കാട്ടാത്തത് പഴയ തമിഴ്ലക്ഷ്യങ്ങളെ അനുസരിച്ചു തന്നെ എന്നുഹിക്കാം.

തമിഴിൽ കുറിപ്പുചൊൽ വെളിപ്പടച്ചൊൽ എന്ന വിഭാഗം സംസ്കൃതത്തെ അനുകരിക്കാതെ ഇരിക്കുന്നു.

കുറിപ്പുചൊല്ലുകൾ: ഓന്റൊഴി പൊതിച്ചാൽ, വികാരം, തകുതി, ആകുപേർ, അന്മൊഴിത്തൊകച്ചൊൽ, വിനൈക്കുറിപ്പു, മുതൽക്കുറിപ്പുചൊൽ, കൈക്കുറിപ്പുചൊൽ ഇങ്ങനെ എട്ടു വിധവും, ഇപ്രകാരം പിറക്കുറിപ്പുച്ചൊല്ലുകളും കുരിപ്പുചൊല്ലു കൾതന്നെ. ഈ കുറിപ്പുചൊല്ലുകളല്ലാത്തവ വെളിപ്പടച്ചൊല്ലുക

ളാകുന്നു (നന്നൂൽ, പേരിയൽ, 269 നോക്കുക.) ഉദാഹരണം ആയിരം മക്കൾ പൊരുതാർ. ഇതിൽ മക്കളെന്ന പൊതുനാമവും പൊരുതാർ എന്ന ക്രിയയും സ്ത്രീലിംഗത്തെ ഒഴിച്ചു പുല്ലിംഗത്തെ സ്പഷ്ടമാക്കുന്നതാകയാൽ ഒന്റൊഴിപൊതുച്ചൊൽ കുറിപ്പുകളാകുന്നു.

സംസ്കൃതത്തിൽ ഈ ഓന്റൊഴിപൊതുച്ചൊൽ കുറിപ്പു വെളിപ്പടച്ചൊൽ (ശക്തം) ആയി ഗ്രഹിച്ചുകാണുന്നു. ഈ ശക്തപദങ്ങളുടെ അർത്ഥത്തെ സ്പഷ്ടമാക്കാൻ ചില സാധനങ്ങൾ പറഞ്ഞിരിക്കുന്നു. അവ ഏതെല്ലാമെന്നാൽ:

സംയോഗോ വിപ്രയോഗശ്ച
സാഹചര്യം വിരോധിതാ
അർത്ഥഃ പ്രകരണം ലിംഗം
ശബ്ദസ്യാന്യസ്യ സന്നിധിഃ
സാമർത്ഥ്യമൗചിതീദേശഃ
കാലോ വ്യക്തിസ്വരാദയഃ
ശബ്ദാർത്ഥസ്യാനവച്ഛേദേ
വിശേഷസ്മൃതിഹേതവഃ[43]

അർത്ഥം – സംയോഗം (മറ്റർത്ഥത്തോടു ചേരുവ), വിപ്രയോഗം (അന്യ അർത്ഥത്തോടു ചേരായ്ക), സാഹചര്യം (അടുത്തിരിക്കുന്ന അർത്ഥത്തോടു ചേർത്തു പറയൽ), വിരോധിതാ (ശത്രുത്വം), അർത്ഥം (സംബന്ധിച്ച വാക്കിന്റെ വിശേഷാർത്ഥം), പ്രകരണം (ഒന്നിനെക്കുറിച്ചു പ്രസ്താവിച്ചു വരുന്ന സന്ദർഭം), ലിംഗം (മുൻപിൻ വാക്യങ്ങൾ മുതലായ അടയാളം), ശബ്ദസ്യാന്യസ്യ സന്നിധിഃ (അന്യശബ്ദത്തിന്റെ

[43] ഭർത്തൃഹരി, വാക്യപദീയം, 2315, 16.

അടുപ്പം), സാമർത്ഥ്യം (ശക്തി), ഔചിത്യം (ആയിരം മക്കൾ പുരുഷരായി വിചാരിച്ചത്), ദേശം (ഇടം), കാലം (സമയം), വ്യക്തി (പുല്ലിംഗം മുതലായവ), സ്വരാദികൾ (ഉദാത്തദികൾ) ഇവയെല്ലാം പലപല അർത്ഥങ്ങളുള്ള വാക്കുകളുടെ അർത്ഥത്തെക്കുറിച്ചു സന്ദേഹമുണ്ടാകുമ്പോൾ ഇന്ന അർത്ഥമെന്നുള്ള നിശ്ചയത്തിനു കാരണങ്ങളായിഭവിക്കുന്നു. ഉദാഹരണം സവത്സധേനുഃ വത്സത്തോടു കൂടി പശു ഇവിടെ ധേനു എന്നതിനു പിടിയാനയെന്നും പശുവെന്നും രണ്ടർത്ഥമുള്ളതു കൊണ്ട് ഉണ്ടാകാവുന്ന സന്ദേഹത്തെ വത്സശബ്ദത്തിന്റെ ചേരുവ പശു എന്ന നിഷ്കൃഷ്ടാർത്ഥം നൽകി ഇല്ലാതാകുന്നു. 2. അവത്സാധേനുഃ വത്സത്തോടുകൂടാത്ത പശു ഇവിടെ വത്സത്തിന്റെ ഇല്ലായ്ക പശുവെന്ന അർത്ഥത്തെ നിശ്ചയമാക്കുന്നു. 3. രാമലക്ഷ്മണൗ രാമലക്ഷ്മണന്മാർ ഇവിടെ രാമൻ എന്ന നാമം എപ്പോഴും കൂടിനടക്കുന്ന സാഹചര്യത്താൽ ദാശരഥിയെന്ന അർത്ഥത്തെ വെളിവാക്കുന്നു. രാമ–കാർത്തവീര്യാർജ്ജുനൗ – കാർത്തവീര്യാർജ്ജനനോടു ശത്രുതയാൽ രാമശബ്ദത്തിനിവിടെ പരശുരാമാർത്ഥം കിട്ടുന്നു. അഞ്ജലിനാ ദദാതി കൊടുക്കുന്നു എന്ന വാക്കിന്റെ അർത്ഥവിശേഷത്താൽ കൈമലർത്തിപ്പിടിക്കൽ എന്ന ഭാവം കിട്ടുന്നു. അഞ്ജലിം ശിരസി ദധാതി, സൈന്ധവം ആനയമരുന്നു ചേരുമ്പോൾ ഇന്തുപ്പെയും സവാരിസമയത്തു കുതിരയെയും പ്രകരണവ്യത്യാസത്താൽ സൂചിപ്പിക്കുന്നു. 'ഫലം ആനയ യതഃ കദല്യാസ്സർവ്വാവയവാഃ ശരീരഹിതാഃ' ഇവിടെ രണ്ടാമത്തെ വാക്യത്തിന്റെ അടയാളംകൊണ്ടു ഫലശബ്ദം കദളിപ്പഴമെന്ന അർത്ഥത്തെ തരുന്നു. 'രാമോ ജാമദഗ്ന്യഃ' ഇതിൽ ജാമദഗ്ന്യഃ എന്ന നാമത്തിന്റെ സാമീപ്യത്താൽ രാമശബ്ദം പരശുരാമനെന്ന അർത്ഥത്തെയാണ് ഗ്രഹിക്കുന്നതെന്ന് കിട്ടുന്നു. 'അഭിരൂപായ കന്യാ ദേയാ' ഇതിൽ അഭിരൂപനെന്ന വാക്ക് അതിസുന്ദരൻ

എന്ന് അർത്ഥത്തെ ശക്തിയാൽ കാണിക്കുന്നു. 'ഖലപൂഃ ആഗഛതി' ഇതിൽ നെൽക്കളം നന്നാക്കുന്ന പുരുഷൻ എന്ന് ഔചിത്യം അർത്ഥം തരുന്നു. 'സിന്ധുദേശസ്ഥഃ സൈന്ധവഃ ശോഭനഃ' ഇതിൽ സിന്ധുദേശമെന്നത് സൈന്ധവമെന്ന പദത്തിനു കുതിര എന്ന അർത്ഥത്തെ പ്രദാനം ചെയ്യുന്നു. 'രാത്രൗ ചിത്രഭാനുർഭാതി' ഇവിടെ രാത്രികാലം ചിത്രഭാനു എന്ന വാക്കിന് അഗ്നി എന്ന അർത്ഥം നിർണ്ണയിച്ചു കാട്ടുന്നു. 'മിത്രോ ഭാതി' ഇവിടെ മിത്രഃ എന്ന വാക്കിന്റെ പുല്ലിംഗപ്രത്യയം സൂര്യൻ എന്ന അർത്ഥത്തെ തരുന്നു. 'മിത്രം ഭാതി' ഇതിലെ സപുംസകലിംഗപ്രത്യയം സ്നേഹിതനെന്ന അർത്ഥത്തെ കാട്ടുന്നു. 'സ്ഥൂലപൃഷതി' എന്ന സമസ്തപദം തൂകച്ചൊൽ ബഹുവ്രീഹീ. സ്ഥൂലങ്ങളായിരിക്കുന്ന പുള്ളികളോടുകൂടിയതെന്നും സ്ഥൂലമായ പാളിയെന്നും സ്വരവിശേഷത്താൽ ഇവിടെ അർത്ഥമാകുന്നു.

തമിഴിൽ 'ആയിരം മനുഷ്യർ പൊരുതാർ' എന്ന വാക്യത്തിൽ ആയിരം മനുഷ്യർ എന്ന വാക്ക് സ്ത്രീപുരുഷ ന്മാരെ പൊതുവെ അറിയിക്കുന്ന ശക്തിയോടുകൂടിയതാകയാൽ ഈ രണ്ടർത്ഥം ആ വാക്കിന് ചേർന്നതാണ്. ഈ രണ്ടിൽ പൊരുതു എന്ന ക്രിയ സാധാരണമായി പുരുഷന്മാർക്കു ചേർന്നതെന്നുള്ള ഔചിത്യവിചാരത്തൽ ആയിരം പുരുഷ ന്മാരെന്ന ഒരർത്ഥതെ മാത്രം ഗ്രഹിച്ചുകൊള്ളുന്നു. ഇതു സംസ്കൃതമുറയ്ക്ക് വെളിപ്പടച്ചൊല്ലാകുന്ന കുറിപ്പുചൊല്ലാകുന്നു. തനിക്കില്ലാത്ത അർത്ഥത്തെ ലക്ഷ്യമായി കാട്ടുന്നതാണല്ലോ കുറിപ്പുച്ചൊല്ലിന്റെ നിഷ്കൃഷ്ടലക്ഷണം. തമിഴുകാർ കുറിപ്പു ചൊല്ലെന്നു വേറെ ലക്ഷണം. നിർദ്ദേശിക്കുന്നവരാണെങ്കിലും അതു സംസ്കൃതത്തിനനുസരണമായിരിക്കയില്ല.

തമിഴിൽ മരമലർ, താരമമലരെന്ന വാക്കിന്റെ (തകാരം ലോപിച്ച്) വികാരമായിരിക്കകൊണ്ട് വികാരച്ചൊല്ലാകുന്നു. ഈ വികാരച്ചൊൽ താമരമലരെന്ന പൊരുളെ സൂചനകൊണ്ട് അറിയിക്കുന്നതിനാൽ വികാരക്കുറിപ്പുച്ചൊല്ലാകുന്നു.

സംസ്കൃതത്തിൽ ഇതു കുറിപ്പുചൊൽ (ലക്ഷകം) ആകയില്ല. എന്തെന്നാൽ മര എന്ന വാക്കും താമര എന്ന വാക്കിന്റെ ഏകദേശമാകയാൽ അതിനു താമരപ്പുവെന്ന അർത്ഥം സിദ്ധിക്കുകയില്ല. ഇതു ലക്ഷണംകൊണ്ട് നോക്കുമ്പോൾ അപശബ്ദമെന്നല്ലാതെ ഒരു പദമാകയില്ല. വ്യക്തമായി ഒരു അർത്ഥത്തെ കാണിക്കുന്ന വാക്കു ആ അർത്ഥത്തിന്റെ സംബന്ധംമൂലം വേറൊരു അർത്ഥത്തെ ലക്ഷ്യമായി അറിയിച്ചാൽ അതത്രെ ലക്ഷകം. ഇവിടെ മര എന്ന അക്ഷരങ്ങൾ മലരെന്ന വാക്കിന്റെ സാമീപ്യത്താൽ 'മരാന്തമായ താമര' എന്ന വാക്കിനെ ലക്ഷ്യമാക്കി അതിൽ നിന്നു താമരപ്പുവെന്ന അർത്ഥത്തെ അറിയിക്കുന്നു. ആകയാൽ മര എന്നത് താമര എന്ന വാക്കിനെ അറിയിക്കുന്ന സാധനമെന്നല്ലാതെ അർത്ഥത്തെ പ്രതിബോധിപ്പിക്കത്തക്ക ശക്തിയോടുകൂടിയതല്ല സാധനമായിരിക്കുന്നതാണ് കുറിപ്പു ചൊല്ലെന്ന് പറയുകയാണെങ്കിൽ സംസ്കൃതത്തിന് ചേരുകയില്ല. തട്ടാന്മാർ പൊന്നിനെ പറി എന്നു വിളിക്കുന്നതു പകുതികുറിപ്പുചൊല്ലായി ഉദാഹരിച്ചുകാണുന്നു. പറിക്കപ്പെടുന്ന സ്വഭാവം ഇരിക്കകൊണ്ട് നൽകിയ പറി എന്ന നാമം പക്ഷി, മൃഗം മുതലായ (കാരണക്കുറിമരപ്) യോഗരൂഢം പോലിരിക്കുന്നു. എന്നല്ലാതെ സംസ്കൃതയുക്തിപ്രകാരം കുറിപ്പു ച്ചൊല്ലായി (ലക്ഷകമായി) തോന്നുന്നില്ല. പക്ഷി മുതലായ വാക്കുകൾ എല്ലാർക്കും ഒരുപോലെ അറിയാവുന്നതാണ്.

എന്നാൽ ഈ വാക്കു തട്ടാന്മാരുടെ വർഗത്തിനു മാത്രമേ അറിഞ്ഞുകൂടു. ഇതത്രേ വ്യത്യാസം.

ആകുപേര് എന്നത് യുക്തിക്കു ലക്ഷകമായിത്തന്നെ ഇരിക്കുന്നു ഉദാഹരണം കാറ് എന്ന കറുപ്പു നിറത്തേക്കുറിക്കുന്ന വാക്ക് കറുത്ത മേഘത്തെ ലക്ഷ്യമായി അറിയിക്കുമ്പോഴും, ആ പരുവത്തിൽ വിളയിക്കുന്ന ധാന്യങ്ങളെ അറിയിക്കുമ്പോഴും ആകുപേർ ലക്ഷകം, തന്നെ ആയിരിക്കുന്നു. തനിക്കിണങ്ങിയ അർത്ഥത്തെയല്ലാതെ വേറെ അർത്ഥത്തെ ഏതെങ്കിലും സംബന്ധം മൂലം ലക്ഷ്യമാക്കിക്കാട്ടുന്ന സ്വഭാവത്തോടുകൂടിയ ആ കുറിപ്പുച്ചൊല്ലുകൾതന്നെ ആ ലക്ഷ്യമായി അറിയിക്കുന്ന പ്രകൃതി പണ്ടുപണ്ടേ ഉള്ളതെന്ന വിശേഷത്താൽ ആകുപേരെന്ന ഉൾപ്പിരിവായി തിരിഞ്ഞിരിക്കുന്നു.

സംസ്കൃതത്തിൽ ആ ആകുപേർ അല്ലെങ്കിൽ ലക്ഷകം വെളിപ്പടച്ചൊല്ലു (യോഗരൂഢി)കളായി അംഗീകരിച്ചിരിക്കുന്നു. ഉദാഹരണം. പാദഃ, 'പദ്യതേ അനേനേതി പാദഃ' ഗമിക്കപ്പെടുന്നതുകൊണ്ട് പാദംകാൽ എന്നർത്ഥം കാലെന്ന അവയവനാമം ആ അവയവത്തെപ്പോലെ, നാലിൽ ഒന്നെന്ന അർത്ഥത്തേയും അതിന്റെ ഗുണങ്ങളേയും 'പാദസദൃശഃ പാദഃ' പാദത്തിനു (അളവാൽ) തുല്യമായതു പാദം എന്നും 'പാദാധാരഃ പരിമാണം പാദം' പാദമെന്ന അവയമായ ആധാരത്തോടുകൂടിയ അളവു പാദം എന്ന കാരണം കൊണ്ട് അർത്ഥമേർപ്പെട്ടിരിക്കയാൽ കാരണക്കുറിമരപ് (യോഗരൂഢം) എന്നാകുന്നു. ഈ വിഭാഗത്തിൽപെട്ട വാക്കുകൾ മിക്കവാറും തദ്ധിതപ്രത്യയം ചേർത്ത് അതിനെ ലോപിപ്പിച്ച് വെളിപ്പടച്ചൊല്ലുകളായി കാണിച്ചിരിക്കുന്നു. ഉദാഹരണം മാവിന്റെ നാമമായ ചൂതമെന്ന

വാക്ക് അതിന്റെ അവയവമായ പൂവ്, കായ് ഇവയെ അറിയിക്കുമ്പോൾ 'മയ' എന്ന തദ്ധിതപ്രത്യയം ലോപിച്ച് വീണ്ടും ചൂതമെന്നു തന്നെയായി പൂവെയും പഴത്തെയും അറിയിക്കുന്നു.

നീലനിറത്തെ അറിയിക്കുന്ന നീലശബ്ദം കറുത്ത വസ്തുവെ അറിയിക്കുമ്പോൾ മതുപ്പിന്റെ മകാരത്തിനു വകാരാദേശം വന്നാണ് നീലവത് എന്നാകുന്നത്. 'മതുപ്' പ്രത്യയം വന്ന് നീലവത് എന്നായി പ്രത്യയം ലോപിച്ച് നീലനിറത്തോടുകൂടിയ അർത്ഥത്തെ ബോധിപ്പിക്കുന്നു.

തമിഴിൽ ഇതുപോലുള്ളവയെല്ലാം ആകുപേർകളായി രിക്കുന്നു. ഉദാഹരണം കാലാൽനടന്നാൽ എന്നിടത്തുള്ള കാൽ എന്ന എണ്ണളവുപേർ അത്രയ്ക്കളവുള്ള അവയവത്തെ അറിയിക്കുകയാൽ അകുപേരായി തമിഴിൽ പറഞ്ഞിരിക്കുന്നു.

സംസ്കൃതത്തിൽ പാദഃ എന്ന പാദം, ഭോഗം എന്ന അളവിനെ കാണിക്കുന്നതായിരുന്നാലും വെളിപ്പട (ശക്തം) എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സാധാരണ വ്യവഹാരത്തിന് ഉപയോഗമായി അർത്ഥത്തെ വ്യക്തമായി അറിയുക്കുന്നവയെല്ലാം വെളിപ്പടച്ചൊല്ലുകളെന്നു സംസ്കൃതം വിധിക്കുന്നു. അതുകൊണ്ട് കുറിപ്പുച്ചൊല്ലുകളിൽ ആക്കു പേരെന്ന് ഒരു വിഭാഗം സംസ്കൃതത്തിൽ ഇല്ല. ആധാരം, സാദൃശം തുടങ്ങിയ പല സംബന്ധങ്ങളാൽ പാരമ്പര്യമായി നടന്നുവരുന്നു വെന്നുള്ളതാണ് കാരണക്കുറിമരപെന്ന ശബ്ദവിഭാഗത്തിനു ഹേതു. ഈ ആകുപേർചൊല്ലിനും അതു തന്നെ കാരണമായിരിക്കുന്നു. അതു കൊണ്ട് അവ മറ്റൊരു വിഭാഗമെന്ന എണ്ണപ്പെടുന്നില്ല.

തമിഴിൽ കാരണക്കുറിമരപിന് ഉദാഹരണമായി പറയപ്പെട്ട വിലങ്കെനശബ്ദം വിലങ്കുതൻ വിലകൻ (നീങ്ങൽ) എന്ന ക്രിയയെ അറിയിച്ച് അതിനാധാരമായിരിക്കുന്ന മൃഗം എന്ന പൊരുളിനെ കാട്ടുന്നു.

'നീലം ചൂടിനാൻ' ഇവിടെ നീലനിറത്തിനാധാരമായ കൂവളമലരെ അറിയിക്കുന്നു. ഈ രണ്ടും ആകുപേർ ചൊല്ലുകൾ തന്നെ. നീങ്ങൽ ക്രിയ, നീലം ഗുണം ഈ രണ്ടേ വ്യതാസമുള്ളുമ് എല്ലാവാക്കുകളും കാരണത്തോടുകൂടിത്തന്നെ ഉണ്ടാകുന്നു. അവയിൽ ജ്ഞാതകാരണമായവ കാരണക്കുറി കളാകും. അജ്ഞാതകാരണങ്ങൾ രൂഢികളായതല്ല. ആകുപേരു കൾക്കും ഈ ലക്ഷണം തന്നെ ചേരുന്നതിനാൽ അവയെ കാരണക്കുറി (യോഗരൂഢി) മരപെന്നു വ്യവസ്ഥാപിക്കുന്നതാണ് സംസ്കൃതമുറയ്ക്കു ചേരുന്നതെന്നിരിക്കെ അങ്ങനെ പറയാത്തതു പഴയ് തമിഴു ലക്ഷണത്തെ ആശ്രയിച്ചതുകൊണ്ടാണ. പൊറ്റൊടി എന്നു അനുമൊഴി തുകച്ചൊല്ല് പൊൻവള എന്ന നേരായ അർത്ഥത്തെ കുടാതെ ആ വളയോടുകൂടിയ സ്ത്രീയെ ലക്ഷ്യമാക്കുന്നതിനാൽ കുറിപ്പുച്ചൊല്ലാകുന്നു.

സംസ്കൃതത്തിൽ തൂകച്ചൊൽ (സമസ്തപദങ്ങൾ) എല്ലാം വ്യാകരണപ്രകരണം ഇന്ന വിധത്തിൽ വരുമെന്ന് വ്യവസ്ഥ ചെയ്തിരിക്കയാൽ വെളിപ്പടച്ചൊല്ലുകൾ ശക്തങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് അനുമൊഴി ത്തുകയും (ബഹുവ്രീഹിസമസ്തപദവും) വെളിപ്പടച്ചൊല്ലുകൾ തന്നെ. ഇവനിപ്പോൾ പൊന്നൻ എന്നിടത്തു ഇപ്പോൾ എന്ന കാലം ചേരുന്നതിനു തക്കതായ പൊന്നൻ എന്ന അർത്ഥത്തെ മാത്രമല്ലാതെ ആയിരിക്കുന്നവൻ എന്ന ക്രിയാർത്ഥത്തെയും

കുറിച്ചു കാട്ടുകയാൽ വിനൈക്കുറിപ്പു (ക്രിയാലക്ഷ്യം) എന്ന കുറിപ്പുചൊല്ലാകുന്നു.

സംസ്കൃതത്തിൽ 'ഇവനിപ്പോൾ പൊന്നൻ' ഇത്യാദി ഘട്ടങ്ങളിൽ ആയിരിക്കുന്നവൻ എന്ന ശബ്ദം തോന്നുന്നു എന്നും ആ വാക്കിന് (ആധ്യാഹൃതപദം) നിമിത്തം ആ ക്രിയാർത്ഥം സിദ്ധിക്കുന്നു എന്നും അതുകൊണ്ട് പൊന്നൻ എന്ന വാക്ക് വെളിപ്പടപ്പൊല്ലെന്നും സ്വീകാര്യമത്രേ. മുതൽക്കുറിപ്പു, തുകക്കുറിപ്പു തുടങ്ങിയവ സംസ്കൃത ലക്ഷകത്തോട് ഒത്തിരിക്കുന്നു. അതിനാൽ അവ ഇവിടെ എടുത്തു കാട്ടേണ്ട ആവശ്യമില്ല. വ്യത്യസ്തമായവ മാത്രമേ ഇവിടെ നിരൂപണത്തിനു വിഷമാക്കീട്ടുള്ളു.

ലിംഗനിരൂപണം

ഇനി ലിംഗവ്യവസ്ഥയെ സംബന്ധിച്ചു കൂടി കുറഞ്ഞൊന്നു നിരൂപിക്കാം. ഇതിനു തമിഴിൽ പാൽ (പ്രകരണം) എന്നു പറയും. 'ലിംഗ്യതേ ജ്ഞായതേ അനേന ഇതി ലിംഗം'[44] ഇതിൽ നിന്നു ആൺ, പെൺ, ഈ രണ്ടുമല്ലാത്തത് എന്ന രൂപം അറിയപ്പെടുന്നതു ലിംഗം എന്നു കിട്ടുന്നല്ലോ. സ്ത്രീപുരുഷനപുംസകങ്ങളെ കാട്ടുന്ന അടയാളങ്ങൾ ലിംഗങ്ങളെന്നു സാരം. പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം എന്നു ലിംഗങ്ങൾ മൂന്നു വിധം. സംസ്കൃതത്തിൽ തിങന്തങ്ങൾ, അവ്യയങ്ങൾ, ഇവയൊഴിച്ചു എല്ലാ പദങ്ങളും ലിംഗത്തോടു കൂടിയവ തന്നെ. പുരുഷനെ അറിയിക്കുന്ന വാക്കു പുല്ലിംഗം. സ്ത്രീയെ അറിയിക്കുന്ന വാക്കു സ്ത്രീലിംഗം, അചേതങ്ങളെ അറിയിക്കുന്ന വാക്കു നപുസകലിംഗം സധാരണ ഇതാണു പ്രകൃതി നിയമ മനുസരിച്ചുള്ള വ്യവസ്ഥ. സംസ്കൃതത്തിൽ ഈ വ്യവസ്ഥ നിയതമല്ല. ഉദാഹരണം രാമഃ, സീതാ, ഫലം, തിര്യഗ്ജന്തുക്കളായ മൃഗാദികളും ഈ ലിംഗത്തോടുകൂടിയവ തന്നെ. ഉദാഹരണം ഹരിണ (പു), ഹരിണി (സ്ത്രീ), കുക്കുടഃ (പു); കുക്കുടി (സ്ത്രീ); വൃക്ഷവാചകങ്ങൾ പുല്ലിംഗങ്ങൾ; ലതാവാചകങ്ങൾ സ്ത്രീലിംഗങ്ങൾ. ഉദാഹരണം ചൂതഃ (മാവ്) മരം, മാലതീ (പിച്ചകം) ലത.

ഈ പിരിവ് മരങ്ങളിൽ ബലം, രൂപവലിപ്പം തുടങ്ങിയ പുരുഷഗുണങ്ങളിരിക്കകൊണ്ടും വല്ലികളിൽ (അബലാത്വം), മരങ്ങളോടു ചേർന്നിരിക്ക മുതലായ സ്ത്രീഗുണങ്ങളിരിക്ക

[44] അറിയപ്പെടുന്നത് എന്തുകൊണ്ടെന്നാൽ അത് ലിംഗമെന്നർത്ഥം.

യാലും ആ ഗുണങ്ങളനുസരിച്ചു രൂപകത്താൽ വന്നുചേർന്ന തെന്നൂഹിക്കാം ഇവ കൂടാതെ ജഡത്വത്തെ ലക്ഷീകരിക്കുന്ന അനേകം പദങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അതെങ്ങനെ ഘടിക്കുമെന്നു കണ്ടുപിടിക്കുന്നതിനു കഴിയാത്ത നിലയിൽ അവ പുരുഷസ്ത്രീ ഭാവങ്ങളടഞ്ഞു പോയിരിക്കുന്നു. ഉദാഹരണം ഘടഃ, സൗധഃ, തടീ, അന്തികാ (അടുപ്പ്), ഹസന്തീ. ഈ ജഡവസ്തുക്കളെ അറിയിക്കുന്ന പദങ്ങളിൽ ചിലത് ഒരു ലിംഗത്തെയും മറ്റു ചിലത് രണ്ടു ലിംഗങ്ങളേയും വേറേ ചിലതു മൂന്നു ലിംഗങ്ങളേയും ഗ്രഹിക്കുന്നവയായിരിക്കുന്നു. ഉദാഹരണം – ശ്വേതഘടഃ, ഘടീ; സൗധഃ, സൗധം; തടഃ, തടീ, തടം; ജഡവസ്തുക്കൾ സ്ത്രീപുംഭാവങ്ങളോടുകൂടി ഇരിക്കാ ത്തതു കൊണ്ട് അവ ആ രണ്ടുമല്ലാത്ത നപുംസകലിംഗത്തിൽ ചേരത്തക്കവയായിരിക്കുന്നു. എന്നിട്ടും ഇങ്ങിനെ കാണുന്നതു രൂപകത്താലായിരിക്കണം. ഏതു മാതിരി രൂപകത്താലാണന്നു ള്ളത് കാലപ്പഴക്കത്തിൽ കലങ്ങിപ്പോയിരിക്കുന്നു. കാരണമുണ്ടാ യിരുന്നിട്ടും പദങ്ങളിൽ ചിലത് ഇടകുറികൾ (രൂഢി) ആയിപ്പോയതുപോലെ ഇവയും എന്നു വച്ചുകൊള്ളാം. കാരണം അറിയായ്കകൊണ്ട് പദങ്ങൾ സ്വാഭാവികമായുണ്ടാതെന്നു പറയുന്നതിനു വിദ്വാന്മാർ ഒരുങ്ങുകയില്ല. അതുകൊണ്ട്, അതുപോലെ, ചേതനമല്ലാത്ത വസ്തുക്കളെ കാണിക്കുന്ന പദങ്ങൾക്ക് ലിംഗങ്ങൾ സ്വാഭാവികങ്ങൾ എന്നു ശഠിയ്ക്കാൻ അവർ തുനിയുകയില്ല. കവികൾ ശ്ലേഷം മുതലായ അലങ്കാരങ്ങളെ കൃതികളിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യത്തിനായി ജഡവസ്തുക്കൾക്ക് ലിംഗവ്യവസ്ഥ ഏർപ്പെടുത്തിയെന്ന് ഊഹിയ്ക്കാം. ഉദാഹരണം 'അയമൈന്ദ്രീ മുഖം പശ്യ രക്തശ്ചുംബതി ചന്ദ്രമാഃ(കുവലായാനന്ദം, സമാസോക്ത്യലംകാരം), ഇതിനു ഇതാ ചന്ദ്രൻ ചുവപ്പുനിറത്തോടുകൂടി പൂർവ്വദിങ്മുഖം ചുംബിക്കുന്നു

എന്നർത്ഥം കൊടുക്കുമ്പോൾ ഒരു നായകൻ അനുരാഗത്തോടു കൂടി നായികയുടെ മുഖത്തെ ചുംബിക്കുന്നു എന്നു മറ്റൊരു അർത്ഥവും ലക്ഷ്യമാക്കുന്നു.

ഇതു കവിയുടെ ആശയമാകയാൽ കിഴക്കെദിക്കെന്ന അർത്ഥത്തെ സ്ഫുരിപ്പിക്കുന്ന ഐന്ദ്രീ എന്ന ശബ്ദം സ്ത്രീലിംഗമായും ചന്ദ്രമാ എന്ന ശബ്ദം പുല്ലിംഗമായും ഇരിക്കുന്നത് ഇവിടെ കവിഹൃദയത്തിനു സഹായമായിരിക്കുന്നു. ഐന്ദ്രീ കിഴക്കുദിക്ക് സ്ത്രീലിംഗമായതിനാൽ ഒരു നായകി യെന്നും മുഖം, ദിഗ്ഭാഗം വദനമെന്നും , ചന്ദ്രമാ=ചന്ദ്രൻ പുല്ലിംഗമാകയാൽ നായകനെന്നും രക്തചുവപ്പു നിറത്തോടു കൂടിയവൻ അനുരാഗസംയുക്തനെന്നും ചുംബതി ഉമ്മ വയ്ക്കുന്നു. പ്രവേശിക്കുന്നു എന്നും, അയം ഇവൻ, ഇതാ എന്നും രണ്ടുവിധം അർത്ഥം അടങ്ങുന്ന സമ്പ്രദായം.

സംസ്കൃതത്തിലുള്ള ലിംഗവ്യവസ്ഥകേടിനു കവികളാണ് പ്രധാനഭൂതന്മാരെന്നു ആ ഭാഷയിൽ പാണ്ഡിത്യം സിദ്ധിച്ചവർക്ക് അറിയാവുന്നതാണ്. വ്യാകരണമഹാഭാഷ്യ കർത്താവായ പതഞ്ജലിമഹർഷി ലോകത്തുള്ള സകല വസ്തുക്കളും മൂന്നു ലിംഗങ്ങളോട് കൂടിയവതന്നെ എന്നു പറയുന്നു. എല്ലാ വസ്തുക്കൾക്കും ആവിർഭാവം, തിരോഭാവം, സ്ഥിതി എന്നു മൂന്നു സ്വഭാവങ്ങൾ ഉള്ളവയാണ്. ആവിർഭാവം പുരുഷഗുണം, തിരോഭാവം സ്ത്രീയുടെഗുണം, സ്ഥിതി നപുസകഗുണം. സത്വരജസ്തമോഗുണങ്ങളുടെ അവസ്ഥാഭേദങ്ങളായ ഈ മൂന്നു പ്രകൃതികൾ എല്ലാ വസ്തുക്കളിലും ഇരിക്കയാൽ അവയെല്ലാം മൂന്നു ലിംഗങ്ങൾക്കും അധികരണങ്ങളാണ്. ഇങ്ങനെ അദ്ദേഹം തന്റെ പൂർവ്വപ്രതിജ്ഞ യെ സമർത്ഥിക്കുന്നു. ലോകത്ത് ഏതേത് വാക്കുകൾ ഏതേതു ലിംഗങ്ങളായി ഏർപ്പെട്ടിരിക്കുന്നോ

അതതു വാക്കുകൾ അതതു ലിംഗങ്ങളിൽ പ്രയോഗിച്ചു കൊള്ളണമെന്നും ഭാഷ്യക്കാരൻ വിധിക്കുന്നു. വ്യാകരണസൂത്ര കാരനായ പാണിനി മഹർഷി ഇന്ന ശബ്ദം ഇന്ന ലിംഗമാണെന്നു ലോകവ്യവഹാരത്തിൽ നിന്നു മനസ്സിലാക്കി കൊള്ളണമെന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഇതരഭാഷകളിലേപ്പോലെയല്ലാതെ ഇതിൽ ലിംഗങ്ങൾ വേറെ പ്രകാരത്തിൽ ഏർപ്പെടാൻ കാരണമെന്താണന്നു പരിശോധിക്കുമ്പോൾ മേൽപറഞ്ഞ പ്രകാരം കവികളുടെ സൗകരങ്ങളും അതുപോലെയുള്ള മറ്റേതെങ്കിലും അഥവാ രണ്ടും കാരണങ്ങളായിരിക്കണമെ ന്നൂഹിയ്ക്കാം. വക്താവിന്റെ ഇച്ഛപോലെ ലിംഗവ്യവസ്ഥ ചെയ്തുവേന്നാണങ്കിൽ മനുഷ്യർ തിര്യക്കുകളിൽ ഈ രണ്ടിലും പുല്ലിംഗത്തെ സൂചിപ്പിക്കുന്ന പദങ്ങളെല്ലാം മിത്രം പോലെ ഒന്നോ രണ്ടോ വാക്കുകളൊഴികെ പുല്ലിംഗങ്ങളായും സ്ത്രീയെന്നു കാണിക്കുന്ന പദങ്ങളെല്ലാം ദാരാഃ, കളത്രം, ക്ഷേത്രം ഇങ്ങനെ രണ്ടോ മൂന്നോ വാക്കുകളോഴിച്ചു സ്ത്രീലിംഗനാമങ്ങളായും നിയമേന ഇരിക്കാൻ കാരണമെന്ത്? പാണിനീസൂത്രം, അധ്യായം 4, പാദം 1, സൂത്രം 3 'സ്ത്രീയാം' എന്ന സൂത്രത്തിന്റെ മഹാഭാഷ്യത്തിന്റെയും ശബ്ദേന്ദുശേഖര ത്തേയും നോക്കുക.

'സ്തനകേശവതീ സ്ത്രീ സ്യാത്, ലോമശഃ പുരുഷഃ സ്മൃതഃ, ഉഭയോരന്തരം യച്ച തദഭാവേ നപുസംകം'

സ്തനകേശങ്ങളുള്ളവൾ സ്ത്രീ, മീശയുള്ളവൻ പുരുഷൻ, ആൺ, പെൺ ഈ രണ്ടും സമാനമായിരിക്കുന്നതു നപുംസകം എന്ന ഭാഷ്യപദ്യത്തേയും അതിന്റെ വിവരണമായ കൈയട ത്തേയും ശബ്ദേന്ദുശേഖരത്തേയും നോക്കുക. മുല, കേശം മുതലായ മുഖ്യമായ എല്ലാ അടയാളങ്ങളും എന്നർത്ഥം. ആദ്യം

ആണ്, പെണ്ണ്, അതല്ലാത്തത് ഈ പിരിവിനനുസരിച്ച് സ്ത്രീലിംഗ ശബ്ദങ്ങളും ഏർപ്പെട്ടു. പിന്നീട് കാലക്രമേണ കവികളും മറ്റുള്ളവരും പല കാരണങ്ങൾ കൊണ്ട് ജഡത്വത്തെ സൂചിപ്പിക്കുന്ന ശബ്ദങ്ങൾക്കും ഇതര ലിംഗങ്ങൾ ആരോപിച്ചുവന്നു എന്നല്ലാതെ സത്വരജസ്തമസ്സുകളുടെ അവസ്ഥാഭേദം നിമിത്തം എല്ലാ വാക്കുകളും ഏതു ലിംഗത്തിനും ഇണങ്ങിയതെന്നു കരുതി ലോകനിയമം നോക്കാതെ ലിംഗനിർണ്ണയം ചെയ്തതല്ലെന്നും ലിംഗനിയമം കാണാത്തതെന്തെന്നു ചോദിക്കുന്നവർക്കു ഓരോ ഉത്തരം കൊടുത്തോഴിക്കാൻ വേണ്ടി പതഞ്ജലി അങ്ങിനെ പറഞ്ഞുവെന്നും സ്പഷ്ടമാകുന്നതാണ്.

തമിഴിൽ നാമപദങ്ങൾ ഉയിർത്തിണച്ചൊല്ലുകൾ, അറിണച്ചൊല്ലുകൾ എന്നു രണ്ടു വക. ദേവന്മാർ, മനുഷ്യർ, നരകർ ഇവർ ആദ്യവിഭാഗത്തിൽ ഉൾപ്പെടും (നന്നൂൽ, ചൊൽ, 261). പക്ഷിമൃഗാദികളും അചേതനങ്ങളും രണ്ടാം പിരിവിൽ. ആദ്യവകുപ്പിൽപ്പെട്ട പദങ്ങൾ, പുല്ലിംഗം, സ്ത്രീലിംഗം, സാമാന്യലിംഗം എന്നു മൂന്നു, ഉദാഹരണം ചാത്തൻ, ചാത്തി, ചാത്തർ, ചാത്തികൾ, അറിണച്ചൊല്ലുകൾ ഒന്റെൻപാൽ, പലവിൻപാൽ എന്നും രണ്ടു വക. ഉദാഹരണം മരൈ, മരൈകൾ, മരം, മരങ്ങൾ പ്രത്യയങ്ങളും ഇവിടെ ചേർക്കണം.

സംസ്കൃതത്തിൽ ആ (ടാപ്, ഡാപ്, ചാപ്), ഈ (ങീപ്, ങീഷ്, ങീൻ), തിൻ ഇത്യാദി സ്ത്രീലിംഗ പ്രത്യയങ്ങൾ. ഉദാഹരണം രമാ, ബഹുരാജാ, കാരീഷഗന്ധ്യാ (ഉണങ്ങിയ ചാണകത്തിന്റെ ഗന്ധത്തോടു കൂടിയവന്റെ പുത്രി) രാജ്ഞിങീപ്, ഗൗരീങ്ങീഷ്, ശാർങ്ഗരവീങീൻ, യുവതിതിപ്രത്യയം, മതിഃ, ഗതിഃക്തിൻ പ്രത്യയം.

പുല്ലിംഗനപുംസകലിംഗങ്ങൾക്കു സ്ത്രീലിംഗത്തിനെന്നപോലെ പ്രത്യേകം പ്രത്യയങ്ങളില്ല. വിഭക്തിപ്രത്യയങ്ങൾക്കു ചില വ്യത്യാസങ്ങൾ വന്നു അവ അറിയപ്പെടുന്നു. ഉദാഹരണം വൃക്ഷഃ (ഏകവചനം), വൃക്ഷൗ (ദ്വിവചനം), വൃക്ഷാഃ (ബഹുവചനം); ഫലം (ഏകവചനം),

ഫലേ (ദ്വിവചനം), ഫലാനി (ബഹുവചനം).

ഇവിടെ (ഃ) എന്ന വിസർഗ്ഗം സ്ത്രീലിംഗനപുസകങ്ങളിൽ ഇല്ലാത്തത്തായിട്ടും (അം) മുതലായ നപുംസകലിംഗത്തിനുള്ള നപുംസകപ്രത്യയങ്ങൾ സ്ത്രീലിംഗ പുല്ലിംഗങ്ങളില്ലാത്തതു മായിരിക്കുന്നു. അനേക ശബ്ദങ്ങൾ ഇന്നലിംഗമെന്നു പ്രത്യയവ്യത്യാസങ്ങൾ കൊണ്ട് അറിയുന്നതിനു ഇടയില്ലാതെ ഇരിക്കുന്നു. ഉദാഹരണം 'ശാസ്ത്രകൃത്' ഇതു ശാസ്ത്ര നിർമാതാവായ പുരുഷനേയും സ്ത്രീയേയും കാണിക്കത്തക്കത് രൂപത്തിനും, വിഭക്തിപ്രത്യയങ്ങൾക്കും വ്യത്യാസമില്ല. ഈ വിധ ശബ്ദങ്ങളെല്ലാം അടുത്തുള്ള ശബ്ദങ്ങളുടെ ലിംഗവിഭക്തികളാലും പ്രകരണ (അർത്ഥനിർണ്ണയ)ത്താലും ഇന്ന ലിംഗത്തോടു കൂടിയവയെന്നു അറിയാവുന്നതാണു. പാണിനീമഹർഷിയുടെ ലിംഗാനുശാസനത്തിൽ ഇന്നിന്ന പ്രത്യയങ്ങളുള്ളവ ഇന്നിന്ന ലിംഗങ്ങളെന്നു സാമാന്യ വിധിയും ഇന്നിന്ന ശബ്ദങ്ങൾ ഇന്നിന്ന ലിംഗമുള്ളവയെന്ന വിശേഷവിധിയും കൊടുത്തിരിക്കുന്നു. വിശേഷണപദങ്ങൾ വിശേഷ്യത്തിന്റെ സാമാനലിംഗങ്ങളാ യിരിക്കണം.

വചനനിരൂപണം

ഇനി വചനത്തെകുറിച്ചു ചിന്തിക്കുന്നു. സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം, എന്നു മൂന്നു വചനങ്ങളുണ്ട്. ഉദാഹരണം – രാമഃ, രാമൗ, രാമാഃ ഒരർത്ഥത്തെ കാണിക്കുന്നതു ഏകവചനം. രണ്ടിനെകുറിക്കുന്നതു ദ്വിവചനം, മൂന്നു മുതൽ മേൽപ്പോട്ടുള്ള എല്ലാ സംഖ്യകളെയും കുറിക്കുന്നതു ബഹുവചനം. തമിഴിൽ അൻ, ആൻ, മൻ, മാൻ മുതലായവ പുല്ലിംഗപ്രത്യയങ്ങളും അൾ, ആൾ, ഇ മുതലായവ സ്ത്രീലിംഗപ്രത്യയങ്ങളും അർ, മാർകൾ മുതലായവ സാമാന്യ ലിംഗപ്രത്യയങ്ങളും തു, അൽ മുതലായവ അനേകലിംഗ പ്രത്യയങ്ങളും ആകുന്നു. മുറപ്രകാരം ഉദാഹരണം നോക്കുക.

കുഴൈയൻ, കുഴൈയാൻ, വടമൻ, കോമൻ,
കുഴൈയൾ, കുഴൈയാൾ, പോന്തി
കുഴൈയർ, കുഴൈയാർ, തേവിമാർ, തേവികൾ
അതു തോൻറൽ, അതുകൾ, അവൈ മുതലായവ.

തമിഴിൽ ഉള്ള ഉയിർ തിണൈ, അറിണൈ എന്ന രണ്ടു പിരിവുകൾ സംസ്കൃതത്തിൽ ഇല്ലാത്തതിനു തമിഴിൽ പിൻ കാലത്തിൽ യുക്ത്യസരണമായി ഏർപ്പെടുത്തിയിരിക്കാമെന്നാണെങ്കിൽ അതു ശരിയാകയില്ല. എന്തെന്നാൽ പുല്ലിംഗം, സ്ത്രീലിംഗം, രണ്ടുമല്ലാത്തത് എന്ന വിഭാഗമേ മതിയായിട്ടുള്ളതും യുക്തിക്കു ചേർന്നതുമായിട്ടിരിക്കെ ഉയിർ തിണൈ, അറിണൈ എന്ന വിഭാഗമെന്തിനു? മേലും ഉയിർത്തിണ്ണൈ, അറിണ്ണൈ ഈ പിരിവ് ഏതിനെ തുടർന്ന് വന്നത്? അറിവിനെ അനുസരിച്ചാണങ്കിൽ തീരെ അറിവില്ലാത്ത മരം, കല്ല്, മണ്ണ് മുതലായവയും കുറെ അറിവുള്ളവയായ മൃഗാദികളും

അറിണൈ എന്ന ഒരു വകുപ്പായതെങ്ങിനെ? അറിണൈയിൽ ഏകലിംഗം, അനേകലിംഗം എന്നു രണ്ടു വിധമായി വിഭാഗിച്ചിരിക്കുന്നതുപോലെ ഉയിർതിണൈയിലും ഏകലിംഗം, അനേകലിംഗം എന്നു രണ്ടു പിരിവ് ഇല്ലാത്തതെന്ത്? പുല്ലിംഗം, സ്ത്രീലിംഗം എന്ന പിരിവുകളിൽ ഏകലിംഗം ഉൾപ്പെട്ടുപോയി എന്നാണെങ്കിൽ അനേകലിംഗം. പുല്ലിംഗം, സ്ത്രീലിംഗം ഇവയിൽ ഉൾപ്പെടാതെ നിൽക്കുന്നതോ? ഏകലിംഗം പുല്ലിംഗം, സ്ത്രീലിംഗം ഇവയിൽ കാണുമെങ്കിൽ അനേകലിംഗവും പുല്ലിംഗസ്ത്രീലിംഗങ്ങളിൽ കാണുക തന്നെ ചെയ്യും. ഉദാഹരണം മൈന്താൻ എന്നു പറയുമ്പോൾ 'അൻ' എന്ന പ്രത്യയം ചേർന്ന് ഒരാളിനെ കുറിക്കുന്നു.മൈന്തർ എന്ന ശബ്ദം 'അർ' എന്ന പ്രത്യയം ചേരുമ്പോൾ പലരെ കുറിയ്ക്കുന്നു. ഇങ്ങിനെ രണ്ടുവിധമായ ശബ്ദങ്ങൾ ഓരോ മാതിരിയായി പുല്ലിംഗത്തെ കാട്ടുന്നതോടു കൂടി ഏകത്വം, ബഹുത്വം എന്ന അർത്ഥങ്ങളേയും പ്രത്യേകമായി കാട്ടികൊണ്ടിരിക്കെ ഒന്നു പുല്ലിംഗ ശബ്ദമെന്നും മറ്റൊന്നു അനേകലിംഗശബ്ദമെന്നും വിഭാഗിച്ചിരിക്കുന്നതു യുക്തിക്കു അല്പമെങ്കിലും യോജിക്കുന്നതല്ല. അനേകലിംഗം എന്നതിനെ പകുത്താൽ അതല്ലാത്തത് ഏകലിംഗമെന്നും സ്വയമേ സിദ്ധിക്കും എന്നാണങ്കിൽ പുല്ലിംഗം, സ്ത്രീലിംഗം എന്നു വിഭാഗിച്ചാൽ രണ്ടുമല്ലാത്ത മറ്റോന്നു സിദ്ധിക്കും. ആകയാൽ അനേകലിംഗശബ്ദം പുല്ലിംഗ സ്ത്രീലിംഗങ്ങൾ അല്ലതായിപ്പോകുമല്ലോ. മേലും, അനേക ലിംഗം മറ്റു രണ്ടുലിംഗങ്ങളിലും ഉള്ളതാകയാൽ ഏതാണു അനേകലിംഗശബ്ദമെന്നു ചോദ്യമുണ്ടായാൽ ഉത്തരം പറയുന്നതെങ്ങിനെ? സ്ത്രീത്വവിവക്ഷയിലെ അനേകലിംഗമെന്നാകട്ടെ പുരുഷത്വവിവിയക്ഷയിലെ അനേകലിംഗമെന്നാകട്ടെ പറയാമെന്നാൽ ഉയിർത്തിണൈയിൽ തന്നെ പുല്ലിംഗത്തിലുള്ള ഉയിർതിണൈ സ്ത്രീലിംഗത്തിലുള്ള ഉയിർത്തിണൈ എന്നു

രണ്ടു വകയുണ്ട്. ഈ രണ്ടിലും ഏകാർത്ഥലിംഗം അനേകാർത്ഥലിംഗം എന്നു രണ്ടു വകയും ഉൾപ്പെടുത്തി നാലു വിഭാഗങ്ങൾ ഉണ്ടെന്നു വന്നുകൂടും.

മേലും, മൈന്തർ, നൈങ്കയർ എന്നു പറയുന്നിടത്തു പുല്ലിംഗം, സ്ത്രീലിംഗമെന്നറിയാതെ അനേകലിംഗം എന്നുമാത്രം അറിഞ്ഞാൽ മതിയെന്നാണങ്കിൽ മൈന്തർ, നങ്കൈ, ഇങ്ങിനെ പറയുമ്പോൾ പുല്ലിംഗ സ്ത്രീലിംഗങ്ങളെ അറിയാതെ ഏകലിംഗമെന്നു മാത്രം അറിഞ്ഞാൽ പോരാത്തതെന്ത്? ഇങ്ങിനെ വരുമ്പോൾ ഉയിർത്തിണൈ എന്ന രണ്ടു

വകയും ഏകാർത്ഥലിംഗം, അനേകാർത്ഥലിംഗം എന്നു വിഭാഗിച്ചാൽ വ്യാകരണാചാര്യന്മാർക്ക് എളുപ്പമായിരിക്കും.

മേലും ഒന്ന്, പലത് എന്നവ സംഖ്യാവിഭക്തികളേയും ആൺ, പെൺ എന്നത് ജാതിവിഭക്തികളെയും കാട്ടുന്നവ യാകയാൽ ആ രണ്ടു വകയ്ക്കും ലിംഗമെന്ന ഒരു നാമം തന്നെ കൊടുത്തു ഒരു വകയായിട്ടു വ്യവസ്ഥാപിക്കുന്നതെങ്ങനെ?

സംസ്കൃതത്തിൽ ഈ രണ്ടു വകയ്ക്കും ലിംഗം, വചനം എന്നു വേറെ സംജ്ഞകൾ കൊടുത്തു പ്രത്യേകമായിട്ടും ചേർത്തിരിക്കുന്നു. ആകയാൽ തമിഴിന്റെ ഇപ്രകാരമുള്ള ലിംഗവിഭാഗങ്ങൾ സംസ്കൃതത്തിനോടു സംബന്ധമില്ലെന്നുള്ള തിനേയും പ്രാചീനത്വത്തെയും കാണിക്കുന്നു. തമിഴിൽ മൃഗം, പക്ഷി, മുതലായവയ്ക്കു പുല്ലിംഗം, സ്ത്രീലിംഗം എന്ന വിഭാഗം ഇല്ലാതിരിക്കുന്നതും സംസ്കൃതത്തോടു തീരെ അടുപ്പമില്ലന്നു ള്ളതിനെ കാണിക്കുന്നു. കൂടാതെ തമിഴിൽ മുൻ കാണിച്ച പ്രകാരം അൻ, ആൻ, അൾ, ആൾ എന്ന പ്രത്യയങ്ങൾ സംസ്കൃതത്തിലുള്ള ഃ, ആഃ, ഈഃ, ഈ പ്രത്യയങ്ങളോടു

സംബന്ധമില്ലാതിരിക്കുന്നു. എന്തെന്നാൽ ഇ എന്ന പ്രത്യയം കൂനി, കുഴൈക്കാതി, മണ്ണകത്തി, പുറത്തി മുതലായ ശബ്ദങ്ങളിൽ കാണപ്പെടുന്നു എന്നും ഇതു സംസ്കൃതം തമിഴിൽ കലർന്നതിൽ പിന്നീട് വന്നുചേർന്നതായിരിക്കണം എന്നു ഉന്നേയമായിരിക്കുന്നു.

മേലും കുനി മുതലായ ശബ്ദങ്ങൾ കൂനൾ, കുഴൈക്കാതൾ എന്ന വിധം അൾ, ആൾ പ്രത്യയങ്ങൾ വച്ചും കാണപ്പെടുന്നു. സംസ്കൃതത്തിൽ നിന്നും വന്ന മാനുഷി, ശങ്കരി, ദേവി, കുമാരി, കിന്നരി ശബ്ദങ്ങൾ ഇ എന്ന പ്രത്യയത്തോടുകൂടി മാത്രം ഉപയോഗിക്കപ്പെടുന്നു. അതുകൊണ്ടാണ് മാനുഷി, ശങ്കരി, ദേവി മുതലായ സംസ്കൃതശബ്ദങ്ങളിലുള്ള ഈ എന്ന പ്രത്യയം തമിഴിൽ ഹ്രസ്വമായാതു തന്നെ. ആകയാൽ തമിഴിൽ കാണപ്പെടുന്ന 'ഇ' എന്ന പ്രത്യയം ആദ്യകാലത്തു തന്നെ തമിഴിൽ സ്വയമായി ഉള്ളതെന്നു പറയാൻ പാടില്ല. സംസ്കൃതത്തിൽ വിശേഷണങ്ങൾ (പേരച്ചങ്ങൾ) എല്ലാം വിശേഷ്യത്തിന്റെ ലിംഗവചനങ്ങളെഅനുസരിച്ചേ ഇരിക്കയുള്ളു. ഉദാഹരണം – സുന്ദരഃ പുരുഷഃ, സുന്ദരീ സ്ത്രീ, സുന്ദരം ഗൃഹം. ഇവിടെ സുന്ദര എന്ന പേരച്ചം പുരുഷൻ, സ്ത്രീ, ഗൃഹം എന്ന വിശേഷ്യങ്ങളിൽ ലിംഗവചനങ്ങളെ ആശ്രയിച്ചു തന്നെ ഇരിക്കുന്നു.

തമിഴിൽ പേരച്ചങ്ങൾക്കു ലിംഗവചനങ്ങൾ ഇല്ല. ഉദാഹരണം – അഴകിയ മനുഷ്യൻ, അഴകുള്ള പെണ്ണ്, അഴകുള്ള വീട് ഇങ്ങനെയാണ്. സംസ്കൃതത്തിൽ ഏകവചനം, ദ്വിവചനം, ബഹുവചനം ഇങ്ങിനെ മൂന്നു വചനങ്ങൾ ഉണ്ട്. തമിഴിൽ ഏകവചനം, ബഹുവചനം എന്നു രണ്ടു വചനങ്ങൾ മാത്രമേ ഉള്ളു. സംസ്കൃതത്തിനു മുമ്പ് രണ്ടു വചനങ്ങൾ മാത്രം ഇരുന്നു;

പിൽക്കാലത്തിൽ മൂന്നു വചനങ്ങൾ ഏർപ്പെട്ടിട്ടുള്ളതായിരിക്കണം എന്നു നിശ്ചയം. ദമ്പതിമാർ ചേർന്ന് കർമ്മാനുഷ്ഠാനങ്ങൾ ചെയ്യുന്നത് രണ്ടു പേരേയും കാത്തനുഗ്രഹിക്കുമെന്നുള്ള ഏർപ്പാട് ഉണ്ടായതിന്റെ ശേഷം രണ്ട് പേരും കർമ്മങ്ങളുടെ ആരംഭത്തിനടുത്ത മുമ്പുസമയത്ത് സങ്കൽപ്പം ചെയ്യുന്നതിലും അവസാനകാലത്തു മഹാന്മാരുടെ അടുത്തുനിന്നും ആശീർവ്വാദം സ്വീകരിക്കുന്നതിലും അതിവ്യാപ്തി, അവ്യാപ്തി എന്ന ദോഷങ്ങൾകൂടാതെ അതിന്റെഫലങ്ങൾ മുഴുവനും രണ്ടു പേർക്കും മാത്രം ശരിയായി ഗ്രഹിക്കണമെന്നുള്ള സൗകര്യത്തിനു വേണ്ടി ദ്വിവചനം ഉണ്ടായിട്ടുള്ളതന്നു ഊഹിച്ചറിയണം. അല്ലെങ്കിൽ മൂന്നു മുതൽ എത്രയും കുറിക്കുന്നതിനു ബഹുവചനം മതിയെങ്കിൽ രണ്ടിനെ കുറിക്കുന്നത് ബഹുവചനം എന്തുകൊണ്ട് മതിയാകയില്ല?

മേലും ആദികാലം മുതൽക്കു തന്നെ മൂന്നു വചനങ്ങൾ ഏർപ്പെട്ടിരുന്നപ്പോഴും പിന്നെയും പിന്നെയും കൂടെക്കൂടെ യോജിച്ചു മാറ്റങ്ങൾ ചെയ്തുവന്ന സംസ്കൃതികൾ1 പിൽകാലങ്ങളിൽ മറ്റു ഭാഷകളെക്കണ്ട് ദ്വിവചനം ആവശ്യമില്ലന്നു തള്ളീക്കളയുമായിരുന്നു.

തമിഴിൽ മകിഴ്ച്ചി, ഉയിർവ്വ് മുതലായ അർത്ഥങ്ങളെ കുറിക്കുന്നതിനു ലിംഗവചനവ്യത്യസങ്ങൾ ഉണ്ട് (നന്നൂൽ, പൊതുവിയൽ, 379 സൂ). ഉദാഹരണം 'തൻപുതൽവനൈ എന്നമ്മൈ വന്താൾ' എന്നു സന്തോഷിച്ചു പറയുന്നതിൽ പുല്ലിംഗം സ്ത്രീലിംഗമായിപ്പോയി. എന്നാൽ ഈ സൂത്രത്തിൽ പറയപ്പെട്ട ലിംഗവ്യത്യാസം എന്നതു അലങ്കാരമായി

ഏർപ്പെട്ടതത്രേ [45]. വചനവ്യത്യാസം മാത്രം ഈ ഭാഷയ്ക്കു ചേർന്നതായിരിക്കുന്നു. ഉദാഹരണം ഒരുവനെ പുകഴ്ത്തി പറയുന്നതിൽ 'അവരു വന്താർ' എന്ന ഏകവചനത്തെ ബഹുവചനമാക്കി പ്രയോഗിക്കുന്നു. 'ഏനൈതുണൈയാരായിനും എന്നാന് നിനൈത്തുണൈയുന്തേരാൻ പിറനിൽ പുകൽ' എന്ന സ്ഥലത്തു കോപത്താൽ ബഹുവചനം ഏകവചനം ആയിപ്പോയി സംസ്കൃതത്തിൽ ഈ വിധം വ്യത്യാസമില്ല. ബഹുമതിയെ കാട്ടുന്നതിനു ഈ കാലത്ത് സംസ്കൃതവിദ്വാന്മാർ തമിഴ് ഭാഷ മുതലായ ഭാഷകളെ അനുസരിച്ചുവരുന്നു എങ്കിലും മുങ്കാലത്ത് അങ്ങിനെയില്ല.

സംസ്കൃതത്തിൽ ജാതിയെ കാട്ടുന്നതിനു ബ്രാഹ്മണൻ (ഉയർന്നവൻ)ബ്രാഹ്മണർ (ഉയർന്നവർ) എന്ന പ്രകാരം രണ്ടു വചനത്തേയും ഉപയോഗിച്ചുവരുന്നു. മേലും ഉത്തമപുരുഷവചനമായ അസ്മച്ഛബ്ദത്തെ(ഞാൻ എന്നതിനെ) ഏകവചനം, ദ്വിവചനം, ബഹുവചനം എന്ന മൂന്നർത്ഥങ്ങളിലും അഹം, ആവാം, വയം എന്നതിനു പകരമായി വയം എന്ന ബഹുവചനം സാധാരണമായി ഉപയോഗിക്കുന്നു. ഇതു അന്യനേയും താനായിട്ടു ഭാവിക്കുന്നതിൽ ഏർപ്പെട്ടതാണ്. ഇനി ആപഃ (വെള്ളങ്ങൾ), ദാരഃ (ഭാര്യമാർ), പ്രാണാഃ (പ്രാണവായുക്കൾ), വർഷാഃ (വർഷങ്ങൾ, ഋതു) മുതലായ ഈ ശബ്ദങ്ങൾ വ്യാകരണമൂലമായിട്ടല്ലാതെയും, കോസലഃ, കുരവകാഃ, അംഗാഃ മുതലായ ദേശശബ്ദങ്ങൾ വ്യാകരണമൂലമായിട്ടും ഏകവചനത്തെ കാണിക്കുന്നതിനു എല്ലായ്പ്പോഴും ബഹുവചനമായിട്ട് മാത്രം വഴങ്ങിവരുന്നു. 'അർ' എന്ന ബഹുവചനപ്രത്യയത്തോട് 'കൾ' എന്ന ബഹുവചനപ്രത്യയം വച്ചും ബഹുവചനത്തെ

[45] കോപം, നിന്ദ തുടങ്ങിയവയെ കുറിക്കുന്ന സന്ദർഭങ്ങളിൽ ലിംഗവചനാദികൾ മാറിയാലും കുഴപ്പമില്ലെന്ന് നന്നൂൽ 172-ാം സൂത്രത്തിൽ പറഞ്ഞിട്ടുണ്ട്.

കാണിപ്പാൻ ഏർപ്പെടുത്തിവരുന്നു. സംസ്കൃതത്തിൽ ഒരു വചനപ്രത്യയത്തിന്റെ മേൽ മറ്റൊരു വചനപ്രത്യയത്തെ വയ്ക്കുന്നില്ല.

സംസ്കൃതത്തിൽസ്ത്രീലിംഗപുല്ലിംഗങ്ങളിൽ ഏകവചനത്തെ കാട്ടുന്നതിനു തമിഴിലേപ്പോലെ ഭേദങ്ങളുണ്ടങ്കിലും ബഹുവചനത്തെ കാണിക്കുന്നതിനു അഃ (ജസ്) എന്ന പ്രത്യയം മാത്രം (പുല്ലിംഗസർവ്വനാമം ഒഴിച്ചു) ഉപയോഗപ്പെടുത്തുന്നു. പുല്ലിംഗം രാമാഃ(രാമ+അഃ=രാമാഃ), ഹരയഃ (ഹരയ്+അഃ=ഹരയ:), സ്ത്രീലിംഗം സ്ത്രീയഃ(സ്ത്രീയ്+അഃ=സ്ത്രീയഃ), ഗൗര്യഃ (ഗൗരയ്+അഃ=ഗൗര്യഃ). മറ്റുള്ളവയെ ക്രമേണ കണ്ടുകൊള്ളുക.

തമിഴിൽ പുല്ലിംഗബഹുവചനത്തെ കാണിക്കുന്നതിനു അർ, ആർ, കൾ, മർ, മുതലായ പല പ്രത്യയങ്ങളും, സ്ത്രീലിംഗബഹുവചനത്തെ കാണിക്കുന്നതിനു അർ, ആർ കൾ, മാർ, മുതലായ പല പ്രത്യയങ്ങളുമുണ്ട്. ക്രമത്തിൽ ഉദാഹരണം കുഴൈയർ, കുഴൈയാർ, ആൺകൾ, വടമർ, മുതലായവയും, കോതൈയർ, കോതൈയാർ, പെൺകൾ, തേവിമാർ, മുതലായവയുമാകുന്നു. ഇനി സംസ്കൃതത്തിൽ നപുംസകലിംഗത്തിലും (അലിപ്പാലിലും) (അറിണൈ) ഇ എന്നതുമാത്രം ബഹുവചനപ്രത്യയമായിരിക്കുന്നു. ഉദാഹരണം (ജ്ഞാനാനി) ജ്ഞാനാൻ+ഇ=ജ്ഞാനാനി, (വാരിണി) വാരീണു+ഇ=വാരീണി, (മൃദുനി) മൃദുൻ+ഇ=മൃദുനി ഇത്യാദി. തമിഴിൽ അറിണൈയിൽ ബഹുവചനത്തെ കാണിക്കുന്നതിനു വൈ, കൾ, അവ് മുതലായ പല പ്രത്യയങ്ങളുണ്ട്. ഉദാഹരണം അവൈ, മരങ്കൾ, യാവൻ, അവ് മുതലായവ.

വിഭക്തിനിരൂപണം

സംസ്കൃതത്തിൽ ഏഴു വിഭക്തികളുണ്ട്. അവ പ്രഥമാ, ദ്വിതീയ, തൃതീയ, ചതുർത്ഥീ, പഞ്ചമീ, ഷഷ്ഠീ, സപ്തമീ ഇവയാണ്. ഇവയിൽ പ്രഥമാവിഭക്തിയിൽ സംബോധന പ്രഥമാ എന്നൊരു ഭേദം കൂടിയുണ്ട്. ഓരോരോ വിഭക്തിയിലും ഏകദ്വിബഹുത്വങ്ങളെ കാട്ടുവാൻ പ്രത്യേകം പ്രത്യേകം പ്രത്യയങ്ങളുണ്ട്. ആകയാൽ വിഭക്തി പ്രത്യയങ്ങൾ 21 ആകുന്നു. തമിഴിലും സംബോധന പ്രഥമയോടുകൂടി എട്ടായിട്ട് വിഭക്തികൾ പിരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ സംസ്കൃതത്തിലെ പോലെ ഓരൊരോ വിഭക്തിയിലും ഏകത്വബഹുത്വങ്ങളെ കാട്ടുന്നതിനു പ്രത്യേകം പ്രത്യയങ്ങളില്ല.

പ്രഥമൈക വചനശബ്ദത്തോടു ഐ മുതലായ പ്രത്യയങ്ങളെ ചേർത്ത് ഏകവചനത്തിലും പ്രഥമാബഹുവചന ശബ്ദത്തോടു ഐ മുതലായ പ്രത്യയങ്ങളെ ചേർത്തു ബഹു വചനത്തിലും ഉപയോഗപ്പെടുത്തുന്നു. ഉദാഹരണം ചാത്തൻ എന്ന ഏകവചനത്തോടു ഐ പ്രത്യയം വച്ചു ചാത്തനൈ എന്നും ചാത്തർ എന്ന പ്രഥമാബഹുവചനശബ്ദത്തോടു ഐ എന്ന പ്രത്യയം വച്ചു ചാത്തരൈ എന്നും പറയുന്നു. ഇതുപോലെ കണ്ടുകൊൾക. സംസ്കൃതത്തിൽ പ്രഥമയുടെ പ്രത്യയങ്ങളെ തന്നെയാണു സംബോധനപ്രഥമയ്ക്കും ഉപയോഗപ്പെടുത്തുന്നത്. എന്നാൽ സംബോധനപ്രഥമൈക വചനത്തിൽ മാത്രം വിഭക്തി വന്നു ലോപിച്ചു വിഭക്തി ഇല്ലാത്തതു പോലെ കാണപ്പെടുന്നു. ഉദാഹരണം രാമഃ, രാമൗ, രാമാഃ എന്നത് പ്രഥമാവിഭക്തി, രാമ, രാമൗ, രാമാഃ എന്നത് സംബോധന പ്രഥമ. ചില അക്ഷരങ്ങൾ അന്തമായിട്ടുള്ള ശബ്ദങ്ങളിൽ വിഭക്തിപ്രത്യയം ലോപിക്കുന്നതോടുകൂടി അന്ത്യ

ങ്ങളിൽ ചില വികാരങ്ങളുണ്ട്. ഉദാഹരണം ഹരിഃ, ഹരീ, ഹരയഃ; ഹരേ, ഹരീ, ഹരയഃ.

പ്രഥമയായത് കർത്താ, കർമ്മം, മുതലായവ വിശേഷാർത്ഥങ്ങളെ എടുത്തു കാണിക്കാതെ പ്രാതിപദിക ത്തിന്റെ (നാമധാതുവിന്റെ)അർത്ഥത്തെ മാത്രം കാട്ടുന്നു. സംബോധനപ്രഥമയ്ക്കു പ്രഥമയുടെ പ്രത്യയങ്ങളല്ലാതെ വേറേ പ്രത്യയങ്ങളില്ലാത്തതിനാൽ പ്രഥമയിൽ ചേർക്കപ്പെടും. ഈ സംബോധനാവിഭക്തിശബ്ദങ്ങൾ ഹേ എന്ന അവ്യയത്തെ ആദ്യമായിട്ടു വച്ചും പ്രയോഗിക്കപ്പെടും. ഉദാഹരണം ഹേ രാമ. തമിഴിൽ വേറേ പ്രത്യയവികാരങ്ങൾ വരികയാൽ എട്ടാമതു പ്രത്യേക വിഭക്തിയായിട്ട് സംബോധനാപ്രത്യയം പറയപ്പെട്ടി രിക്കുന്നു. ഉദാഹരണംചാത്താ വാ, ഇവിടെ ചാത്തൻ വരുന്നു എന്നുള്ള പ്രഥമാശബ്ദത്തിൽ നിന്നുമുള്ള വ്യത്യാസത്തെ കണ്ടുകൊള്ളുക. തമിഴിൽ പ്രഥമാവിഭക്തിക്ക് (എഴുവായ് വേറ്റുമൈ) പ്രത്യേകം പ്രത്യയങ്ങളില്ല. ഇപ്രകാരം പ്രത്യയാഭാവം തന്നെയാണു പ്രഥമാവിഭക്തിക്ക് ലക്ഷണമായിരിക്കുന്നത്. (നന്നൂൽ, സൂ 295).

സംസ്കൃതത്തിൽ പ്രഥമയും മറ്റുള്ള വിഭക്തികളെ പ്പോലെ പ്രത്യയത്തോടു കൂടിയതാണ്. അല്ലാതെയും അതാതു വിഭക്തി യിലും പ്രത്യേകം പ്രത്യേകമായി വചനാർത്ഥങ്ങളോടു കലർന്നു വിഭക്ത്യർത്ഥങ്ങളെ കാട്ടുവാൻ പ്രത്യേക പ്രത്യയ ങ്ങളുണ്ട്. ഉദാഹരണം രാമ+അം=രാമം, അം വിഭക്തിപ്രത്യയം (ഒരു രാമനെ); രാമൗ, ഔ പ്രത്യയം (രണ്ടു രാമന്മാരെ); രാമാൻ, ശസ്പ്രത്യയം (ബഹുരാമന്മാരെ).

തമിഴിൽ വചനങ്ങളെ കാട്ടുന്ന പ്രത്യയങ്ങൾ വിഭക്തി പ്രത്യയങ്ങളായിട്ട് അംഗീകരിക്കപ്പെടുന്നില്ല. വചനപ്രത്യയ

ങ്ങളോട് പ്രഥമയിൽ യാതൊരു വിഭക്തിപ്രത്യയവും ചേരുന്നില്ല, മറ്റുള്ളവിഭക്തികളിൽ ഐ മുതലായ ഓരോരോ പ്രത്യയം മാത്രമേ ചേർന്നിട്ടുള്ളൂ. ഉദാഹരണം (ചാത്തൻ) അൻ പ്രത്യയം ഏകവചനത്തെ കാട്ടുന്നത്. ചാത്തർ അർ പ്രത്യയം ബഹുവചനത്തെ കാട്ടുന്നത്. ചാത്തനൈ ഈ രണ്ടു ഭാഗത്തും 'ഐ' എന്ന ഒരു പ്രത്യയമത്രെ കർമ്മത്തെ കാട്ടുന്നത്. മറ്റു സ്ഥലങ്ങളിലുള്ളതുപോലെ തന്നെ തമിഴിൽ എട്ട് വിഭക്തി കളാണെന്നുള്ളത് സംസ്കൃതികളായ വ്യാകരണാചാര്യന്മാർ പിൻകാലങ്ങളിൽ ഏർപ്പെടുത്തിയതാണ്.

സംസ്കൃതത്തിൽ രൂപവ്യത്യാസം മൂലമായിട്ടു തന്നെ ഏഴുവിഭക്തികൾ ഏർപ്പെട്ടു. അല്ലാതെ അർത്ഥവ്യത്യാസം നിമിത്തം ഏർപ്പെട്ടതല്ലാ. എന്തെന്നാൽ പ്രഥമാവിഭക്തിയിൽ സംബോധനമെന്ന അർത്ഥം അതിന്റെ അഭാവമാകുന്ന വിശേഷങ്ങളിരിക്കുന്നുണ്ടങ്കിലും അവയെ വേർത്തിരിക്കുന്നില്ല. രണ്ടാമതിൽ ഗാം ദോഗ്ദ്ധി പയഃ, ഹരിഃ ദേവാൻ അമൃതം ആശയത്, (പശുവിനെ പാലെ കറക്കുന്നു, ഹരി ദേവന്മാരെകൊണ്ട് അമൃതത്തെ ഭക്ഷിപ്പിച്ചു); ഇതുപോലെയുള്ള സ്ഥലത്തു പശുവിനെയെന്നതു പശുവിലിരുന്ന് എന്നതുപോലെ യുള്ള വേറേ വിഭക്തിയുടെ അർത്ഥത്തെ കാണിക്കുന്നതിനാലും, 'നികഷാ ലങ്കാം' (ലങ്കയെ സമീപത്തിൽ) എന്ന മുതലായ സ്ഥലങ്ങളിൽ ലങ്കയുടെ എന്ന സംബന്ധാർത്ഥത്തെ തരികയാലും 'മാസം അധീതെ' (മാസത്തിൽ മുഴുവനും പഠിക്കുന്നു), 'ക്രോശം കൂടിലാ നദീ' (നദി ഒരു വിളിപ്പാട്ട് മുഴുവനുമുള്ള ദൂരത്തിൽ വളഞ്ഞൊഴുകുന്നു) മുതലായ സ്ഥലത്ത് കാലത്തേയും വഴിയേയും കുറിക്കുന്ന ശബ്ദ ങ്ങളിൽനിന്നു മുഴുവനിലും എന്ന ആധാരാർത്ഥത്തിലും, 'ഉപഹരിം സുരാഃ' (ദേവന്മാർ ഹരിയെക്കാളും കുറഞ്ഞ

വർ)എന്നു പഞ്ചമീവിഭക്തിയുടെ അർത്ഥത്തിലും 'നദീമന്വ വസിതാ സേനാ' എന്നതിൽ (സേന നദിയോട് സംബന്ധിച്ചു) എന്ന തൃതീയ വിഭക്ത്യർത്ഥത്തിലും വരുന്നു. 'അദ്ധ്യാസ്തേ വൈകുണ്ഠം ഹരിഃ' (ഹരി വൈകുണ്ഠത്തിൽഇരിക്കുന്നു)മുതലായ സ്ഥലത്തു ആധാരാർത്ഥത്തെ കാട്ടുന്നു. ത്രിതീയാവിഭക്തി കർത്താ, കരണം (കരുവിനെസഹാർത്ഥയോഗം) (ഉടനികഴ്വ്) ഈ അർത്ഥങ്ങളെ കാട്ടുന്നു. ഉദാഹരണം 'രാമേണ ഹതോ രാവണഃ' (രാമനാൽ രാവണൻ കൊല്ലപ്പെട്ടു), 'കരേണ ആദദാതി അന്നം' (കൈകൊണ്ടു ചോറിനെ എടുക്കുന്നു), 'പുത്രേണ സഹ ആഗച്ഛതി പിതാ' (അച്ഛൻ മകനോടു കൂടി വരുന്നു.) അല്ലാതെയും രണ്ടോ മൂന്നോ ധാതുക്കളുടെ സംബന്ധത്തിൽ തൃതീയയും ദ്വിതീയയും ഒരേ അർത്ഥത്തിൽ ഉപയോഗപ്പെടുന്നു. 'അക്ഷാൻ അക്ഷൈഃ വാ ദിവ്യതീ' അക്ഷങ്ങളെ അല്ലങ്കിൽ ചൂതുകളെ അഥവാ അക്ഷങ്ങൾ കൊണ്ടു വിളയാടുന്നു. (ചൂതു കളിക്കുന്നു). 'പിത്രാ പിതരം വാ സഞ്ജാനീതേ', 'കാരയതി ഭൃത്യേന ഭൃത്യം വാ ഘടം' ഭൃത്യനെക്കൊണ്ടല്ലങ്കിൽ ഭൃത്യനെ ഘടത്തെ ചെയ്യിക്കുന്നു. ചതുർത്ഥീവിഭക്തി സമ്പ്രദാനാർത്ഥ ത്തെയും ചിലേടത്തു ദ്വിതീയാ വിഭക്തി ഉദ്ദേശാർത്ഥത്തേയും കാണിക്കുന്നു. ഉദാഹരണം വിപ്രായ ഗാം ദദാതി (ബ്രാഹ്മണ നായി പശുവിനെ കൊടുക്കുന്നു), ഫലായ യതതേ (ഫലത്തി നായിയത്നിക്കുന്നു), ഹരയേ ക്രുദ്ധ്യതി (ഹരിയെ കോപിക്കുന്നു), പുഷ്പായ സ്പൃഹയതി (പുഷ്പത്തെ ആഗ്രഹിക്കുന്നു). അല്ലാതെയും ചിലേടത്തു ദ്വിതീയയും ചതുർഥിയും

ഒരേ അർത്ഥത്തിൽ വരുന്നു. ഉദാഹരണം ത്വാം തൃണാം തൃണായ വാ നഗന്യേ (നിന്നെ പുല്ലായിട്ടും കൂടെ അതായതു പുല്ലോളവും കൂടെ വിചാരിക്കുന്നില്ല), ഗ്രാമം ഗ്രാമായ വാ ഗച്ഛതി (ഗ്രാമത്തിനു പോകുന്നു). അല്ലതെയും

ഒരിടത്ത് തൃതീയാർത്ഥത്തിലും ചതുർഥി വരും. ഉദാഹരണം ശതേന ശതായ വാ പരിക്രീണതേ ഭൃത്യം (നൂറു നാണയം കൊണ്ടടിമയാക്കി വേലക്കാരനെ വാങ്ങിക്കുന്നു).

തമിഴിൽ മരുനിലം, പഴം മുതലായ അറിണൈ ച്ചൊല്ലുകളിലും അന്ത്യമായ അം എന്നത് സംസ്കൃതത്തിലുള്ള വനം, ഫലം മുതലായ നപുംസകലിംഗങ്ങളുടെ അന്ത്യത്തോടൊ ത്തിരിക്കുന്നു. ഈ യൊജിപ്പു തമിഴിൽ നിന്നും സംസ്കൃത ത്തിലായതാണന്നു തോന്നുന്നു.

എന്തെന്നാൽ നിലം, പഴം മുതലായ ശബ്ദങ്ങൾ തമിഴിൽ പകാപ്പദങ്ങളായിരിക്കുന്നു. സംസ്കൃതത്തിൽ പ്രഥമാവിഭക്തി ഏകവചന പ്രത്യയമായി കാണപ്പെടുന്നു. പ്രത്യത്തോടുകൂടാതെ ഉപയോഗപ്പെടുന്ന ശബ്ദങ്ങൾക്കു യുക്ത്യനുസരണമായി പ്രത്യയം ഏർപ്പെടുത്തി ആ പ്രത്യയത്തെ മറുപടിയും ലോപിപ്പിച്ചിരിക്കുന്നു. ഉദാഹരണം വാരി (ജലം), മധു (തേൻ) മുതലായ ശബ്ദങ്ങൾ പ്രത്യയം ചേരാതെ തന്നെ പ്രഥമൈക വചനലക്ഷണമായിത്തന്നെ ഇരിക്കുന്നു. അപ്രകാരം ഫലം, വനം മുതലായ ശബ്ദങ്ങൾ പ്രത്യയം ചേരാതിരിക്കെ അമ് എന്നതിനെ പ്രത്യമായി പിരിച്ച് വന, ഫല മുതലായവയെ അടയാളമായി ഏർപ്പെടുത്തിയെന്നു ഊഹിയ്ക്കാം.

രമു ക്രീഡായാം, ഇതിലെ രമ് എന്നതു ധാതുവാണ് (പകുതി). ക്രീഡയെന്നത് ഇതിന്റെ അർത്ഥം. രമു എന്ന ധാതു ക്രീഡായാം (വിളയാട്ട്) എന്ന അർത്ഥത്തോടു കൂടിയതാകുന്നു. ഈ ധാതുവിനെ വിഭാഗിക്കുമ്പോൾ രമ്+ഉ എന്നാകും ഇതിലെ 'ഉ' എന്നത് 'ഉപദേശേƒജനുനാസിക ഇത്'' (പാ.സൂ. 132) ഉപദേശത്തിൽ, ആഗമം, ആദേശം, ധാതു, പ്രത്യയം മുതലായവ ഉപദേശിക്കപ്പെടുമ്പോൾ, 1 അനുനാസികമായിരിക്കുന്ന അച്ച്

ഇത്താകും എന്ന സൂത്രത്താൽ ഇത്തായി ലോപിച്ചു പോകയാൽ രമ് എന്നുമാത്രം ഇരിക്കവേ 'കരണാധികരണയോശ്ച' (3–3–117) എന്ന അധികാരത്തിലുള്ള 'ഹലശ്ച' (പാ.സൂ. 3–3–121) ഹലന്തമായിരിക്കുന്ന ധാതുവിലിരുന്ന് അധികാരാർത്ഥത്തിൽ (ഇരിപ്പടമെന്ന അർത്ഥത്തിൽ) ഘഞ് പ്രത്യയം വരും എന്ന സൂത്രത്താൽ ഘഞ് വന്നു, രമ്+ഘഞ് എന്നായി. പകുത്തു നോക്കുമ്പോൾ രമ്+ഘ്+അ+ൻ എന്നായി. ഇവയിൽ 'ലശക്വതദ്ധിതേ' (1–3–8) തദ്ധിതപ്രത്യയത്തെ വിട്ടു വേറേ വരുന്ന പ്രത്യയങ്ങളുടെ ആദ്യാവയവയങ്ങളായിരിക്കുന്ന ലകാരം, സകാരം, കവർഗ്ഗം ഇവ ഇത്തുകളായി ഭവിയ്ക്കും എന്ന സൂത്രത്താൽ ഘ് എന്നതും, ഹലന്ത്യം (പാ. സൂ. 1–3–3) (ഉപദേശത്തിൽ അന്ത്യമായിരിക്കുന്ന ഹൽ ഇത്തായിത്തീരും) എന്ന സൂത്രത്താൽ ഞ് എന്നതും ഇത്തുകളായി തീർന്നപ്പോൾ തസ്യ ലോപഃ (പാ. സൂ. 1–3–9) (ഇത്തെന്നുള്ള സംജ്ഞ ഏതിനു വിധിക്കപ്പെടുന്നുവൊ അതിനു ലോപംവരും) എന്ന സൂത്രത്താൽ ഇതു സംജ്ഞകളായ ഘ്, ഞ് ഇവയ്ക്കു ലോപം(അദർശനം) വന്നു പൊയ്പോയി അകാരം ശേഷിക്കുകയും ചെയ്തു. രമ്+അ എന്നിരിക്കെ 'അത ഉപധായാഃ' (പാ. സൂ. 1–2–116)ഉപധയെന്നത് അവസാനത്തിന്റെ മുമ്പിലിരിക്കുന്ന അക്ഷരമാണ്. ഇവിടെ അകാരത്തിനു വൃദ്ധി വന്നു. രാമ്+അ=രാമ എന്നായി. ഇതിനു 'കൃത്തദ്ധിതസമാസാശ്ച' (പാ. സൂ. 1–2–46) (കൃത്പ്രത്യയാന്തവും തദ്ധിതാന്തവും, സമാസവും പ്രാതിപദിതകമാവും) എന്ന സൂത്രത്താൽ പ്രാതിപദികത്വം സിദ്ധിക്കും. രാമ എന്നത് അവ്യുൽപന്ന മാണെന്നും ഒരു പക്ഷമുണ്ട്. ആ പക്ഷത്തിൽ 'അർത്ഥവദധാതുരപ്രത്യയഃ പ്രാതിപദികം' (പാ. സൂ. 1–2–45) (അർത്ഥമുള്ളതായും ധാതു അല്ലാത്തത്തായും പ്രത്യയമല്ലാത്തത്തായും ഇരിക്കുന്ന ശബ്ദം പ്രാതിപദികമാകും) എന്ന സൂത്രത്താൽ പ്രാതിപദികത്വം സിദ്ധിക്കും.

'സ്വൗജസമൗട്ഛഷ്ടാഭ്യാംഭിസ് ങേഭ്യാംഭ്യസ് ങസിഭ്യാംഭ്യസ് ങസോസാംങ്യോസ്സുപ്' (4–1–2) പ്രാതിപദികത്തെക്കാൾ പരമായിട്ടു സ്വാദികളായിരിക്കുന്ന പ്രത്യയങ്ങൾ വരും. സ്വാദികളായ പ്രത്യയങ്ങൾ ഏവ എന്നാൽ

	ഏക	ദ്വി	ബഹു
പ്രഥമ	സു	ഔ	ജസ്
ദ്വിതീയ	അം	ഔട്	ശസ്
തൃതീയ	ടാ	ഭ്യാം	ഭിസ്
ചതുർത്ഥീ	ങേ	ഭ്യാം	ഭ്യസ്
പഞ്ചമീ	ങസി	ഭ്യാം	ഭ്യസ്
ഷഷ്ഠീ	ങസ്	ഓസ്	ആം
സപ്തമീ	ങി	ഓസ്	സുപ്

സുങസികളുടെ ഉകാരവും ഇകാരവും ജ് ശ് ട് ങ് പ് ഇവയും ഇത്തുകളാകയാൽ ഇവയ്ക്കും വിഭക്തികളെന്നു പേർ. മുൻപറഞ്ഞപ്രകാരം എല്ലാ പ്രാതിപദികങ്ങളിന്മേലും ഇവയെ ചേർത്തുകൊള്ളണം. എങ്ങിനെയെന്നാൽ സു എന്നതു പ്രഥമൈകവചന പ്രത്യയമാകയാൽ രാമ+സു എന്നിരിക്കെ വിഭാഗിക്കുമ്പോൾ രാമ+സ്+ഉ എന്നായി. ഉകാരം ഇത്തായി ലോപിച്ചുപോകയാൽ രാമ്+സ് എന്നിരിക്കെ 'സസജുഷോരുഃ' (പാ. സൂ. 8–2–66) എന്ന സൂത്രത്താൽ സകാരത്തിനു രേഫവും (ര് എന്നും), 'ഖരവസാനയോഃ വിസർജ്ജനീയഃ' (പാ. സൂ. 8–3–15)എന്ന സൂത്രത്താൽ രേഫത്തിനും വിസർഗ്ഗവും വന്നു.

രാമ+ഃ=രാമഃ എന്നു പ്രഥമൈകവചനാന്തം സിദ്ധിക്കും. ഔ എന്നത് പ്രഥമാ ദ്വിവചനപ്രത്യയമാകയാൽ രാമ്+ഔ=രാമൗ എന്നായിത്തീരും. ഇങ്ങനെ പ്രഥമാ ദ്വിവചനാന്തപദം സിദ്ധിക്കും. രാമ്+ജ്+അസ് എന്നിരിക്കെ ജ് എന്നതു ലോപിച്ച് പോകുന്നതിനാൽ രാമ+അസ് എന്നായതിന്റെ ശേഷം 'പ്രഥമയോഃ പൂർവ്വസവർണ്ണഃ' (പാ. സൂ. 6–1–102) എന്ന സൂത്രത്താൽ രാമശബ്ദത്തിന്റെ അകാരത്തിനും അസ് എന്നതിന്റെ അകാരത്തിനും കൂടി ഒരു ദീർഘാകാരം വന്നു രുത്വ വിസർഗ്ഗങ്ങൾ വരുമ്പോൾ രാമാഃ എന്നു പ്രഥമാ ബഹുവചനാന്തമായ രൂപം സിദ്ധിക്കും. സംബോധനപ്രഥമൈകവചനപ്രത്യയവും സ് ആകയാൽ രാമ+ സ് എന്നിരിക്കെ 'ഏങ് ഹ്രസ്വാത് സംബുദ്ധേഃ' (പാ. സൂ. 6–1–69) എന്ന സൂത്രത്താൽ സംബോധനപ്രഥമയുടെ ഏകവചനമായി സംബുദ്ധി എന്നു പേരുള്ള സ് എന്നതു ലോപിച്ച് രാമ എന്നാകും. ഇതിന്റെ ദ്വിവചനവും ബഹുവചനവും മുൻപു പ്രഥമയിൽ കാണിച്ച ദ്വിബഹുവചനങ്ങൾപോലെ തന്നെയാണ്. ഔ, ജസ്, ഇവ ചേർന്ന് രാമൗ, രാമാഃ എന്നും രൂപങ്ങൾ സിദ്ധിക്കും. ഈ മൂന്നു വചനങ്ങളുടെ ആദിയിൽ സംബോധനത്തിനു അടയാളമായ വേറോരു ശബ്ദമായ ഹേ എന്നതിനെ ചേർത്ത് ഹേ രാമാ, ഹെ രാമൗ, ഹേരാമാഃ എന്നു സ്വീകരിച്ചു കൊള്ളുന്നു.

അമ് എന്നത് ദ്വിതീയൈകവചനപ്രത്യയമാകയാൽ രാമ+ അമ് എന്നിരിക്കെ 'അമി പൂർവ്വഃ' (പാ. സൂ. 6–1–10) എന്ന സൂത്രത്താൽ രാമ് ശബ്ദത്തിന്റെ അകാരത്തിനും അമ് പ്രത്യയത്തിലെ അകാരത്തിനും കൂടി ഒരു അകാരം ആദേശമായി വന്നു രാമ്+അ+മ്=രാമം എന്നു ദ്വിതീയാന്തവചനമായി രൂപം സിദ്ധിക്കും. ഇതിന്റെ ദ്വിവചനപ്രത്യയം ഔട് ആകയാൽ രാമ+ഔട് എന്നിരിക്കെ ട് എന്നതു ലോപിച്ചു പോകുമ്പോൾ രാമ+ഔ

എന്നായിട്ട് പ്രഥമാദ്വിവചനത്തിലേപ്പോലെ രാമൗ എന്നുള്ളത് ദ്വിതീയ ദ്വിവചനാന്തമായ രൂപം സിദ്ധിക്കും.

'ശസ്' എന്നത് ദ്വിതീയാ ബഹുവചനപ്രത്യയമാകയാൽ രാമ+ശസ് എന്നിരിക്കെ ശ് എന്നത് ലോപിച്ചു രാമ+അസ് എന്നായി പ്രഥമയോ: പൂർവ്വസവർണ്ണഃ എന്ന സൂത്രത്താൽ സവർണ്ണദീർഘം വന്നു. രമാ+ആ+സ്=രാമാസ് എന്നിരിക്കെ 'തസ്മാഛസോ ന പുംസി' (6–1–103) എന്ന സൂത്രത്താൽ സ് എന്നതിനു ൻ എന്ന ആദേശം വന്നു രാമാൻ എന്ന ദ്വിതീയാ ബഹുവചനാന്തമായ രൂപം സിദ്ധിക്കും.

ടാ എന്നതു തൃതീയൈകവചനപ്രത്യയമാകയാൽ രാമ+ട എന്നിരിക്കെ ട് എന്നതിനു ലോപം വന്നു രാമ+ആ എന്നായ പ്പോൾ 'ടാസിങസാമിനാത്സ്യാഃ' (7–1–12) എന്ന സൂത്രത്താൽ ആ എന്നതിനു ഇന എന്ന ആദേശം വന്നു. രാം+ഇന എന്നിരിക്കെ, 'ആദ്ഗുണഃ' (6–7–87) ഈ സൂത്രത്താൽ അ ഇ ഇവ രണ്ടും കൂടി ഒരു ഏകാരം വന്നു രാമ്+ഏ+ന=രാമ്+ഏ+ന്+അ എന്നിരിക്കേ 'അട്കുപ്വാങ്നുംവ്യവായേപി' (8–4–2) എന്ന സൂത്രത്താൽ ൻ എന്നതു ൺ എന്നായി രാമ്+ഏ+ൺ+അ= രാമേണ എന്നു തൃതീയൈകവചനാന്തമായ രൂപം സിദ്ധിക്കും.

ഭ്യാം എന്നതു തൃതീയാ ദ്വിവചനപ്രത്യയമാകയാൽ രാമ+ഭ്യാം=രാമ്+അ+ഭ്യാം എന്നിരിക്കെ 'സുപിച' (7–3–102) എന്ന സൂത്രത്താൽ അകാരത്തിനു ദീർഘം ആദേശമായിട്ട് വന്നു. രാമ്+ആ+ഭ്യാം =രാമാഭ്യാം എന്നു തൃതീയാ ദ്വിവചനാന്ത രൂപം സിദ്ധിക്കും.

ഭിസ് എന്നതു തൃതീയാബഹുവചനപ്രത്യയമാകയാൽ രാമ+ഭിസ് എന്നിരിക്കെ 'അതോ ഭിസ ഐസ്' (7–1–9) എന്ന

സൂത്രത്താൽ ഭിസ് എന്നതിനു ഐെസ് എന്നായപ്പോൾ, 'വൃദ്ധിരേചി' എന്ന സൂത്രത്താൽ അ, ഐ ഇവയ്ക്ക് ഏകാദേശമായിട്ട് ഐകാരം വന്നു രാമ്+ഐ+സ്=രാമൈസ് എന്നായതിന്റെ ശേഷം രുത്വവിസർഗ്ഗങ്ങൾ വന്നു രാമൈഃ എന്നു തൃതീയാ ബഹുവചനാന്തരൂപം സിദ്ധിക്കും. ങേ എന്നത് ചതുർത്ഥിയുടെ ഏകവചനപ്രത്യയമാകയാൽ രാമ+ങേ എന്നിരിക്കുമ്പോൾ 'ങേര്യഃ' (7–1–13) എന്ന സൂത്രത്താൽ ങേ എന്നതിനു യ എന്ന ആദേശം വന്നു. രാമ+യ=രാമ്+അ+യ എന്നായി. 'സൂപി ച' എന്ന സൂത്രത്താൽ അ എന്നതിനു ദീർഘം ആദേശമായിട്ടു വന്നു, രാമ്+ആ+യ=രാമായ എന്നതു ചതുർത്ഥ്യേകവചനാന്തരൂപം സിദ്ധിക്കും.

ചതുർത്ഥീദ്വിവചനത്തിന്റെ പ്രക്രിയകളെല്ലാം തൃതീയാദ്വിവചനത്തിന്റേതുപോലെ തന്നെയിരിക്കും.

ഭ്യസ് എന്നതു ചതുർത്ഥി ബഹുവചന പ്രത്യയമാകയാൽ രാം+ഭ്യസ്=രാമ് +അ+ഭ്യസ് എന്നിരിക്കെ 'ബഹുവചനേ ഝല്യേത്' (7–3–103) എന്ന സൂത്രത്താൽ അ എന്നതിനു ഏ എന്ന ആദേശം വന്നു രാമ്+ഏ+ഭ്യസ് എന്നായ ശേഷം രുത്വവിസർഗ്ഗങ്ങൾ വന്നു രാമേഭ്യഃ എന്ന് ചതുർത്ഥീ ബഹുവചനാന്തമായ രൂപം സിദ്ധിക്കും.

ങസി എന്നതു പഞ്ചമ്യേകവചനപ്രത്യയമാകയാൽ രാമ+ങസി എന്നിരിക്കെ 'ടാങസിങസാമിനാത്സ്യാഃ' എന്ന സൂത്രത്താൽ ആൽ എന്ന ആദേശം വന്നു. രാമ+ആൽ= രാമ്+അ+ആൽ എന്നായി 'അകസ്സവർണ്ണേ ദീർഘഃ' (6–1–101) എന്ന സൂത്രത്താൽ അ, ആ ഇതുകൾക്ക് രണ്ടും കൂടി ആ എന്ന ഒരക്ഷരം ആദേശമായിവന്നു രാമ്+ആ+ൽ=രാമാൽ എന്നും 'വാവസാനേ' (8–4–56)എന്ന സൂത്രത്താൽ രാമാൽ, രാമാദ്

എന്നു രണ്ടു രൂപങ്ങളും 'അനചി ച' (8–4–47) എന്ന സൂത്രത്താൽ ദിത്വം വന്നു രാമാത്ത്, രാമാദ്ദ് എന്നു രണ്ടു രൂപങ്ങളും എന്നിങ്ങനെ നാലു രൂപങ്ങളായിട്ടും വരും. ഇപ്രകാരം പഞ്ചമ്യേകവചനാന്ത രൂപം സിദ്ധിക്കും.

പഞ്ചമീ ദ്വിവചനബഹുവചനങ്ങൾക്കു ചതുർത്ഥി ദ്വിവചന ബഹുവചനങ്ങളുടേതുപോലെ തന്നെ പ്രക്രിയ എന്നറിഞ്ഞുകൊള്ളണം.

ങസ് എന്നത് ഷഷ്ഠ്യേകവചനപ്രത്യമാകയാൽ രാമ+ ങസ് എന്നിരിക്കെ 'ടാങസിങസാമിനാത്സ്യാഃ' എന്ന സൂത്ര ത്താൽ ങസ് എന്നതിനു സ്യ എന്നുള്ള ആദേശം വന്ന് രാമ+സ്യ=രാമസ്യ എന്നു ഷഷ്ഠ്യേകവചനാന്തമായ രൂപം സിദ്ധിക്കും.

ഓസ് എന്നത് ഷഷ്ഠീ ദ്വിവചനപ്രത്യയമാകയാൽ രാമ+ഓസ്=രാമ്+അ+ഓസ് എന്നിരിക്കെ 'ഓസി ച' (7–3–104) എന്ന സൂത്രത്താൽ അ എന്നത് ഏ എന്ന മാറ്റം സംഭവിച്ചു രാമ്+ഏ+ഓസ് എന്നാകും. 'ഏചോയവായാവഃ' (6–1–78) എന്ന സൂത്രത്താൽ ഏ എന്നതിൻ അയ് എന്ന ആദേശം വന്നു രാമ്+അയ്+ഓസ്=രാമയോസ് എന്നും രുത്വവിസർഗ്ഗങ്ങൾ വന്നിട്ട് രാമയോഃ എന്നും ഷഷ്ഠീ ദ്വിവചനാന്തരൂപം സിദ്ധിക്കും.

ആമ് എന്നത് ഷഷ്ഠീ ബഹുവചനപ്രത്യയമാകയാൽ രാമ+ആമ്=എന്നിരിക്കെ 'ഹ്രസ്വനദ്യാപോനുട്' (7–1–54) എന്ന സൂത്രത്താൽ ആമ് എന്നതിനു മുമ്ഭാഗത്തിനു 'നു' എന്ന ആഗമം വന്നു രാമ+ന്+ആമ്=രാമ്+അ+ന്+ആമ് എന്നാകും. 'നാമി' (6–4–3) എന്ന സൂത്രത്താൽ അ എന്നതിനു ദീർഘം വന്നു രാമ്+ആ+നു+ആമ് എന്നും 'അട്കുപ്വാങ്നുമ്

വ്യവായേപി' എന്ന സൂത്രത്താൽ നു എന്നതിനു ണത്വം വന്നു രാമ്+ആ+ൺ+ആം എന്നു സന്ധി ചെയ്യുമ്പോൾ രാമാണാം എന്നും ഷഷ്ഠീ ബഹുവചനാന്തമായ രൂപം സിദ്ധിക്കും.

ങി എന്നത് സപ്തമ്യേകവചനപ്രത്യയമാകയാൽ രാമ+ങി =രാമ്+അ+ങ്+ഇ എന്നിരിക്കെ ങ് എന്നത് ലോപിച്ചു പോകുകയും രാമ്+ഏ+ഇ എന്നാകയും 'ആദ്ഗുണഃ' എന്ന സൂത്രത്താൽ അകാരത്തിനും ഇകാരത്തിനും കൂടിചേർന്ന് ഏകാരം ഗുണമായിട്ടു വന്നു രാമ്+ഏ+=രാമേ എന്നു സപ്തമ്യേക വചനാന്ത രൂപം സിദ്ധിക്കുകയും ചെയ്യും.

ഓസ് എന്ന സപ്തമീ ദ്വിവചനത്തിനു ഷഷ്ഠീദ്വിവചനം പോലെ.

സുപ് എന്നതു സപ്തമീബഹുവചനപ്രത്യയമാകയാൽ രാമ+സുപ് എന്നിരിക്കെ പ് എന്നത് ലോപിച്ചതിന്റെ ശേഷം രാമ്+അ+സു എന്നായി. അപ്പോൾ 'ബഹുവചനേ ഝല്യേത്' എന്ന സൂത്രത്താൽ അകാരത്തിനു ഏകാരം ആദേശമായി വന്നു രാമ്+ഏ+സു=രാമ്+ഏ+സ്+ഉ എന്നിരിക്കും. 'അപദാന്തസ്യ മൂർദ്ധന്യഃ' (8–3–35) എന്നും 'ഇൺ കോഃ' (8–3–57) എന്നുമുള്ള സൂത്രങ്ങളാലും സ് എന്നതിനു ഷ് എന്നു മൂർദ്ധന്യമായ ആദേശം വന്നു രാമ്+ഏ+ഷ്+ഉ =രാമേഷു എന്നു സപ്തമീ ബഹുവചനാന്തമായ രൂപം സിദ്ധിക്കും.

ധാതുനിരൂപണം

ലട്, ലിട്, ലുട്, ല്യുട്, ലേട്, ലോട്, ലങ്, ലിങ്, ലുങ്, ല്യങ് ഇങ്ങനെ ലകാരങ്ങൾ പത്താകുന്നു. ഇതുകളിൽ ലേട് വേദത്തിൽ മാത്രമേയുള്ളൂ. ലൗകികത്തിലില്ല. 'തിപ്തസ്ഝിസിപ്ഥസ്ഥമിബ്വസ്മസ്താതാംഝഥാസാഥാംധ്വമിഡ്വഹിമഹിങ്' (3478)

	ഏ.വ.	ദ്വി.വ	ബ.വ
പരസ്മൈപദം			
പ്രഥമപുരുഷൻ	തിപ്	തസ്	ഝി
മദ്ധ്യമപുരുഷൻ	സിപ്	ഥസ്	ഥ
ഉത്തമപുരുഷൻ	മിപ്	വസ്	മസ്
ആത്മനേപദം			
പ്രഥമപുരുഷൻ	ത	ആതാം	ഝ
മധ്യമപുരുഷൻ	ഥാസ്	ആഥാം	ധ്വം
ഉത്തമപുരുഷൻ	ഇട്	വഹി	മഹിങ്

ലട് മുതലായ പത്തു ലകാരങ്ങൾക്കും മേൽപറഞ്ഞവ ആദേശങ്ങളായി ഭവിക്കും. ഇവയിൽ ആദ്യം പറഞ്ഞവ ഒൻപതും പരസ്മൈപദങ്ങളും രണ്ടാമതു പറഞ്ഞവ ഒൻപതും ആത്മനേപദങ്ങളുമാകുന്നു.

'വർത്തമാനേ ലട്' (3–2–123) വർത്തമാന ക്രിയാവൃത്തി യായിരിക്കുന്ന അതായതു നടപ്പുകാലത്തുള്ള ക്രിയയെപ്പറയുന്ന ധാതുവിനു ലട് വരും എന്നർത്ഥം. 'ഭൂ സത്തായം' ഇതിൽ ഭൂ എന്നത് ധാതുവാണ്. അത് സത്തായാം സത്തയിൽ (ഉണ്ടെന്നു ള്ള അർത്ഥത്തിൽ) വരും.

ലട് എന്നതു വർത്തമാനക്കാലത്തെ കുറിക്കുന്ന പ്രത്യയ മാകയാൽ ഭൂ+ലട് എന്നു വന്നു. വിഭാഗിക്കുമ്പോൾ ഭ്+ല്+അ+ട് എന്നായി ഇവയിൽ അ, ട്, എന്നുള്ളവ ഇത്തുകളായി ലോപിച്ചുപോകയാൽ ഭൂ+ല് എന്നിരിക്കുന്നു. അപ്പോൾ തിപ് തസ്, ഝി എന്നു തുടങ്ങിയ സൂത്രത്താൽ ല എന്നതിനു (ഒരാൾ ചെയ്യുന്ന പ്രവർത്തിയെക്കുറിക്കുമ്പോൾ) തിപ് എന്നത് ആദേശമായി വന്നു ഭൂ+തിപ് എന്നിരിക്കെ പ് എന്നത് ഇത്താകയാൽ ലോപിച്ചു പോയതിന്റെ ശേഷം ഭൂ+തി എന്നായി തീർന്നു. ആയവസരത്തിൽ 'കർത്തരി ശപ്' (3–1–68) എന്ന സൂത്രത്താൽ മദ്ധ്യഭാഗത്തിൽ ശപ് എന്നു വന്നു. ഭൂ+ശപ്+തി=ഭൂ+ശ്+അ+പ്+തി എന്നിരിക്കെ ശ്, പ്, എന്നുള്ള രണ്ടും ഇത്തുക്കളായി ലോപിച്ചശേഷം ഭൂ+അ+തി=ഭ്+ഊ+അ+തി എന്നായിതീർന്നു. അപ്പോൾ 'സർവ്വധാതുകാർധധാതുകയോഃ' (7–2–84) ഈ സൂത്രത്താൽ ഉ എന്നതിനു ഓകാരം ആദേശ മായി വന്നു ഭ്+ഓ+അ+തി എന്നിരിക്കെ 'ഏചോയവായവഃ' എന്ന സൂത്രത്താൽ ഓ എന്നതിനു അവ് എന്ന് ആദേശം വന്ന് ഭ്+അവ്+അ+തി=ഭവതിഎന്ന രൂപം സിദ്ധിക്കും.

ഭൂ+ല് രണ്ടുപേർ ചെയ്യുന്ന പ്രവർത്തിയെക്കുറിക്കു മ്പോൾ ല് എന്നതിനു തസ് എന്ന ഒരാദേശം വന്നു ഭൂ+തസ് എന്നും കർത്തരി ശപ് എന്ന സൂത്രത്താൽ ഭൂ+ശപ്+തസ്= ഭൂ+ശ്+അ+പ്+തസ് എന്നും വന്നതിനു ശേഷം ഭൂ+അ+തസ്

എന്നും പിന്നീട് ഭോ+അ+തസ് എന്നും അതിന്റെ പിറകെ ഭവ്+അ+തസ് എന്നും വന്നും ഭവതസ് എന്നായിട്ട് രുത്വ വിസർഗ്ഗങ്ങൾ ചേരുമ്പോൾ ഭവതഃ എന്നു സിദ്ധിക്കും.

രണ്ടിലധികം പേർ ചെയ്യുന്ന പ്രവർത്തിയെ കുറിക്കുമ്പോൾ ല എന്നതിനു ഝി എന്നൊരു ആദേശം വന്നു ഭൂ+ഝി എന്നാകും പിന്നെ ഭൂ+ശപ്+ഝി എന്നും , ഭവ്+അ+ഝ+ഇ എന്നും ഇരിക്കവേ 'ഝോന്തഃ' (7–1–3)എന്ന സൂത്രത്താൽ ഝ് എന്നതിനു അന്ത് എന്നൊരു ആദേശം വന്നു ഭവ്+അ+അന്ത്+ഇ എന്നായി. 'അതോഗുണേ' (6–1–97) എന്ന സൂത്രത്താൽ അ, അ എന്ന രണ്ടക്ഷരങ്ങൾക്കും ഒരു അകാരം ആദേശമായി വന്നു ഭവ്+അ+ന്തി=ഭവന്തി എന്ന രൂപം സിദ്ധിക്കും.

മദ്ധ്യമപുരുഷനിൽ, ത്വം, യുവാം, യൂയം (നീ, നിങ്ങൾ രണ്ടുപേർ, നിങ്ങൾ ബഹുക്കൾ). ഇതിൽ ഒരാൾ ചെയ്യുന്നതിനെ കുറിയ്ക്കുമ്പോൾ ല എന്നതിനു സിപ്' വന്നു. പ് എന്നതു ലോപിച്ചു ഭൂ+അ+സി എന്നും ഭവ്+അ+സി എന്നും സിദ്ധിച്ചു.

മദ്ധ്യമപുരുഷനിൽ, രണ്ടുപേർ ചെയ്യുന്നതിനെ കുറിക്കുമ്പോൾ ഥസ് എന്ന ആദേശം വന്നു ഭൂ+ഥസ്, മുമ്പു വിവരിച്ചതുപോലെ ഭവ+ഥസ്=ഭവഥസ്=ഭവഥഃ എന്നായി. മദ്ധ്യമപുരുഷനിൽ രണ്ടിലധികം പേർ ചെയ്യുന്നതിനെ കാട്ടുമ്പോൾ 'ഥ' എന്ന ആദേശം വന്നു ഭു+ഥ, മുൻപോലെ ഭവഥ എന്നു സിദ്ധമായി.

ഉത്തമപുരുഷനിൽ, അഹം, ആവാം, വയം (ഞാൻ ഞങ്ങൾ, രണ്ടാൾ, ഞങ്ങൾ ബഹുക്കൾ). ഇതിൽ ഒരാൾ ചെയ്യുന്നതിനെ കുറിയ്ക്കുമ്പോൾ ല് എന്നതിനു മിപ് വരും. പ് എന്നത് ഇത്താകയാൽ ലോപിച്ചു മി ശേഷിയ്ക്കും. ഭൂ+മി മുൻപറഞ്ഞതുപോലെ ഭവ്+അ+മി എന്നിരിക്കുമ്പോൾ 'അതോ

ദീർഘോ യഞി' (7–2–101) എന്ന സൂത്രത്താൽ അകാരത്തിനു ദീർഘം വന്നു ഭവ്+ആ+മി=ഭവാമി എന്നു സിദ്ധിയ്ക്കും.

ഉത്തമപുരുഷനിൽ രണ്ടുപേർ ചെയ്യുന്നതിനെ കുറിയ്ക്കുമ്പോൾ ല് എന്നത്'വസ്' എന്ന ആദേശം വന്നു. ഭൂ+വസ് എന്നായി. മുൻപോലെ ഭവ്+ആ+വസ്+ എന്നായി അകാരത്തിനു ദീർഘം വന്നു ഭവ്+ആ+വസ്+=ഭവാവസ്. രുത്വവിസർഗ്ഗങ്ങൾ വന്നു ഭവാവഃ എന്നു സിദ്ധിയ്ക്കും.

ഉത്തമപുരുഷനിൽ മൂന്നു പേർ ചെയ്യുന്നതിനെ കുറിക്കുമ്പോൾ ല് എന്നതിൻ മസ് എന്നു ഓരാദേശം വന്നു ഭൂ+മസ് എന്നായി. മുമ്പു പറഞ്ഞതുപോലെ ഭവ്+അ+മസ് പിന്നെ ഭവ്+ആ+മസ്, രുത്വവിസർഗ്ഗങ്ങൾ വന്നു ഭവാമഃ എന്നാകും.

പ്രത്യക്ഷമില്ലാത്തതും തലേദിവസം രാത്രി പതിനഞ്ചു നാഴിക മുതൽ നാളതു രാത്രിയിൽ പതിനഞ്ചു നാഴികവരെയുള്ള അറുപതു നാഴികകളിൽ നടക്കാത്തതുമായ ഒരു ഭൂതകാലത്തിലുള്ള ക്രിയയെ കുറിക്കുന്നതിനു ലിട് ഉപയോഗിക്കപ്പെടുന്നതിനാൽ 'പരസ്മൈപദാനാം ണലതുസുസ്ഥലഥുസണലവമാഃ' (3–4–82) ലിട്ടിന്റെ (പരസ്മൈപദത്തിൽ) ആദേശങ്ങളായിട്ട് തിപ് മുതലായ ഒൻപതു പ്രത്യയങ്ങൾക്ക് ക്രമേണ ആദേശങ്ങളായിട്ട് ണൽ, അതുസ്, ഉസ്, ഥല്, അഥുസ്, അ, ണല്, വാ, മ ഇവ വന്നുചേരും എന്ന സൂത്രത്താൽ ഭൂ+ലിട് എന്നിരിക്കെ വിഭാഗിക്കുമ്പോൾ ഭൂ+ല്+ഇ+ട് എന്നായി. ഇ, ട്, എന്നിവ ഇത്തുകളായാൽ ലോപിച്ചിട്ട് ഭൂ+ല് എന്നിരിക്കുമ്പോൾ ല് എന്നതിനു തി ആദേശം വരികയും ഭൂ+തി എന്നാകയും തി എന്നതിനു ണല് ആദേശം വരികയും ഭൂ+ണല്=ഭൂ+ണ്+അല് എന്നാകുകയും ചെയ്യും. ഇവയിൽ ണ്, ല് ഇവ രണ്ടും ഇത്സംജ്ഞകളാകയാൽ ലോപിച്ചു പോകുമ്പോൾ ഭൂ+അ

എന്നാകും. അപ്പോൾ 'ഭുവോവുഗ് ലുങ്ലിടോഃ' (6–4–88) എന്ന സൂത്രത്താൽ ഭൂ എന്നതിനു വ് എന്നു അവസാനത്തിൽ ചേർന്ന് ഭൂ+വ്+അ എന്നിരിക്കുമ്പോൾ 'ലിടി ധാതോരനഭ്യാസസ്യ' (618) എന്ന സൂത്രത്താൽ ഭൂവ് എന്നതുഇരട്ടിച്ചു ഭൂവ് ഭൂവ്+അ എന്നാകും. 'ഹലാദിഃ ശേഷഃ' (7–4–60) എന്ന സൂത്രത്താൽ ആദ്യത്തെ ഭൂവ് എന്നതിലിരിക്കുന്ന 'വ്' എന്നതു ലോപിയ്കുമ്പോൾ ഭൂ+ഭൂവ്+അ എന്നും 'ഹ്രസ്വഃ' (7–4–59) എന്ന സൂത്രത്താൽ ആദ്യത്തെ ഭൂ എന്നതിന്റെ ഉകാരത്തിനു ഹ്രസ്വഭാവം വന്നു (കുറുകി) ഭൂ+ഭൂവ്+അ=ഭ്+ഉ+ഭൂവ്+അ എന്നും 'ഭവേതരഃ' (7–4–60) എന്ന സൂത്രത്താൽ ഹ്രസ്വമായിതീർന്ന ഉകാരത്തിനു 'അ' എന്ന ആദേശം വന്നു ഭ്+അ+ഭൂവ്+അ എന്നും 'അഭ്യാസേ ചർച്ച' (8–4–54) എന്ന സൂത്രത്താൽ ഭ് എന്നതിനു ബ് എന്നു ആദേശം വന്നു ബ്+അ+ഭൂവ്+അ=ബഭൂവ എന്നു സിദ്ധിയ്ക്കും.

ദ്വിവചനത്തിലെ തസ് എന്നതിനു അതുസ് എന്നു ആദേശം വന്നു ഭൂ+അതുസ് എന്നിരിക്കവെ മുൻ വിവരിച്ച പ്രകാരം ബഭൂവ്+അതുസ്, രുത്വവിസർഗ്ഗങ്ങൾ വന്നു ബഭൂവതുഃ എന്നു സിദ്ധിക്കും.

ബഹുവചനത്തിലെ ഝി എന്നതിനു ഉസ് എന്ന ആദേശം വന്ന് ഭൂ+ഉസ് എന്നിരിക്കെ മുൻപറഞ്ഞവിധം ബഭൂവ്+ഉസ്= ബഭൂവുഃ എന്നു സിദ്ധിക്കും.

മദ്ധ്യമപുരുഷന്റെ ഏകവചനത്തിൽ സി എന്നതിനു ഥല് എന്നു ആദേശം വന്നു ഭൂ+ഥല് എന്നിരിക്കെ ല് എന്നതു ഇത്താകയാൽ ലോപിച്ചശേഷം ഭൂ+ഥ, മുൻപ്രക്രിയപോലെ ബഭുവ്+ഥ എന്നിരിക്കെ 'ആർധധാതുകസ്യേഡ്വലാദേഃ' (7–2–35)

ഈ സൂത്രത്താൽ ഥ എന്നതു മുൻപായിട്ട് ഇ എന്ന ആഗമം ചേർന്ന് ബഭുവ്+ഇ+ഥ= ബഭുവിഥ എന്നു സിദ്ധിക്കും.

മദ്ധ്യമപുരുഷദ്വിവചനത്തിൽ ഥസ് എന്നതിനു അഥുസ് എന്ന ആദേശം വന്നു ഭൂ+അഥുസ്=ബഭൂവ് +അഥുസ് =ബഭൂവഥുഃ എന്നു സിദ്ധിക്കും

ടി ബഹുവചനത്തിൽ ഥ എന്നതിനു അ എന്നു ആദേശം വന്നു ഭൂ+അ=ബഭൂവ്+അ=ബഭൂവ എന്നു സിദ്ധിക്കും.

ഉത്തമപുരുഷൈകവചനത്തിൽ മി എന്നതിന് (ണല്) അകാരം ആദേശമായിവന്നു ബഭൂവ്+അ=ബഭൂവ എന്നാകും.

ടി ദ്വിവചനത്തിൽ വസ് എന്നതിനു വ എന്ന ആദേശം വന്ന് ബഭൂവ്+വ എന്നിരിക്കെ 'ആർധധാതുകസ്യേഡ്വലാദേഃ' എന്ന സൂത്രത്താൽ ഇ എന്ന ആഗമം ചേർന്നു ബഭൂവിവ എന്നായി.

ടി ബഹുവചനത്തിൽ മസ് എന്നതിനു മ എന്ന ആദേശം വന്നു ബഭൂവ്+മ എന്നിരിക്കെ ഇഡാഗമം വന്നു ബഭൂവിമ എന്നാകും.

'അനദ്യതനേ ലുട്' (3–3–15) അനദ്യതനമായിരിക്കുന്ന ഭവിഷ്യദർത്ഥത്തിൽ വർത്തിക്കുന്ന ധാതുവിൽ നിന്ന് ലുട് വരും. അതായത് തലേദിവസം പതിനഞ്ചു നാഴിക ഇരുട്ടിയതിനു മേൽ നാളതു പതിനഞ്ചു നാഴിക ഇരുന്നതുവരെയുള്ള അറുപതു നാഴികയ്ക്കകം നടക്കാത്ത ഭവിഷ്യത് (വരാൻ പോകുന്ന) കാലത്തെ കാട്ടുന്നതിനു ലുട് വരും. ഭൂ+ലുട്=ഭൂ+ല്+ഉ+ട് എന്നിരിക്കെ ഉ, ട് ഇതുകൾ ഇത്താകയാൽ ലോപിച്ചു പോയതിനുശേഷം ഭൂ+ല് എന്നിരിക്കുമ്പോൾ ല് എന്നതിനു തി

എന്ന ആദേശം വന്നു ഭൂ+തി എന്നായി. അപ്പോൾ 'സ്യതാസീല്യലുടോഃ' (3-1-33) എന്ന സൂത്രത്താൽ താസ് എന്നതു നടുവിൽ വന്ന് ഭു+താസ്+തി എന്നിരിക്കെ 'ആർധധാതുകസ്യേഡ്വലാദേഃ'എന്ന സൂത്രത്താൽ താസ് എന്നതിനു മുൻഭാഗത്തു ഇ ചേർത്തു ഭൂ+ഇ+താസ്+തി എന്നും ഭ്+ഊ+ഇ+താസ്+തി എന്നും 'സാർവധാതുകാർധധാതുകയോഃ' എന്ന സൂത്രത്താൽ ഊകാരത്തിനു ഗുണം വന്നു ഒ എന്നായിട്ട് ഭ്+ഓ+ഇ+താസ്+തി എന്നും അവാദേശം വന്നു ഭ്+അവ്+ഇ+താസ്+തി=ഭവിതാസ്+തി എന്നും 'ലുടഃ പ്രഥമസ്യഡാരൗരസഃ' (2-4-85) എന്ന സൂത്രത്താൽ തി എന്നതിനു ഡാ എന്നു വന്നു ഭവിതാസ്+ഡ എന്നും ഡ എന്നതു ഇത്തായി ലോപിച്ചു ആ എന്നതു ആദേശമായി വന്നു ഭവിതാസ്+ആ=ഭവിത്+ആസ്+ആ എന്നും 'ടേഃ' (6-4-143) എന്ന സൂത്രത്താൽ ആസ് എന്നതിനു ലോപം വന്നു ഭവിത്+ആ=ഭവിതാ എന്നും രൂപം സിദ്ധിച്ചു.

ദ്വിവചനത്തിൽ ല് എന്നതിനു തസ് ആദേശമായി വന്നു ഭൂ+തസ് എന്നിരിക്കെ മുൻപ്രക്രിയപോലെ ഭവിതാസ്+തസ് എന്നും തസ് എന്നതിനു രൗ എന്നതു ആദേശം വന്നു ഭവിതാസ്+രൗ എന്നും 'രി ച' (7-4-51) എന്ന സൂത്രത്താൽ സ് എന്നതിനു ലോപം വന്നു ഭവിതാ+രൗ =ഭവിതാരൗ എന്നും സിദ്ധിക്കും.

ബഹുവചനത്തിൽ ല് എന്നതിനു ഝി വന്നു ഭൂ+ഝി എന്നിരിക്കെ മുൻപ്രക്രിയപോലെ ഭവിതാസ്+ഝി എന്നും ഝി എന്നതിനു രസ് എന്നത് ആദേശമായിവന്നു ഭവിതാസ്+രസ് എന്നും സ് എന്നതിനു ലോപം വന്നു ഭവിതാ+രസ് എന്നും, രുത്വ വിസർഗ്ഗങ്ങൾ വന്നു ഭവിതാരഃ എന്നും സിദ്ധിക്കും.

മദ്ധ്യമപുരുഷൈകവചനത്തിൽ സി എന്നത് ആദേശം വന്നു ഭൂ+സി എന്നും മുൻപറഞ്ഞപ്രകാരം ഭവിതാസ്+സി എന്നും ഃതാസസ്ത്യോർലോപഃ' (7–4–50) എന്ന സൂത്രത്താൽ സ് എന്നതിനു ലോപം വന്നു ഭവിതാസി എന്നും സിദ്ധം.

മദ്ധ്യമപുരുഷദ്വിവചൻത്തിൽ ഥസ് ആദേശം വന്നു ഭൂ+ഥസ് എന്നിരിക്കെ മുൻപ്രകാരം ഭവിതാസ്+ഥസ് എന്നും രുത്വവിസർഗ്ഗങ്ങൾ വന്ന് ഭവിതാസ്ഥഃ എന്നു സിദ്ധിക്കും.

ടി ബഹുവചനത്തിൽ ഥ ആദേശം വന്നു ഭവിതാസ്+ഥ=ഭവിതാസ്ഥ എന്ന രൂപം സിദ്ധിക്കും.

ഉത്തമപുരുഷൈകവചനത്തിൽ ല് എന്നതിനു മി എന്ന ആദേശം വന്നു ഭവിതാസ് +മി =ഭവിതാസ്മി.

ടി ദ്വിവചനത്തിൽ വസ് ആദേശം വന്ന് ഭവിതാസ് +വസ്, രുത്വവിസർഗ്ഗങ്ങൾ വന്ന് ഭവിതാസ്വഃ.

ബഹുവചനത്തിൽ മസ് ആദേശം വന്നു ഭവിതാസ്മഃ എന്നു സിദ്ധിക്കും.

'ലൃട് ശേഷേ ച' (3–3–13) ഭവിഷ്യദർത്ഥത്തിൽ വർത്തിക്കുന്ന ധാതുവിലിരുന്ന് ലൃട്ടിൽ പറഞ്ഞ വിശേഷമല്ലാതെ സാമാന്യമായി വരുന്ന കാലത്തേയും കുറിക്കുന്നതിനു ലൃട്ട് വരും. ഭൂ+ലൃട് എന്നിരിക്കെ ഋ, ട് ഇവ ഇത്തുക്കളാകയാൽ ലോപിച്ചു ഭൂ+ല് എന്നും ല് എന്നതിനു തി എന്ന ആദേശം വന്നു ഭൂ+തി എന്നും 'സ്യതാസീലൃലുടോഃ' എന്ന സൂത്രത്താൽ നടുവിൽ സ്യ എന്നു വന്നു ഭൂ+സ്യ+തി എന്നും 'ആർധ ധാതുകസ്യേഡ്വലാദേഃ' എന്ന സൂത്രത്താൽ സ്യ എന്നതിനു മുൻപിലായി ഇ എന്ന ആഗമം വന്നു ഭൂ+ഇ+സ്യ+തി=

ഭ്+ഊ+ഇ+സ്യ+തി എന്നും ഊ എന്നതിനു ഓകാരം വന്നു ഭ്+ഓ+ഇ+സ്യ+തി എന്നും, ഓകാരത്തിനും അവ് എന്ന് ആദേശം വന്നു ഭ്+അവ്+ഇ+സ്യ+തി=ഭ്+അവ്+ഇ+സ്+യ+തി എന്നും ആദേശം വന്നു ഭ്+അവ്+ഇ+ഷ്+യ+തി= ഭവിഷ്യതി എന്നും രൂപം സിദ്ധിച്ചു.

ദ്വി വചനത്തിൽ ല് എന്നതിനു തസ് ആദേശം വച്ചു മുൻപ്രക്രിയപോലെ ഭവിഷ്യ+തസ്=ഭവിഷ്യതഃ എന്നായി. ബഹുവചനത്തിൽ ല് എന്നതിനു ഝി വന്നു മുൻപ്രകാരം ഭവിഷ്യ+ഝി എന്നിരിക്കെ ഝി എന്നതിനു അന്തി എന്ന ആദേശം വന്നു ഭവിഷ്യ+അന്തി=ഭവിഷ്+യ്+അ+അന്തി എന്നിരിക്കുമ്പോൾ രണ്ട് അകാരങ്ങൾക്ക് ഒരകാരം വന്ന് ഭവിഷ്+യ്+അന്തി=ഭവിഷ്യന്തി എന്നു സിദ്ധിച്ചു.

മദ്ധ്യമപുരുഷൈകവചനത്തിൽ സി എന്നത് ആദേശമായിവന്നു ഭവിഷ്യസി എന്നും, മദ്ധ്യമപുരുഷദ്വിവചനത്തിൽ ഥസ് എന്നതു വന്ന് ഭവിഷ്യ+ഥസ്=ഭവിഷ്യഥഃ എന്നും, ടി ബഹുവചനത്തിൽ ഥ എന്നത് ആദേശം വന്നു ഭവിഷ്യഥ എന്നും, ഉത്തമപുരുഷൈകവചനത്തിൽ മി എന്നു ആദേശം വന്നു ഭവിഷ്യ+മി =ഭവിഷ്+യ്+അ+മി എന്നും അകാരത്തിനു ദീർഘം വന്നു ഭവിഷ്+യ+ആ+മി=ഭവിഷ്യാമി എന്നും, ഉത്തമപുരുഷദ്വിവചനത്തിൽ വസ് ആദേശം വന്ന് മുൻപറഞ്ഞ പ്രകാരം ഭവിഷ്യ+വസ് =ഭവിഷ്യാവഃ എന്നും ടി ബഹുവചനത്തിൽ മസ് എന്നതു വന്ന് ഭവിഷ്യാമഃ എന്നും രൂപങ്ങൾ സിദ്ധിച്ചു.

'ലോട് ച' (3–3–162) വിധി മുതലായ അർത്ഥതലത്തിലുള്ള ധാതുക്കൾക്ക് അതായത് മേൽ വിവരിക്കാൻ പോകുന്ന വിധി മുതലായ അർത്ഥങ്ങളും ആശീർവ്വാദങ്ങളും

ചെയ്യുമ്പോൾ വരുന്ന കാലത്തെ കുറിക്കുന്നതിനു ലോട് വരും. 'ആശിഷി ലിങ്ലോടൗ' (3–3–173) ആശിസ്സിൽ ലിങ്ങും ലോട്ടും വരും. ഭൂ+ലോട് എന്നിരിക്കെ അതായത് ഭൂ+ല്+ഓ+ട് എന്നിരിക്കുമ്പോൾ ഓ, ട് എന്നിവ ഇത്തുക്കളാകയാൽ ലോപിച്ചു പോയി ശേഷിച്ച ല് ഭൂധാതുവിന്റെ പിൻപുവന്നു ഭൂ+ല് എന്നായി. പ്രഥമപുരുഷൈകവചനപ്രത്യയമായ തി എന്നതു ല് എന്നതിന്റെ ആദേശമായിട്ടു വന്നു ഭൂ+തി എന്നിരിക്കെ ലട്ടിൽ പറഞ്ഞതു പോലെ ഭവ+ത്+ഇ എന്നും വിശേഷിച്ചു 'ഏരുഃ' (3–4–56) എന്ന സൂത്രത്താൽ ഇ എന്നതിനു ഉ എന്നു വന്നു ഭവത്+ഉ=ഭവതു എന്നും.

ആശീർവ്വാദത്തെ കാണിക്കുമ്പോൾ 'തുഹ്യോസ്താതങ്ങാശിഷ്യന്യതരസ്യാം' (7–1–35) എന്ന സൂത്രത്താൽ തു എന്നതിനു താത് എന്നു വരുമ്പടി ഭൂ+താത് മുൻപ്രകാരം ഭവ+താത്= ഭവതാത് എന്നും,

ദ്വിവചനത്തിൽ തസ് ആദേശം വന്നു ഭൂ+തസ് എന്നിരിക്കെ 'തസ്ഥസ്ഥമിപാം താന്തന്താമഃ' (3–4–101) എന്ന സൂത്രത്താൽ തസ് എന്നതിനു താം എന്ന ആദേശം വന്നു ഭവ+താം=ഭവതാം എന്നും,

ബഹുവചനത്തിൽ ഝി എന്ന ആദേശം വന്ന് ഭവ+ഝി എന്നിരിക്കെ ഝി എന്നതിനു അന്തി ആദേശം വന്നു ഭവ+അന്തി എന്നും അതായത് ഭവ+അ+ന്ത്+ഇ, 'ഏരുഃ' എന്ന സൂത്രത്തിൽ ഇ എന്നതിനു ഉ ആദേശം വന്നു ഭവ+അന്ത്+ഉ എന്നും രണ്ടകാരത്തിനു കൂടി ഒരകാരം വന്നു ഭവ്+അന്ത്+ഉ=ഭവന്തു എന്നും,

മദ്ധ്യമപുരുഷനിലെ ഏകവചനത്തിൽ ല് എന്നതിനു സി ആദേശം വന്നു ഭവ+സി എന്നിരിക്കെ 'സേർഹ്യപിച്ച്' (3–4–87) എന്ന സൂത്രത്താൽ സി എന്നതിനു ഹി വന്നു ഭവ+ഹി എന്നും 'അതോ ഹേഃ' എന്ന സൂത്രത്താൽ ഹി എന്നതിനു ലോപം വന്നു ഭവ എന്നും ഇവിടെയും ആശീർവ്വാദത്തിൽ മുൻപ് വന്നപോലെ ഭവതാത് എന്നും,

മദ്ധ്യമപുരുഷദ്വിവചനത്തിൽ ഥസ് ആദേശം വന്ന് ഭവ്+ഥസ് എന്നിരിക്കെ 'തസ്ഥസ്ഥമിപാം താന്തന്താമഃ' എന്ന സൂത്രത്താൽ ഥസ് എന്നതിനു തം എന്ന ആദേശം വന്നു ഭവ+തം=ഭവതം എന്നും,

ടി ബഹുവചനത്തിൽ മുൻപ്രകാരം ഥ എന്നതിനു ത എന്നു വന്നു ഭവ+ത =ഭവത എന്നും,

ഉത്തമപുരുഷൈകവചനത്തിൽ ല് എന്നതിനു മി എന്നു ആദേശം വന്ന് ഭവ +മി എന്നിരിക്കെ 'മേർനിഃ' (3–4–89) എന്ന സൂത്രത്താൽ മി എന്നതിനു നി എന്ന ആദേശംവന്നു ഭവ+നി എന്നും 'ആഡുത്തമസ്യപിച്ച്' (3–4–92) എന്ന സൂത്രത്താൽ നി എന്നതിനു മുൻഭാഗത്തായി ആ എന്ന ആഗമം വന്നു ഭവ+ ആ+നി=ഭവ്+അ+ആ+നി എന്നും അ ആ ഇവയ്ക്ക് രണ്ടിനും കൂടി ആ എന്ന ആഗമം വന്നു ഭവ+ആ+നി+=ഭവ്+അ+ആ+നി= ഭവ്+അ+ആ+നി എന്നും അ ആ ഇവയ്ക്കു രണ്ടിനും കൂടി ആ എന്നു ഒരക്ഷരം ആദേശമായി വന്നു ഭവ്+ആ+നി=ഭവാനി എന്നും,

ഉത്തമപുരുഷദ്വിവചനത്തിൽ ല് എന്നതിനു വസ് എന്ന് ആദേശം വന്നു ഭവ+വസ് എന്നും വസ് എന്നതിനു ആകാരം മുൻപിൽ ചേർന്നു ഭവ+ആ+വസ്, ഭവാവസ് എന്നും 'നിത്യം

ങിതഃ' (3–3–99) എന്ന സൂത്രത്താൽ സ് എന്നതിനു ലോപം വന്നു ഭവാവ എന്നും

ടി ബഹുവചനത്തിൽ മസ് എന്ന ആദേശം വന്നു ഭവാമസ് എന്നിരിക്കെ മുൻപറഞ്ഞതുപോലെ സ് എന്നതിനു ലോപം വന്നു ഭവാമ എന്ന രൂപം സിദ്ധിച്ചു.

'അനദ്യതനേ ലങ്' (3–2–111) അനദ്യതന ഭൂതാർത്ഥ വൃത്തിയായിരിക്കുന്ന ധാതുവിന്, അതായതു മുൻപറയപ്പെട്ട അറുപതു നാഴികകളിൽ നടക്കാത്ത ഭൂതകാലത്തെ കുറിക്കു ന്നതിനായി ലങ്' ഉപയോഗപ്പെടും. ഭൂ+ലങ്=ഭൂ+ല്+അങ് എന്നിരിക്കെ അ, ങ് ഇവ രണ്ടും ഇത്തുക്കളാകയാൽ ലോപിച്ചുപോയി 'ലുങ്ലങ്ലൃങ്ക്ഷ്വഡുദാത്തഃ' (6–4–71) എന്ന സൂത്രത്താൽ ഭൂ എന്നതിനു മുൻപായി അ എന്നതു ചേർന്ന് അ+ഭൂ+ല എന്നിരിക്കേ ല് എന്നതിനു തി എന്ന ആദേശം വന്ന് അഭൂ+തി എന്നായി. അപ്പോൾ മുൻപറയപ്പെട്ടവിധം ഭൂ എന്നത് ഭവ എന്നായി അഭവ+തി=അഭവത്+ഇ എന്നിരിക്കുമ്പോൾ 'ഇതശ്ച' (3–4–100) എന്ന സൂത്രത്താൽ ഇ എന്നതിനു ലോപം വന്ന് അഭവ+ത്=അഭവത് എന്നു സിദ്ധിച്ചു.

പ്രഥമപുരുഷദ്വിവചനത്തിൽ ല് എന്നതിനു തസ് എന്ന ആദേശം വന്നു മുൻപറയപ്പെട്ടമട്ടിൽ അഭവ+തസ് എന്നിരിക്കു മ്പോൾ 'തസ്ഥസ്ഥമിപാം താന്തന്താമഃ' എന്ന സൂത്രത്താൽ തസ് എന്നതിനു താം എന്ന ആദേശം വന്നു അഭവ+താം=അഭവതാം എന്നു സിദ്ധിച്ചു.

ബഹുവചനത്തിനു ല് എന്നുതിനു ഝി എന്ന ആദേശം വന്നു അഭവ+ഝി എന്നിരിക്കെ ഝിയ്ക്ക് അന്തി ആദേശം വന്ന് അഭവ+അന്തി =അഭവ+അൻ+ത്+ഇ എന്നും 'ഇതശ്ച' എന്ന

സൂത്രത്താൽ ഇകാരത്തിനും 'സംയോഗാന്തസ്യ ലോപഃ' (8–2–23) എന്ന സൂത്രത്താൽ ത് എന്നതിനും ലോപം വന്ന് അഭവ+അൻ=അഭവ്+അ+അൻ എന്നും രണ്ടകാരങ്ങൾക്കും കൂടി ഒരു അകാരം വന്ന് അഭവ്+അൻ=അഭവൻ എന്നും സിദ്ധമായി.

മദ്ധ്യമപുരുഷൈകവചനത്തിൽ ല് എന്നതിനു സി എന്ന് ആദേശംവന്നു അഭവ+സി=അഭവ+സ്+ഇ എന്നും, ഇ എന്നതിനു ലോപം വന്നു അഭവ+സ എന്നും രുത്വവിസർഗ്ഗങ്ങൾ വന്ന് അഭവഃ എന്ന രൂപം സിദ്ധമായി.

മദ്ധ്യമപുരുഷദ്വിവചനത്തിൽ ഥസ് ആദേശം വന്ന് അഭവ+ഥസ് എന്നും 'തസ്ഥസ്ഥമിപാംതാന്തന്താമഃ' എന്ന സൂത്രത്താൽ ഥസ് എന്നതിന് തം ആദേശമായി വന്ന് അഭവ+ത=അഭവത എന്നും സിദ്ധമായി.

ഉത്തമപുരുഷൈകവചനത്തിൽ ല് എന്നതിനു മി എന്ന ആദേശം വന്നു അഭവ+മി എന്നിരിക്കെ 'തസ്ഥസ്ഥമിപാം താന്തന്താമഃ' എന്ന സൂത്രത്താൽ മി എന്നതിനു അമ് ആദേശം വന്ന് അഭവ+അമ്=അഭവ്+അ+അമ് എന്നും രണ്ട് അകാര ങ്ങൾക്കും കൂടി ഒരു അകാരം വന്നു അഭവ്+അമ്=അഭവം എന്നും സിദ്ധിച്ചു.

ഉത്തമപുരുഷദ്വിവചനത്തിൽ ല് എന്നതിനു വസ് വന്നു അഭവ+വസ്=അഭവ്+അ+വസ് എന്നിരിക്കെ 'അതോ ദീർഘോ യഞി' എന്ന സൂത്രത്താൽ അ എന്നതു ആ എന്നു ദീർഘമായി വന്ന് അഭവ്+ആ+വസ് എന്നും 'നിത്യം ങിതഃ' എന്ന സൂത്രത്താൽ സ് എന്നതിനു ലോപം വന്ന് അഭവ്+ആ+വ= അഭവാവ എന്നും സിദ്ധിച്ചു.

ടി ബഹുവചനത്തിൽ മസ് ആദേശമായി വന്ന് മുമ്പു പറഞ്ഞതുപോലെ ദീർഘവും സകാരലോപവും വന്ന് അഭവ്+ആ+മ=അഭവാമ എന്ന രൂപം സിദ്ധിച്ചു.

'വിധിനിമന്ത്രണാമന്ത്രണാധീഷ്ടസംപ്രശ്നപ്രാർത്ഥനേഷു ലിങ്' (3-3-161). വിധി=പ്രേരണം അതായത് ഉത്തരം കൊടുക്കുന്നത് അല്ലെങ്കിൽ കടമപ്പെടുത്തുന്നത്, നിമന്ത്രണം=നിയോഗകരണം അതായതു വൈദിക കർമ്മങ്ങളിൽ ക്ഷണിക്കുന്നത്. ആമന്ത്രണം=കാമചാരാനുജ്ഞ അതായതു ഇഷ്ടം ചെയ്തു കൊള്ളുന്നതിനു അനുവാദം കൊടുക്കുക. അധീഷ്ടം=സത്കാരപൂർവ്വകമായിരിക്കുന്ന വ്യാപാരം. അതായതു മഹാത്മാരുടെ അടുത്തു വേണ്ടതുപോലെ ഉപചരിക്ക, സംപ്രശ്നം=വിതർക്കം അതായത് ചെയ്യണമോ, ചെയ്യേണ്ടയോ എന്നു മുൻകൂട്ടി വിചാരിക്കുക. പ്രാർത്ഥന=അപേക്ഷിക്കുക. ഈ അർത്ഥങ്ങൾ ദ്യോത്യങ്ങളായോ വാച്യങ്ങളായോ ഇരിക്കുമ്പോൾ ലിങ് ഉപയോഗപ്പെടും

ഭൂ+ലി ങ് എന്നിരിക്കെ ഭൂ+ല്+ഇങ് എന്നു വിഭാഗിച്ചതിനുശേഷം ഇങ് ഇത്താകയാൽ ലോപിച്ചു പോയി ഭു+ല് എന്നുമാത്രമുണ്ട്. ല് എന്നതിനു തി എന്ന ആദേശം വന്ന് ലട്ടിൽ പറയപ്പെട്ടതുപോലെ ഭവ+തി എന്നാക്കിയപ്പോൾ 'യാസുട് പരസ്മൈപദേഷൂദാത്തോങിച്ച' (3-4-103) എന്ന സൂത്രത്താൽ തി എന്നതിന്റെ ആദ്യാവയവമായിട്ട് യാസ് എന്ന ഒരു ആഗമം വന്നു ഭവ+യാസ്+തി എന്നും 'സുട്തിഥോഃ' (3-4-10) എന്ന സൂത്രത്താൽ യാസ് എന്നതിന്റെയും തി എന്നതിന്റെയും നടുവിലായിട്ട് സ് എന്നൊരു ആഗമം വന്നു ഭവ+യാസ്+സ്+തി എന്നും 'ലിങസ്സലോപോനന്ത്യസ്യ' (7-2-79) എന്ന സൂത്രത്താൽ സ് രണ്ടുകൾക്കും ലോപം വന്നു ഭവ+യാ+തി എന്നും

'അതോയേയഃ' (7–2–80) എന്ന സൂത്രത്താൽ യാ എന്നതിനു ഇയ് എന്നൊരു ആദേശം വന്നു. ഭവ+ഇയ്+തി =ഭവ്+അ+ഇയ് +തി എന്നും ആദ്ഗുണ: എന്ന സൂത്രത്താൽ അ, ഇ എന്നിവ രണ്ടിനും കൂടി ഏകാരം ഏകാദേശമായി വന്ന് ഭവ്+ഏയ്+തി= ഭവേയ്+തി എന്നും 'ലോപോവ്യോർലി' (6–1–76) എന്ന സൂത്ര ത്താൽ യ് എന്നതിനു ലോപം വന്ന് ഭവേ+തി=ഭവേ+ത്+ഇ എന്നും ഇതശ്ച എന്ന സൂത്രത്താൽ ഇ എന്നതിനു ലോപം വന്ന് ഭവേ+ത്=ഭവേത് എന്നും സിദ്ധിച്ചു.

പ്രഥമപുരുഷദ്വിവചനത്തിൽ ല് എന്നതിന് തസ് ആദേശം വന്ന് ഭൂ+തസ് എന്നും 'തസ്ഥസ്ഥമിപാംതാന്തന്താമഃ' എന്ന സൂത്രത്താൽ തസ് എന്നതിനു താം എന്ന ആദേശം വന്ന് ഭൂ+താം എന്നും മുൻ പ്രകരണത്തിൽ പ്രക്രിയ ചെയ്തതു പോലെ ഭവേ+താം എന്നും യ് എന്നതിനു ലോപം വന്ന് ഭവേ+താം=ഭവേതാം എന്നു സിദ്ധിച്ചു.

പ്രഥമപുരുഷ ബഹുവചനത്തിൽ ഝി എന്ന ആദേശം വച്ച് ഭൂ+ഝി എന്നും 'ഝേർജുസ്' (3–4–100) എന്ന സൂത്രത്താൽ ഝി എന്നതിന് ഉസ് (ജ് എന്നതിൽ 'ചുടു' (1–3–7) എന്ന സൂത്രം കൊണ്ട് ലോപം വന്നു.) ആദേശം വന്നു ഭൂ+ഉസ് എന്നും മുൻപോലെ ഭവേ+ഉസ് എന്നും രുത്വവിസർഗ്ഗങ്ങൾ വന്ന് ഭവേയഃ എന്നും സിദ്ധിച്ചു.

മദ്ധ്യമപുരുഷൈകവചനത്തിൽ സി ആദേശം വന്ന് ഭൂ+സി എന്നും മുൻപോലെ ഭവേയ്+സി എന്നും യ് എന്നതിനു ലോപം വന്ന് ഭവേ+സി എന്നും സി പ്രത്യയത്തിലുള്ള ഇകാരം ലോപിച്ചു ഭവേ+സ് എന്നും രുത്വവിസർഗ്ഗങ്ങൾ വന്ന് ഭവേ എന്നും സിദ്ധിച്ചു.

മദ്ധ്യമപുരുഷ ദ്വിവചനത്തിൽ 'തസ്ഥസ്ഥമിപാംതാന്തന്താമഃ' എന്ന സൂത്രത്താൽ തസ് എന്നതിനു തം ആദേശമായി വന്നു ഭൂ+തം എന്നും മുൻപോലെ ഭവേ+തം=ഭവേതം എന്നു സിദ്ധിച്ചു.

ബഹുവചനത്തിൽ 'തസ്ഥസ്ഥമിപാംതാന്തന്താമഃ' എന്ന സൂത്രത്താൽ ഥ എന്നതിനു ത എന്നത് ആദേശമായി വന്നു മുൻപ്രകാരം ഭവേ+ത=ഭവേത എന്നു സിദ്ധിച്ചു.

ഉത്തമപുരുഷൈകവചനത്തിൽ മി ആദേശം വന്ന് 'തസ്ഥസ്ഥമിപാംതാന്തന്താമഃ' എന്ന സൂത്രത്താൽ മി എന്നതിന് അമ് ആദേശം വന്ന് ഭൂ+അമ് എന്നിരിക്കെ മുൻ പ്രക്രിയപോലെ ഭവേ+അമ്=ഭവേയം എന്നു സിദ്ധിച്ചു.

ഉത്തമപുരുഷദ്വിവചനത്തിൽ വസ് ആദേശം വന്ന് മുൻ പറഞ്ഞതുപോലെ ഭവേ+വസ് എന്നിരിക്കെ 'നിത്യം ങിതഃ' എന്ന സൂത്രത്താൽ സ് എന്നതിന് ലോപം വന്ന് ഭവേ+വ=ഭവേവ എന്നു സിദ്ധമായി.

ഉത്തമപുരുഷബഹുവചനത്തിൽ മസ് ആദേശം വന്ന് മുൻപോലെ ഭവേ+മസ് എന്നിരിക്കെ സ് എന്നതു ലോപിച്ച് ഭവേ+മ=ഭവേമ എന്ന രൂപം സിദ്ധിച്ചു.

'ലിങ് ആശിഷി' (3–4–116), 'കിദാശിഷി' (3–4–104) ഈ സൂത്രങ്ങളാൽ ആശിഷ്ലിങിൽ മുൻപറഞ്ഞ് ലിപികളിൽ ചിലവ വരികയില്ല. എങ്ങനെയെന്നാൽ ആശീർവാദത്തെ കാട്ടുമ്പോൾ ഭൂ+ലിങ് എന്നിരിക്കെ ഇങ് ഇത്താകയാൽ ലോപിച്ചുപോയിട്ട് ശേഷിച്ചതായ ല് എന്നതു ചേരുമ്പോൾ ഭൂ+ല് എന്നും അതിനു ആദേശമായി തി എന്ന പ്രത്യയം വന്നു ഭൂ+തി എന്നും 'യാസുട്പരസ്മൈപദേഷൂദാത്തോ ങിച്ച' എന്ന സൂത്രത്താൽ

യാസ് എന്ന ആഗമം തി എന്നതിനു മുൻപായി വന്നു ഭൂ+യാസ്+സ്+തി എന്നും ഭൂയാസ്+സ്+ത്+ഇ എന്നിടത്തു 'ഇതശ്ച' എന്ന സൂത്രത്താൽ ഇകാരം ലോപിച്ച് ഭൂയാസ്+സ്+ത് എന്നും 'സ്കോഃ സംയോഗാദ്യോരന്തേച' (8–28–29) എന്ന സൂത്രത്താൽ യാസ് എന്നതിലെ സ് എന്നുള്ളതും മറ്റേ സ് എന്നുള്ളതും ലോപിച്ച് ഭൂ+യാ+ത്+ഭൂയാത് എന്നു സിദ്ധം.

പ്രഥമപുരുഷദ്വിവചനത്തിൽ തസ് ആദേശം വന്ന് മുൻ പ്രസ്താവിച്ചതുപോലെ ഭൂ+യാസ്+സ്+തസ് മുതലായവ ചേർന്ന ശേഷം ആദ്യത്തെ സ് എന്നതിനു ലോപം വന്ന് ഭൂയാ+സ്+തസ് എന്നിരിക്കെ 'തസ്ഥസ്ഥമിപാംതാന്തന്താമഃ' എന്ന സൂത്രത്താൽ തസ് എന്നതിന് താം ആദേശം വന്ന് ഭൂയാസ്+താം=ഭൂയാസ്താം എന്ന രൂപം സിദ്ധിച്ചു.

ടി ബഹുവചനത്തിൽ 'ഝേർജുസ്' എന്ന സൂത്രത്താൽ ഝി എന്നതിന് ഉസ് ആദേശം വന്ന് ഭൂ+ഉസ് എന്നിരിക്കെ യാസ് എന്നത് ഉസ് എന്നതിനു മുൻപായി വന്നു ഭൂ+യാസ്+ഉസ്= ഭൂയാസുസ് എന്നും രുത്വ വിസർഗ്ഗങ്ങൾ വന്ന് ഭൂയാസുഃ എന്നും സിദ്ധിച്ചു.

മധ്യമപുരുഷൈകവചനത്തിൽ സി ആദേശം വന്ന് ഭൂ+സി എന്നും മുൻ പ്രക്രിയപോലെ ഭൂയാസ്+സി=ഭൂയാസ്+സ്+ഇ എന്നിരിക്കുമ്പോൾ ഇ എന്നതിനു ലോപം വന്ന് ഭൂയാസ്+സ് എന്നും ആദ്യത്തെ സ് എന്നതിനു ലോപം വന്ന് ഭൂയാ+സ് എന്നും രുത്വവിസർഗ്ഗങ്ങൾ വന്ന് ഭൂയാഃ എന്നും സിദ്ധിച്ചു.

മധ്യമപുരുഷദ്വിവചനത്തിൽ ഥസ് ആദേശം വന്ന് 'തസ്ഥസ്ഥമിപാം താന്തന്താമഃ' എന്ന സൂത്രത്താൽ ഥസ് എന്നതിന് താം ആദേശമായി വന്ന് ഭൂ+തം എന്നും

പ്രഥമപുരുഷദ്വിവചനത്തിലെ പ്രക്രിയ പോലെ ഭൂയാസ്+തം= ഭൂയാസ്തം എന്നും സിദ്ധിച്ചു. ബഹുവചനത്തിൽ ഥ ആദേശമായി വന്ന് 'തസ്ഥസ്ഥമിപാം താന്തന്താമഃ' എന്ന സൂത്രത്താൽ ഥ എന്നതിന് ത ആദേശമായി വന്ന് ഭൂയാസ്+ത=ഭൂയാസ്ത എന്നും സിദ്ധിച്ചു.

ഉത്തമപുരുഷൈകവചനത്തിൽ മി ആദേശം വന്ന് മി എന്നതിന് അമ് ആദേശം വന്ന് പ്രഥമപുരുഷ ബഹുവചനത്തിൽ പോലെ ഭൂയാസ്+അമ്=ഭൂയാസം എന്നു സിദ്ധമായി.

ഉത്തമപുരുഷ ദ്വിവചനത്തിൽ വസ് ആദേശം വന്ന് ഏകവചനത്തിൽപോലെ ഭൂയാസ്+വസ് എന്നിരിക്കെ നിത്യ ങിതഃ എന്ന സൂത്രത്താൽ വസ് എന്നതിലെ സകാരം ലോപിച്ച് ഭൂയാസ്+വ=ഭൂയാസ്വ എന്നും രൂപം സിദ്ധിച്ചു.

ടി ബഹുവചനത്തിന് മുമ്പ് ആദേശം വന്ന് ഭൂയാസ്+മസ് എന്നിരിക്കെ സകാരം ലോപിച്ച് ഭൂയാസ്+മ=ഭൂയാസ്മ എന്ന രൂപം സിദ്ധമായി.

'ലുങ്' (3–2–11). ഭൂതാർത്ഥവൃത്തിയായിരിക്കുന്ന ധാതുവിന് അതായത് ലിട്, ലങ് ഇതുകളിൽ പറയപ്പെട്ട വിശേഷങ്ങൾ ഇല്ലാതെ ഇരിക്കുന്ന കാലത്തെ മാത്രം കുറിക്കുന്നിടത്ത് ലുങ് വരും.

ഭൂ+ലുങ് എന്നിരിക്കെ ഉങ് ഇത്താകയാൽ ലോപിച്ചു പോയി ശേഷം ഭൂ+ല് എന്നിരിക്കെ 'ലുങ്ലങ്ലൃങ് ക്ഷ്വഡുദാത്തഃ' എന്ന സൂത്രത്താൽ ഭൂ+ എന്നതിന് മുമ്പായി അ ചേർന്നു അഭൂ+ല് എന്നും 'ച്ലി ലുങി' എന്ന സൂത്രത്താൽ ഭൂ എന്നതിനും ല് എന്നതിനും ഇടയ്ക്ക് ച്ലി വന്നു അഭൂ+ച്ലി+ല് എന്നും 'ച്ലേഃ സിച്' (3–1–44) എന്ന സൂത്രത്താൽ ച്ലി

എന്നതിനു ആദേശമായി സ് വന്ന് അഭൂ+സ്+തി എന്നും 'ഗാതിസ്ഥാഘുപാഭൂഭ്യഃ സിചഃ പരസ്മൈപദേഷു' (2–4–77) എന്ന സൂത്രത്താൽ സ് എന്നതിന് ലോപം വന്ന് അഭൂ+തി=അഭൂത്=+ഇ എന്നും ഇതശ്ച എന്ന സൂത്രത്താൽ ഇ എന്നതിന് ലോപം വന്ന് അഭൂ+ത്=അഭൂത് എന്നും സിദ്ധിച്ചു.

പ്രഥമപുരുഷദ്വിവചനത്തിൽ തസ് ആദേശം വന്ന് തസ് എന്നതിനു താം ആദേശം വന്ന് മുൻപ്രക്രിയപോലെ അഭൂ+താം=അഭൂതാം എന്നായി

ബഹുവചനത്തിൽ ഝി ആദേശം വന്ന് ഝിയ്ക്ക് അന്തി എന്ന ആദേശം വന്ന് മുൻപോലെ അഭൂ+അന്തി എന്നും ഭുവോവുഗ്ലുങ്ലിടോഃ എന്ന സൂത്രത്താൽ ഭൂ എന്നതിനു പിൻപായി വ് എന്ന ആഗമം ചേർന്ന് അഭൂ+ഗ്+അന്തി= അഭുവ്+അൻ+ത്+ഇ എന്നും ത്, ഇ ഈ രണ്ടുകൾക്കും ലങ് പ്രക്രിയയിൽ വിവരിച്ച വിധത്തിൽ ലോപം വന്ന് അഭുവ്+അൻ=അഭുവൻ എന്നും സിദ്ധിച്ചു.

മധ്യമപുരുഷൈകവചനത്തിൽ സി ആദേശം വന്ന് മുൻപറഞ്ഞ പ്രകാരം അഭൂ+സ്+ഇ എന്നിരിക്കെ ഇകാരത്തിന് ലോപവും രുത്വവിസർഗ്ഗങ്ങളും വന്ന് അഭൂഃ എന്നു സിദ്ധിച്ചു.

മധ്യമപുരുഷ ദ്വിവചനത്തിൽ ഥസ് ആദേശം വന്ന് ഥസ് എന്നതിന് തം ആദേശം വന്ന് അഭൂ+തം=അഭൂതം എന്നു സിദ്ധിച്ചു.

ബഹുവചനത്തിൽ ഥ എന്ന ആദേശം വന്ന് അതിനു ത ആദേശം വന്ന് അഭൂ+ത=അഭൂത എന്നു സിദ്ധിച്ചു.

ഉത്തമപുരുഷൈകവചനത്തിൽ മി ആദേശം വന്ന് അതിന് അമ് ആദേശം വന്ന് അഭൂ+അമ് എന്നിരിക്കെ ഭൂ+ എന്നതിന് വ് എന്ന ആഗമം ചേർത്ത് അഭൂ+വ്+അമ്=അഭുവം എന്നി സിദ്ധിച്ചു.

ഉത്തമപുരുഷദ്വിവചനത്തിൽ വസ് ആദേശം വന്ന് അഭൂ+വസ് എന്നിരിക്കെ സ് എന്നതിന് ലോപം വന്ന് അഭൂ+മ=അഭൂമ എന്ന രൂപം സിദ്ധിച്ചു.

'ലിങ് നിമിത്തേ ലൃങ് ക്രിയാതിപത്തൗ' (3–3–139) ലിങ് നിമിത്തം, ഹേതുമത്ഭാവാദി (അതു ഭവിക്കുമെങ്കിൽ ഇതു ഭവിക്കും എന്നുള്ള) ഭവിഷ്യദർത്ഥങ്ങളിൽ ലൃങ് വരും. ക്രിയ ഉണ്ടാകാതെ ഇരിക്കുമ്പോൾ അതായത്കാരണകാര്യങ്ങൾ രണ്ടും ഇല്ലാത്തിടത്തിൽ അക്കാരണമിരുന്നെങ്കിൽ ഇക്കാര്യമുണ്ടായേനെ (ഉണ്ടാകുമായിരുന്നു) എന്നു ചൊല്ലുന്നതിന് ലൃങ് ഉപയോഗപ്പെടും. ഭൂ+ലൃങ് എന്നിരിക്കുമ്പോൾ ഋങ് അടയാളമായി മാത്രമിരിക്കയാൽ ഇത്ത് എന്നുള്ള നാമത്തിന് അർഹമായി ലോപിച്ചു പോയി ശേഷം ല് എന്നു മാത്രം ഇരിക്കുന്നു. ഭൂ+ല് എന്നിരിക്കെ ഭൂ എന്നതിന്റെ മുമ്പായി അകാരം അഭൂ+ല് എന്നും ല് എന്നതിന് തി ആദേശം വന്ന് അഭൂ+തി എന്നും 'സ്യതാസീലൃലുടോഃ' എന്ന സൂത്രത്താൽ ഭൂ എന്നതിനും തി എന്നതിനും മധ്യത്തിൽ സ്യ ആഗമം വന്ന് അഭൂ+സ്യ+തി എന്നും 'ആർധധാതുക സ്യേഡ്വലാദേഃ' എന്ന സൂത്രത്താൽ സ്യ എന്നതിനു മുമ്പായി ഇ എന്ന ആഗമം വന്നു അഭൂ+ഇ+സ്യ+തി=അഭ്+ഊ+സ്യ+തി എന്നും ഊ എന്നതിനു ഓ ആദേശം വന്നു അഭ്+ഓ+ഇ+സ്യ+തി എന്നും ഓ എന്നതിന് അവ് എന്ന ആദേശം വന്ന് അഭ്+അവ്+ഇ+സ്യ+തി എന്നും സ്യ എന്നതിലെ സകാരത്തിനു ഷകാരം വന്ന് അഭ്+അവ്+ഇ+ഷ്യ+തി എന്നും തി എന്ന

പ്രത്യയത്തിലുള്ള ഇകാരത്തിനു ലോപം വന്ന് അഭ്+അവ്+ഇ+ഷ്യ+ത്=അഭവിഷ്യത് എന്നും രൂപം സിദ്ധിച്ചു.

പ്രഥമപുരുഷദ്വിവചനത്തിൽ തസ് ആദേശം വന്ന് തസ് എന്നതിന് താം ആദേശം വന്ന് മുൻപറഞ്ഞ വിധത്തിൽ അഭവിഷ്യതാം എന്നു സിദ്ധിച്ചു.

ബഹുവചനത്തിൽ ഝി ആദേശം വന്ന് ഝി എന്നതിനു അന്തി എന്ന ആദേശം വന്ന് മുൻപറഞ്ഞപ്രകാരം അഭവിഷ്യ+അന്തി=അഭവിഷ്+യ്+അ+അന്തി എന്നും അ, അ ഇവരണ്ടിനും കൂടി ആദേശമായി ഒരു അകാരം വന്ന് അഭവിഷ്+യ്+അന്തി=അഭവിഷ്+യ്+അൻ+ത്+യ് എന്നും ത്, ഇ ഇവ രണ്ടിനും ലോപം വന്നു അഭവിഷ്+യ്+അൻ=അഭവിഷ്യൻ എന്നും രൂപം സിദ്ധിച്ചു.

മദ്ധ്യമപുരുഷൈകവചനത്തിൽ സി എന്ന ആദേശം വന്ന് അഭവിഷ്യ+സി=അഭവിഷ്യ+സ്+ഇ എന്നിരിക്കെ ഇ എന്നതിന് ലോപം വന്ന് അഭവിഷ്യ+സ് എന്നും രുത്വവിസർഗ്ഗങ്ങൾ വന്ന് അഭവിഷ്യഃ എന്നും രൂപം ഉണ്ടായി.

മദ്ധ്യമപുരുഷ ദ്വിവചനത്തിൽ ഥസ് ആദേശവും അതിനു തം ആദേശവും വന്ന് അഭവിഷ്യ+തം=അഭവിഷ്യതം എന്ന രൂപം സിദ്ധിച്ചു.

ബഹുവചനത്തിൽ ല് എന്നതിന് ഥ എന്നും ഥ എന്നതിന് ത എന്നും ആദേശങ്ങൾ വന്ന് അഭവിഷ്യ+ത=അഭവിഷ്യത എന്ന രൂപം സിദ്ധിച്ചു.

ഉത്തമപുരുഷൈകവചനത്തിൽ ല് എന്നതിന് മി എന്നും മി എന്നതിന് അമ് എന്നും ആദേശങ്ങൾ വന്ന് അഭവിഷ+

അമ്=അഭവിഷ്+യ്+അ+അം എന്നിരിക്കെ അ, അ എന്നുള്ള രണ്ടിനും കൂടി ഒരു അകാരം ആദേശമായി വന്ന് അഭവിഷ്+യ്+അമ്=അഭവിഷ്യം എന്ന രൂപം സിദ്ധിച്ചു.

ഉത്തമപുരുഷദ്വിവചനത്തിൽ ല് എന്നതിന് വസ് ആദേശം വന്ന് അഭവിഷ്യ+വസ് എന്നിരിക്കെ അഭവിഷ്യ എന്നതിലെ അന്ത്യമായ അകാരത്തിന് 'അതോദീർഘോയഞി' എന്ന സൂത്രത്താൽ ദീർഘം വന്ന് അഭവിഷ്യാ+വസ് എന്നും നിത്യങിത എന്ന സൂത്രത്താൽ സകാരലോപം വന്ന് അഭവിഷ്യാവ എന്നും രൂപം സിദ്ധമായി.

ഉത്തമപുരുഷ ബഹുവചനത്തിൽ ല് എന്നതിന് മസ് ആദേശം വന്ന് മുൻ ക്രിയയനുസരിച്ച് ദീർഘവും സകാരലോപവും വന്ന് അഭവിഷ്യാമ എന്നു സിദ്ധമായി.

തമിഴ്സംസ്കൃതാദി താരതമ്യം

ഇത്രയും കൊണ്ട് ഇന്നത്തെ നിലയിൽ പരിഷ്കൃത രൂപത്തിൽ ഈ രണ്ടു പ്രധാന ഭാഷകളും എത്രമാത്രം അന്തരമുള്ളതായിരിക്കുന്നുവെന്നു തെളിവായല്ലോ. തമിഴ് സംസ്കൃതത്തിന്റെ ഒരു ജന്യഭാഷയാണെന്നുള്ള ആശങ്കയ്ക്ക് ആരും ഇനി ഹൃദയത്തിൽ ഇടം അനുവദിക്കുമെന്നു തോന്നുന്നില്ല.

നവ്യാഡംബരങ്ങൾ കൊണ്ട് കൃത്രിമഭംഗി വിതറുന്ന വേഷവിധാനത്തിൽ കൂടി കണ്ണയച്ചാൽ പക്ഷേ യാഥാർത്ഥ്യം ഗ്രഹിക്കാൻ സാധിക്കുകയില്ലെന്ന് ഒരാക്ഷേപം ഇവിടെ പുറപ്പെട്ടേയ്ക്കാം. അതു വാസ്തവം തന്നെ. എന്നാൽ, നമ്മുടെ ദൃഷ്ടി സൂക്ഷ്മതരമാക്കി നോക്കുമ്പോൾ ആ കാഴ്ച എങ്ങും തടയാതെ എല്ലാ ഭാഷകൾക്കും ആദിമൂലമായ ഒരവ്യക്ത ലക്ഷ്യത്തിൽ ചെന്നവസാനിക്കേണ്ടിയിരിക്കുന്നു. ഇടയിലെ ഞാനും യുക്ത്യനുഭവങ്ങളോട് വിഘടിച്ചുനിന്നുപോകുന്നു വെങ്കിൽ അത് അന്തിമദർശനമെന്നു പറഞ്ഞുകൂടുന്നതല്ല. ഇങ്ങനെ അങ്ങേയറ്റം വരെ ചെന്നുപറ്റുന്ന ഒരു നോട്ടം ഭാഷാവിഷയകമായി ലഭിക്കുന്നുണ്ടോ എന്നു നമുക്കൊന്നു പരീക്ഷിക്കാം.

ഒരു ഭാഷയുടെ ശരീരം പദസമുദായവും, പദങ്ങളുടെ അവയവങ്ങൾ അക്ഷരങ്ങളുമാണല്ലോ. ഏതും ആദ്യം പ്രാകൃത മായി ഉത്ഭവിച്ച് അനന്തരം കൃത്രിമങ്ങൾ കലർന്ന് പരിഷ്കൃത രൂപത്തിൽ പരിണമിക്കുന്നു. ഈ നിയമം ഒരിക്കലും വിസ്മരി ക്കാൻ പാടില്ല. അപ്പോൾ അകൃത്രിമമായ വിശിഷ്ട പ്രയത്നാദി കളോടുകൂടാത്ത അക്ഷരങ്ങൾ ഏതു ഭാഷയ്ക്ക് സ്വന്തമായി കാണുന്നുവോ അതു മറ്റെല്ലാറ്റിന്റെയും മൂലഭാഷയായിരിക്കു മെന്നൂഹിക്കാം. മനഃപൂർവ്വം ഉച്ചരിക്കേണ്ടതി ല്ലാത്ത സ്വാഭാവിക

മായി ശബ്ദിക്കാവുന്ന അക്ഷരങ്ങൾ അടങ്ങിയ ഭാഷ എപ്പോഴും പ്രകൃതിയുടെ ഭാഷയായിരിക്കുമെന്നു സാരം. ഈ ആദിഭാഷ ഏതെന്ന് കണ്ടെത്തുന്നതിലേയ്ക്ക് പ്രകൃതി സ്വയം ഉച്ചരിച്ചു പോകുന്ന തരം അക്ഷരങ്ങളെ തന്നെ ഒന്നാമതു തേടിപ്പിടി ക്കേണ്ടതായി വരുന്നു. പ്രകൃത്യാ സിദ്ധിക്കുന്ന അക്ഷരങ്ങൾ ഏതെല്ലാം? അവയെ എങ്ങനെ തിരിച്ചറിയാം? എന്നു വല്ലവരും ഇവിടെ വികല്പിച്ചാൽ അതിനു സമാധാനം ഉണ്ട്.

വാക്ക് എന്നതിന് തമിഴ് ഭാഷയിൽ മുഖ്യമായ നാമം 'മൊഴി' എന്നത്രേ. എന്നാൽ തമിഴിലോ തമിഴിനോടു ചേർന്ന വേറെ ഭാഷയിലോ അല്ലാതെ, മറ്റു ഭാഷകളിൽ പ്രകൃതിക്ക് ഇത്രത്തോളം ശരിയായിട്ടു വാക്കു കിട്ടുകയില്ലെന്നുതന്നെ പറയണം. എങ്ങനെയെന്നാൽ, ഓഷ്ഠാധരങ്ങളെ ഒരുമിച്ചു ചേർത്ത് വാ മൂടിക്കൊണ്ടുള്ള ഇരിപ്പിന് മൗനമെന്നു നാമവും 'മ്' എന്ന് രൂപവുമാകുന്നു. ഈ 'മ്' എന്ന വാ മൂടലിനെ നല്ലവണ്ണം ഒഴിച്ചു വിടുമ്പോൾ ഉണ്ടാകുന്നതാകയാൽ മ്+ഒഴി=മൊഴി എന്ന നാമം സിദ്ധിച്ചു. ഈ മൊഴി തന്നെ ആദ്യം അകാരം, രണ്ടാമത് ഇകാരം, മൂന്നാമത് ഉകാരം ഇപ്രകാരം മുറയ്ക്ക് അ, ഇ, ഉ എന്ന മൂന്ന് അക്ഷരങ്ങളായിട്ട് പ്രകാശിക്കും. എന്നാൽ, 'മ്' എന്നതിനെ വിട്ടാൽ ആദ്യം അകാരമായിട്ടു തന്നെ ധ്വനിക്കുമെന്നുള്ളതിരി ക്കട്ടെ രണ്ടാമതും മൂന്നാമതും ഇകാര ഉകാരങ്ങളായിട്ടു തന്നെ ഭവിക്കുന്നതെങ്ങനെ? ഉകാര ഇകാരങ്ങളായിട്ടു മാറിവരരുതോ? എന്നു ശങ്കിക്കുന്ന പക്ഷം അപ്രകാരാം പാടില്ല. ഇതു നമ്മുടെ പൂർവ്വികന്മാരാൽ ചെയ്യപ്പെട്ട ക്രമമാകുന്നു. അവർ പ്രകൃതി ചേഷ്ടയെ നോക്കാതെയും ഏതെങ്കിലും ന്യായം കൂടാതെയും യാതൊന്നിനും വ്യവസ്ഥ ചെയ്തിട്ടുള്ളവരല്ല. എങ്ങനെയെന്നാൽ വർണ്ണാത്മകങ്ങളായ ധ്വനിവിശേഷങ്ങൾ പുറപ്പെടുന്നത് സാധാരണമനുഷ്യനിൽ നിന്നാണെന്ന് അറിയാൻ തീരെ

പ്രയാസമില്ല. അതും പ്രകൃത്യനുഗുണമായി പ്രവഹിക്കു ന്നത് ഒരു ശിശുമുഖത്തുനിന്നുതന്നെ എന്നും സ്പഷ്ടമാണ്. അതിനാൽ നിസർഗ്ഗകോമളങ്ങളായ മധുരവർണ്ണങ്ങൾ അനർഗ്ഗളം പൊഴിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ശിശുവിൽതന്നെ നമുക്കു ചില പരീക്ഷണങ്ങൾ നടത്താം.

ഒരു കുട്ടി ജനിച്ചാൽ ആദ്യം വാ തുറന്നു കരയുന്നു. കരച്ചിലിൽ നിന്ന് 'അ' എന്നുള്ള സ്വരം പ്രതീതമാകുന്നു. കുറച്ചുകഴിയുമ്പോൾ കുട്ടി അന്യന്മാരുടെ മുഖത്തുനോക്കി ചിരിച്ചു തുടങ്ങും. ചിരി 'ഇ' എന്ന വർണ്ണത്തെ സ്പഷ്ടമാക്കു ന്നത് ഏവർക്കും അനുഭവമാണല്ലോ. അതും കഴിഞ്ഞാൽ 'ഉ' എന്ന ഭയവികാരം പ്രത്യക്ഷപ്പെടുന്നു.

മേലും, ബ്രഹ്മാനന്ദമാകുന്ന അമൃതമകരന്ദത്തെ വർഷി ക്കുന്ന ഉപനിഷത്തുകളാകുന്ന പ്രസൂനങ്ങളെ കൊണ്ടു നിരന്തരം പ്രകാശിക്കുന്ന സംസ്കൃതമാകുന്ന സന്താനപാദപ ത്തിന്റെ നാരായവേരും മഹേശ്വരങ്കൽനിന്നു സിദ്ധിച്ച പാണിനീ മഹർഷി യാൽ രചിക്കപ്പെട്ടതും സൂത്രരൂപവും ആയ വ്യാകരണ ശാസ്ത്ര ത്തിലുള്ള 'അഇഉണ്'[46] എന്ന ആദിസൂത്രത്തിന്റെ ആവിർഭാവ വും ഈ ന്യായത്തെ പുരസ്കരിച്ചാകുന്നു. ഇങ്ങനെ പാണിനി യുടെ ആദ്യസൂത്രസംഗൃഹീതങ്ങളായ അ, ഇ, ഉ എന്നീ മൂന്നക്ഷര ങ്ങളും ക്രമേണ കരച്ചിൽ, ചിരി, ഭയം ഈ മൂന്നു വികാരങ്ങളുടെ സൂചകനാദങ്ങളായി ഉത്ഭവിക്കുന്നു. ആകയാൽ രണ്ടാമത് 'ഇ'കാരവും മൂന്നാമത് 'ഉ'കാരവു ആയിട്ടേ ഇരിക്കാൻ പാടുള്ളൂ. ചിരിയുടെ സൂചകമായ 'ഇ' എന്നുള്ള ശബ്ദവും ഭാവനയും തീക്ഷ്ണദണ്ഡം ഏല്ക്കുമ്പോൾ പ്രായം

[46] മാഹേശ്വരസൂത്രങ്ങൾ എന്നറിയപ്പെടുന്ന പതിനാലു പ്രത്യാഹാരസൂത്രങ്ങളിൽ ഒന്നാമത്തേത്.

ചെന്നവരുടെ മുഖത്തും സ്ഫുരിക്കുന്നുണ്ട്. അപ്പോൾ അവ ചിരിയുടെ ചിഹ്നങ്ങൾ മാത്രമാണെന്ന് എങ്ങനെ പറയാം എന്നിവിടെ ചിലർ ശങ്കിച്ചേക്കാം. വേദനയുണ്ടാകുമ്പോൾ ഒരു ശിശുവിന്റെ മുഖത്ത് ഈ ലക്ഷണം കാണാൻ കഴിയാത്തതു കൊണ്ട് ഈ പ്രകൃതിക്കൊത്ത സംഭവമല്ല. ഒരു നടൻ കരുണ വേണ്ടിടത്ത് ആ സ്തോഭസ്ഫൂർത്തിക്ക് 'ഈ' എന്നു ചിരിച്ച് കാട്ടാറില്ല. അതുകൊണ്ട് 'ഈ' എന്നുള്ള പറച്ചിലും ഭാവവും ഒരിക്കലും ദുഃഖത്തെ അറിയിക്കുന്ന അടയാളങ്ങളെന്നു പറഞ്ഞു കൂടാ.

മേൽ കാണിച്ച മൂന്നക്ഷരങ്ങളും ഉണ്ടായതിൽപിന്നെ അതുകളുടെ വികാരങ്ങളായ ശേഷിച്ച സ്വരങ്ങൾ ഉണ്ടാകുന്നു. അതും വിവരിച്ചേക്കാം. വ്യഞ്ജനങ്ങളായ രേഫലകാരങ്ങളുടെ അംശങ്ങളായിരിക്കുന്ന 'ഋനു'ക്കൾ കൃതിമമായി പാണിനിമുനി ഇടക്കു തിരിക്കിക്കേറ്റിയതാണെന്ന് അനവധി ദൃഷ്ടാന്തയുക്തി പൂർവ്വം മുമ്പു സാധിച്ചുകഴിഞ്ഞ സ്ഥിതിക്ക് അവയുടെ ഉല്പത്തിയെക്കുറിച്ചും ഇവിടെ ഒന്നും ചിന്തിക്കേണ്ട ആവശ്യ മില്ലെനു വിടുന്നു. ഭയം മുതലായവ അറിയാറായി കുറേകൂടി ജ്ഞാനപ്രകാശം പ്രസരിച്ചാൽ പിന്നെ കുട്ടികൾ നാം പറയുന്ന തൊന്നും മനസ്സിലാകാണ്ട് ഏതോ ചോദിക്കുന്ന പോലെ എല്ലാറ്റിനും 'ഏ' 'ഏ' എന്നു ഒരുമാതിരി ശബ്ദിക്കാറുണ്ടല്ലോ. 'കുഞ്ഞിന്റെ അച്ഛൻ എവിടെ?' 'ഏ' ഇങ്ങനെ ചോദ്യത്തി നെല്ലാം മുറയ്ക്ക് ആവർത്തിക്കും. ഇവിടെ 'ഏ' എന്ന അക്ഷരം പ്രകൃതി പ്രസവിച്ചു എന്നു നാം കണ്ടുകഴിഞ്ഞു. അതിനുശേഷ മായി ആ കുട്ടി സമ്മതിരൂപമായ 'ഒ' എന്നുള്ള ശബ്ദത്തെ പുറപ്പെടുവിക്കുന്നു. അല്പംകൂടി വിശേഷജ്ഞാനം സിദ്ധിക്കു മ്പോൾ 'ഐ' എന്നു പരിഹസിക്കാൻ തുടങ്ങുന്നു. അനന്തരം 'ഔ' എന്നു വിശ്രാന്തിസൂചകമായ സ്വരം പുറപ്പെടുവിക്കുന്നു.

ഇപ്രകാരം സ്വരങ്ങൾ അക്ഷരങ്ങൾ എല്ലാം ഒരു ശിശുവിന്റെ പ്രകൃതി തന്നെ പ്രദാനം ചെയ്യുന്നു. ഇനിയുള്ളത് 'വ്യഞ്ജനങ്ങൾ' അഥവാ 'ഹല്ലു'കളാണ് അവയുടെ ആവിർഭാവത്തിൽ പ്രകൃതി എങ്ങനെയെല്ലാം പങ്കുകൊള്ളുന്നു എന്നുകൂടി പര്യാലോചിക്കാം. കുട്ടി 'അ' എന്നു വാ വിടർത്തു കരഞ്ഞിട്ട് ഓരോ തുടർച്ചയുടെ അവസാനത്തിലും ചുണ്ടുകൾ പൂട്ടുന്നു. അപ്പോൾ അവിടെ ഓഷ്ഠജങ്ങളായ വർണ്ണങ്ങളിൽ ഒന്നുണ്ടാകാതെ കഴികയില്ല. ആദ്യം ഓഷ്ഠസംഘട്ടനത്തിന് ബലം കുറഞ്ഞിരിക്കുന്നതുകൊണ്ട് 'മ്' എന്ന ഓഷ്ഠ്യം ഏതാണ്ട് അവ്യക്തരീതിയിൽ ഉത്ഭവിക്കുമെന്ന് വിചാരിക്കാം പിന്നെ ക്രമേണ ബലം കൂടി വരുമ്പോൾ 'മ' എന്നായിത്തീരും കൂടെക്കൂടെ 'അ' എന്നു കറയുകയും 'മ' എന്നു വാ പൂട്ടുകയും ചെയ്യുന്നതിൽനിന്ന് 'അമ്മ' എന്ന വാക്ക് ഉത്ഭവിക്കുന്നു. ചുണ്ടുകൾക്കു മുറുക്കം കൂടിക്കൂടി ഒടുവിൽ 'പ'കാരം വ്യക്തമാകും. അതും പൂർവ്വത്തിലുള്ള അകാരത്തോട് ചേർന്ന് 'അപ്പാ' എന്ന വാക്കു സൃഷ്ടിക്കുന്നു. ഇതുപോലെ ന, ത, ണ, ട, ഞ, ച, ങ, ക എന്ന മുറയ്ക്ക് ഓരോ വ്യഞ്ജനങ്ങൾ ഉത്ഭവിച്ച് അതുകളോടും പഴയപടി 'അകാരം' കൂട്ടിമുട്ടി അന്ന, അത്ത, അണ്ണ, അട്ട, അഞ്ഞ, അച്ച, അങ്ങ, അക്ക, ഇങ്ങിനെ ശിശുവിന്റെ ബന്ധുക്കളെ സംബന്ധിക്കുന്ന വാക്കുകൾ രൂപപ്പെടുന്നു.

പ്രകൃത്യനുഗുണമായി (സ്വതേ തന്നെ) ഉണ്ടായിട്ടുള്ളവയാണെന്ന് യുക്തിയുക്തമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള 'അ' തുടങ്ങി അനുസന്ധാനം ചെയ്ത അക്ഷരങ്ങളിൽ അല്പം അഭിപ്രായഭേദം വന്നേക്കാം. അതിനാൽ ഒന്നുകൂടി ചർച്ചചെയ്യുന്നത് അസ്ഥാനത്തിലാകുകയില്ല എന്നു വിചാരിക്കുന്നു. പൂർവ്വപക്ഷം താഴെപറയുന്ന വിധത്തിലാണ്.

ലോകത്തിൽനിന്ന്, വിശേഷിച്ചും ഉദ്ബോധനങ്ങൾ വന്നുചേരുന്നതിനു മുമ്പ്, സദ്യോജാതനായ ഒരു കുട്ടിയുടെ ഉള്ളിൽനിന്നും ഉണ്ടാകുന്ന ശബ്ദങ്ങൾക്ക് സ്വാഭാവികത്വം ഉണ്ടെന്നുള്ളതിനെ സമ്മതിക്കുന്നു. എന്നാൽ 'അ'കാരമാണ് രോദനരൂപമായിട്ടു കുട്ടികളിൽ നിന്നുണ്ടാകുന്നത് എന്നുള്ളത് ശരിയായിട്ടുള്ളതല്ല. 'ങേ, ങ്, ഏ' എന്നിങ്ങനെയാണ് ആദ്യമായി കുട്ടികൾ കരഞ്ഞു തുടങ്ങുന്നത്. അതുകൊണ്ട് 'ങ്' എന്നുള്ള വ്യഞ്ജനവും അതിൽ പിന്നെ 'ഏ' എന്നുള്ള സ്വരവുമാണ് കുട്ടികളിൽ നിന്നുണ്ടാക്കുന്നത്. അകാരമല്ല. അതിനു സമാധാനം പറയാം.

കുട്ടികൾ ജനിച്ചാൽ കുറച്ചു ദിവസം കഴിയുന്നതുവരെ അവയുടെ യാതൊരു ഇന്ദ്രിയങ്ങൾക്കും അവയവങ്ങൾക്കും ശരിയായ ബലം ഉണ്ടായിരിക്കയില്ല. കരയുന്നതും ചിരിക്കുന്നതു മെല്ലാം ഒരു വിധം അവ്യക്തസ്വരത്തെ മുൻനിർത്തിയായിരിക്കും. അവയുടെ ദർശനം, സ്പർശനം, ശ്രവണം, രസജ്ഞാനം ഇവയെല്ലാം എന്തെന്നും ഏതെന്നും ശരിയായി നിശ്ചയിച്ചറി യുന്നതിനു കഴിവില്ലാത്ത വിധത്തിൽ ത്തന്നെയെന്നുള്ള കാര്യം നിശ്ചയം തന്നെ. അല്പം ഇന്ദ്രിയബലം സിദ്ധിക്കുന്നതുവരെ എന്തെങ്കിലും ശബ്ദിച്ചു പോയെങ്കിൽ അത് അനുനാസികമായിട്ടേ വരികയുള്ളൂ. എന്തുകൊണ്ടെന്നാൽ പ്രാണാധാരമായ നാസികദ്വാരത്തിൽ തട്ടിയിട്ടല്ലാതെ, കണ്ഠാദി സ്ഥാനങ്ങളിൽ നിന്നുത്ഭവിക്കുന്ന 'ഹ, ള' മുതലായ വർണ്ണങ്ങൾ വെളിയിൽ വരികയേയില്ല. ഈ ന്യായത്തെ പുരസ്കരിച്ചാൽ വ്യാകരണത്തിൽ അച്ചുകളെ അനുനാസികങ്ങളായും, അനനുനാസികങ്ങളായും രണ്ടായി വേർതിരിച്ചു കാണിച്ചിരിക്കുന്നത്. 'സ നവവിധോപി അനുനാസികാനനുനാസികത്വാഭ്യാം ദ്വിധാ' എന്നു വൃത്തി

ചെയ്തിട്ടുള്ളതിൽ അനുനാസികത്തെ ആദ്യമായി ചേർത്ത് പറഞ്ഞിരിക്കുന്നതും ഈ കാരണം കൊണ്ടുതന്നെയാണ്.

'മുഖനാസികാവചനോനുനാസികഃ' എന്നു പാണിനി മഹർഷി സൂത്രം (1–1–8) ചെയ്തിരിക്കുന്നതു നോക്കുക ഉല്പത്തി സ്ഥാനങ്ങൾ (കണ്ഠം, താലു, മൂർദ്ധാവു തുടങ്ങിയവ) ഓരോന്നും വേറെയുണ്ടെങ്കിലും എല്ലാം നാസികാദ്വാരം വഴിയായി വേർതിരിഞ്ഞുവരുമ്പോൾ അവയ്ക്ക് അനുനാസികങ്ങളെന്നു പേർ പറയാം. കുട്ടികൾക്ക് ആദ്യമാദ്യം പ്രാണനെ മുൻനിർത്തി പ്രാണപ്രവൃത്തിമാർഗ്ഗത്തി ലൂടെ മാത്രമേ ശബ്ദത്തെ വെളിയിൽ നിടുന്നതിനു സാധിക്കു കയുള്ളു എന്നു നമുക്കു അനുഭവമാണ്. അതുതന്നെയുമല്ല ശബ്ദിക്കാതെയിരിക്കുന്നത് മൗനം. മൗന സ്ഥിതിയിൽ രണ്ടുചുണ്ടു കളും തമ്മിൽ ഒന്നുപെട്ടു ചേർന്നിരിക്കും. പിന്നീട് അതിൽ നിന്ന് എന്തെങ്കിലും ശബ്ദിച്ചുപോയാൽ അനുനാസികപൂർവ്വമായിട്ടേ വരികയുള്ളൂ. മ്+അ=മ, മ്+ഇ=മി ഇപ്രകാരം തുടരെത്തുടരെ മൗനം ശബ്ദോല്പത്തി, ഈ ക്രമത്തിന് അനുനാസികവും മുൻഗാമിയായി നിലനില്ക്കുന്നു.

കുട്ടികളുടെ ഉച്ചാരണത്തിലുള്ള അസ്പഷ്ടമോ ശ്രോതാക്കളുടെ അശ്രദ്ധാജന്യമായ അന്യഥാബോധമോ ഹേതുവായിട്ട് 'ങ്' എന്നായിട്ട് അറിയുന്നതിനിടവരുന്നതാണ്. കൂടാതെ അടുത്തതായി ഉച്ചാരണം ചെയ്യുന്നതായ 'അകാരം' കണ്ഠ്യമാകയാൽ അടഞ്ഞ സ്ഥാനിയുടെ ആക്രമണവും ഈ വിഷയത്തിൽ 'ങ'കാരത്തിനു സ്ഥാനിവത്വം കല്പിക്കുന്നു. യഥാർത്ഥമായിട്ട് അധരോഷ്ഠസംഘട്ടനജന്യമായ അനുനാസികമാണ് പുറപ്പെടുന്നത്.

അടുത്തതായിപ്പറയാനുള്ളത് അകാരത്തെ പറ്റിയാണല്ലോ. ജനനമാത്ര മുതൽ കുറേക്കാലത്തേക്ക് കുട്ടികളുടെ

പ്രാണസ്പന്ദനം വളരെ വേഗത്തിലായിരിക്കും. പ്രായം കൂടിയ വർക്കുപോലും വിളിക്കുകയോ, ചിരിക്കുകയോ, നിലവിളിക്കുക യോ വല്ലതും ചെയ്യേണ്ടതായി വരുമ്പോൾ ശ്വാസബലം എവിടെവരെ നില്ക്കുന്നുവോ അതിനപ്പുറം ആയതിനെ നീട്ടിക്കൊണ്ടുപോകാൻ സാധിക്കയില്ലെന്നു മാത്രമല്ല അവസാന ത്തിൽ അസ്പഷ്ടമായ ഒരു സംവൃതസ്വരരൂപത്തിൽ അതിനെ നിറുത്തുകയും ചെയ്യുന്നു. പ്രാണബലം ശരിയായി സിദ്ധിച്ചിട്ടി ല്ലാത്ത കുട്ടികളുടെ കഥയോ പറയാനില്ലല്ലോ. അപ്പോൾ, ഓരോരോ കരച്ചിലും ശ്വാസത്തിനു വിച്ഛേദം വരുന്ന ഇടങ്ങളിൽ മാത്രതോറും മുറിഞ്ഞ് അസ്പഷ്ടമായ ഒരു സമ്മിശ്രാവസ്ഥയിൽ പരിണമിക്കുന്നതായി സൂക്ഷിച്ചുനോക്കി യാൽ, നമുക്കറിയാവു ന്നതാണ്. പാണിനിമഹർഷി വിവൃതമെന്നും, സംവൃതമെന്നും ഉള്ള രണ്ടു ഭേദങ്ങളെ അകാരത്തിനു നിർദ്ദേശിച്ചിട്ടുണ്ട്. ശ്വാസബലത്തെ ഉള്ളടക്കം ചെയ്യാതെ ഹ്രസ്വദീർഘപ്ലുതഭേദ ങ്ങളെ ശരിയായി വെളിയിൽ കാണിച്ച് സ്വതന്ത്രമായി സ്വരങ്ങളെ ഉച്ചരിക്കുന്നതിന് വിവൃതമെന്നും, അവസാനമാത്രയെ ശ്വാസ ശക്തിയുപയോഗിച്ച് വെളിക്കു സ്പഷ്ടമായ വിധത്തിൽ വിടാതെ ഉള്ളടക്കമാക്കി അമർത്തു ന്നതിന് സംവൃതമെന്നും പറയുന്നു. അതായത്, വിവൃതത്തിന് പ്രാണവായുവിന്റെ ശരിയായ ഉദീരണം ആവശ്യമാണ്. സംവൃതത്തിന് പ്രാണശക്തിയെ അല്പം ഉപയോഗപ്പെടുത്തിയാൽ മതിയാകും. ഇതാണ് വിവൃതസംവൃത ങ്ങൾക്കു കാണപ്പെടുന്ന ഭേദം. സംവൃതമായ അകാരം ഉച്ചാരണത്തിൽ വരുമ്പോൾ 'അ' എന്നു മാത്രമേ കേൾക്കാൻ കഴിയൂ. കുട്ടികളുടെ കരച്ചിലിൽ 'മ്+അ+അ' എന്നിങ്ങനെ തുടരെത്തുടരെ കേട്ടുകൊണ്ടിരിക്കുമ്പോൾ 'ങ്+എ' എന്നാ ണെന്ന് ശരിയായി ശ്രദ്ധിച്ചു നോക്കാത്തവർക്കു പ്രഥമമാത്രയിൽ തോന്നുന്നതിൽ അത്ഭുതം തോന്നാനില്ല അകാരത്തോട് അതായത് സ്പഷ്ടമായ അകാരത്തോട് ഏറ്റവും അടുത്തതും 'ഇ,

ഉ്‌ എന്ന ഇവയുടെ ഓരോന്നിന്റെയും ഓരോ അംശങ്ങളാണെന്നുള്ള തെറ്റിദ്ധാരണ സൂക്ഷ്മാലോകികളല്ലാത്തവർക്കു വരാനിടയുള്ളതുമായ ഒരു അസ്പഷ്ടസ്വരമാണ് കുട്ടികളുടെ രോദനത്തിൽ നിന്നും നമുക്കനുഭവപ്പെടുന്നത്. കുട്ടികളുടെ കരച്ചിലിൽനിന്നും നമുക്കാദ്യമായിട്ടുണ്ടായ സ്വരം കണ്ടുപിടിക്കേണ്ടതായിരിക്കയാൽ 'ങ് എ്' എന്നു ശ്രവണ മാത്രയിൽ തോന്നുന്നതായ ഒരു സ്വരമുണ്ടാകുന്നു വെന്നും, അതിനെ ഒന്നുകൂടി ശ്രദ്ധിച്ചു പര്യാലോചിച്ചുനോക്കുമ്പോൾ 'മ്+അ' ഇവ രണ്ടും കൂട്ടിച്ചേർന്ന ഒരു വിധത്തിലാണ് കലശിക്കുന്നതെന്നും അതിന്റെ ശരിയായ രൂപം 'മ്' മാറ്റിയാൽ 'അ' എന്നാണെന്നും മനസ്സിലാക്കാൻ കഴിയും. എന്നാൽ ഇവിടെയും ഒരു ശങ്ക അങ്കുരിക്കുവാൻ ഇടയുണ്ട്. കേൾക്കാൻ കഴിവുള്ള വിധത്തിലല്ലാതെ ശ്രവിച്ച് വിമർശനം ചെയ്ത് വേറെ ഒരു രൂപത്തിൽ (കേൾക്കുന്ന വിധത്തിലല്ലാതെ) അതിനെ വ്യവസ്ഥാപിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് 'ങ് എ്' (ങ് അ) എന്നാണ് കേൾക്കുന്നതെങ്കിൽ അപ്രകാരം ശബ്ദോല്പത്തിയെ നിർണ്ണയിക്കേണ്ടതാണ്, എന്നാണെങ്കിൽ സമാധാനം.

സാധാരണയായി, കരച്ചിലിന്റെ അനുകരണസ്വരം അകാരമാണെന്ന് നമുക്ക് അനുഭവപ്പെട്ടിട്ടുള്ളതാണ്. 'ആഹാ' 'ഹന്ത' 'ആ' 'അഹഹ' 'ബത' എന്നിങ്ങനെയുള്ള സംസ്കൃത ശബ്ദങ്ങളാലും (മലയാളത്തിലും ഇവയിൽ ചിലതിനെ ഖേദാനുകരണത്തിനു നാം ഉപയോഗപ്പെടുത്തുന്നു). ആആ, അയ്യോ എന്നിങ്ങനെ നിലവിളിക്കാറുള്ളത് നമുക്ക് നിത്യാനുഭവമാകയാലും സന്താപാവസ്ഥയിൽ ഉള്ളിൽ തങ്ങി നില്ക്കുന്ന ബാഷ്പത്തിന്റെ ബഹിർഭാഗത്തിലേക്കുള്ള നിസ്സരണത്തിന് 'ആ' എന്നുള്ള നീട്ടിവിളി അത്യന്തം സൗകര്യപ്രദമാകയാലും രോദനസ്വരം സാധാരണമായിട്ട് 'അ' 'ആ' ഇവയാണെന്ന്

മനസ്സിലാക്കാവുന്നതാണ് എന്നാൽ കുട്ടികൾ നിലവിളിക്കു മ്പോൾ ശബ്ദോല്പത്തിസ്ഥാനത്തിനും പ്രാണവായുവിനും ദാർഢ്യമില്ലായ്കയാൽ ഏതാണ്ട് അസ്പഷ്ടമായി 'ങ്' 'അ' 'മ്' എന്നൊക്കെ തോന്നത്തക്കവിധ ത്തിലായിത്തീരുന്നു എന്നിരുന്നാലും അതും നിലവിളിക്കുക യാണെന്ന കാര്യം തീർച്ചതന്നെയാണ് എന്തുകൊണ്ടെന്നാൽ, ശരിയായ സങ്കടത്തെ അത് അനുഭവിക്കുന്നുണ്ടെന്നുള്ളതിന്റെ ലക്ഷ്യമായി കണ്ണു നീരൊഴുക്കി കരയുന്ന അവസരത്തിലും രോദനസ്വരൂപം ഇതുതന്നെയായിട്ടാണു കാണുന്നത്. പല്ലു വേദന, ഊനുവീക്കം, തൊണ്ടയ്ക്കു നീർക്കെട്ട്, നാക്കിനു പഴുപ്പ് ഈ രോഗങ്ങളു ള്ളവർക്കും കൊഞ്ഞ (ഭാഷയിൽ പറയുന്ന ഒരു വക അസ്പഷ്ട ശബ്ദപ്രവർത്തനം) യുള്ളവരും, ഏതെങ്കിലും ഒരു വാക്കു പറയുമ്പോൾ അവർക്ക് ഏത് സ്ഥാനങ്ങളിൽ അസ്വാതന്ത്ര്യം നേരിട്ടിരിക്കുന്നുവോ ആ സ്ഥാനത്തുനിന്നും തട്ടി വരേണ്ടതായ അക്ഷരത്തിന് സ്പഷ്ടപ്രതീതിയുണ്ടായിരി ക്കുകയില്ല എന്നുള്ളത് നമുക്ക് അനുഭവാസിദ്ധമാണല്ലോ. എന്നാൽ അവരിൽ നിന്നും വരുന്ന അക്ഷരങ്ങളെ ശരിയായി ഉച്ചരിച്ചാൽ ഉണ്ടാകാവുന്ന ശുദ്ധിയോടും അർത്ഥബോധ ത്തോടും കൂടിയാണ് നാം ഗ്രഹിക്കാറുള്ളത്. വല്ല അസ്വാതന്ത്ര്യ ങ്ങളാലും ശബ്ദപ്രവർത്തന ത്തിനു വൈരൂപ്യം നേരിട്ടിരുന്നാൽ യഥാർത്ഥബോധവിഷയ ത്തിൽ അതിന്റെ ഒരു ശുദ്ധിപത്രവും നമ്മിൽ തന്നെ സ്ഥിതിചെയ്തു പോരുന്നുണ്ട്. ആ രീതിയ്ക്കു നോക്കുമ്പോൾ അകാരം രോദനരൂപമായിരിക്കെ യാതൊരു ശബ്ദങ്ങളെയും സ്ഥാനനിർണ്ണയം ചെയ്തു പുറപ്പെടുവിക്കു ന്നതിനുള്ള തന്റേടമോ സ്ഥാനദാർഢ്യമോ എന്നു വേണ്ട, തന്നിൽ നിന്നു ഏതെങ്കിലും ഒരു ശബ്ദം പുറപ്പെടുന്നുവെന്ന ബോധം പോലുമോ ഇല്ലാതെ ഒരു കുട്ടിയിൽ നിന്നും താനറിയാതെ ചോർന്നു വരുന്ന ഒരു ശബ്ദത്തിന് അല്പം അന്യഥാ പ്രതീതി

ശ്രവണമാത്രത്തിൽ ഉണ്ടാകുന്നു എന്നുവച്ച് നമുക്കു കുറ്റം പറവാനോ രോദനരൂപം അകാരമല്ലെന്നോ ആയതു ആ കുട്ടിയിൽ നിന്നും വിനിർഗമിക്കില്ലെന്നോ അപലപിക്കാനോ ന്യായം കാണുന്നില്ല. അകാരം രോദന ത്തിനുള്ള ഒരു ലക്ഷ്യസ്വരമായി കൈക്കൊള്ളുന്നിടത്തോളം കാലം, ഒരു കുട്ടി ജനിച്ചാലുടൻ കരയുകതന്നെയാണ് ചെയ്യുന്നതെന്ന് വിചാരിക്കു ന്നിടത്തോളം കാലം, അതിന്റെ ആദ്യമായ ഉച്ചാരണസ്വരം അകാരമല്ലെന്നു നിർണ്ണയിക്കുന്നതിനു യാതൊരു വഴിയും കാണുന്നില്ല. എന്നു തന്നെയുമല്ല, സച്ചിദാനന്ദസ്വരൂപനായി, ത്രിഗുണാതീതനായിരി ക്കുന്ന ഭഗവാന്റെ അഭിധേയതയെ ധരിക്കുന്നതും, സർവ്വാധാരഭൂതവും അനിർവ്വചനീവും ആദിവേദ വുമായ 'ഓം'കാരത്തിന്റെ പിരിവിൽ ആദിബീജമായി പ്രശോഭിച്ചു നില്ക്കുന്ന ആ 'അ' എന്ന അക്ഷരം ഒന്നുമാത്ര മല്ലാതെ കൃത്രിമപ്രബോധനങ്ങൾ ഒന്നും വന്നു കടന്നുകൂടായ്ക യാൽ അലയടങ്ങിയ സമുദ്രംപോലെ നിർമ്മലമായ ബാലഹൃദയ ത്തിൽ നിന്ന് ആദ്യമായി വേറെ ഏതൊരു സ്വരമാണ് ഉണ്ടാകാൻ മാർഗ്ഗമുള്ളത്? അകാരത്തിന്റെ മഹിമ എത്രമാത്രമുണ്ടെന്നുള്ളത് താഴെക്കാണിക്കുന്ന പ്രമാണങ്ങളാൽ ബോധ്യപ്പെടുന്നതാണ്.

> 'അക്ഷരാണാമകാരോസ്മി'[47]
> അകാരസ്സർവ്വഭൂതത്വം ഇത്യാദി വേറെയും.

പാണിനീയത്തിലെ 'ഹയവരട്', 'ലണ്'[48] എന്നിത്യാദി സൂത്രങ്ങളിൽ 'ഹ' 'യ' 'വ്' 'ര്' എന്നിങ്ങനെ അപൂർണ്ണങ്ങളായി നില്ക്കുന്ന വ്യഞ്ജനങ്ങൾക്ക് അകാരം ചേർത്ത് പൂർണ്ണത്വം വരുത്തി യിരിക്കുന്നു.

---

[47] ഭഗവദ്ഗീത 10.33. അക്ഷരങ്ങളിൽ ഞാൻ അകാരമാണ് എന്നർത്ഥം.

[48] മാഹേശ്വരസൂത്രം 5, 6

'ഹകാരാദിഷ്വകാര ഉച്ചാരണാർത്ഥഃ' എന്നു വൃത്തികാരനും നപുനരന്തരേണാചാ വ്യഞ്ജനസ്യോച്ചാരണമപി ഭവതി'[49] എന്നു മഹാഭാഷ്യകാരനും പറഞ്ഞിരിക്കുന്നതു നോക്കുക. 'ഇ' 'ഉ' എന്ന സ്വരങ്ങളെ ആ സ്ഥാനത്തുള്ള വ്യഞ്ജനപൂർത്തിക്കു വേണ്ടി ഉൾപ്പെടുത്താതെ അകാരത്തെത്തന്നെ എല്ലായിടത്തും ഒരുപോലെ ചേർത്തിരിക്കുന്നതുതന്നെ അതിന്റെ സർവ്വാദിമത്വത്തെ സൂചിപ്പിക്കുന്നുണ്ടല്ലോ.

'അ' കഴികെ ഓഷ്ഠ്യങ്ങളിൽ ഒന്നാണ് ഉണ്ടാകാനെളുപ്പമെന്ന് ഈ പ്രകൃതം കൊണ്ടു വ്യക്തമാകുന്നു. അപ്പോൾ 'അ' 'ഇ' എന്നു മുറയ്ക്കുണ്ടായതായി മുമ്പു വ്യവസ്ഥാപിച്ചത് എങ്ങനെ ഘടിക്കും എന്നൊരു സന്ദേഹം തോന്നാം. സ്വരോല്പത്തിയെ നിരൂപിച്ചപ്പോൾ സ്വീകരിച്ച മുറ പരിഷ്കൃത സമ്പ്രദായമനുസരിച്ചാണ്. പ്രകൃതി പ്രസവിക്കുന്നത് ഇപ്പോൾ പറഞ്ഞ ക്രമത്തിൽ തന്നെ. ഹിന്ദുസ്ഥാനി, അറബ്, ലാറ്റിൻ, ഹീബ്രു, ഇംഗ്ലീഷ് മുതലായ ഭാഷകളിലെ അക്ഷരമുറ നോക്കുക.

അലീഫ്, ബ, പേ, തേ, ടേ
അലീഫ്, ബ, ത
അൽഫ, ബീറ്റ
ഏ, ബി

ഇങ്ങനെ അക്ഷരപ്രതിനിധികളായ അക്ഷരങ്ങൾക്ക് 'അലീഫ്', 'ഏ' മുതലായതിന് നേരെ അടുത്തു 'ബ' എന്ന ഓഷ്ഠ്യം തന്നെ വന്നിരിക്കുന്നു. ഉത്ഭവക്രമമനുസരിച്ച് അടുക്കിയിരിക്കുന്ന അക്ഷരങ്ങളെ കാലം ചെന്നശേഷം പ്രഭവസ്ഥാന

[49] ഹകാരം തുടങ്ങിയവയിൽ അകാരം ഉച്ചരിക്കാനുള്ള സൗകര്യത്തിനുവേണ്ടി ചേർത്തിരിക്കുന്നു എന്നർത്ഥം

മുറയ്ക്കു ചേർത്ത് പരിഷ്കരിച്ചതുകൊണ്ടാണ് എല്ലാ ഭാഷകളിലും വിശിഷ്യ തമിഴ്, സംസ്കൃതം മുതലായ വിപുലഭാഷകളിൽ, അക്ഷരഘടന ഇത്രയ്ക്കു വ്യത്യസ്തരീതിയെ അവലംബിക്കുന്നത്. ഈ പരിഷ്കൃതമുറയെ ആസ്പദമാക്കിയാകുന്നു മേൽ സ്വരനിരൂപണം ചെയ്തിട്ടുള്ളത്.

'അ' 'ക' 'ങ' എന്നു തുടങ്ങി സാക്ഷാൽ പ്രകൃതി താലോലിച്ചു വളർക്കുന്ന അക്ഷരങ്ങളും അമ്മ, അപ്പ മുതലായ മൃദുപദങ്ങളും ഇന്നേതു ഭാഷയുടെ വകയായിരിക്കുന്നു, ആ ഭാഷ അഥവ അതിന്റെ പ്രാകൃതരൂപം ആയിരിക്കണം ആദിമാതൃഭാഷ; അല്ലാതെ കൃത്രിമാക്ഷരങ്ങൾ ധാരാളം ഉൾപ്പെട്ടുകാണുന്ന ഇതരഭാഷകൾ ഒന്നും ഒരിക്കലും ആദിഭാഷയാകാനിടയില്ല. ഈ വിധമുള്ള അനുമാനസരണിയിലൂടെ നമ്മുടെ വിചാരധാരയെ നയിക്കുമ്പോൾ എല്ലാ വാങ്മയശാഖികളുടേയും മുതൽമുരട് മൂലദ്രാവിഡമാണെന്നു കാണാം.

ആദിഭാഷ

ഹിന്ദുസ്ഥാനി തുടങ്ങിയ മേൽവിവരിച്ച ഭാഷകളിലെ അക്ഷരമാലകൾ അധികവും ഉത്ഭവമുറയെ ആദരിക്കുന്നവയും വർണ്ണസംഖ്യകൊണ്ട് ദീർഘിപ്പിക്കാത്തവയും ലിപികളുടെ ഉച്ചാരണരീതികൊണ്ടും മറ്റും പരിഷ്കൃതഭാവത്തെ സൂചിപ്പിക്കുന്നവയായും ഇരിക്കുന്നു. തമിഴങ്ങനെയല്ല. തമിഴിന്റെ പൂർവ്വരൂപം ആ വിധമിരുന്നുവെന്ന് തെളിയിക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. അക്ഷരങ്ങളുടെ ഉച്ചാരണം അവയുടെ ഉപയോഗകാര്യത്തെ അതിക്രമിച്ച് അധികമായി സ്വീകരിക്കുന്ന ഭാഷ ഏതോ അതു മിക്കവാറും അപരിഷ്കൃതമെന്നൂഹിക്കാം. ഈ പ്രകൃതത്തിൽ പരീക്ഷണത്തിന് ഉപലക്ഷണരൂപമായി അകാരത്തിനെ തന്നെ എടുക്കാം. അകാരം, അഥവാ അതിന്റെ സ്ഥാനി, എല്ലാ ഭാഷകളുടെയും ആദ്യലിപിയായിരിക്കുന്നു. ഇതിന്റെ ഉപയോഗം സാധാരണയായി 'അ' എന്ന ശബ്ദത്തെ ആവശ്യമുള്ളിടത്ത് വെലിവാക്കുന്നതാകുന്നു. ഇത്രമാത്രം കൊണ്ട് ഈ അക്ഷരത്തിന്റെ പ്രയോജനം ഏകദേശം അവസാനിക്കുന്നുവെന്ന് പറയാം. ഈ പ്രയോജനപരിധിയെക്കടന്ന് 'അലീഫ്' അൽഫ്' എന്നിങ്ങനെ അറബു മുതലായ ഭാഷകളിൽ ഉച്ചാരണം നീണ്ടുപോകുന്നു. ഇതുപോലെ തന്നെ 'കേഫ്', 'ളാഫ്', സീന്', 'എഫ്', 'ഇസഡ്' മുതലായ അക്ഷരങ്ങളും സ്വസ്വരൂപത്തെക്കവിഞ്ഞ് ശബ്ദങ്ങളെക്കൂടി സ്വാംശത്തിൽ ഏച്ചുവച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള വർണ്ണങ്ങളെ സംഗ്രഹിക്കുന്ന അപരിഷ്കൃതഭാഷയാണ് പ്രാചീനമായിരിക്കാൻ എളുപ്പം. ഈ ജാതി അക്ഷരങ്ങളിൽ ഉപയോജ്യങ്ങളായ അംശങ്ങളെ മാത്രം പിരിച്ചെടുത്ത്, ബാക്കിയുള്ളവയെ തള്ളി, പരിഷ്കരിച്ചതായിരിക്കണം തമിഴ് തുടങ്ങിയ ഭാഷകളിലെ അക്ഷരമാലകൾ അതുകൊണ്ട് ആദിഭാഷയെന്നു വ്യവസ്ഥാപിക്കാമെന്നു

തോന്നുന്നില്ല. ഇപ്രകാരം കാര്യകാരണപ്രസ്താവപൂർവ്വം ചില ഭാഷാഭിജ്ഞന്മാർ ചെയ്തേക്കാവുന്ന പൂർവ്വപക്ഷങ്ങളെക്കുറിച്ചു കൂടി ഇവിടെ ചിന്തിക്കേണ്ടതായുണ്ട്.

തമിഴ്, ഹിന്ദുസ്ഥാനി മുതലായ ഭാഷകളിൽ ഒന്നിന്റെ പരിഷ്കൃതരൂപമെന്ന് അനുമിക്കുന്നത് തീരെ സാഹസമാണ്. തമിഴിന്റെ മാതൃഭാഷയായ മൂലദ്രാവിഡത്തിലും അക്ഷരങ്ങൾ ഉപയോഗത്തെക്കവിഞ്ഞുള്ള ഉച്ചാരണത്തോടുകൂടിയും മറ്റും ഇരുന്നുവെന്നും ഇരിക്കുന്നുവെന്നും തെളിയിക്കാൻ വിഷമമില്ല. 'അ' മുതലായ അക്ഷരങ്ങളെ തമിഴുദേശങ്ങളിൽ ചിലയിടത്ത്

അ ആന, ആവന്ന
ഇ ഈന, ഈയന്ന
ക ആന, കാവന്ന എന്നും ചിലയിടത്തു
ആന, ആനആന
കാന, കാന, കാന്
കീന, കീയന, കീയന; ഇങ്ങനെയും ചിലയിടത്ത്
കാന, കാവന്ന;

കീന, കീയന്ന ഇങ്ങനെയും ആകുന്നു ഉച്ചരിക്കാറുള്ളത്.ഇനി പ്രഥമവും പ്രധാനവുമെന്ന് പൂർവ്വവാദി സമ്മതിക്കുന്ന അകാരത്തിന്റെ കാരണം, ഉല്പത്തി, ഉച്ചാരണ സമ്പ്രദായം മുതലായ എല്ലാ വിവരവും മൂലദ്രാവിഡത്തിൽ മുൻപ് എങ്ങനെയായിരുന്നുവെന്ന് വ്യക്തമാകുമ്പോൾ ആശങ്ക തീരെ ശമിക്കും. അതായത് ഓഷ്ഠാധരങ്ങളെ ഒരുമിച്ചു ചേർത്തു വാ മൂടിയും ശബ്ദിക്കാതെയും ഉള്ള ഇരുപ്പിന് മൗനമെന്നു നാമവും 'മ്' എന്നുള്ളത് അതിന്റെ രൂപവും എന്നു മുമ്പിൽ പറഞ്ഞുവല്ലോ. ഈ ഒരുമിച്ചു ചേർത്തിരിക്കുന്ന ഓഷ്ഠാധരങ്ങളെ വേർപ്പെടുത്തി വായ് തുറന്നു 'മ്' എന്നതിന് ഒഴിക്കുന്നതായ

പ്രയത്നത്തിന് മ്+ഒഴി=മൊഴി എന്നു മുമ്പ് പറഞ്ഞുവല്ലോ. മൗനത്തെ (മ്+ എന്നതിനെ) ഒഴിച്ചുവിട്ടാൽ അടുത്തപോലെ ജന്തുക്കളുടെ യോഗിസ്ഥാനങ്ങളായ ലിംഗഭഗങ്ങളുടെ സംയോഗ രൂപത്തെ നേരിട്ടു കാണിക്കുന്നതും, നാദരൂപംകൊണ്ടു ശബ്ദിക്കുന്നതും, ആദ്യക്ഷരവുമായ അകാരം (അ എന്ന അക്ഷരം) ആവിർഭവിക്കും. ഇത് തമിഴക്ഷരങ്ങളിൽ ആദ്യക്ഷരമായ അകാരമാകുന്നുവെന്ന് പ്രത്യേകം പറയേണ്ടതി ല്ലല്ലോ. ഈ ആകട്ടെ ഇപ്രകാരം മേലും കീഴും രണ്ടു പങ്കുകളോടുകൂടിയതായിരിക്കും. ഈ രണ്ടു പങ്കുകളും ഒന്നായിച്ചേർന്ന് ഇങ്ങനെ അകാരമായിരിക്കുമ്പോൾ മേൽ പങ്കു പുല്ലിംഗമെന്നും കീഴ്പങ്കു സ്ത്രീലിംഗമെന്നും പറയപ്പെടും. ഈ രണ്ടു പങ്കുകളെയും വെവ്വേറായിപ്പിരിച്ചു നോക്കിയാൽ അവ രണ്ടും തനിത്തനിയെ അകാരമാവുകയില്ല. അതുകൊണ്ട് അകാരമേ ഇല്ലാതായിട്ട്, മേൽപങ്കിന് ലിംഗത്വം സിദ്ധിക്കാ തെയും വ്യവഹാരശക്തിയില്ലാതെയും മൗനദ്വാരേണ അതീത പ്പെട്ടിരിക്കുമെന്നു വരികിലും അതിന് ചപൂരം, ചപൂതം, അനാദി, ബിന്ദു, മൗനം, വട്ടം എന്നു പല നാമങ്ങളുണ്ട്. അപ്രകാരം തന്നെ കീഴ്പങ്കിന് സ്ത്രീലിംഗത്വമില്ലാതെയാകുമെങ്കിലും അതിന് അലിപ്പാലെന്ന് ഒരു നാമമുണ്ട്. എങ്ങനെയെന്നാൽ ചപൂരം, അലിപ്പാൽ എന്നുള്ള രണ്ടു പങ്കും ചേർന്ന് അകാരമായി അക്ഷരപ്രപഞ്ചത്തിന്റെ ജനകജനനീഭാവത്തോടു കൂടിയിരിക്കു മ്പോൾ മാത്രമേ പുല്ലിംഗത്വവും സ്ത്രീലിംഗത്വവും അതുകൾക്ക് ഉണ്ടായിരിക്കയുള്ളൂ. അല്ലാതെ ഇല്ല, എന്നതിനാൽ വിട്ടുപിരിഞ്ഞ കീഴ്പങ്കിന് പുരുഷൻ, സ്ത്രീ ഇവ രണ്ടുമല്ലാത്തതെന്നുള്ള (നപുംസകമെന്ന) അർത്ഥം സിദ്ധിക്കുന്നതായ അഇലി എന്ന ശബ്ദം തന്നെ വരെവരെ[50] ലോപിച്ച് അലിയെന്നും അതിനോട്

[50] പിന്നെ പിന്നെ

പാൽച്ചെല്ല് (ലിംഗശബ്ദം) ചേർന്ന് അലിപ്പാലെന്നും അഭിധാനമുള്ളതായി വിവരിച്ചു കാണുന്നു.

> മുതലെഴുത്താമകരമിരുപങ്കെയാകും
> മൂലമാന മേർപങ്കെ ആൺപാലാകും
> കതിവിലക്കുകീഴ്പങ്കു പെൺപാലാകും
> കലർത്തൽ വിട്ട് മേർപങ്കേ ചപൂരമാകും
> ആകുമെടാ ചൊൽവതേത്താൻ ഉറ്റുകേളേ
> അകാരമെന്നുമെഴുത്തിലാം അരുഞ്ചീർത്തമ്മൈ
> ആരായ്ന്ത് കലർത്തൽ വിട്ടകീഴ്പങ്കൈപ്പാര്
> അലിപാലെന്റാതിനാതരമെയ്ത്തിട്ടാരെ
> മോനത്തെയൊഴിത്തുവൈത്തപടിയിനാലെ
> മൊഴിയെനവും വൈത്തപടിയിനാലെ
>
> (അകത്തിയർ ശിവയോകം)[51]

ഇവിടെ അക്ഷരം, ഉച്ചാരണം, ഭാഷ ഇവയെക്കുറിച്ച് വിവരിക്കുന്നതിനിടയ്ക്ക് ലിംഗഭഗസംയോഗരൂപവിഷയത്തെക്കൂടി കൊണ്ട് ചേർത്തതെന്തിന്? എന്നാണെങ്കിൽ, പരബ്രഹ്മം മൂല പ്രകൃതിയോടുചേർന്ന് പ്രപഞ്ചമുണ്ടായതുകൊണ്ട്, അതായത് പ്രപഞ്ചത്തിന്റെ ജനകജനനീഭാവത്തോടുകൂടിയിരുന്നതുകൊണ്ടു മാത്രമാണ് ബ്രഹ്മത്തിനും പ്രകൃതിക്കും പുല്ലിംഗത്വവും സ്ത്രീ ലിംഗത്വവും സർവ്വസൃഷ്ടിവല്ലഭത്വവും സിദ്ധിച്ചത്. അല്ലെങ്കിൽ അങ്ങനെയൊരു കാര്യമേ ഇല്ല. അപ്രകാരം തന്നെ, പുരുഷൻ സ്ത്രീയോടുകൂടി ലിംഗഭഗ സംയോഗരൂപത്തിൽ രമിച്ച് സന്തതിപ്രപഞ്ചത്തിന്റെ ജനകജനനീ ഭാവത്തോടുകൂടി ഇരിക്കു ന്നതായ ഏകകാരണത്താൽ മാത്ര മാണ് അവർക്കും

[51] അഗസ്ത്യമുനിയുടെ ഒരു കൃതി

പുല്ലിംഗത്വം, സ്ത്രീലിംഗത്വം, ഉല്പാദന വല്ലഭത്വം ഇവ സിദ്ധിച്ചത്. അല്ലെങ്കിൽ സിദ്ധിക്കുകയില്ല.

ഇതിനു പ്രമാണം.

1. ശിവഃ ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും
നചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി[52]

അർത്ഥം: അല്ലയോ ഭഗവതി, മംഗളസ്വരൂപനായ (പരബ്രഹ്മസ്വരൂപനായ) സൃഷ്ട്യാദികളാൽ വിഹരിക്കുന്ന പരമേശ്വരൻ നിർമ്മാണാദിശക്തിസ്വരൂപിണിയായ ഭവതിയോടു ചേർന്നവനായിട്ടു ഭവിക്കുന്നുവെങ്കിൽ പ്രപഞ്ചത്തെ സൃഷ്ടിക്കുവാനും മറ്റും സമർത്ഥനാകുന്നു. ഇപ്രകാരമല്ലെങ്കിൽ (ശക്തിസ്വരൂപിണിയായ ഭവതിയോടു കൂടാത്തവനാണെങ്കിൽ, പരബ്രഹ്മസ്വരൂപനാകുന്ന പക്ഷം) അല്പംപോലും ഇളകാൻകൂടി സമർത്ഥനായിട്ടു ഭവിക്കുന്നില്ല തന്നെ. (പരബ്രഹ്മത്തിനു ക്രിയയോ വികാരമോ ഇല്ലെന്നു സാരം).

'മാതൃകാദിമന്ത്രോദ്ധാരക്രമരഹസ്യാർത്ഥഃ'

ശിവഃ കകാരാദിക്ഷകാരാന്തോ വർണ്ണസമൂഹഃ പഞ്ചവിംശദ്വർണ്ണാത്മകഃ, സമസ്തവ്യസ്തരൂപേണ ഷട്ത്രിംശത്തത്വാത്മകഃ

ശക്തിഃ അകാരാദിഷോഡശസ്വരസമൂഹഃ

ഷട്ത്രിംശത്തത്വാത്മകോ വ്യഞ്ജനസമൂഹഃ ശിവഃ ഷോഡശസ്വരരൂപയാ ശക്ത്യാ യുക്തോ യദി ഭവതി തദാ

[52] സൗന്ദര്യലഹരി ശ്ലോകം 1


പ്രഭവിതും വേദാദിവിദ്യാരൂപേണ ശബ്ദാർത്ഥസൃഷ്ടിം സൃഷ്ടീകർത്തും ശക്തോ ഭവതി.

ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി ന പടുഃ താലോഷ്ഠവ്യാപാരശൂന്യഃ അകിഞ്ചിത്കരഃ

2. ബിന്ദുത്രികോണവസുകോണദശാരയുഗ്മം എന്ന് ആരംഭിച്ച് ശ്രീചക്രവിധിശ്ലോകത്തിലെ ബിന്ദുത്രികോണം എന്നുള്ളതും ഇതിനെത്തന്നെ കാണിക്കുന്നു.[53]

ദൃഷ്ടാന്തം –

ശിവലിംഗം ബിന്ദുത്രികോണം



[53] ബിന്ദുത്രികോണവസുകോണദശാരയുഗ്മ
മന്വസ്രനാഗദളസംഗതഷോഡശാരം
വൃത്തത്രയം ച ധരണീസദനത്രയഞ്ച
ശ്രീചക്രരാജമുദിതം പരദേവതായാഃ (യാമളതന്ത്രം)

ചട്ടമ്പിസ്വാമികൾ ശ്രീചക്രപൂജാകല്പം എന്ന കൃതിയിൽ ഇതു ഉദ്ധരിച്ച് വിശദീകരിച്ചിട്ടുണ്ട്.

മാതൃകാഹൃദയേ,

കകാരാദിക്ഷകാരാന്തവർണ്ണാസ്തേ ശിവരൂപിണഃ
സമസ്തവ്യസ്തരൂപേണ ഷട്ത്രിംശത്തത്ത്വവിഗ്രഹാഃ
അകാരാദിവിസർഗ്ഗാന്താഃ സ്വരാഃ ഷോഡശശക്തയഃ
നിത്യാ ഷോഡശമാത്മാനഃ പരസ്പരമമീയുതാഃ
ശിവശക്തിമയാ വർണ്ണാഃ ശബ്ദാർത്ഥപ്രതിപാദകാഃ
ശിവഃ സ്വരപരാധീനോ ന സ്വതന്ത്രഃ കദാപ്യസൗ
സ്വരാഃ സ്വതന്ത്രാ ജായന്തേ ന ശിവസ്തു കദാചന
'സ്ഫുടശിവശക്തിസമാഗമബീജാങ്കുരരൂപിണീ പരാശക്തിഃ
അണുതരരൂപാനുത്തരവിമർശലിപിലക്ഷ്യവിഗ്രഹാ ഭാതി'
(അനുത്തരലിപി=അ, വിമർശലിപി=ഹ)

'സീതശോണ ബിന്ദുയുഗളം
വിവിക്ത ശിവശക്തിസങ്കുചത് പ്രസരം
വാഗർത്ഥസൃഷ്ടിഹേതുഃ പരസ്പരാ നുപ്രവിഷ്ടവിസ്പഷ്ടം'
'സ്ഫുടിതാദരുണാദ് ബിന്ദോർന്നാദബ്രഹ്മാങ്കുരോ രവോവ്യക്തഃ
തസ്മാദ് ഗഗനസമീരണ ദഹനോദകഭൂമിവർണ്ണസംഭൂതിഃ'

'അകാരഃ സർവ്വവർണ്ണാഗ്ര്യഃ പ്രകാശഃ പരമഃ ശിവഃ
ഹകാരാന്ത്യോകലാരൂപോ വിമർശാഖ്യഃ പ്രകീർത്തിതഃ
ഉഭയോ സാമരസ്യം യത് പരസ്മിന്നഹമി സ്ഫുടം'

മുകളിൽ ഇടത്തും വലത്തുമായിട്ട് എഴുതിയിട്ടുള്ള ചിത്രങ്ങൾ ശിവലിംഗത്തിനേയും ബിന്ദുത്രികോണത്തിനേയും മുകളിൽ നിന്ന് ഒത്ത നടുക്കുകൂടി കീഴ്പോട്ടു നോക്കുമ്പോൾ മുറയ്ക്കു കാണുന്ന പ്രകാരവും, അടിയിൽ ഇടത്തും വലത്തു മായിട്ട് എഴുതിയിട്ടുള്ള ചിത്രങ്ങൾ അവയുടെ കൂർത്തഭാഗം

വലത്തുവശമായിരിക്കേ അവയുടെ വലത്തു വശത്തുനിന്നു നോക്കുമ്പോൾ മുറയ്ക്കുകാണുന്ന പ്രകാരവും കാണിക്കുന്നു.

ആദിഭാഷയായ തമിഴിലെ ആദ്യക്ഷരത്തിന്റെ സ്വരൂപവും ഈ അർഥത്തിൽ ഇപ്രകാരം തന്നെയാണെന്നും ഭൂലോകത്തുള്ള എല്ലാ ഭാഷകളുടേയും ആദ്യാക്ഷരങ്ങളുടെ സ്വരൂപങ്ങളും ഇതിനെ അനുസരിച്ച് പിന്തുടർന്നിരിക്കാനേ അവകാശമുള്ളൂ; ഇരിക്കുന്നുമുള്ളൂ എന്നും അറിയിക്കുന്നതിനത്രേ ഈ തത്ത്വത്തെ ഇവിടെ വെളിപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ഈ അകാരത്തിനെ ചൂണ്ടിപ്പറഞ്ഞനെല്ലാം നിശ്ചയമായിട്ടും ശരിയായിട്ടുള്ളതാകുന്നു എന്ന് ശരിയായി വിചാരിച്ചു നോക്കുന്ന ഏവർക്കും സമ്മതിക്കാതിരിപ്പാൻ പാടുള്ളതല്ല. എങ്കിലും കാലക്രമേണ ദേശങ്ങൾ തോറും എഴുതി യെഴുതിവരവേ സംഭവിച്ചുപോയിട്ടുള്ള, പെട്ടെന്നു പ്രഥമ ദൃഷ്ടിയിൽ തോന്നിയേക്കാവുന്ന ഭേദങ്ങൾക്കു തൽക്ഷണം സമാധാനത്തിനു വേണ്ടി, ഏതാനും ചില ഭാഷകളുടെയെങ്കിലും ആദ്യങ്ങളെക്കൂടി കാണിക്കുന്നതിനാൽ, അവ പൊടുന്നനവേ ഓർമ്മയിൽ വരുന്നതിനായിട്ടു, അകാരങ്ങളുടെ, ഇനി പറയേണ്ടതായിരിക്കുന്ന ലിംഗഭഗസംയോഗസ്വരൂപത്തെക്കൂടി കാണിക്കുന്നതിനു പ്രധാനമായിട്ടു ആദിഭാഷയെന്നു ഇതുവരെ പറഞ്ഞുകൊണ്ടുവന്ന തമിഴിലെ അകാരത്തെത്തന്നെ ഒന്നുകൂടി ഇവിടെ ഉപയോഗപ്പെടുത്താം. അതായതു അകാരത്തിനു ഇങ്ങനെ മേലും കീഴുമായിട്ടു പുല്ലിംഗമെന്നും, സ്ത്രീലിംഗ മെന്നും രണ്ടു വിഭാഗമുണ്ടെന്നു മുമ്പിൽ പറഞ്ഞുവല്ലോ, അവയിൽ മേൽവിഭാഗമായ പുല്ലിംഗത്തെ ലിംഗമെന്നും കീഴ് വിഭാഗമായ സ്ത്രീലിംഗത്തെ ഭഗമെന്നും അവരണ്ടു ഒന്നിച്ചു

ചേർന്ന് ഇങ്ങനെ ഏകമായിട്ടുള്ള ഇരിപ്പിനെ ലിംഗഭഗസംയോഗ രൂപമെന്നും അറിയേണ്ടതാണ്.

എന്നാൽ അകാരം മുൻപറയപ്പെട്ട ആകൃതിയിൽ അതിന്റെ പങ്കുകളായ ലിംഗഭഗങ്ങളോടുകൂടി ഇരിക്കുന്നുവെങ്കിൽ അത് എല്ലാ ഭാഷകളിലും അപ്രകാരം ഒരേ ആകൃതിയിൽ ഇരിക്കുന്നതിനുപകരം പലവിധം വ്യത്യാസങ്ങളുള്ളതായി പ്രഥമ ദൃഷ്ടിക്കു തോന്നത്തക്കവണ്ണം ഇരിക്കുന്നതെന്തുകൊണ്ട്? എന്നാണെങ്കിൽ, അക്ഷരങ്ങൾ ഒരേ പ്രകാരം അച്ചടിച്ചിട്ടുള്ള കോപ്പിപുസ്തകം നോക്കി കുട്ടികൾ എഴുതിപ്പഠിക്കുന്നല്ലോ. ഇവർ എഴുതുന്നതിനു ശീലിച്ചു കഴിയുമ്പോൾ ഇവരുടെ ഓരോരുത്തരുടേയും കയ്യക്ഷരം നമുക്ക് തിരിച്ചറിയത്തക്കവണ്ണം വ്യത്യാസത്തോടുകൂടിയിരിക്കുന്നു. ഇവർ കണ്ടെഴുതിപ്പഠിച്ച കോപ്പിയും, അച്ചടിവിദ്യ നടപ്പില്ലാതിരുന്ന കാലങ്ങളിലുള്ള പലരുടെയും കയ്യെഴുത്തുഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ അവർ ഓരോരുത്തരുടെയും അക്ഷരങ്ങൾക്കു തമ്മിൽ എത്രയെത്ര വ്യത്യാസമുണ്ടെന്ന് ബോധപ്പെടും. എന്നാൽ അകാരത്തിന്റെ മേല്പറയപ്പെട്ട വിവരം മനസ്സിൽ വച്ചുകൊണ്ടു നോക്കുമ്പോൾ ഇന്ന പ്രകാരമെല്ലാം കൂടുതൽകുറവു വന്നുപോയിട്ട് ഇപ്രകാരം പലേവിധത്തിൽ വ്യത്യാസമായി വന്നിട്ടുള്ളതാണെന്ന് സൂക്ഷ്മദൃക്കുകൾക്ക് അറിയാവുന്നതാണ്.

ഇന്ത്യയിലെന്നല്ല, വിശേഷിച്ചു ഈ ഭാഷയുണ്ടായ തമിഴുനാട്ടിൽ ഒരു സ്ഥലത്തുപോലും അകാരത്തിന്റെ ഈ രണ്ടവയവങ്ങളെ വ്യക്തമാക്കാതെ ഏകാകാരതയാ ''അ' എന്നുമാത്രം അക്ഷരരൂപകല്പനം ചെയ്തിരിക്കുന്നതെന്ത്? എന്നു ചോദിച്ചാൽ ഉത്തരോത്തരം വലിയ വിചിന്തനങ്ങൾ നടത്തി അതിൽ നിഗൂഢമായിക്കിടന്ന മോക്ഷോപയോഗി ത്വത്തെയും

മറ്റും ദ്രാവിഡന്മാർ കാലാന്തരത്തിൽ സാക്ഷാത്ക്കരിച്ചതു കൊണ്ട് ലോകകാര്യത്തിനുപയുക്തമായ വിധത്തെ മാത്രം വെളിയിൽക്കാട്ടി ഇതരത്തെ ഗോപനം ചെയ്തതാണെന്നു മറുപടി പറയാനേയുള്ളൂ. എങ്ങനെയെന്നാൽ കുട്ടികൾ ശൈശവാവസ്ഥയിൽ അവരുടെ ഗൂഢപ്രദേശങ്ങളെ നിർലജ്ജം നഗ്നമാക്കി നടക്കുന്നതും എന്നാൽ അവയവങ്ങൾ പൂർണ്ണാവസ്ഥയെ പ്രാപിക്കുകയും അവയുടെ ഉപയോഗങ്ങൾ അറിയാറാവുകയും ചെയ്തുതുടങ്ങുമ്പോൾ അവർ നിഷ്കർഷയാ വസ്ത്രധാരണത്താൽ നഗ്നതയെ മറയ്ക്കു ന്നതും സ്വാഭാവികവും സർവ്വസാധാരണവുമാണല്ലോ.

മൂലദ്രാവിഡത്തിലെ അകാരം ഇങ്ങനെ രണ്ടംശങ്ങളോടു കൂടിയതായിരിക്കുന്നു. ഈ രണ്ടു ഭാഗങ്ങളും തമ്മിൽ ചേരാതെ ഇരിക്കുമ്പോൾ മുകൾ ഭാഗത്തിനു ചപൂരമെന്നും കീഴ്പങ്കിനു അലിപ്പാൽ എന്നും അഭിധാനമുള്ള തായി വിവരിച്ചു കാണുന്നു. ഈ അലിപ്പാൽ എന്ന ശബ്ദത്തിന്റെ തദ്ഭവരൂപങ്ങളാണ് 'അലീഫ്' 'ക്ലീബം' 'അൽഫ' 'ഓലാഫ്' മുതലായവ. ചപൂരത്തിനു 'സഫ(ബ)ർ' 'ബിന്ദു' 'ഫ്തോ (പ്ത്ഫ്)' എന്നെല്ലാം ഹിന്ദുസ്ഥാനി മുതലായ ഭാഷകളിൽ പേർ പറയാറുണ്ട്. നോക്കുക

അലീഫ്	സബ്ർ അ	ഹിന്ദുസ്ഥാനി, അറബ്
ക്ലീബം	ബിന്ദു അ	സംസ്കൃതം
അൽഫ	അ	ലാറ്റിൻ, ഗ്രീക്ക്
ഓലാഫ്	(പ്തോ) അ	ഹീബ്രൂ

മൂലദ്രാവിഡത്തിലെ മുറയനുസരിച്ച് ചപൂരം അലിപ്പാൽ അലീഫ്, സബ്ർ, ക്ലീബം, ബിന്ദു ഈ രണ്ടംശങ്ങൾ ചേർന്നി ട്ടാണ് അകാരമുണ്ടാകുന്നത്. ഹിന്ദുസ്ഥാനി, സംസ്കൃതം

മുതലായ ഈ ഭാഷകളും സമ്മതിക്കുന്നു. എന്നാൽ മൂലദ്രാവിഡത്തിലെപോലെ ചപൂരാദി സംജ്ഞകളുടെ വിവരണങ്ങളും മറ്റും അവയിൽ കാൺമാനില്ല. അതുകൊണ്ട് അറബു തുടങ്ങിയ ഭാഷകൾ അർത്ഥചിന്തനം കൂടാതെ ഈ സമ്പ്രദായത്തെ മൂലദ്രാവിഡത്തിൽ നിന്നും പകർത്തിയതാണെന്നേ അനുമിച്ചുകൂടൂ. മ്+ഒഴി=മൊഴി ഇങ്ങനെ അന്വർത്ഥമായ വാക്കുകളും ഇതരഭാഷകളിൽ അപൂർവ്വമാണ്.

'മോനത്തെ ഒഴിത്തലെന്റെപടിയിനാലെ മൊഴിയെനവും' എന്ന പ്രമാണം കൊണ്ട് മൊഴിയെന്ന വാക്കിന്റെ സാർത്ഥക്യത്തെ ദ്രാവിഡഭാഷ വെളിവാക്കുന്നു. ഇതും പ്രകൃത്യനുഗുണമായ ഭാഷ മൂലദ്രാവിഡമാണെന്നുള്ളതിന് ഉപോദ്ബലകമായിത്തന്നെ ഇരിക്കുന്നു.

ഹിന്ദുസ്ഥാനിയിലും മറ്റും ദ്രാവിഡത്തോടു സാദൃശ്യമില്ലാത്തവിധം അക്ഷരങ്ങൾ കുറവായും ഉച്ചാരണഭേദത്തോടും പ്രഭവസ്ഥാനമുറ തെറ്റിയും കാണുന്നു എങ്കിൽ അതു കാലദേശകൃതമെന്നോ പരിഷ്കൃതിയുടെ ഫലമെന്നോ ഊഹിക്കാവുന്നതാണ്.

ഇത്രയുകൊണ്ട് അനേകകാലം പലപല പരിഷ്കാരങ്ങൾ ചെന്ന് പരിപുഷ്ടമായി ശോഭിക്കുന്ന തമിഴിന്റെ പൂർവ്വരൂപമായ മൂലദ്രാവിഡം തന്നെ ഇതരഭാഷകളുടെ ആദിമാതാവെന്നു വ്യക്തമായല്ലോ. പോരെങ്കിൽ ഇവിടെ ജന്തൂല്പത്തി ശാസ്ത്രത്തെ അനുസന്ധാനം ചെയ്യുമ്പോൾ ഈ അഭിപ്രായത്തിനു കുറേക്കൂടി സാംഗത്യമുണ്ടെന്നു കാണാം.

പ്രാണികളുടെ ഉദ്ഭവം അഥവാ വ്യക്തീഭാവം എപ്പോഴും ഒരു മാത്രാനിയമത്തെ അനുസരിക്കുന്ന ശീതോഷ്ണസംക്രമണ

ത്തിൽ നിന്നാണെന്ന് നാം ഇന്നു അനേക ഉദാഹരണ ങ്ങൾകൊണ്ട് അറിയുന്നുണ്ടല്ലോ ഒരു ലോഷ്ടഖണ്ഡം ചൂടു പിടിപ്പിച്ച് നനവുള്ള ശീലകൊണ്ട് ചുറ്റിമൂടി അല്പനേരം വച്ചിരുന്നാൽ അതിൽനിന്ന് ഒരു മാതിരി അണുജീവികൾ ഉണ്ടാകുന്നത് ഈ പ്രകൃതത്തിൽ ആരും അനുസ്മരി ക്കാതിരിക്കില്ല. ചിതൽ, മൂട്ട മുതലായ ജന്തുക്കൾ ജനിക്കു ന്നതിന് ഇപ്രകാരം ശീതോഷ്ണ സമ്മേളനജന്യമായ സ്വേദം തന്നെ കാരണമായി ഭവിക്കുന്നു. കൃത്രിമങ്ങളായ പ്രഭവസ്ഥാന ങ്ങളിൽ ആവിർഭവിക്കുന്നതിനുമുമ്പ് ശീതോഷ്ണങ്ങളെ ക്രമീ കരിച്ച് സൂക്ഷിക്കുന്നതിനു ഗർഭാശയമോ മറ്റു സാമഗ്രികളോ ഇല്ലാതി രുന്ന ആദിമകാലത്ത് എല്ലാ ജീവാണുക്കളും വികസി ക്കാൻ തുടങ്ങിയത് കേവലം ഭൂപ്രകൃതിയുടെ ഈ മാതിരി ഉപചാര ത്താലായിരിക്കണമെന്നു നമുക്കൂഹിക്കാം. എന്നാൽ ഭൂമിയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ഇത്തരം അനുകൂലോപ ചാരങ്ങൾ ലഭിച്ചുവെന്നു വരുന്നതല്ല. സൂര്യകിരണങ്ങളുടെ മിതമായ ആഭിമുഖ്യം സിദ്ധിക്കുന്ന ഭൂഭാഗം മാത്രമേ ഇതിലേയ്ക്കു യുക്തമാകയുള്ളൂ. ഏതാദൃശയോഗ്യത യോടുകൂടിയ സ്ഥാനം ഭൂമിയിൽ എവിടമായിരിക്കണമെന്നുള്ള പര്യാലോചനയിൽ പ്രേക്ഷകന്മാർ അന്യോന്യം വിയോജിച്ചു കാണുന്നു. ചിലർ മദ്ധ്യ ഏഷ്യ എന്നു നിർദ്ദേശിക്കുന്നു. മറ്റു ചിലർ ബ്രഹ്മാവർത്ത മാണെന്നു പറയുന്നു. വേറൊരു കൂട്ടർ ഉത്തരധ്രുവപ്രദേശ മാണെന്നു വ്യവസ്ഥാപിക്കുന്നു. ഈ സ്ഥാനങ്ങൾ മനുഷ്യോ ല്പത്തിക്കു അനുയോജ്യങ്ങളാണോ എന്നു പരിശോധിക്കുമ്പോൾ ഉത്തരധ്രുവഭാഗങ്ങൾ അതി തണുപ്പുകൊണ്ടും മദ്ധ്യ ഏഷ്യ, ബ്രഹ്മാവർത്തം മുതലായ ഭൂഭാഗങ്ങൾ ചൂടിന്റെ അഭാവം കൊണ്ടും അപര്യാപ്തങ്ങളെന്നു വന്നു പോകുന്നു.

പല്ലുയിരൈ മുന്നീന്റ മാതാവപ്പാ
പരിതിമുകം പെടുമിന്ത പാർതാനപ്പാ
ചൊലുമിതിൻ കിഴക്കിലങ്കെ എഴുനൂറപ്പാ
ചൊരിന്തൊൾകുമകുടയനിതു താനപ്പാ
അപ്പനെ കിഴവരുകെ അനൈവരുക്കും
അരുമയാന പൊൻവളയുമളന്താനങ്കെ
ഇമുവിയിൽ കീഴ്ചിത്തർപതലം താനെ
ഇരവി ഇങ്കെ വിളങ്കുമാനാലിരവങ്കാകും
കിട്ടമുട്ട ഒന്റാകെക്കിടന്തഞാലം
കെടുവാനപലചമൈകൾ കെട്ടപിമ്പ്
പട്ടവലൈ കടലാലെ പലതായ് പോച്ചു

(അകത്തിയർ ഞാലനൂൽ)

ഇങ്ങനെ ഈ അർദ്ധഗോളം മുഴുക്കെ പരീക്ഷണം നടത്തി ചെല്ലുമ്പോൾ ശീതോഷ്ണങ്ങളുടെ മാത്രാനുഗുണ്യം മുതലായ ലക്ഷണങ്ങൾ തികഞ്ഞ സ്ഥലം സിംഹളദ്വീപിനു ഏതാണ്ടു പശ്ചിമഭാഗത്തു കിടന്നിരുന്ന ഒരു ഭൂവിഭാഗമാണെന്നു ബോദ്ധ്യപ്പെടും.

'കിട്ടമുട്ട ഒന്റാകെക്കിടന്തഞാലം പട്ട അലൈ കടലാലെ പലതായ് പോച്ച്' (അ. ഞ. നൂ) എന്ന പ്രമാണപ്രകാരം ഈ സ്ഥലം ഇപ്പോൾ കടൽകേറി മറഞ്ഞുപോയിരിക്കുന്നു. ഭൂകമ്പം അഗ്നിപർവ്വതസ്ഫുടനം മുതലായ കാരണങ്ങൾ മൂലം സ്ഥലം ജലവും ജലം സ്ഥലവുമായിപ്പോകാറുണ്ടെന്നു അഭിനവ ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. അതുക്കൊണ്ട് അഗസ്ത്യ മഹർഷിയുടെ അഭിപ്രായം സംഭാവ്യം തന്നെ എന്നു നമുക്ക് നിശ്ചയിക്കാം. സിംഹളദ്വീപിനരികിലുള്ള ഏതോ ഒരു സ്ഥല ത്താണ് ജന്തുക്കൾ ആദ്യം ഉണ്ടായിത്തുടങ്ങിയതെ ന്നുള്ളതിനു

ഇതുപോലെ വല്ല രേഖകളും ലഭിക്കുന്നുണ്ടോ എന്നു പര്യടനം ചെയ്യുമ്പോൾ അവിടെയും അഗസ്ത്യരുടെ വാക്യം പ്രത്യക്ഷപ്പെടുന്നു.

'പല്ലുയിരൈ മുന്നീന്റ മാതാവപ്പാ'

ഇതിൽനിന്നു ഇന്നു പുത്തനായി കണ്ടുപിടിച്ചു എന്നു ചിലർ ഘോഷിക്കുന്നതോ അഭിമാനിക്കുന്നതോ ആയ 'ചിത്തർപതലാ' (സിദ്ധപുരി – നവ്യഭാഷയിൽ പറഞ്ഞാൽ അമേരിക്ക) തുടങ്ങിയ മറുഭാഗത്തുള്ള ഭാഗങ്ങൾ അഗസ്ത്യരുടെ ഭൂമിശാസ്ത്രജ്ഞാനപ്രകാശത്തിൽ പണ്ടേക്കു പണ്ടേ തിളങ്ങിക്കൊണ്ടിരുന്നെന്ന് നാം കണ്ടുകഴിഞ്ഞു. ദിവ്യദൃഷ്ടി, അപ്രതിമമായ പ്രതിഭാശക്തി മുതലായ അനർഘസമ്പത്തുകളുടെ വിളനിലങ്ങളായി പ്രശോഭിച്ചിരുന്ന മഹാത്മാക്കളുടെ പരിശുദ്ധബുദ്ധിക്കു വിദൂരഗോചരമായിട്ട് ഏതൊരു വിഷയമാണ് അവശേഷിക്കുന്നത് ഒന്നും തന്നെ ഉണ്ടായിരിക്കയില്ല. ഈ തത്ത്വത്തെ വിസ്മരിക്കാതെ വിചാരിക്കുന്ന അവസരങ്ങളിൽ മഹർഷിയുടെ അഭിപ്രായം ഒരിക്കലും നിരസിക്കാൻ സാധിക്കാത്തതും ഭദ്രമായി സ്വീകരിത്തക്കതുമാണെന്നും വരുന്നു.

ആദ്യം പ്രാണിവർഗ്ഗത്തെ പ്രസവിച്ച മാതാവ് മേല്പറഞ്ഞ ഭൂമ്യംശം തന്നെ എന്നിരുന്നാലും അവിടെ ഒന്നാമതു മനുഷ്യരുണ്ടായതായി വിചാരിക്കാൻ പാടില്ല. ഇതരജീവികളോടു താരതമ്യപ്പെടുത്തുമ്പോൾ മനുഷ്യൻ ഉയർന്നതരം സംസ്കാരങ്ങൾ സിദ്ധിച്ചിട്ടുള്ള ഒരുത്തമ ജീവിയാണെന്നു വ്യക്തമാകും. ഒരു വിഷയത്തെ സംബന്ധിച്ച സംസ്കാരം അഥവാ വാസന ആ വിഷയത്തിന്റെ ആവർത്തനയുടെ ഫലമാണല്ലോ. അങ്ങനെയാകുമ്പോൾ അനന്തസംസ്കാര വിശേഷം കൊണ്ട് സിദ്ധിക്കുന്ന

വിശിഷ്ടമായ മനുഷ്യത്വം അനേകം പരിണാമങ്ങളുടെ അവസാനത്തിൽ ലഭിച്ചതായിരി ക്കണം, അതെങ്ങിനെയായാലും ജന്തുസൃഷ്ടിക്കു സാധകമായ സ്ഥലത്തു മാത്രമേ മനുഷ്യരും ആദ്യം ഉണ്ടാകാനിടയുള്ളൂ എന്നു തീർച്ചയാണ്. ആദ്യം മനുഷ്യനുണ്ടാകുന്നിടത്തായിരിക്കും ആദ്യം ഭാഷ ഉണ്ടാകുന്നതും. അങ്ങനെ ഒന്നാമതായി ഉണ്ടാകുന്ന ഭാഷ ശേഷിച്ചവയുടെ മാതൃഭാഷയും ആയിരിക്കും. അപ്പോൾ സിംഹളം തുടങ്ങിയ ദക്ഷിണദേശങ്ങളിൽ ഇന്നു പ്രചരിക്കുന്ന ഭാഷയുടെ പൂർവ്വരൂപമായ പ്രാചീനദ്രാവിഡഭാഷ യായിരുന്നു ലോകത്തിലെ ആദിഭാഷ എന്നും അതുതന്നെയാണ് മറ്റെല്ലാ ഭാഷകളുടെയും ജനയിത്രി എന്നും നമുക്ക് അനുമാനിക്കാം.

ഇങ്ങനെ ഈ വഴിക്കും പഴയ ദ്രാവിഡഭാഷതന്നെ സംസ്കൃതം മുതലായ പരിഷ്കൃതഭാഷകളുടെ മൂലഭാഷയെന്നു സിദ്ധിക്കുന്നു.